സർവ്വോദയം

കാലവും കാഴ്ചപ്പാടും

എം.പീതാംബരൻ മാസ്റ്റർ



Malayalam

SARVODAYAM
KAALAVUM KAAZCHAPPAADUM

By **M. Peethambaran Master**

First Edition : September 2026

© : Reserved

Published By :
SARVODAYA DARSHAN
THRISSUR
680751

Layout & Cover Design :
CHAPTER CRAFT | Ph: 9539284375
Printed at :
TECHNO BIND
Chiyyaram, Thrissur

PRICE**: ₹ 175/-**

സർവ്വോദയം
കാലവും കാഴ്ചപ്പാടും

എം.പീതാംബരൻ മാസ്റ്റർ

എം. പീതാംബരൻ മാസ്റ്റർ



ജനനം: തൃശൂർ ജില്ലയിലെ പുത്തൂർ ഗ്രാമപഞ്ചായത്തിൽ. മാതാവ് മഠത്തിൽ ശാരദമ്മ. പിതാവ് കാരപ്പുറത്ത് രാമൻ നായർ.

പുത്തൂർ ഗവ: എൽ.പി. സ്കൂൾ, കുട്ടനെല്ലൂർ അഗസ്റ്റിൻ അക്കര ഹൈസ്കൂൾ, തൃശൂർ സെന്റ് തോമാസ് കോളേജ്, ഒറ്റപ്പാലം എൻ.എസ്.എസ് ട്രെയിനിങ്ങ് കോളേജ് എന്നിവിടങ്ങളിൽ പഠിച്ചു. കേരള സർവ്വോദയമണ്ഡലം സംസ്ഥാന ജനറൽ സെക്രട്ടറി, കുടുംബശ്രീ, സ്ത്രീപദവി പഠനം, സാക്ഷരതാ മിഷൻ എന്നിവയുടെ റിസോഴ്സ് പേഴ്സൺ, സാമൂഹ്യശാസ്ത്ര കൗൺസിൽ, വിദ്യാരംഗം കലാസാഹിത്യവേദി, ഗാന്ധി ദർശൻ എന്നിവയുടെ ജില്ലാ കൺവീനർ, പുത്തൂർ ഗ്രാമപഞ്ചായത്ത് ജനകീയാസൂത്രണസമിതി, കലാകേന്ദ്രം എന്നിവയുടെ കൺവീനർ, മാതൃഭൂമി പ്രാദേശിക ലേഖകൻ, കൈനൂർ സമരം, ലാലൂർ സമരം എന്നിവയുടെ സഹായസമിതി ജനറൽ കൺവീനർ, കുട്ടനെല്ലൂർ മദ്യവിരുദ്ധസമിതി രക്ഷാധികാരി, വിദ്യാർത്ഥി-യുവജനസംഘടനാ ജില്ലാ-സംസ്ഥാന ഭാരവാഹി, കോളേജ് യൂണിയൻ കൗൺസിലർ, കേരളഗ്രന്ഥശാലാസംഘം ജില്ലാ ഉപദേശകസമിതി അംഗം, സർവ്വോദയ ട്രസ്റ്റ് ചെയർമാൻ, നെഹ്രു യുവക് കേന്ദ്ര ജില്ലാ ഉപദേശക സമിതി അംഗം, സംസ്കാര വിദ്യാഭ്യാസ ഗവേഷണകേന്ദ്രം ഡയറക്ടർ എന്നീ ചുമതലകൾ വഹിച്ചു.

മായന്നൂർ സെന്റ് തോമസ് ഹയർ സെക്കന്ററി സ്കൂൾ, മാന്ദാമംഗലം സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്കൂൾ എന്നിവിടങ്ങളിൽ പ്രധാന അദ്ധ്യാപകനായിരുന്നു. 2019 മാർച്ചിൽ ഔദ്യോഗിക സേവനത്തിൽനിന്ന് വിരമിച്ചു. സർവ്വോദയ ദർശന്റെ ചെയർമാനും ഫ്രണ്ട്സ് ഓഫ് സൂ സെക്രട്ടറിയുമാണ്.

അവാർഡുകൾ : അദ്ധ്യാപനരംഗത്തെ സേവനങ്ങളെ പരിഗണിച്ചു കൊണ്ട് ദേശീയ അദ്ധ്യാപക പുരസ്കാരത്തിന് തെരഞ്ഞെടുക്കപ്പെട്ടു. 2014ലെ അദ്ധ്യാപകദിനത്തിൽ രാഷ്ട്രപതി പ്രണബ് മുഖർജി ദേശീയ അദ്ധ്യാപക അവാർഡ് സമ്മാനിച്ചു. കേന്ദ്ര മാനവശേഷി വികസനമന്ത്രാലയത്തിന്റെ ഭാഗമായ നെഹ്രു യുവകേന്ദ്രയുടെ യൂത്ത് അവാർഡ്(1994), യുവ സാംസ്കാരിക പ്രവർത്തകനുള്ള സാംസ്കാരിക സദസ്സ് അവാർഡ് (2000), സാമൂഹ്യപ്രവർത്തകനായ അദ്ധ്യാപകനുള്ള സഹൃദയവേദിയുടെ ജി.കെ. കുറുപ്പുമാസ്റ്റർ സ്മാരക അവാർഡ് (2002), ശ്രീനാരായണ സാഹിത്യപരിഷത്ത് ആദരം (2007), കണ്ണൂർ മഹാത്മാ സെന്റിനറി മെമ്മോറിയൽ സൊസൈറ്റി ഏർപ്പെടുത്തിയ ബാലകണ്ടി രാമുണ്ണിസ്മാരക സേവന അവാർഡ്, രാമുണ്ണി സേവന അവാർഡ് (2018), തൃശ്ശൂർ ആദരണീയം സാംസ്കാരിക പൗരാവലിയുടെ ആദരം (2025), തൃശൂർ സെന്റ്. തോമസ് കോളേജ് പൂർവ്വ വിദ്യാർത്ഥി സംഘടന (STAARS) ആദരം (2025) എന്നീ പുരസ്കാരങ്ങൾ ലഭിച്ചു.

കൃതികൾ : സർവ്വമതസമഭാവം സർവ്വോദയവീക്ഷണം, എങ്ങനെ പഠിക്കണം; പരീക്ഷ എഴുതണം, ജനകീയ സമരങ്ങളും മുന്നേറ്റങ്ങളും ഗാന്ധിമാർഗ്ഗ സമീപനം, സ്വാമി വിവേകാനന്ദനും മഹാത്മാഗാന്ധിയും, സർവ്വോദയത്തിലേക്ക്, സർവ്വോദയം സാദ്ധ്യമാണ്, പഠനം ആനന്ദകരമാക്കാൻ, സർവോദയ ചിന്തകൾ, തൃശ്ശൂർ സുവോളജിക്കൽ പാർക്ക് : പരിശ്രമ ഘട്ടങ്ങൾ (ഇ - ബുക്ക് & പ്രിന്റഡ്).

ഭാര്യ : പ്രസന്ന. വി. (അസി. പ്രൊഫസർ, നവജ്യോതി ബി.എഡ്. കോളേജ്, ഒളരിക്കര)

മക്കൾ : ഹരിപ്രസാദ്, കൃഷ്ണപ്രസാദ്

വിലാസം : പ്രസന്നം, സർവ്വോദയ നഗർ

ഇരവിമംഗലം പി.ഒ., തൃശൂർ - 680 751

ഫോൺ : 0487-2353576, 9446401576

ഇ-മെയിൽ : sarvodayapeethambaran@gmail.com

വെബ്സൈറ്റ് : www.peethambaran.in

ആമുഖം



മഹാത്മാഗാന്ധി വിഭാവനം ചെയ്ത സർവ്വോദയം ഒരു സാമൂഹിക-രാഷ്ട്രീയ ആശയം മാത്രമല്ല; വ്യക്തിയുടെയും സമൂഹത്തിന്റെയും ആത്മീയ, സാമൂഹിക, സാമ്പത്തിക, രാഷ്ട്രീയ തലങ്ങളെ സമന്വയിപ്പിക്കുന്ന സമഗ്രമായ ജീവിത ദർശനമാണ്. സത്യം, അഹിംസ, സമത്വം, സഹകരണം, ധാർമ്മികത എന്നിവയെ അടിസ്ഥാനമാക്കിയ ഈ ദർശനം കാലാതിവർത്തിയായി ഇന്നും പ്രസക്തി നിലനിർത്തുന്നു.

സാമൂഹികവും സാമ്പത്തികവുമായ വ്യവസ്ഥകൾ കാലാനുസൃതമായി മാറിക്കൊണ്ടിരിക്കുമ്പോഴും അവ സൃഷ്ടിക്കുന്ന അസമത്വങ്ങളെയും പ്രതിസന്ധികളെയും അതിജീവിക്കാൻ സർവ്വോദയം മാനവികമായ ഒരു മാർഗം നിർദ്ദേശിക്കുന്നു. വ്യക്തിയുടെ പുരോഗതി സമൂഹത്തിന്റെ ക്ഷേമവുമായി ബന്ധിപ്പിക്കുകയും സമ്പത്തും വിഭവങ്ങളും എല്ലാവരുടെയും അവകാശമാണെന്ന് പ്രഖ്യാപിക്കുകയും ചെയ്യുന്നതാണ് ഇതിന്റെ മുഖ്യ സന്ദേശം. മനുഷ്യർക്കു മാത്രമല്ല, സമസ്ത ജീവജാലങ്ങൾക്കും പ്രകൃതിക്കും തുല്യമായ പരിഗണന നൽകുന്ന സമീപനവും സർവ്വോദയത്തിന്റെ പ്രത്യേകതയാണ്.

സഹകരണം, പങ്കുവെക്കൽ, സർവമതസമഭാവം, പരിസ്ഥിതി സംരക്ഷണം, തൊഴിലെന്ന മൂലധനത്തിന്റെ അംഗീകാരം, വികേന്ദ്രീകൃത ജനാധിപത്യം, സാമൂഹ്യനന്മയെ മുൻനിർത്തിയ വികസനം എന്നിവ ഇന്ന് ലോകം കൂടുതൽ പ്രാധാന്യത്തോടെ ചർച്ചചെയ്യുന്ന മൂല്യങ്ങളാണ്.

ഇവയെല്ലാം ഗാന്ധിയൻ സർവ്വോദയ ദർശനത്തിന്റെ അടിസ്ഥാന ഘടകങ്ങളാണ്.

"ജയ് ജഗത്" എന്ന സർവ്വോദയ സന്ദേശം ഒരു രാഷ്ട്രത്തിന്റെ മാത്രമല്ല, ലോകത്തിന്റെ മുഴുവൻ ക്ഷേമവും സുരക്ഷിതത്വവും ലക്ഷ്യമിടുന്ന വിശാലമായ മാനവിക കാഴ്ചപ്പാടിനെ പ്രതിനിധീകരിക്കുന്നു. അതുകൊണ്ടുതന്നെ സർവ്വോദയം ഭൂതകാലത്തിന്റെ ഓർമ്മ മാത്രമല്ല; വർത്തമാനത്തിന്റെയും ഭാവിയുടെയും വഴികാട്ടിയാണ്.

ഈ ഗ്രന്ഥം സർവ്വോദയത്തിന്റെ ഈ ശാശ്വത പ്രസക്തിയെ വിവിധ തലങ്ങളിൽ വിശകലനം ചെയ്യുകയും, കൂടുതൽ നീതിയുക്തവും സഹകരണാത്മകവും മാനവികവുമായ ഒരു സമൂഹനിർമാണത്തിന് അതിന്റെ സാധ്യതകളെ വായനക്കാർക്ക് മുന്നിൽ അവതരിപ്പിക്കുകയും ചെയ്യുന്നു. പുസ്തകത്തിന്റെ പ്രസാധനത്തിന് മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയ പൂർണോദയ ബുക്ക് ട്രസ്റ്റ് സെക്രട്ടറി കെ. പരമേശ്വര ശർമ, ഗാന്ധി പീസ് ഫൗണ്ടേഷൻ വൈസ് ചെയർമാൻ വി.എസ്. ഗിരീശൻ മാസ്റ്റർ, പേജുകളും പുറംചട്ടയും രൂപകൽപ്പന ചെയ്ത വിനോദ് കെ. വിജയൻ എന്നിവർക്കും, പിൻതുണ നൽകിക്കൊണ്ടിരിക്കുന്ന സർവ്വോദയ – ഗാന്ധിമാർഗ്ഗ സംഘടനകൾക്കും നന്ദി രേഖപ്പെടുത്തുന്നു.

സർവ്വോദയ ആശംസകളോടെ,

വി. പ്രസന്ന

കൺവീനർ, സർവ്വോദയ ദർശൻ

ഉള്ളടക്കം

1. പ്രായോഗിക വേദാന്തവും
സർവ്വോദയ ജീവിത പദ്ധതിയും 11

2. സർവ്വോദയം : ധാർമ്മികതയുടെ ദർശനം 19

3. ശുചിത്വം: ഗാന്ധിജിയുടെ കാഴ്ച്ചപ്പാട് 24

4. ആനന്ദമാണ് വേണ്ടത്; ലഹരിയല്ല! 30

5. മനുഷ്യാവകാശങ്ങളും ഗാന്ധിജിയും 36

6. ഗാന്ധിജിയുടെ ആത്മകഥ @100 39

7. ദേശീയ വിദ്യാഭ്യാസനയവും
ഭാരതീയ ജ്ഞാന സംവിധാന വിഭാഗവും 42

8. തദ്ദേശസ്വയംഭരണം:
ജനജാഗ്രത അനിവാര്യം 47

9. ചമ്പാരനിലെ നീലവും
ഇലപ്പുള്ളിയിലെ ബ്രൂവറിയും 52

10. ഭരണഘടനാഭേദഗതി
ഗാന്ധിയൻ ദിശയിൽ ആയിരിക്കട്ടെ 55

11. ഭൂദാന സന്ദേശം 61

12. സർവോദയ ദിനം : സ്നേഹദർശന ദിനം 64

13. ഗാന്ധിജിയുടെ രണ്ടാം കേരള സന്ദർശനത്തിന്റെ
ശതാബ്ദി 66

14. മഹാത്മാഗാന്ധിയുടെ പ്രഥമ തൃശ്ശൂർ
സന്ദർശനത്തിന്റെ നൂറാം വാർഷികം 71

15. ഗാന്ധിജി നിർദ്ദേശിച്ച ജനാധിപത്യരീതി 73

16. ജനുവരി 21:ജനകീയ ജനാധിപത്യ ദിനം 79

17. പ്രവാസികൾ: സർവോദയ സംസ്കാരത്തിന്റെ
പ്രചാരകർ 81
18. തെരഞ്ഞെടുപ്പ് ഉത്സവം മാത്രമല്ല;
ഉത്തരവാദിത്വം കൂടിയാണ് 86
19. പഠനം സഫലമാകാൻ അദ്ധ്യാപകൻ അനിവാര്യം91
20. കേന്ദ്ര ബഡ്ജറ്റ് 2025: സർവോദയ അവലോകനം 95
21. കേരള ബജറ്റ് 2025: സർവോദയ അവലോകനം 98
22. വിനോബജി എന്ന സ്നേഹ വിപ്ലവകാരി 102
23. കസ്തൂർബാഗാന്ധി: ധീരയായ
സ്വാതന്ത്ര്യസമരസേനാനി 108
24. ഡോ.എസ്. രാധാകൃഷ്ണൻ:
സംസ്കാരത്തിന്റെ പ്രചാരകൻ 112
25. പ്രൊഫ. മാധവ് ഗാഡ്ഗിൽ:
സർവ്വോദയ മനസ്സുള്ള ശാസ്ത്രജ്ഞൻ 115
26. ഡോ. വയലാ വാസുദേവൻ പിള്ള
നാടകവേദിയിലെ ഗാന്ധിയൻ കർമ്മയോഗി 119
27. സേവനം ഉപാസനയാക്കിയ ഗംഗാധരൻ മാസ്റ്റർ 127
28. പി.എൻ. പണിക്കരും കെ.എസ്. രാമൻ മേനോനും:
വായനയുടെ വാതായനം തുറന്നുനൽകിയവർ 131
29. ഗാന്ധിജിയുടെയും ഇക്കണ്ടവാരിയരുടെയും
ഒസ്യത്തുകൾ 134

പ്രായോഗിക വേദാന്തവും സർവ്വോദയ ജീവിത പദ്ധതിയും

ദേശ-കാലങ്ങൾക്കനുസരിച്ച് വേദാന്ത തത്വങ്ങൾക്ക് വ്യാഖ്യാനവും കർമ്മരൂപവും നൽകിയ മഹാന്മാരാണ് സ്വാമി വിവേകാനന്ദനും മഹാത്മാ ഗാന്ധിയും. അതിഭൗതികതയെ ആശ്ലേഷിച്ചിരുന്ന പാശ്ചാത്യ ജനതയ്ക്ക് ആത്മീയതയുടെ അനിവാര്യതയെ ബോധ്യപ്പെടുത്താനും; അന്ധവിശ്വാസത്തിന്റെയും ആലസ്യത്തിന്റെയും അനാചാരങ്ങളുടെയും നീരാളിപ്പിടുത്തത്തിൽപ്പെട്ട് ഏറെക്കുറെ അസ്തപ്രജ്ഞരായി മാറിയിരുന്ന ഭാരതീയരെ സക്രിയരാക്കാനും ശ്രീമദ് വിവേകാനന്ദ സ്വാമികൾക്ക് സാധിച്ചു. പാശ്ചാത്യ-പൗരസ്ത്യ ജനതയ്ക്ക് മുമ്പാകെ വേദാന്തത്തിന്റെ പ്രയോഗരൂപത്തെയാണ് സ്വാമിജി അവതരിപ്പിച്ചത്.

സമസ്ത ജീവജാലങ്ങളുടെയും നന്മയെ ലക്ഷ്യമാക്കിക്കൊണ്ട് എങ്ങിനെ ജീവിക്കാമെന്ന് മഹാത്മാഗാന്ധി സ്വന്തം ജീവിതംകൊണ്ട് ലോകത്തിന് കാണിച്ചുകൊടുത്തു. സ്വാമി വിവേകാനന്ദന്റെ പ്രായോഗിക വേദാന്തവും മഹാത്മജിയുടെ സർവോദയ ജീവിത പദ്ധതിയും വളരെയേറെ സമാനതകളുള്ളവയാണ്.

വ്യക്തിജീവിതത്തിലും സമൂഹ ജീവിതത്തിലും വിജയം കൈവരിക്കാനുള്ള കർമ്മപദ്ധതികൾ ആണ് സ്വാമി വിവേകാനന്ദനും മഹാത്മാഗാന്ധിയും അവതരിപ്പിച്ചത്. പത്തൊൻപതാം നൂറ്റാണ്ട് അവസാന പകുതിയിൽ സ്വാമി വിവേകാനന്ദനും ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ മഹാത്മാഗാന്ധിയും ലോകത്തിന്റെ ശ്രദ്ധാകേന്ദ്രമായി മാറി. ഡൈഷണിക ലോകം വൻകര ഭേദങ്ങളില്ലാതെ ഇവരെ പഠിക്കാനും ഇവരുടെ തത്വങ്ങൾ പ്രയോഗിക്കാനും ഇപ്പോഴും ശ്രമിച്ചുകൊണ്ടിരിക്കുന്നു. ആധുനിക ശാസ്ത്രവും പാശ്ചാത്യ നാഗരികതയും അതിഭൗതികതയും ലോകം

അടക്കിവാണിരുന്ന ഒരു കാലഘട്ടത്തിലാണ് പുതിയൊരു ദിശാബോധം നൽകാൻ സ്വാമി വിവേകാനന്ദനും മഹാത്മജിയും ശ്രമിച്ചത്.

പ്രായോഗിക വേദാന്തവും സർവോദയവും

വ്യക്തിയേയും സമൂഹത്തെയും വിശകലനം ചെയ്യുന്നതിന് ശാരീരികം, മാനസികം എന്നീ മാനദണ്ഡങ്ങളാണ് ആധുനിക സമൂഹം അക്കാലത്ത് ഉപയോഗിച്ചിരുന്നത്. എല്ലാത്തിനും ഉത്തരം നൽകാൻ ഭൗതിക ശാസ്ത്രത്തിനും മനഃശാസ്ത്രത്തിനും സാധിക്കും എന്നാണ് പൊതുവിൽ ഉണ്ടായിരുന്ന ധാരണ. എന്നാൽ ശരീരത്തിനും മനസ്സിനും ബുദ്ധിക്കും അതീതമായ ആത്മീയതയെ ആധുനിക ലോകത്തിന് മുമ്പിൽ സമർപ്പിക്കാനും സ്ഥാപിക്കാനും സ്വാമി വിവേകാനന്ദന് സാധിച്ചു.

സ്വാമിജിയുടെ ശക്തമായ അവതരണത്തെ ഹൃദയത്തിലേക്ക് ആവാഹിക്കാനും അനുയായികൾ ആകാനും അന്നേവരെ ഉണ്ടായിരുന്ന ചിന്താപദ്ധതികളെ പുനർനിർവ്വചിക്കാനും നിഷ്പക്ഷരായ ധിഷണാശാലികൾ തയ്യാറായി. ആത്മീയതലത്തെ കൂടി പരിഗണിച്ചുകൊണ്ട്, രാഷ്ട്രീയ – സാമ്പത്തിക – സാമൂഹ്യ മേഖലകളിൽ കർമ്മ പദ്ധതികൾ ആവിഷ്കരിക്കാൻ മഹാത്മാഗാന്ധിക്ക് സാധിച്ചു. ഇക്കാര്യത്തിൽ സ്വാമി വിവേകാനന്ദന്റെയും അദ്ദേഹത്തിന്റെ ആത്മീയ ഗുരുവായിരുന്ന ശ്രീരാമകൃഷ്ണ പരമഹംസരുടെയും ചിന്തകൾ ഗാന്ധിജിയെ സ്വാധീനിച്ചിട്ടുണ്ട്.

സ്വാമി വിവേകാനന്ദന്റെ കൃതികൾ വായിച്ചതോടെ ഭാരതീയ ദർശനത്തോടുള്ള തന്റെ ആദരവ് ആയിരം ഇരട്ടിയായി വർദ്ധിച്ചുവെന്ന് ഗാന്ധിജി പ്രസ്താവിച്ചത് ശ്രദ്ധേയമാണ്. മതത്തിന്റെ പ്രയോഗരൂപത്തെ സമൂഹത്തിന് ബോധ്യപ്പെടുത്താൻ ശ്രീരാമകൃഷ്ണ പരമഹംസർക്ക് സാധിച്ചുവെന്ന് ഗാന്ധിജി വ്യക്തമാക്കി.

"ശ്രീരാമകൃഷ്ണൻ സജീവമായ ദൈവീകതയുടെ മൂർത്തരൂപം ആണ്. അദ്ദേഹത്തിന്റെ ജീവിതം അഹിംസയുടെ ഒരു ഉത്തമ ദൃഷ്ടാന്തമാണ്. ഭൂമിശാസ്ത്രപരമായും മറ്റുമുള്ള എല്ലാ അതിരുകളെയും ഉല്ലംഘിച്ചുകൊണ്ടുള്ള സാർവ്വലൗകിക സ്നേഹമായിരുന്നു അദ്ദേഹത്തിന്റേത്."

– ഗാന്ധിജി

(ശ്രീരാമകൃഷ്ണൻ ജീവിതം എന്ന ഗ്രന്ഥത്തിന് ഗാന്ധിജി തയ്യാറാക്കിയ ആമുഖത്തിൽ നിന്ന്; 1914)

ആത്മീയ – മത രംഗങ്ങളിൽ ശ്രീരാമകൃഷ്ണ പരമഹംസർ നടത്തിയ പരീക്ഷണനിരീക്ഷണങ്ങൾ പൂർണ്ണമായും ഉൾക്കൊള്ളാൻ ഗാന്ധിജിക്ക് സാധിച്ചു. എല്ലാ മതങ്ങളുടെയും സമഭാവം അഥവാ സർവ്വധർമ്മ സമ

ഭാവം എന്ന വീക്ഷണത്തെ പ്രചരിപ്പിക്കാൻ ഗാന്ധിജിയ്ക്ക് പ്രചോദന മായി. മുതലാളിത്തത്തിന്റെയും സോഷ്യലിസത്തിന്റെയും പരിമിതികളെ ചൂണ്ടിക്കാണിക്കാനും അവയെ മറികടക്കാൻ സാധിക്കുന്ന സർവോദയം എന്ന ദർശനത്തെ ലോകത്തിന് സമർപ്പിക്കാനും ഗാന്ധിജി തയ്യാറാകു ന്നത് ഇത്തരമൊരു സാഹചര്യത്തിലാണ്.

വിദേശത്തുനിന്നും തുടക്കം

1893 സെപ്റ്റംബർ പതിനൊന്നാം തീയതി ചിക്കാഗോയിൽ നടന്ന അന്തർ ദേശീയ മതസമ്മേളനത്തിൽ സ്വാമി വിവേകാനന്ദൻ നടത്തിയ ഹ്രസ്വമായ പ്രസംഗത്തോടുകൂടിയാണ് അദ്ദേഹം ലോകശ്രദ്ധ ആകർഷിച്ചത്. തുടർ ന്നുള്ള മൂന്ന് വർഷക്കാലം അദ്ദേഹത്തിന് ഇന്ത്യയിലേക്ക് മടങ്ങാൻ പോലും സാധിച്ചില്ല.

അമേരിക്കയിലെയും യൂറോപ്പിലെയും നിരവധി സർവകലാശാല കളും സിവിൽ സമൂഹ സമിതികളും അദ്ദേഹത്തെ വേദികളിൽ നിന്ന് വേദികളിലേക്ക് നിരന്തരം ക്ഷണിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഇന്ത്യ ക്കാർ അറിവില്ലാത്തവരും അപരിഷ്കൃതരും ആണെന്ന തെറ്റിദ്ധാരണ മാറ്റാനും ഭാരതീയരെക്കുറിച്ച് ആദരവ് ഉണ്ടാക്കുന്നതിനും സ്വാമി വിവേകാ നന്ദന്റെ അമേരിക്കൻ – യൂറോപ്യൻ പര്യടനം ഏറെ സഹായിച്ചു.

മഹത്തായ പൈതൃകവും ആധ്യാത്മിക സമ്പന്നതയും ഉള്ള ഭാര തത്തെ അടിമയാക്കി വെക്കുന്നതിലുള്ള അധാർമികതയെ കുറിച്ച് ഇംഗ്ല ണ്ടിലെ തന്നെ ഒരു വിഭാഗം ജനങ്ങളെക്കൊണ്ട് ചിന്തിപ്പിക്കാനും ഇത് അവസരമൊരുക്കി. ദാരിദ്ര്യം, അടിമത്വം, അന്ധവിശ്വാസം എന്നിവയിൽ നിന്ന് മോചനം നേടാൻ ഭാരതീയർക്ക് ശക്തി നൽകുന്ന വചനങ്ങളാണ് സ്വാമി വിവേകാനന്ദൻ തുടർന്നുള്ള അദ്ദേഹത്തിന്റെ ഇന്ത്യാ പര്യടന ത്തിൽ പ്രഘോഷിച്ചുകൊണ്ടിരുന്നത്.

ഇപ്രകാരം ഇന്ത്യയുടെ നവോത്ഥാനത്തിനും ദേശീയ സ്വാതന്ത്ര്യസമ രത്തിനും കരുത്തുപകരാൻ സ്വാമി വിവേകാനന്ദന് സാധിച്ചു. 1893ൽ തന്നെയാണ് ഗാന്ധിജി ദക്ഷിണാഫ്രിക്കയിലേക്ക് യാത്ര തിരിക്കുന്നത്. ദാദാ അബ്ദുള്ള ആൻഡ് കമ്പനിയുടെ നിയമ ഉപദേശകൻ എന്ന നില യിൽ ദക്ഷിണാഫ്രിക്കയിൽ ട്രെയിനിൽ ഒന്നാം ക്ലാസ് കമ്പാർട്ട്മെന്റിൽ സഞ്ചരിക്കുമ്പോഴാണ് വർണവിവേചനത്തിന്റെ പേരിൽ പീറ്റർമാരിറ്റ്സ് ബർഗ് റെയിൽവേ സ്റ്റേഷനിൽ ഗാന്ധിജിയെ പുറത്തേക്ക് തള്ളിയിട്ടത്. ഈ സംഭവമാണ് ഗാന്ധിജിയുടെ ജീവിതത്തെ മാറ്റിമറിക്കുന്നത്. ഇന്ത്യ ക്കാരുടെയും കറുത്തവർഗ്ഗക്കാരുടെയും പക്ഷത്ത് നിന്നുകൊണ്ട് വർണ്ണ വിവേചനത്തിനെതിരെ പോരാടാൻ ഗാന്ധിജിയും തീരുമാനിക്കുന്നു.

കറുത്തവർഗ്ഗക്കാരുടെ പ്രശ്നങ്ങളിലേക്ക് ലോകശ്രദ്ധ ആകർഷി ക്കാൻ ഗാന്ധിജിക്ക് സാധിച്ചു. അഹിംസയിൽ അധിഷ്ഠിതമായ, ആത്മശ ക്തിയെ ഉണർത്തുന്ന സത്യാഗ്രഹ പരിപാടികളാണ് അദ്ദേഹം അവിടെ ആദ്യമായി ആവിഷ്കരിച്ചത്. പ്രസ്തുത സത്യാഗ്രഹ പരിപാടിയുടെ ആദ്യത്തെ പ്രഖ്യാപനം നടന്നത് ഒരു സെപ്റ്റംബർ 11ന് തന്നെയാണ് 1906 ജോഹന്നാസ്ബർഗിൽ ഉള്ള എംപയർ തീയറ്റർ ഹാളിൽ വച്ച്. സമത്വത്തിനും പൗരാവകാശത്തിനും ആധാരമായ ആത്മീയ തലങ്ങളെ ക്കുറിച്ച് ലോകത്തെ സാഹിത്യ – സാംസ്കാരിക – രാഷ്ട്രീയ നേതൃത്വത്തെ ക്കൊണ്ട് ചിന്തിപ്പിക്കാൻ ഗാന്ധിജിക്ക് സാധിച്ചു.

സാമൂഹ്യനീതിയെക്കുറിച്ചും സ്വാതന്ത്ര്യത്തെക്കുറിച്ചും പുതിയൊരു ദിശാബോധവും അവബോധവും സൃഷ്ടിക്കാൻ ഗാന്ധിജിയുടെ ദക്ഷിണാ ഫ്രിക്കയിലെ പോരാട്ടങ്ങൾ നിമിത്തമായി. സാമ്രാജ്യത്വത്തിനും കോളനി വൽക്കരണത്തിനും എതിരായി ഏഷ്യയിലും ആഫ്രിക്കയിലും ലാറ്റിന മേരിക്കൻ രാജ്യങ്ങളിലും നടന്നിരുന്ന ദേശീയ സ്വാതന്ത്ര്യപ്രസ്ഥാന ങ്ങൾക്ക് കരുത്തുപകരാൻ ഗാന്ധിജിയുടെ ഈ പ്രവർത്തനങ്ങളെക്കൊണ്ട് സാധിച്ചു.

ഭാരതം മുഴുവൻ സഞ്ചരിച്ചുകൊണ്ട് രാജ്യത്തിന്റെ സാംസ്കാരിക ഐക്യത്തെ ഊട്ടിയുറപ്പിച്ച ജഗദ്ഗുരു ആദിശങ്കരന് ശേഷം ഇന്ത്യ മുഴുവൻ സഞ്ചരിച്ച് സ്വന്തം നാട്ടിലെ ജനങ്ങളെ സക്രിയരാക്കിമാറ്റാൻ സ്വാമി വിവേ കാനന്ദന്റെ പരിവ്രാജക പര്യടനത്തിന് സാധിച്ചിരുന്നു. അതുപോലെ, 1915ൽ ദക്ഷിണാഫ്രിക്കയിൽ നിന്നും ഇന്ത്യയിലേക്ക് മടങ്ങിയെത്തിയ മഹാത്മാഗാന്ധിജി തന്റെ രാഷ്ട്രീയഗുരുവായ ഗോപാല കൃഷ്ണഗോഖലെ യുടെ നിർദ്ദേശമനുസരിച്ച് ഒരു വർഷക്കാലം ഭാരതം മുഴുവൻ സഞ്ചരിച്ച് രാഷ്ട്രജീവിതത്തെ മനസ്സിലാക്കുകയായിരുന്നു. അതിനുശേഷമാണ് ഇന്ത്യയിലെ സാമൂഹ്യ നവോത്ഥാന പ്രസ്ഥാനങ്ങളിലേക്ക് ഗാന്ധിജി ഇറങ്ങിത്തിരിച്ചത്. അതുവരെ ലോകം കാണാത്ത പുതിയൊരു ശൈലി ഇന്ത്യയുടെ സ്വാതന്ത്ര്യസമരത്തിൽ സ്വീകരിക്കാൻ ഗാന്ധിജിയെ പ്രാപ്ത മാക്കിയതിന് ഈ ഭാരതീയ പര്യടനത്തിന് മുഖ്യമായ പങ്കുണ്ട്.

കാഴ്ചപ്പാടിലെ സമാനതകൾ

മനുഷ്യന്റെ പരമമായ ലക്ഷ്യം, പൊതുജനസേവനം, മതം, വിദ്യാഭ്യാസം, ത്യാഗം തുടങ്ങിയ കാര്യങ്ങളിൽ സ്വാമി വിവേകാനന്ദന്റെയും ഗാന്ധിജി യുടെയും കാഴ്ചപ്പാടുകൾക്ക് സമാനതകളുണ്ട്. “മനുഷ്യന്റെ പരമമായ ലക്ഷ്യം അവനവനിൽ തന്നെ കുടികൊള്ളുന്ന ഈശ്വരാംശത്തെ ആവി ഷ്കരിക്കലാണ്” എന്ന് സ്വാമിജിയും ഗാന്ധിജിയും നമ്മെ ആവർത്തിച്ച് ഓർമ്മപ്പെടുത്തുന്നു.

'മനുഷ്യർ ഉൾപ്പെടെയുള്ള സകല ജീവജാലങ്ങളിലും ഈശ്വര ചൈതന്യം കുടികൊള്ളുന്നു' എന്നും, അതുകൊണ്ട് 'ഏതെങ്കിലും മനുഷ്യനോ ഏതെങ്കിലും ജീവജാലത്തിനോ നൽകുന്ന സേവനം ഈശ്വര ആരാധന തന്നെയാണ്' എന്ന് സ്വാമിജിയും ഗാന്ധിജിയും ഒരുപോലെ വ്യക്തമാക്കുന്നു. എല്ലാ ജീവജാലങ്ങളെയും ചലനാത്മകം ആക്കുന്നത് അവരിൽ കുടികൊള്ളുന്ന ഈശ്വരാംശം ആണ് എന്നതുകൊണ്ട് എല്ലാ ജീവജാലങ്ങളും ഏകോദര സഹോദരങ്ങളാണ്.

പരസ്പരം സഹകരിച്ചും സ്നേഹിച്ചും മുന്നോട്ടു പോകേണ്ടവരാണ്. ഏകോദര സഹോദരഭാവത്തിൽ നാം കാണുന്ന സർവ്വ ജീവജാലങ്ങളുടെയും ഉദയം അഥവാ നന്മ അഥവാ ക്ഷേമം നമ്മുടെ ജീവിത പദ്ധതിയിൽ ഉൾപ്പടണം. അതുകൊണ്ടാണ് ഗാന്ധിജി തന്റെ ദർശനത്തിന് "സർവ്വോദയം" എന്ന പേര് നൽകിയത്.

നാം രണ്ടല്ല ഒന്നാണ്; അതുകൊണ്ടുതന്നെ ഒരാൾക്ക് ഉണ്ടാകുന്ന നേട്ടത്തിൽ മറ്റുള്ളവരും സന്തോഷിക്കുന്നു. ഒരാൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടിൽ മറ്റുള്ളവർ വന്നു കൈത്താങ്ങായി മാറുകയും ചെയ്യുക എന്നതാണ് സർവ്വോദയ തത്വം. ഇതിനെ കേവലം സഹായമായി കാണാതെ; നമുക്ക് മുന്നിൽ കാണുന്ന വ്യക്തിയിലെ ഈശ്വരാംശത്തിന് നൽകുന്ന സേവനവും ആരാധനയുമായി കാണണമെന്നാണ് ഗാന്ധിജി സർവ്വോദയത്തിലൂടെ വ്യക്തമാക്കുന്നത്.

അദ്വൈത ദർശനത്തെ വേദാന്തത്തിന്റെ രീതിയിൽ പ്രയോഗിക്കാൻ സ്വാമി വിവേകാനന്ദൻ ശ്രമിക്കുന്നു. അതേസമയം ഗാന്ധിജി, സർവ്വ ജീവജാലങ്ങളോടും ഉള്ള ഐക്യം എന്ന തത്വത്തെ സർവോദയ ജീവിത പദ്ധതിയിലൂടെ പ്രയോഗത്തിൽ കൊണ്ടുവരുന്നു. പ്രപഞ്ചം മുഴുവൻ ഈശ്വരചൈതന്യം നിറഞ്ഞുനിൽക്കുന്നു. എല്ലാവരിലും എല്ലാറ്റിലും ഈശ്വരനെ ദർശിക്കുക എന്ന് സ്വാമി വിവേകാനന്ദൻ ലോകത്തെ ഉത്ബോധിപ്പിച്ചു. *(വിവേകാനന്ദ സമ്പൂർണ്ണകൃതികൾ രണ്ടാം വാല്യം)*

ഇതേ ചിന്താ പദ്ധതിയെ തന്നെ സർവ്വോദയം എന്ന ജീവിത പദ്ധതിയാക്കി ഗാന്ധി മുന്നോട്ടുവയ്ക്കുന്നു.

"'ഈ നാടിന്റെ മാത്രമല്ല ലോകത്തിന്റെ മുഴുവൻ മോചനവും നമ്മളിലൂടെ ആണ്. വേദാന്തത്തിലെ വെളിച്ചവും ആത്മാവും ഓരോരുത്തരിലും എത്തിച്ച് അവരിൽ അന്തർലീനമായ ദൈവികതയെ ഉണർത്തുക" എന്ന് വേദാന്ത ദൗത്യത്തെക്കുറിച്ച് പറയുമ്പോൾ സ്വാമി വിവേകാനന്ദൻ ഉപദേശിക്കുന്നു. *(സമ്പൂർണ്ണ കൃതികൾ വോളിയം 5)*

ഇന്ത്യയുടെ സ്വാതന്ത്ര്യ പ്രസ്ഥാനം ആത്മശുദ്ധീകരണപ്രസ്ഥാന മാണ് എന്ന് ഗാന്ധിജി വ്യക്തമാക്കുന്നു. ആത്മശുദ്ധീകരണത്തിലൂടെ ആത്മശക്തിയെ വളർത്തിയെടുത്ത് ധീര വ്യക്തിത്വങ്ങളാക്കി അഹിംസ യുടെ പാതയിൽ മുന്നേറാൻ ഗാന്ധിജി നേതൃത്വം നൽകി. സഹജീവി സ്നേഹത്തിൽ അധിഷ്ഠിതമായ ആത്മധൈര്യത്തിൽ നിന്നാണ് ഗാന്ധിജി മുന്നോട്ടുവെച്ച അഹിംസാ തത്വം രൂപപ്പെടുന്നത്.

അഹിംസയെന്നാൽ സമ്പൂർണ്ണമായ സ്നേഹവും വാത്സല്യവും ആണ്. ഈ സ്നേഹശക്തിയിലൂടെ അനീതിക്കെതിരെ മുന്നേറാനുള്ള ആഹ്വാനമാണ് മഹാത്മാഗാന്ധിയിൽ നിന്നും ഉണ്ടായത്. പ്രസ്തുത സ്വാതന്ത്ര്യപ്രസ്ഥാനം ഭാരതത്തിന്റെ മാത്രമല്ല, ലോകത്തിന്റെ മുഴുവൻ സ്വാതന്ത്ര്യത്തിന് വഴിവെയ്ക്കും എന്നാണ് ഗാന്ധിജി പ്രവചിച്ചിരുന്നത്.

ലോകത്തിന്റെ മുഴുവൻ നന്മയും മോചനവുമാണ് ഈ രണ്ട് മഹത്തു ക്കളും ആഗ്രഹിച്ചത്. ആയതിന് നേതൃത്വം നൽകാൻ ഭാരതത്തിന്റെ സവിശേഷമായ പൈതൃകവും കരുത്തും കൊണ്ട് സാധിക്കുമെന്ന് സ്വാമി വിവേകാനന്ദനും മഹാത്മാഗാന്ധിയും വ്യക്തമാക്കി. മനുഷ്യനും പ്രപ ഞ്ചവും തമ്മിലുള്ള പാരസ്പര്യത്തെ കുറിച്ചും രണ്ടുപേരും ഒരുപോലെ ചിന്തിച്ചു.

"ശരീരമാകുന്ന മൈക്രോ കോശത്തിൽ, മാക്രോ കോശത്തിൽ ഉള്ള എന്തെല്ലാം ഉണ്ടോ അതൊക്കെയുണ്ട്. ഒരു അണുവിൽ ഈ പ്രപഞ്ചം മുഴുവൻ ദർശിക്കുന്നു." എന്ന് സ്വാമി വിവേകാനന്ദൻ, 1896 ജനുവരി മാസ ത്തിൽ ന്യൂയോർക്കിൽ ചെയ്ത പ്രഭാഷണത്തിൽ വിശദീകരിക്കുകയു ണ്ടായി.

"പ്രപഞ്ചത്തിന്റെ സൂക്ഷ്മരൂപമാണ് മനുഷ്യ ശരീരം" എന്ന് ഗാന്ധി ജിയും വ്യക്തമാക്കി തരുന്നു. *(ആരോഗ്യത്തിലേക്ക്; പേജ് 7)*

തങ്ങളുടെ ജീവിതകാലത്ത് ലോകത്ത് നിലവിലിരുന്ന മതങ്ങളെയും തത്വശാസ്ത്രങ്ങളെയും എല്ലാം വളരെ ഉത്സാഹപൂർവ്വം വായിച്ചറിയാനും അതിലെ നല്ല ആശയങ്ങളെ സാംശീകരിക്കാനും, പ്രയോഗത്തിൽ കൊണ്ടുവരുവാനും സ്വാമി വിവേകാനന്ദനും മഹാത്മാഗാന്ധിയും എപ്പോഴും ശ്രമിച്ചുകൊണ്ടിരുന്നു.

സ്ത്രീ-പുരുഷ-രാഷ്ട്ര-ദേശ-വർണ്ണ-വർഗ്ഗവ്യത്യാസമില്ലാതെ എല്ലാവരും ദർശനങ്ങളെ പിന്തുണയ്ക്കാൻ എത്തിയിരുന്നു എന്നുള്ളത് മറ്റൊരു പ്രത്യേകതയാണ്. സ്വാമി വിവേകാനന്ദൻ മുന്നോട്ടുവെച്ച വേദാന്ത ദർശനത്തെ ഇന്ത്യയിൽ ശക്തമായി അവതരിപ്പിക്കാൻ മുൻകൈയെടുത്ത വരിൽ ഒരാൾ അദ്ദേഹത്തിന്റെ അനുയായിയായി ഇവിടെയെത്തിയ ഒരു വിദേശ വനിതയായിരുന്നു.

മാർഗരറ്റ് എലിസബത്ത് നോബിൾ എന്ന വനിതാ ഇന്ത്യയിൽ എത്തി ഭാരതീയ സംസ്കാരത്തെ പൂർണമായും ഉൾക്കൊണ്ട് സിസ്റ്റർ നിവേദിത എന്ന പേരിൽ വിവേകാനന്ദ ശ്രീരാമകൃഷ്ണ – വിവേകാനന്ദ ദർശനങ്ങളെ പ്രചരിപ്പിക്കുന്നതിൽ ശ്രദ്ധേയമായ പങ്കുവഹിച്ചു. ബ്രിട്ടീഷ് നാവികപ്പട യുടെ തലവന്റെ മകൾ ആയിരുന്ന മെഡലിൻ സ്ലെഡ് എന്ന വിദേശ വനിത ഗാന്ധിയൻ തത്വങ്ങളിൽ ആകൃഷ്ടയായി ഇന്ത്യയിൽ എത്തി ഗാന്ധിയുടെ ആശ്രമത്തിലെ മറ്റ് അനുയായികളോടൊപ്പം താമസിച്ച് സാമൂഹ്യ നവീകരണ പ്രസ്ഥാനത്തിന് നേതൃത്വം നൽകിക്കൊണ്ടിരുന്നു. മീരാ ബഹൻ എന്നാണ് അവർ അറിയപ്പെട്ടിരുന്നത്.

സ്വാമി വിവേകാനന്ദന്റെയും മഹാത്മാഗാന്ധിയുടെയും സാന്നിധ്യം അവരുടെ കാലഘട്ടത്തിൽ അടുത്ത അനുയായികൾക്ക് നൽകിയിരുന്ന കരുതലും സുരക്ഷിതത്വവും മറ്റൊരു സമാനതയാണ്. ഒരു അമ്മയുടെ പക്കൽ നിന്നും ലഭിക്കുന്ന വാത്സല്യവും സുരക്ഷിതത്വബോധവും സ്നേഹവായ്പും ഒക്കെ ആണ് സ്വാമി വിവേകാനന്ദനിൽ നിന്ന് തങ്ങൾക്ക് ലഭിച്ചുകൊണ്ടിരുന്നത് എന്ന് അടുത്ത അനുയായികൾ വ്യക്തമാക്കിയിട്ടുണ്ട്.

ഗാന്ധിജിയുടെ അനുയായികളും, പ്രത്യേകിച്ച് വനിതാ പ്രവർത്തകർ, ഇക്കാര്യം പ്രത്യേകം എടുത്ത് പറയാറുണ്ട് ഗാന്ധിജിയുടെ സന്നിധിയിൽ തങ്ങൾ ഇരിക്കുമ്പോൾ അമ്മയുടെ സമീപത്ത് ഇരിക്കുന്ന സുരക്ഷിത ത്വവും സ്നേഹവാത്സല്യം ഭാവങ്ങളും ആണ് തങ്ങൾ അനുഭവിക്കുന്നത് എന്ന് അനുയായികൾ വ്യക്തമാക്കിയിട്ടുണ്ട്.

ഈ രണ്ടു മഹത്തുക്കൾക്കും ഉള്ള മറ്റൊരു സമാനത, സ്വന്തം പേരിനേക്കാൾ കൂടുതൽ തങ്ങൾ മുന്നോട്ടുവയ്ക്കുന്ന ആശയങ്ങൾ, ദർശനങ്ങൾ പ്രായോഗിക പദ്ധതികൾ സമൂഹത്തിൽ നിൽക്കണമെന്നാണ് ഇവർ ആഗ്രഹിച്ചത്. ഗാന്ധിജി എന്ന ഒരു വ്യക്തിയെക്കുറിച്ച് നിരന്തരം പറഞ്ഞു കൊണ്ടിരിക്കുന്നതിനേക്കാൾ അനിവാര്യമായിട്ടുള്ളത് സർവ്വോദയ ജീവിത പദ്ധതിയെ സമൂഹത്തിൽ പ്രയോഗത്തിൽ വരുത്തുകയാണ് എന്ന് ഗാന്ധിജി വ്യക്തമാക്കുന്നു.

സ്വാമി വിവേകാനന്ദനും ഇതേ സമീപനമാണ് സ്വീകരിച്ചിരുന്നത്. വ്യക്തിയേക്കാൾ കൂടുതലായി അദ്ദേഹം മുന്നോട്ടു വെക്കുന്ന ദർശനങ്ങൾക്ക്, വേദാന്തദർശനത്തിന് ആണ് പ്രയോഗവും പ്രാധാന്യവും ഉണ്ടാകേണ്ടത് എന്ന് സ്വാമി വിവേകാനന്ദൻ വ്യക്തമാക്കുന്നു. (രൂപമല്ല; ആശയം നിലനിൽക്കണം. Formless Ideas).

സ്വാമി വിവേകാനന്ദനും മഹാത്മാഗാന്ധിയും മുന്നോട്ടുവെച്ച മഹത്തായ ആശയങ്ങൾ ഇന്ന് ലോകം വളരെ പ്രതീക്ഷയോടെ സ്വീകരി

ച്ചുകൊണ്ടിരിക്കുകയാണ്. ലോകത്തിന്റെ പ്രതീക്ഷയ്ക്ക് അനുസരിച്ച് കാലികമായ വ്യാഖ്യാനത്തോടെ നവീനമായ പ്രയോഗത്തിലൂടെ ഈ ദർശനങ്ങളെ സജീവമാക്കി നിർത്താൻ നമുക്ക് സാധിക്കട്ടെ. ■

സർവ്വോദയം : ധാർമ്മികതയുടെ ദർശനം

മഹാത്മാഗാന്ധി തന്റെ പ്രവർത്തനങ്ങൾക്ക് അടിസ്ഥാനമായി സ്വീകരിച്ച ദർശനമാണ് 'സർവ്വോദയം'. ഇരുപതാം നൂറ്റാണ്ടിലെ സാമൂഹിക - സാമ്പത്തിക പ്രശ്നങ്ങളെ തരണം ചെയ്യാൻ ഏറെ സഹായിച്ച സർവ്വോദയ ദർശനത്തിന് ഇരുപത്തിയൊന്നാം നൂറ്റാണ്ടിലും സ്വീകാര്യത വർദ്ധിച്ചുവരുന്നുണ്ട്. ഇതിന് രണ്ടു കാരണങ്ങളാണ് ഉള്ളത്.

ഒന്ന്, ഗാന്ധിജി തന്റെ സാമൂഹിക പ്രവർത്തനങ്ങൾ ആരംഭിച്ചത് ദക്ഷിണാഫ്രിക്കയിലാണ്. വർണ്ണവിവേചനത്തെ പ്രതിരോധിക്കുന്നതിനും പൗരാവകാശങ്ങൾ സംരക്ഷിക്കുന്നതിനുമായി ഗാന്ധിജി നേതൃത്വം നൽകിയ സാമൂഹിക മുന്നേറ്റങ്ങൾക്ക് എല്ലാം അടിസ്ഥാന ഊർജ്ജസ്രോതസ്സായി വർത്തിച്ചത് സർവ്വോദയം എന്ന മഹത്തായ ദർശനമാണ്. തന്റെ പ്രവർത്തനങ്ങൾക്ക് പിന്തുണ ലഭിക്കാനായി ഏഷ്യയിലെയും യൂറോപ്പിലെയും വിവിധ രാജ്യങ്ങളിലെ വ്യക്തികളും സംഘടനകളുമായി ഗാന്ധിജി നിരന്തരം സമ്പർക്കം പുലർത്തിയിരുന്നു. അതുകൊണ്ടുതന്നെ ഗാന്ധിജിയുടെ പ്രവർത്തനങ്ങൾ ലോകം മുഴുവൻ ശ്രദ്ധിച്ചിരുന്നു.

രണ്ടാമത്തെ കാരണം, ഗാന്ധിജി നിലകൊണ്ട ദർശനത്തിന്റെ സാർവ്വലൗകികതയാണ്. സത്യം, അഹിംസ എന്നീ സനാതന മൂല്യങ്ങളിൽ അധിഷ്ഠിതമാണ് സർവ്വോദയ ദർശനം. സർവ്വ ജീവജാലങ്ങളെയും സജീവമാക്കുന്നത് ഈശ്വര ചൈതന്യമാണ് എന്ന സത്യമാണ് സർവ്വോദയദർശനത്തിന്റെ അടിസ്ഥാനം. അതുകൊണ്ടുതന്നെ ഇത് ഒരു സത്യ ദർശനമാണ്; സനാതന ദർശനമാണ്.

'ഈശാവാസ്യം ഇദം സർവ്വം...' എന്ന് തുടങ്ങുന്ന ഈശാവാസ്യ ഉപനിഷത്തിലെ ആദ്യ ശ്ലോകം എങ്കിലും ഇവിടെ നിലനിൽക്കുന്നുവെങ്കിൽ ലോകത്ത് സനാതന ധർമ്മം പരിപാലിക്കപ്പെടും എന്ന് ഗാന്ധിജി

വ്യക്തമാക്കുന്നുണ്ട്. *(ഹരിജൻ; 30/1/1937)* ഈ ഉറച്ച ബോദ്ധ്യമാണ് സർവ്വോ ദയം എന്ന സനാതനദർശനത്തെ മുറുകെ പിടിക്കാനും പ്രയോഗ തലങ്ങളിലേക്ക് എത്തിക്കാനും ഗാന്ധിജിയെ പ്രാപ്തമാക്കിയത്.

സഹകരണം; സമന്വയം

ഒരേ ഈശ്വരചൈതന്യം കുടികൊള്ളുന്ന നാം, മനുഷ്യരെല്ലാം ഏകോദര സഹോദരങ്ങളാണ്. അഭിന്നമാണ്. രണ്ടല്ല; ഒന്നാണ്. അതുകൊണ്ട് പരസ്പരം സ്നേഹിച്ചും സഹകരിച്ചും ഒന്നായി ജീവിക്കുകയാണ് നമ്മുടെ ധർമ്മം. ഈ സ്നേഹബോധമാണ് അഹിംസ. സർവ്വ ചരാചരങ്ങളിലും ഈശ്വരചൈതന്യം കുടികൊള്ളുന്നതുകൊണ്ട് അവയോടു സഹകരിച്ചും സമന്വയിച്ചും പരിസ്ഥിതി സൗഹൃദത്തോടെ ജീവിക്കുക എന്നതാണ് മാനവ സംസ്കാര ലക്ഷണം. മനുഷ്യൻ അധിപൻ അല്ല; ജീവജാലങ്ങളിൽ ഒന്നുമാത്രമാണ്. ചൂഷണവും ആധിപത്യവും ഹിംസയാണ്. ഈ തിരിച്ചറി വുകൾ നമ്മെ കൂടുതൽ സംസ്കൃതചിത്തരാക്കി മാറ്റുന്നു. നിവർന്ന് നിൽ ക്കാനുള്ള നട്ടെല്ലും സ്വതന്ത്രമായ കൈകളും വിശേഷബുദ്ധിയും പ്രത്യേക മായി ലഭിച്ചിട്ടുള്ള മനുഷ്യൻ പ്രകൃതിയുമായി ആദാന – പ്രദാന പ്രക്രിയ യിലൂടെ സഹവർത്തിക്കുന്നു.

'കയ്യൂക്കുള്ളവൻ കാര്യക്കാരൻ ആകുക' എന്നത് സംസ്കാരത്തിന്റെ ലക്ഷണമല്ല. പരസ്പര സഹകരണമാണ് ധാർമികത. ആത്മനിയന്ത്രണം പാലിക്കാനും ആഗ്രഹങ്ങളെ പരിമിതപ്പെടുത്താനും വിശേഷബുദ്ധിയുള്ള മനുഷ്യന് സാധിക്കും. ധാരാളം ഉണ്ടെങ്കിലും അത്യാവശ്യം ഉള്ളത് മാത്രം ഉപയോഗിച്ച് ബാക്കിയുള്ളത് മറ്റുള്ളവർക്കായി മാറ്റിവെക്കുക എന്നതാണ് മാനവ ധർമവും സംസ്കാരവും.

ഈശാവാസ്യോപനിഷത്തിൽ പറയുന്നതുപോലെ 'ത്യജിച്ച് ഭുജി ക്കുക' എന്നതാണ് സർവോദയ ശൈലി എന്ന് ഗാന്ധിജി ഓർമ്മിപ്പി ക്കുന്നു. *(ഹരിജൻ; 11/2/1942).*

ധാർമികതയുടെ ദർശനം

നന്മയെ നിലനിർത്തുന്നതാണ് ധർമ്മം. തിന്മയുടെ രൂപങ്ങളായ ദാരിദ്ര്യം, യുദ്ധം, ഭീകരത, വർഗീയത എന്നിവയെല്ലാം വർത്തമാനകാലത്ത് അസ്വ സ്ഥതകൾ സൃഷ്ടിക്കുന്നുണ്ട്. ഇവയ്ക്കുള്ള പരിഹാരവും ധാർമ്മികത യിൽ അധിഷ്ഠിതമായ സർവോദയ ചിന്തയും ജീവിതരീതിയുമാണ്. ഇത്തരം പ്രശ്നങ്ങൾ രൂക്ഷമാകുന്ന ഇടങ്ങളിലെല്ലാം പ്രതിരോധത്തിനും പ്രശ്നപരിഹാരത്തിനുമായി ഗാന്ധിജിയേയും സർവ്വോദയ സമീപന

ത്തെയുമാണ് പൊതുസമൂഹം മുന്നോട്ടുവയ്ക്കുന്നത്. 1990കളിൽ നടപ്പാക്കാൻ ശ്രമിച്ച പഞ്ചായത്തീരാജ് – നഗരപാലിക നിയമം, ത്രിതല പഞ്ചായത്തുകൾ, ജനകീയാസൂത്രണം, സമ്പൂർണ്ണ സാക്ഷരതാ യജ്ഞം, വിദ്യാഭ്യാസ സംരക്ഷണ യജ്ഞം, ശുചിത്വ കേരളം പരിപാടി എന്നിവ ഈ ദിശയിൽ ഉള്ളതായിരുന്നു. ഗാന്ധിജയന്തി ആഗോള അഹിംസാ ദിനമായി പ്രഖ്യാപിച്ചതും ഐക്യരാഷ്ട്രസഭാ ആസ്ഥാനത്ത് ഗാന്ധി പ്രതിമ സ്ഥാപിച്ചതും, ലോക രാഷ്ട്രത്തലവന്മാരുടെ സമ്മേളനങ്ങളിൽ 'വസുധൈവകുടുംബകം', 'ലോകാ സമസ്താ സുഖിനോഭവന്തു' എന്നീ സർവ്വോദയ സന്ദേശങ്ങൾക്ക് പ്രാധാന്യം ലഭിക്കുന്നതും ഇതിന്റെ പ്രതിഫലനങ്ങളാണ്.

അഭിരുചി അധിഷ്ഠിതവും, പ്രക്രിയാധിഷ്ഠിതവും, നൈപുണി വികസനത്തിന് പ്രാധാന്യം നല്കുന്നതുമായ ദേശീയ വിദ്യാഭ്യാസ പരിപാടികളും പ്രതീക്ഷ നല്കുന്നതാണ്. വീട് ഇല്ലാത്തവർക്കായുള്ള ഭവന പദ്ധതി, എല്ലാ ഗ്രാമങ്ങളിലേക്കും വൈദ്യുതി എന്നീ പരിശ്രമങ്ങളും സർവോദയ സമൂഹരചനക്ക് സഹായകമാകും. കോവിഡ് മഹാമാരിയിൽ ലോകം ആടിയുലഞ്ഞപ്പോൾ, നാം, സ്വയം രക്ഷപ്പെടുന്നതിന് വേണ്ടി മാത്രമല്ല; മറ്റു രാഷ്ട്രങ്ങളിലുള്ളവരെ കൂടി രക്ഷിക്കുന്നതിനായി വാക്സിൻ കണ്ടുപിടിച്ച് വിതരണം ചെയ്യാൻ നമ്മെ പ്രേരിപ്പിച്ചത് നമ്മിലുള്ള സർവോദയ മനസ്സാണ്.

കോവിഡ് കാലത്തെ ഒറ്റപ്പെടലുകൾ നമ്മുടെ ബുദ്ധിയേയും മനസ്സിനെയും കൂടുതൽ വിശാലമാക്കി. ആർഭാടങ്ങൾ ഒഴിവാക്കി അത്യാവശ്യം ഉള്ളത് മാത്രം ഉപയോഗിക്കുക, വീട്ടിലും സ്വന്തം തൊടിയിലും ഉള്ളതു കൊണ്ട് തൃപ്തിപ്പെടുക, കാർഷികവിഭവങ്ങൾ ഉൾപ്പെടെ അയൽപ്പക്ക വീടുകളിൽ കൊടുത്തുവാങ്ങൽ സൗഹൃദം ഊട്ടിയുറപ്പിക്കുക, സൂപ്പർ മാർക്കറ്റുകക്കും ഹൈപ്പർ മാളുകൾക്കും പകരം പ്രാദേശിക കടകളെ ആശ്രയിക്കുക, തുടങ്ങിയ വർത്തന വ്യതിയാനങ്ങൾ സ്വാശ്രയത്തെയും സ്വാശ്രയത്വവും സ്വാവലംബനത്തെയും അതുവഴി സർവ്വോദയ ജീവിതശൈലിയെയും സജീവമാക്കി.

ആത്മനിർഭർ ഭാരത് (സ്വാശ്രയ ഭാരതം), സബ്കാ വികാസ് (സർവ്വോദയം) എന്നീ സന്ദേശങ്ങൾ ഇതിന്റെ ഭാഗമാണ്. സ്വയം സഹായ സംഘങ്ങളെ സക്രിയമാക്കിയും സഹകരണസംഘങ്ങളെ പുനഃക്രമീകരിച്ചും, വനിതകൾ, കർഷകർ, ചെറുപ്പക്കാർ എന്നിവരെ പ്രവർത്തനനിരതരാക്കി പുതിയ സംരംഭങ്ങളിലൂടെ ദേശീയ ഉൽപാദനം വർദ്ധിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഉത്പാദനം, വിതരണം, ഉപഭോഗം എന്നീ രംഗങ്ങളിൽ സ്വദേശിക്ക് മുൻഗണന നൽകുക എന്ന സമീപനം ശക്തമാക്കുന്നതിലൂടെ ദേശീയ സുരക്ഷയിലേക്കും സ്വരാജിലേക്കും നാം കൂടുതൽ അടുക്കുന്നു.

എല്ലാ രാജ്യങ്ങളുമായും ഭാരതം സൗഹൃദം നിലനിർത്തുന്നു. മറ്റു രാജ്യങ്ങളിൽ പ്രകൃതി ദുരന്തങ്ങളോ അത്യാപത്തുകളോ ഉണ്ടാകുമ്പോൾ അടിയന്തിര സഹായവുമായി ഭാരതം ആദ്യം എത്തുന്നു. സർവ്വോദയ ബോധമാണ് ഇതിന് നമുക്ക് ശക്തി പകരുന്നത്.

അന്ത്യോദയത്തിലൂടെ സർവ്വോദയത്തിലേക്ക്

സർവ്വോദയ ഭാരതത്തിലേക്കുള്ള സുപ്രധാന ചുവടുവെപ്പാണ് ശുചിത്വ ഭാരതം അഥവാ 'സ്വച്ഛ ഭാരതം'. ഒരു സമൂഹത്തിൽ ഭൂരിപക്ഷം പേർക്കും പുരോഗതി ഉണ്ടാക്കുക എന്നതിൽ ഒതുങ്ങുന്നതല്ല സർവോദയം. ഭൂരിപക്ഷത്തിന് സൗഖ്യം ഉണ്ടായാൽ മാത്രം പോര; സർവ്വർക്കും സുഖവും പുരോഗതിയും ഉണ്ടാകണം. ഇത് യാഥാർഥ്യമാക്കാനായി പൊതുപ്രവർത്തകർക്കും ഭരണസാരഥികൾക്കും ഗാന്ധിജി നൽകിയ ഒരു മാന്ത്രിക സൂക്തം സുപ്രസിദ്ധമാണ്.

'നിങ്ങൾ ഏതൊരു പുതിയ പ്രവർത്തനം (പദ്ധതി) ഏറ്റെടുക്കുമ്പോഴും സമൂഹത്തിലെ ഏറ്റവും ബുദ്ധിമുട്ടുന്ന വ്യക്തിയുടെ മുഖം മനസ്സിൽ ധ്യാനിക്കുക. പ്രസ്തുത പദ്ധതി ഏറ്റവും അടിത്തട്ടിലുള്ള ആ മനുഷ്യന് ഗുണം ഉണ്ടാകുന്നതാണോ (അന്ത്യോദയ ആണോ) എന്ന് ചിന്തിക്കുക. ആണെങ്കിൽ എന്തെല്ലാം പ്രതിബന്ധങ്ങൾ ഉണ്ടെങ്കിലും പ്രസ്തുത അന്ത്യോദയ പദ്ധതിയുമായി മുന്നോട്ടുപോവുക.'

ഏറ്റവും ബുദ്ധിമുട്ടുന്നവർക്ക് ആദ്യം ആശ്വാസം എത്തിക്കുക; തുടർന്ന് മറ്റുള്ളവർക്കും. ഇപ്രകാരം 'അന്ത്യോദയത്തിലൂടെ സർവ്വോദയത്തിലേക്ക്' എന്നതായിരുന്നു ഗാന്ധിജിയുടെ രീതിശാസ്ത്രം. വ്യക്തിയിലാണ് ആദ്യം ഗുണകരമായ മാറ്റം ഉണ്ടാകേണ്ടത്. വ്യക്തിയിൽ ഉണ്ടാകുന്ന ഗുണകരമായ മാറ്റം ക്രമേണെ കുടുംബത്തിലേക്കും സമൂഹത്തിലേക്കും സ്വഭാവികമായും വികസിക്കുന്നു.

2014 ലെ സ്വാതന്ത്ര്യദിനത്തിൽ കേന്ദ്ര ഗവൺമെൻറ് ആരംഭിച്ച സ്വച്ഛ ഭാരത് പരിപാടി അത്തരത്തിലുള്ള ഒന്നായിരുന്നു. ഗാന്ധിജിയുടെ 150 ആം ജന്മവാർഷികം ആയ 2019 ആകുമ്പോഴേക്കും ഭാരതത്തിലെ ആറു ലക്ഷം ഗ്രാമങ്ങൾ തുറസ്സായ മലമൂത്ര വിസർജ്ജന രഹിത ഗ്രാമങ്ങൾ ആക്കുക എന്ന പദ്ധതി ലോകം മുഴുവൻ ശ്രദ്ധിച്ച, ഏറ്റവും ബൃഹത്തായ ജനകീയ ശുചിത്വ പരിപാടിയായി വിജയം കണ്ടു. മണ്ണും ജലവും വായുവും മലിനീകരിക്കുന്നത് കുറഞ്ഞു. വയറിളക്കം പോലുള്ള പകർച്ചവ്യാധികൾ കുറഞ്ഞു. ജനങ്ങൾക്ക് ആരോഗ്യകരമായ അന്തരീക്ഷം ലഭ്യമായി. എല്ലാ വീട്ടിലും ശൗചാലയം എന്ന പദ്ധതിയിലൂടെ സ്ത്രീകളുടെ സുരക്ഷയും അന്തസ്സും ഉറപ്പുവരുത്താൻ സാധിച്ചു. രാഷ്ട്രപിതാവിന് ഭാരതം നൽകിയ

മഹത്തായ ശ്രദ്ധാഞ്ജലിയാണ് ശുചിത്വ ഭാരത് പദ്ധതി. മഹാത്മാ ഗാന്ധിയുടെ നൂറ്റി അമ്പതാം ജന്മവാർഷികം ആയ 1919 ലെ സ്വാതന്ത്ര്യ ദിനത്തിൽ മറ്റൊരു മഹത്തായ ശുചിത്വ പരിപാടിക്കും തുടക്കം കുറിച്ചു. ജല ജീവൻ മിഷൻ (ജൽ ജീവൻ മിഷൻ). എല്ലാ വീട്ടിലും ശുദ്ധജലം എത്തിക്കാനുള്ള ഈ പദ്ധതിയും ജനങ്ങൾക്ക് ആശ്വാസം പകർന്ന് പുരോഗമിക്കുന്നു.

ശുദ്ധജലത്തിനായി കിലോമീറ്ററുകൾ നടന്ന് സമയം നഷ്ടപ്പെടുന്ന സാഹചര്യം ഒഴിവായി. ഇതിനായി ചെലവഴിച്ചിരുന്ന സമയം ഉൽപ്പാദന പരവും സർഗാത്മകവുമായ കാര്യങ്ങൾക്ക് ഉപയോഗപ്പെടുത്താനായി. ജൈവ കൃഷിക്ക് പ്രോത്സാഹനം നൽകുകവഴി രാസമാലിന്യങ്ങളുടെ തോത് കുറയ്ക്കാനും ആരോഗ്യം ഉറപ്പു വരുത്തുവാനും സാധിക്കുന്നു.

പൊതു തെരഞ്ഞെടുപ്പ് സമ്പ്രദായം മാറണം

അടുത്തതായി മാറ്റം വേണ്ടത് പൊതുതെരഞ്ഞെടുപ്പ് രംഗത്താണ്. ഗാന്ധിജി നിർദ്ദേശിച്ച രീതിയിലുള്ള, ഭാരതത്തിന്റെ പൈതൃകത്തിൽ അധിഷ്ഠിതമായകക്ഷി രഹിത – വികേന്ദ്രീകൃത – ജനകീയ തെരഞ്ഞെടുപ്പ് സമ്പ്രദായം കൂടി നാം ആവിഷ്കരിക്കണം. സർവ്വോദയത്തിന്റെ സമഗ്രതയിലേക്ക് ഇത് അനിവാര്യമാണ്. ഭരണഘടനയുടെ 129 ആം ഭേദഗതി ഇതിനുള്ള അവസരമായി മാറും എന്ന് പ്രത്യാശിക്കാം. ■

ശുചിത്വം: ഗാന്ധിജിയുടെ കാഴ്ച്ചപ്പാട്

വ്യക്തിശുചിത്വത്തിനും പൊതുജനാരോഗ്യത്തിനും സമ്പൂർണ്ണ ശ്രദ്ധയും ശ്രമവും നടത്തിയ മഹദ് വ്യക്തിയായിരുന്നു മഹാത്മാഗാന്ധി. 'എന്റെ ജീവിതമാണ് എന്റെ സന്ദേശം' എന്ന വിശ്വവിഖ്യാതമായ ഗാന്ധിവാക്യം ശുചിത്വകാര്യത്തിലും യാഥാർത്ഥ്യപൂർണ്ണമായിരുന്നു. ശുചിത്വവും പതു ജനാരോഗ്യവും നിലനിർത്തുക എന്നത് ഏതൊരു വ്യക്തിയുടേയും പ്രഥ മ കർത്തവ്യമായി അദ്ദേഹം കരുതി. സ്വജീവിതത്തിൽ അത് അനുഷ്ഠി ക്കുകയും ചെയ്തു. ശുചിത്വമുള്ള സാമൂഹിക പരിസരം ഏതൊരു സാധാ രണക്കാരന്റേയും അവകാശമാണെന്നും അദ്ദേഹം ഉദ്ബോധിപ്പിച്ചു. ഏതെ ങ്കിലും ഒരു വ്യക്തിയോ സംവിധാനമോ ഇത്തരം ഒരു അവകാശത്തെ നിഷേധിക്കുന്ന ഘട്ടങ്ങളിലെല്ലാം അദ്ദേഹം ശക്തമായി പ്രതികരിക്കു കയും, മറുഭാഗത്ത് നിൽക്കുന്ന അവകാശ നിഷേധകരുടെ മനഃപരിപ വർത്തനത്തിനും നിലപാട് മാറ്റത്തിനുമായി നിസ്സഹകരണ സത്യാഗ്രഹ പരുപാടികളുമായി രംഗത്തുവന്നു.

ദക്ഷിണാഫ്രിക്കയിൽ ഗാന്ധിജി ആരംഭിച്ച സാമൂഹ്യസേവന പ്രവർ ത്തനങ്ങളിൽ മുഖ്യമായത് ജലം, മണ്ണ്, വെള്ളം, വായു തുടങ്ങിയ പ്രകൃതി വിഭവങ്ങളുടെ ശുചിത്വപൂർണ്ണമായ പരിചരണമായിരുന്നു. അവിടെ ഗാന്ധി ജിയുടെ നേതൃത്വത്തിൽ നടന്ന സമൂഹ്യജീവിത പരീക്ഷണ പദ്ധതികളാ യിരുന്ന ഫിനിക്സ് സെറ്റിൽമെന്റിലും ടോൾസ്റ്റോയ് ഫാമിലും വൃത്തിയും ശുചിത്വവും പൊതുജന ആരോഗ്യപരിപാലനവും ഉറപ്പുവരു ത്തുന്നതിന് പ്രഥമ പരിഗണന നൽകി. ഓരോ വ്യക്തിയും ശുചിത്വപരി പാലനത്തിന്റെ ദൗത്യവാഹകരാവണമെന്ന് (മിഷണറി) അദ്ദേഹം ആഹ്വാനം ചെയ്തു. *(ഇന്ത്യൻ ഒപ്പീനിയൻ 14/10/1905)* ആരോഗ്യ ശുചി ത്വമേഖലയിൽ അദ്ദേഹം ദക്ഷിണാഫ്രിക്കയിൽ വച്ച് നടത്തിയ അന്വേഷണ -പരീക്ഷണപ്രവർത്തന ബോധ്യങ്ങളെ പൊതുജനങ്ങൾക്ക് വിനിമയം ചെയ്യുന്നതിനായി 1913ൽ ആരോഗ്യത്തെ കുറിച്ചുള്ള പൊതുവിജ്ഞാനം' എന്ന മാർഗ്ഗരേഖ അദ്ദേഹം പ്രസിദ്ധീകരിച്ചു. 1898ൽ ഒരു താല്കാലിക

സന്ദർശനത്തിനായി ഇന്ത്യയിൽ എത്തിയ സന്ദർഭത്തിലാണ് കൽക്കത്തയിൽ പ്ലേഗ് പടർന്ന വാർത്ത കേട്ടത്. ഉടനെതന്നെ ഒരു ദൗത്യസംഘത്തെ രൂപീകരിച്ച് അദ്ദേഹം കൽക്കത്തയിൽ എത്തി. ജലം, മണ്ണ്, വായു എന്നിവയിക്ക് മലിനീകരണം സംഭവിച്ച് പ്ലേഗ് പടരാതിരിക്കാനുള്ള പ്രതിരോധ പ്രവർത്തനങ്ങൾക്കും രോഗബാധിതരെ ശുശ്രൂഷിച്ച് സുഖപ്പെടുത്തുന്നതിനും അദ്ദേഹം മുൻകൈഎടുത്തു. ഹരിദ്വാറിലും കൽക്കത്തയിലും നടന്ന അഖിലേന്ത്യ കോൺഗ്രസ്സ് സമ്മേളനങ്ങളിൽ ശുചിത്വപരിപാലന സേനകൾ (ഭംഗി സ്ക്വാഡ്) രൂപീകരിച്ച് സമ്മേളന സ്ഥലത്തെ ശുചിത്വം ഉറപ്പാക്കി. 1915ൽ ഇന്ത്യയിൽ തിരിച്ചെത്തിയശേഷം സബർമതിയും, സേവാഗ്രാമും അത്തരം പ്രവർത്തനങ്ങളുടെ പ്രചോദനകേന്ദ്രങ്ങളായി. 1916ൽ ഹരിദ്വാറിൽ നടന്ന കുംഭമേള വേളയിലും ശുചിത്വം പരിപാലനം ഉറപ്പുവരുത്തുന്നതിനായുള്ള പ്രവർത്തനങ്ങൾക്ക് അദ്ദേഹം നേതൃത്വം നല്കി.

1942ൽ ക്വിറ്റ് ഇന്ത്യ സമരപ്രഖ്യാപനത്തോടനുബന്ധിച്ച് അറസ്റ്റിലായി ജയിലിൽ വസിക്കുമ്പോൾ 'ആരോഗ്യത്തിലേയ്ക്കുള്ള വഴി' (Key to Health) എന്ന ലഘുഗ്രന്ഥം തയ്യാറാക്കി.

വർഗ്ഗീയ ലഹകളുടേ ഭീതിതമായ അന്തരീക്ഷം തളംകെട്ടിനിന്നിരുന്ന നവഖാലിയിലൂടെ സമാധാന സന്ദേശവുമായി അദ്ദേഹം നടക്കുമ്പോവും (19-1-1946) വഴിയിൽ കണ്ട വിസർജ്യത്തെ ഉണങ്ങിയ ഇലകൾ കൊണ്ട് എടുത്ത് സുരക്ഷിതമായ സ്ഥലത്ത് സംസ്കരിച്ചു. സന്ദേഹത്തോടെ നോക്കിനിന്ന സഹയാത്രികരോട് അദ്ദേഹം പറഞ്ഞു, "സ്വാതന്ത്ര്യത്തെ പോലെതന്നെ ഒരുപക്ഷെ, അതിനേക്കാൾ ഏറെ പ്രധാനപ്പെട്ടതാണ് ശുചിത്വം."

ഗാന്ധിജിയെ സംബന്ധിച്ചിടത്തോളം ശുചീകരണപ്രവർത്തനങ്ങൾ കേവലം പ്രകടനാത്മകമായിരുന്നില്ല. ആത്മാവിന്റെ അടിത്തട്ടിൽ നിന്ന് അലയടിക്കുന്ന അപ്രതിരോധ്യമായ ആഹ്വാനത്തിന്റെ ബഹിർസ്ഫുരണമായിരുന്നു. സ്വരാജ് (സമ്പൂർണ്ണ സ്വാതന്ത്ര്യം) ഒരു ചതുഷ്കോണ സംവിധാനമാണ്. രാഷ്ട്രീയം, സാമ്പത്തിക, സാമൂഹികം, ആത്മീയം എന്നിവയാണ് നാലു കോണുകൾ. ഇവ നാലും സമസന്തുലിതമായി നിലകൊള്ളുമ്പോഴാണ് സ്വരാജ് എന്ന് ചതുരം യാഥാർത്ഥ്യമാക്കുന്നത്. ശുചിത്വത്തിന്റെ കാര്യത്തിലും ഈ മാനദണ്ഡങ്ങൾ മഹാത്മജിയുടെ മനസ്സിൽ മന്ത്രിച്ചിരുന്നതായി മനസ്സിലാക്കാം.

ആത്മീയതലം

പഞ്ചഭൂതങ്ങളാൽ നിർമ്മിതമാണ് പ്രപഞ്ചം എന്നും അതിന് ആധാരമായി വർത്തിക്കുന്നത് ദൈവീകശക്തിയാണെന്നും ഗാന്ധിജി ഉറച്ച് വിശ്വസിച്ചിരുന്നു. മനുഷ്യനും സർവ്വചരാചരങ്ങളും അപ്രകാരം തന്നെ. അതു

കൊണ്ട് മനുഷ്യനും പ്രകൃതിയുമെല്ലാം സഹകരിച്ചും സമന്വയിച്ചും സഹവർത്തിക്കുക എന്നത് ദൈവനിയോമാണ്. പരിസ്ഥിതി സംരക്ഷണം മനുഷ്യന്റെ പ്രഥമമായ കർത്തവ്യമാണ്. പ്രപഞ്ചത്തിന്റെ സൂക്ഷ്മരൂപമാണ് മനുഷ്യശരീരം എന്ന് ഗാന്ധിജി നമ്മെ ഓർമ്മപ്പെടുത്തുന്നു *(ആരോഗ്യത്തിലേക്കുള്ള വഴി, പേജ് 7).* പഞ്ചഭൂതങ്ങളായ മണ്ണ്, ജലം, വായു, തേജസ്സ് (അഗ്നി) ആകാശം എന്നിവയെ അവയുടെ രൂപത്തിലും ഭാവത്തിലും (അളവിലും സ്വഭാവത്തിലും) തനിമയോടും സുസ്ഥിരമായും നിലനിർത്തേണ്ട ഉത്തരവാദിത്വം ദൈവം വിശേഷബുദ്ധി കനിഞ്ഞുനൽകിയിട്ടുള്ള മനുഷ്യന്റേതാണ്. സ്വാർത്ഥലാഭത്തിനായി ചൂഷണം ചെയ്യാതേയും മലിനീകരിക്കാതേയും നിലനില്ക്കണം. അതാണ് പ്രകൃതി നിയമം; മനുഷ്യധർമ്മം. ഈ ധർമ്മബോധമാണ് മനസ്സിന്റെ സംശുദ്ധിക്കും വ്യക്തിവികാസത്തിനും സ്വാസ്ഥ്യത്തിനും ആധാരമാകുന്നത്. മനസ്സിന്റെ സംശുദ്ധിയാണ് (കളങ്കമില്ലാത്ത സ്വഭാവം) ആരോഗ്യത്തിന്റെ അടിസ്ഥാനം. *(ആത്മനിയന്ത്രണം ആത്മധാരളിത്വം പേജ് 53)* പ്രകൃതി നിയമം ലംഘിക്കുമ്പോഴാണ് രോഗമുണ്ടാകുന്നത് *(മഹാത്മാ വാല്യം 1 പേജ് 766)* 'ദൈവം എല്ലായിടത്തും ഉള്ളതിനാൽ ഭൂമിയുടെ ഓരോ സ്ഥലവും പവിത്രമാണ്. നമ്മുടെ ശരീരവും വീടും പരിസരവും ആന്തരീകമായും ബാഹ്യമായും വൃത്തിയുള്ളതായിരിക്കണം' - ഗാന്ധിജി *(സമ്പൂർണ്ണ കൃതികൾ 49-413).* 'അശ്രദ്ധമായി പൊതുസ്ഥലത്ത് തുപ്പുകയോ, ചപ്പുചവറുകൾ വലിച്ചെറിയുകയോ ചെയ്യുന്ന ഏതൊരു മനുഷ്യനും പ്രകൃതിക്കും എതിരെ പാപം ചെയ്യുന്നു.' *(സമ്പൂർണ്ണ കൃതികൾ 83-316).* മനുഷ്യനിലും സർവ്വചരാചരങ്ങളിലും ആന്തര്യാമിയായി ഈശ്വരൻ കുടികൊള്ളുന്നതുകൊണ്ട് ശരീരവും പരിസരവും സമൂഹവും ശുചിത്വപൂർണ്ണമായിരിക്കണം എന്നാണ് ഗാന്ധിജി നല്കുന്ന സന്ദേശം. തന്റെ പ്രിയപ്പെട്ട പാരായണ ഗ്രന്ഥമായ ശ്രീമദ് ഭഗവദ്ഗീതയിലെ ക്ഷേത്ര, ക്ഷേത്രജ്ഞ വിഭാഗയോഗം *(അദ്ധ്യായം 13)* വിഭൂതിയോഗദർശനം *(അദ്ധ്യായം 10)* ദൈവീകഗുണങ്ങളുടേ പ്രതിപാതനം *(അദ്ധ്യായം 16)* എന്നിവയും വേദോപനിഷത്തുകളിലെ പ്രകൃതി സൗഹൃദ സന്ദേശങ്ങൾ ഇവയുടെ പിൻബലത്താലാണ് ഈ നിലപാട് സ്വീകരിച്ചത്. "ഈശാവാസ്യോപനിഷത്തിലെ ആദ്യ ശ്ലോകം നിലനിന്നാൽ തന്നെ പരസ്പര സഹകരണത്തിലും സമത്വബോധത്തിലും സംശുദ്ധിയിലും യജ്ഞസംസ്കാരത്തിലും ആധിഷ്ഠിതമായ സനാതനധർമ്മ ജീവിതം സാധ്യമാകും" എന്ന് ഗാന്ധിജി സുവ്യക്തമാക്കുന്നു.

സാമൂഹികതലം

പൊതുപ്രവർത്തന ജീവിതത്തിനിടയിൽ ജിയിലിലോ സർക്കാർ ഓഫീസുകളിലോ വ്യക്തിപരമായ വിവരങ്ങൾ നല്കുന്ന സമയത്ത് ഗാന്ധിജി

തന്റെ തൊഴിലിനെ സംബന്ധിച്ച കോളത്തിൽ 'തോട്ടി' അഥവാ 'ബംഗി' അഥവാ 'തൂപ്പുകാരൻ' എന്നാണ് കൊടുത്തിരുന്നത്. ആശ്രമത്തിലും പൊതുവിടങ്ങളിലും ശുചിത്വപ്രവർത്തനങ്ങൾ സ്വയം ഏറ്റെടുക്കുന്നതിൽ പ്രത്യേകം താല്പര്യം എടുത്തു. താൻ ഒരു തോട്ടിയാണ് എന്ന് പറയുന്നതിലും അപ്രകാരം പ്രവർത്തിക്കുന്നതിലും അഭിമാനംകൊണ്ടു. പൊതുകക്കൂസുകളും പൊതുനിരത്തുകളും വൃത്തിയാക്കി സൂക്ഷിക്കുന്നതിൻ മുൻകൈയെടുത്തു. വിദ്യയിലൂടെ മനശുദ്ധി കൈവരിക്കാൻ സഹായിക്കുന്ന ബ്രാഹ്മണനെപോലെ പരിസരം വൃത്തിയാക്കി സമൂഹശുദ്ധിക്കായി പ്രവർത്തിക്കുന്ന തോട്ടിയും തുല്യമായ മഹത്വം അർഹിക്കുന്നു എന്ന് അദ്ദേഹം വ്യക്തമാക്കി. ഒരോരുത്തരും അവരവരുടെ തോട്ടികളായി മാറണമെന്നാണ് അദ്ദേഹത്തിന്റെ ഉറച്ച അഭിപ്രായം. ആരോഗ്യസംബന്ധമായ പ്രശ്നങ്ങൾ ഉണ്ടെങ്കിൽ മാത്രമേ ഇത്തരം കാര്യങ്ങൾ മറ്റുള്ളവരെ ഏൽപ്പിക്കാവൂ.

പൊതുവിടങ്ങളിൽ ശുചീകരണ ജോലിചെയ്യുന്നവർക്ക്, മറ്റു ജോലികൾ ചെയ്യുന്നവർക്ക് നല്കുന്ന വേതനവും മാന്യതയും നിലനില്ക്കണം. വ്യക്തിശുചിത്വം വ്യക്തിയുടെ അനിവാര്യമായ കടമയാണെന്നപോലെ സമൂഹശുചിത്വം സമൂഹത്തിന്റെ സുപ്രധാനമായ ഉത്തരവാദിത്വമാണ്. ഇത്തരം ചിന്തയും പ്രവർത്തനങ്ങളും ധർമ്മാധിഷ്ഠിതമായ സമൂഹനവീകരണത്തിന് സഹായകരമാകും. "മാലിന്യവും ദുരിതവും ഉള്ളിടത്ത് സംഗീതം ഉണ്ടാകുകയില്ല" എന്ന് അദ്ദേഹം പറഞ്ഞു. *(സമ്പൂർണ്ണ കൃതികൾ 30–259).* വ്യക്തിശുചിത്വവും പൊതുജനാരോഗ്യവും സർഗ്ഗാത്മക സമൂഹത്തിന് അനിവാര്യമാണ് എന്നാണ് ഗാന്ധിജിയുടെ സാമൂഹിക വീക്ഷണം.

സാമ്പത്തിക തലം

മാലിന്യത്തെ സ്വർണ്ണമൂല്യമുള്ള വളമാക്കിമാറ്റുന്നതും ഗോശാലകളെ മാതൃക ഡയറികളാക്കി മാറ്റുന്നതും എങ്ങിനെയെന്ന് ഗാന്ധിജി ശാസ്ത്രീയമായിതന്നെ വിശദ്ധീകരിക്കുന്നു. മാലിന്യം സ്ഥാനം തെറ്റികിടക്കുന്ന സമ്പത്താണ്. ശരിയായി സംസ്കരിച്ച് ഉപയോഗപ്പെടുത്തിയാൽ മൂല്യവത്തായ സമ്പത്താക്കി മാറ്റാം. വ്യക്തിയുടേയും കുടുംബത്തിന്റേയും സാമ്പത്തിക നിലമെച്ചപ്പെടുത്താനും സാധിക്കും. മാലിന്യത്തെ അവയുടെ ഉറവിടത്തിൽ തന്നെ സംസ്കരിച്ച് ഉപയോഗപ്പെടുത്തിയാൽ ശുചിത്വമുള്ള പരിസരം ഉറപ്പുവരുത്താം. അപ്പോൾ ഈച്ച, കൊതുക്, പാറ്റ തുടങ്ങിയ രോഗവാഹകർ അവിടെ എത്തുകയില്ല. ആരോഗ്യകരമായ അന്തരീക്ഷം നിലനിൽക്കുമ്പോൾ ചികിത്സയ്ക്കും മരുന്നുകൾക്കുള്ള പണച്ചെലവെല്ലാം ഒഴിക്കാം. അതും ധനകാര്യ സുസ്ഥിതിയെ സഹായിക്കുന്നു.

കൃഷി, കന്നുകാലി വളർത്തൽ, ഗ്രാമീണ കൈതൊഴിലുകൾ എന്നിവ ഏതാനും പേർ ഒരുമിച്ച് ചേർന്ന് സമൂഹ അടിസ്ഥാനത്തിലോ സഹകരണ അടിസ്ഥാനത്തിലോ നടത്തുകയാണെങ്കിൽ നല്ലതാണ് എന്ന് ഗാന്ധിജി നിർദ്ദേശിക്കുന്നു. ഉല്പാദന-വിതരണ പ്രവർത്തനങ്ങൾക്കും, ഉല്പാദനപ്രക്രിയയിൽ ഉണ്ടാകുന്ന മാലിന്യങ്ങളെ ഒരുമിച്ച് ചേർന്ന് സാംസ്കരിക്കാനും ഇത് സഹായിക്കും.

സ്വദേശി (ആത്മനിർഭർ) സമീപനം മലിനീകരണം കുറയ്ക്കാനും സാമ്പത്തിക ഭദ്രതയും സഹായകമാകും. പ്രാദേശികമായി സുലഭമായ പദാർത്ഥങ്ങളെകൊണ്ടുള്ള ഉല്പാദനം, പ്രാദേശികമായ വിപണി, സ്വന്തം നാട്ടിൽ ഉണ്ടാകുന്നത് വാങ്ങി ഉപയോഗിക്കുന്ന സംസ്കാരം എന്നീ സ്വദേശി മൂല്യങ്ങളെ പ്രോത്സാഹിപ്പിക്കുക വഴി മാലിന്യത്തിന്റെ തോത് കുറക്കാനാകും. ദൂരെയുള്ള പ്രദേശങ്ങളിലേക്ക് ഉല്പന്നങ്ങൽ കൊണ്ടു പോവുകയാണെങ്കിൽ അവ കേടുവരാതിരിക്കാനുള്ള കീടനാശിനികളോ മറ്റ് ഉപായങ്ങളോ പ്രയോഗിക്കേണ്ടിവരും. ഇവകൊണ്ട് പോകുന്നതിനുള്ള ഗതാഗത സംവിധാനങ്ങളും വിവിധതരത്തിൽ മണ്ണ്. ജലം, വായു മലിനീകരണത്തിന് കാരണമാകും. സ്വദേശിമനോഭാവവും അതനുസരിച്ചുള്ള ജീവിതരീതിയും മലിനീകരണം കുറയ്ക്കാനും ശുചിത്വപൂർണ്ണമായതും സാമ്പത്തിക ഭദ്രതയുള്ളതുമായ സമൂഹത്തെ സൃഷിട്ക്കാനും സഹായിക്കും.

രാഷ്ട്രീയതലം

ഏതൊരു ഗ്രാമത്തിലേയും രാഷ്ട്രത്തിലേയും ശുചിത്വ-പൊതുജനാരോഗ്യസംവിധാനങ്ങൾ അവിടത്തെ രാഷ്ട്രീയഭരണസംവിധാനങ്ങളെകൂടി ആശ്രയിച്ചിരിക്കും. ഓരോ വ്യക്തിക്കും ശുചിത്വം അനിവാര്യധർമ്മമായി സ്വീകരിച്ച് പാലിക്കാൻ പ്രചോദനം ലഭിക്കുന്നത് കുടുംബസാഹചര്യത്തിൽ നിന്നും രാജ്യത്തെ പൗരധർമ്മ അവബോധത്തിൽ നിന്നുമാണ്. പൗരാണികകാലംമുതൽ ഭാരതത്തിൻ നിലനിന്നിരുന്ന ആചാരഅനുഷ്ടാനങ്ങളും ഉത്സവങ്ങളും വിശേഷ ദിനങ്ങളും എല്ലാം ഋതുഭേദങ്ങൾക്കനുസരിച്ച് ശുചിത്വപൂർണ്ണമായ ഗൃഹാന്തരീക്ഷവും സമൂഹപരിസരവും സൃഷ്ടിക്കുന്നതായിരുന്നു. ശുചിത്വപൂർണ്ണമായ ഒരു സമൂഹത്തെകുറിച്ച് ഗാന്ധിജി പറയുന്നത് ഇപ്രകാരമാണ്.

'നല്ല ക്രമത്തിലുള്ള ഒരു സമൂഹത്തിൽ പൗരന്മാർ ആരോഗ്യത്തിന്റേയും ശുചിത്വത്തിന്റേയും നിയമങ്ങൾ അറിയുകയും പാലിക്കുകയും ചെയ്യും.' (സമ്പൂർണ്ണ കൃതികൾ 64-74)

ഭാരതത്തിലെ വൈദേശിക ആധിപത്യം, പ്രത്യേകിച്ച്, ബ്രിട്ടീഷ് ആധിപത്യം ഇത്തരം ആചാരാനുഷ്ഠാനങ്ങളേയും ജീവിതക്രമങ്ങളേയും ബോധ

പൂർവ്വം അട്ടിമറിക്കുകയായിരുന്നു. ഗ്രാമീണജീവിതത്തേയും പഞ്ചായത്ത്-ഗ്രാമ-മൺട്രം സംവിധാനങ്ങളേയും ഇല്ലാതാക്കി. ബ്രിട്ടീഷുകാരെ ഇന്ത്യയിൽ നിന്ന് മാറ്റി രാഷ്ട്രീയ സ്വാതന്ത്ര്യം വീണ്ടെടുക്കുന്നതിനൊപ്പംതന്നെ, ഗ്രാമ-നഗര ശുചിത്വവും പൊതുജനാരോഗ്യസംവിധാനങ്ങളും വീണ്ടെടുക്കാനുള്ള ബോധവൽക്കരണവും കർമ്മപരിപാടികളും ഗാന്ധിജി നിർദ്ദേശിച്ചിരുന്നു. എല്ലാ വേദികളിലും ശുചിത്വശിലത്തിന്റെ അനിവാര്യതയെക്കുറിച്ച് ഗാന്ധിജി ഓർമ്മപ്പെടുത്തുകയും യുവാക്കൾ ഉൾപ്പെടെയുള്ള ജനങ്ങളെ സജ്ജരാകുകയും ചെയ്തിരുന്നു.

പണ്ഡിതനും ദേശീയപ്രസ്ഥാനത്തിന്റെ സാരഥിആയിരുന്ന മദൻ മോഹൻ മാളവ്യയുടെ ക്ഷണമനുസരിച്ച് 1916 ഫെബ്രുവരി 4ന് ബനാറസ് ഹിന്ദു സർവ്വകലാശാലയുടെ ഉദ്ഘാടനവേളയിൽ ഗാന്ധിജി പങ്കെടുത്തിരുന്നു. കാശി ക്ഷേത്രപരിസരത്തേക്കുള്ള വഴികൾ ഇടുങ്ങിയതും മലീമസമായതുമാണെന്ന് ഗാന്ധിജി കണ്ടിരുന്നു. പ്രസ്തുത വേളയിൽ ഗാന്ധിജി പറഞ്ഞു. "നമ്മുടെ ക്ഷേത്രങ്ങൾ പോലും വിശാലതയുടേയും ശുചിത്വത്തിന്റേയും മാതൃകകൾ അല്ലെങ്കിൽ നമ്മുടെ സ്വരാജ് എപ്രകാരമായിരിക്കും."

1917ൽ ബാഹറിലെ ഭഗവൽപൂരിൽ ഒരു വിദ്യാർത്ഥി സമ്മേളനത്തെ അഭിസംബോധന ചെയ്തുകൊണ്ട് ശുചിത്വത്തിന്റേയും സ്വാതന്ത്ര്യത്തിന്റേയും ദീപശിഖ വാഹകരാകാൻ അവരോട് ആഹ്വാനം ചെയ്തു. ഇന്ത്യയിൽ പ്ലേഗ് പടർന്നുകൊണ്ടിരുന്ന സമയത്ത് രോഗികളെ ശുശ്രൂഷിക്കാനും രോഗവ്യാപനത്തെ പ്രതിരോധിക്കാനുള്ള ജനകീയപ്രവർത്തനങ്ങൾക്ക് ഗാന്ധിജി നേതൃത്വം നൽകിക്കൊണ്ടിരുന്നപ്പോൾ അദ്ദേഹം പറഞ്ഞു: "ഇന്ത്യയിൽ നിന്ന് പ്ലേഗിനെ തുരത്താൻ കഴിഞ്ഞാൽ സ്വരാജിലേക്ക് എത്താനുള്ള നമ്മുടെ കഴിവ് വർദ്ധിക്കും. ശുചിത്വം പാലിക്കുന്നവരും ധീരരുമായവർക്ക് മാത്രമേ സ്വരാജ് കരഗതമാകുകയുള്ളൂ."

എന്റെ സ്വപ്നത്തിലെ ഇന്ത്യ എന്ന ഗ്രന്ഥത്തിൽ അദ്ദേഹം ഇപ്രകാരം പറഞ്ഞു : "വേലക്കാരുടെ താമസസ്ഥലങ്ങൾ യജമാനൻമാരുടെ ബംഗ്ലാവ് പോലെ വൃത്തിയുള്ളതായിരിക്കും. ശുചിത്വ ഭാരതം സാധ്യമാകാൻ പഞ്ചായത്ത് തലത്തിലുള്ള വികേന്ദ്രീകൃത ജനകീയ ഭരണസംവിധാനവും വികേന്ദ്രീകൃത ഉറവിട മാലിന്യ സംസ്കരണവും സജീവമാകണം. വികേന്ദ്രീകൃതവും കക്ഷിരഹിതവുമായ ജനകീയ പങ്കാളിത്ത പ്രവർത്തനങ്ങൾ സമൂഹത്തെ ശുചിത്വപൂർണ്ണമാക്കാൻ സഹായിക്കും." ■

ആനന്ദമാണ് വേണ്ടത്; ലഹരിയല്ല!

ജീവിതം ലഹരിയാക്കുക; വായന ലഹരിയാക്കുക തുടങ്ങിയ ആഹ്വാനങ്ങൾ ഒരുഭാഗത്ത് കേൾക്കുന്നു. ലഹരിക്കെതിരെ പോരാടുക; ലഹരിവിരുദ്ധ യജ്ഞത്തിൽ പങ്കാളികളാകുക എന്നീ ആഹ്വാനങ്ങളും മറുഭാഗത്ത് കേൾക്കുന്നു. ഇത് കേൾക്കുന്ന സാധാരണ മനുഷ്യന് ഏത് ലഹരിയാണ് നാം തള്ളേണ്ടത്, ഏതിനെയാണ് കൊള്ളേണ്ടത് എന്ന ആശയക്കുഴപ്പം ഉണ്ടാകുക സ്വാഭാവികമാണ്. ലഹരിയും ആനന്ദവും തമ്മിലുള്ള അടിസ്ഥാനപരമായ അന്തരത്തെക്കുറിച്ചുള്ള അറിവില്ലായ്മയാണ് ഇത്തരം വ്യാഖ്യാനങ്ങൾക്ക് കാരണമാകുത്.

നൂറ്റാണ്ടുകൾക്ക് മുമ്പുതന്നെ സാമ്രാജ്യത്വ കുത്തകകളും ആധിപത്യ ശക്തികളും വ്യക്തിയേയും സമൂഹത്തെയും രാഷ്ട്രത്തെയും തകർക്കാൻ ലഹരിയെ ഉപയോഗിച്ചിരുന്നു. ചരിത്രത്തിൽ നാം വായിക്കുന്ന കറുപ്പ് യുദ്ധങ്ങൾ ഉൾപ്പെടെ ഇതിന്റെ പ്രതിഫലനങ്ങളാണ്. ലഹരി വസ്തുവായ കറുപ്പ് ചൈനയിലേക്ക് വൻതോതിൽ ഇറക്കുമതി ചെയ്ത്, ചൈനീസ് ജനതയ്ക്ക് കറുപ്പ് തീറ്റ ഒരു ശീലമാക്കി ചൈനയുടെ മാനവസമ്പത്തിനെ അസ്തപ്രജ്ഞമാക്കി, പ്രകൃതിവിഭവങ്ങളെ പരമാവധി ചൂഷണം ചെയ്യുക എന്ന കുതന്ത്രമാണ് ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യ കമ്പനി 1839-42 കാലഘട്ടത്തിൽ നടപ്പാക്കിയത്.

ഇന്ത്യയിലും ഇത്തരം അനുഭവങ്ങൾ ഉണ്ടായി. ബ്രിട്ടീഷ് അനുകൂല ചരിത്രകാരന്മാർ ഇവയെ ആവശ്യമായ പ്രാധാന്യത്തോടെ എഴുതി അവതരിപ്പിച്ചില്ല എുമാത്രം. 1830ൽ ബ്രിട്ടീഷ് ഗവർണർ ജനറൽ ആയിരുസർ. ചാൾസ് മെറ്റ്കാഫ് ഇന്ത്യയുടെ ആന്തരിക ശക്തി എന്താണ് എന്നതിനെക്കുറിച്ച് ഒരു പഠനം നടത്തി. ഈ ശക്തിയെ ഇല്ലാതാക്കിയാൽ ഇന്ത്യയെ എക്കാലവും തങ്ങളുടെ അടിമയാക്കി വയ്ക്കാം എന്ന അതിമോഹമാണ് ഇത്തരം ഒരു പഠനത്തിലേക്ക് അവരെ നയിച്ചത്. ശ്രദ്ധേയമായിരുന്ന മറ്റ് ലോക നാഗരികതകൾ എല്ലാം തകർന്നടിഞ്ഞപ്പോഴും

ഭാരതീയ നാഗരികത വലിയ കോട്ടങ്ങൾ ഇല്ലാതെ നിലകൊള്ളുന്നതിന് കാരണം രണ്ട് വസ്തുതകളാണ് എന്ന് പഠനത്തിൽ നിന്നും വ്യക്തമായി.

1. ഭാരതീയ ഗ്രാമങ്ങളിൽ വികേന്ദ്രീകൃതവും സ്വാശ്രിതവുമായ ഒരു ഭരണ സമ്പദ്വ്യവസ്ഥ നിലനിന്നിരുന്നു.

2. ഭാരതീയരിൽ മദ്യപാനം ഒരു ശീലം ഉണ്ടായിരുന്നില്ല. (മുഴുക്കുടിയന്മാർ ഉണ്ടായിരുന്നില്ല).

ഈ തിരിച്ചറിവിൽനിന്നാണ് കേന്ദ്രീകൃതമായ ഒരു ഭരണസംവിധാനവും നിയമവ്യവസ്ഥയും അവർ ഇവിടെ നടപ്പാക്കിക്കൊണ്ട് ഗ്രാമീണ ഭരണ സമ്പദ്വ്യവസ്ഥയെ തകർക്കാൻ ശ്രമിച്ചത്. രണ്ടാമത്തെ ശക്തിയെ തകർക്കാനായി മദ്യത്തിന് ലൈസൻസ് ഏർപ്പെടുത്തി. മദ്യവിതരണത്തിന് ലൈസൻസ് എടുക്കുന്നവർ നാടുനീളെ മദ്യഷാപ്പുകൾ സ്ഥാപിച്ച് ജനങ്ങളെ മദ്യപിക്കാൻ പ്രോത്സാഹിപ്പിച്ചുകൊണ്ടിരുന്നു. ഭാരതം സ്വാതന്ത്ര്യം നേടിയിട്ടും, ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ എത്തിയിട്ടും മദ്യത്തിന്റെയും മറ്റു ലഹരിവസ്തുക്കളുടെയും ദുരുപയോഗവും കടത്തും പുതിയ രൂപത്തിലും ഭാവത്തിലും തുടരുകയാണ്. പണത്തിനും ആധിപത്യത്തിനും വേണ്ടി ആർത്തിപൂണ്ട് നെട്ടോട്ടം ഓടുന്ന സാമൂഹ്യവിരുദ്ധരും ഭീകര സംഘടനകളുമാണ് ലഹരിയുടെ വ്യാപനത്തിന് രംഗത്തുള്ളത്. ഇതിന് എതിരായാണ് ശക്തമായ പ്രതിരോധം തീർക്കേണ്ടത്.

മനുഷ്യത്വത്തിന്റെ മഹത്വം തിരിച്ചറിയുക

ഇതിന് ആദ്യമായി വേണ്ടത് മനുഷ്യൻ ആയി ജനിച്ച നാം നമ്മുടെ പ്രാധാന്യം തിരിച്ചറിയുക എന്നതാണ്. രണ്ടുകാലിൽ നിവർന്ന് നിന്ന് സ്വതന്ത്രമായ കൈകളും വിശേഷബുദ്ധിയും ഉപയോഗപ്പെടുത്തിക്കൊണ്ട് സവിശേഷമായ നേട്ടങ്ങളിലേക്ക് മുന്നേറാൻ മനുഷ്യന് മാത്രമാണ് സാധിക്കുന്നത്. ഭൂമുഖത്ത് മനുഷ്യനു മാത്രമാണ് ദൈവം ഇത്തരം ഒരു വരദാനം നൽകിയിട്ടുള്ളത്. പ്രാകൃത മനുഷ്യൻ ഭക്ഷണം ശേഖരിക്കാൻ ഉപയോഗിച്ച കവണയും അമ്പും വില്ലും മുതൽ ആധുനിക മനുഷ്യൻ രൂപപ്പെടുത്തിയ ബഹിരാകാശ പേടകങ്ങളും മിസൈലുകളും ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (AI) ഉപയോഗിച്ചുള്ള റോബോട്ടുകളും വരെ മനുഷ്യന്റെ സവിശേഷബുദ്ധിയുടെയും അദ്ധ്വാനത്തിന്റെയും ഫലമാണ്. മനുഷ്യത്വത്തിന്റെ അതുല്യമായ പ്രത്യേകതകളാണ് വിശേഷബുദ്ധി, പരസ്പര സഹകരണം, വായന, അദ്ധ്വാനം എന്നിവ. മദ്യവും ലഹരി വസ്തുക്കളും ഉള്ളിൽ ചെന്നാൽ ഈ അതുല്യമായ നേട്ടങ്ങൾ ഇല്ലാതാകുന്നു. നാല് കാലിലേക്ക് അധഃപതിക്കുന്നു, നിലത്തിഴയുന്നു. സംശയരോഗിയായി മാറുന്നു, വിഭ്രാന്തികളുടെ ലോകത്ത്

അസ്വസ്ഥചിത്തനാകുന്നു. അതുകൊണ്ടാണ് മദ്യവും ലഹരിവസ്തുക്കളും (ജൈവലഹരിയും രാസലഹരിയും) ഒരിക്കൽ പോലും ഉപയോഗിക്കരുത്; സമൂഹത്തിൽ അവ നിരോധിക്കണം, അകറ്റണം എന്ന് പറയുന്നത്.

മതങ്ങൾക്കും മഹാന്മാർക്കും ഒരേ സ്വരം

എല്ലാ മതങ്ങളും അവയുടെ വിശുദ്ധ ഗ്രന്ഥങ്ങളും മദ്യവും ലഹരി വസ്തുക്കളും ഉപയോഗിക്കരുത് എന്ന് തന്നെയാണ് നമ്മെ ഓർമിപ്പിക്കുന്നത്. എല്ലാ മനുഷ്യരിലും കുടികൊള്ളുന്ന വിശുദ്ധിയുടെ, അരൂപിയുടെ ആത്മാവിന്റെ, ദൈവീകതയുടെ ആവിഷ്കാരമാണ് ആദ്യന്തികമായ ലക്ഷ്യമായി എല്ലാ മതങ്ങളും സ്വീകരിച്ചിരിക്കുന്നത്.

അവനവനിലുള്ള പവിത്രതയെ സുസ്ഥിരമായി പരിരക്ഷിക്കുക എന്നത് ഏതൊരു മനുഷ്യന്റെയും പ്രഥമവും പ്രധാനവുമായ ദൗത്യമാണ്. ലഹരി ഉള്ളിൽ ചെന്നാൽ ഇതെല്ലാം തകിടം മറയും. ഒരിക്കലും ലക്ഷ്യത്തിൽ എത്തുകയും ഇല്ല. ശരീരം തയൊണ് ഈശ്വരന്റെ ആലയമായ ക്ഷേത്രം എന്ന് ശ്രീമദ് ഭഗവത് ഗീതയിൽ പതിമൂന്നാം അദ്ധ്യായത്തിൽ ഭഗവാൻ ശ്രീകൃഷ്ണൻ അർജ്ജുനനെ പറഞ്ഞ് ബോധ്യപ്പെടുത്തുന്ന രംഗം വർത്തമാനകാലത്ത് നമുക്കും കൂടിയുള്ള പാഠമാണ്. ശരീരത്തിന്റെയും മനസ്സിന്റെയും വിശുദ്ധിയുടെ പ്രാധാന്യത്തെ ഇത് സൂചിപ്പിക്കുന്നു.

ഈശ്വരന്റെ ആലയമായ സ്വർഗ്ഗം നിന്നിൽ തന്നെ കുടികൊള്ളുന്നു എന്ന് ശ്രീ യേശുനാഥൻ നമ്മെ ഓർമ്മപ്പെടുത്തുന്നുണ്ട്. പവിത്രമായ മനസ്സാണ് ഇവിടെ പറയപ്പെടുന്ന സ്വർഗ്ഗരാജ്യം. ചിത്തശുദ്ധി ഉള്ളവൻ അനുഗ്രഹീതൻ ആകുന്നു. എന്തുകൊണ്ടെന്നാൽ അവർ ദൈവത്തെ സാക്ഷാത്കരിക്കും. *മത്തായി (5:8)*

പരിശുദ്ധമായ ഹൃദയവും നിഷ്പക്ഷവും നിഷ്കളങ്കവും നിസ്വാർത്ഥവുമായ ചിന്തയും ഉള്ളവരെ അള്ളാഹു തന്റെ വെളിച്ചത്തിലേക്ക് ചേർക്കുന്നു എന്ന് വിശുദ്ധ ഖുർ ആൻ ഇരുപത്തിനാലാം സൂറത്ത് നൂറിൽ പറയുന്നു.

ബുദ്ധമതത്തിന്റെ അടിസ്ഥാനമായ അഷ്ടാംഗമാർഗങ്ങളും ജൈന മതത്തിന്റെ ത്രിരത്നങ്ങളും ഹൃദയ വിശുദ്ധിയിലൂടെ ആത്മസാക്ഷാത്കാരം നേടാനാകുമെന്ന് വ്യക്തമാക്കി. ശരീരത്തിന്റെയും മനസ്സിന്റെയും വിശുദ്ധി മനുഷ്യത്വത്തിന്റെ അനിവാര്യഘടകമായി മതങ്ങൾ ഉദ്ബോധിപ്പിക്കുന്നു.

പ്രസ്തുത പവിത്രയ്ക്ക് കളങ്കം ഉണ്ടാകുന്ന മദ്യവും ലഹരിവസ്തുക്കളും പൂർണമായും ഉപേക്ഷിക്കണമെന്ന് സർവ്വ മതശാസ്ത്രങ്ങളും വ്യക്തമാക്കുന്നു. സാംസ്കാരിക നവോത്ഥാനത്തിന്റെ ദീപവാഹകരായി വന്ന മഹാന്മാരെല്ലാം മദ്യത്തിന്റെയും ലഹരി വസ്തുക്കളുടെയും അത്യാപത്തുകളെക്കുറിച്ച് മുറിയിപ്പ് നൽകിയിട്ടുണ്ട്.

വ്യക്തിവിശുദ്ധി നിലനിർത്തിക്കൊണ്ട് മാത്രമേ കുടുംബത്തിന്റെയും ദേശത്തിന്റെയും രാഷ്ട്രത്തിന്റെയും ശ്രേയസ് സാധ്യമാകുകയുള്ളൂ എന്ന ഉറച്ച ബോദ്ധ്യത്തോടെയാണ് ശ്രീനാരായണ ഗുരുവും മഹാത്മാഗാന്ധിയും എല്ലാം മദ്യവും ലഹരിയും നിഷിദ്ധമാണ് എന്ന് ശക്തമായ ഭാഷയിൽ നമ്മെ ഓർമ്മപ്പെടുത്തിയത്.

ധീരമായി പറയുക : ഒരിക്കലും വേണ്ട; ഒട്ടും വേണ്ട!

ലഹരിവസ്തുക്കളെ രാസ ലഹരി, ജൈവ ലഹരി എന്നിങ്ങനെ വേർതിരിക്കുന്നതിൽ ഒരു അർത്ഥവുമില്ല. തെങ്ങിൽ നിന്ന് ചെത്തി എടുക്കുന്ന പാനീയമാണ് അൽപമെങ്കിലും ജൈവം എന്ന് പറയാവുത്. അത് നീരയാണെങ്കിൽ മാത്രം. നീര എന്ന അവസ്ഥയിൽ നിന്ന് കള്ള് ആകുമ്പോൾ അവിടെ രാസമാറ്റം വന്നു കഴിയും. അത് രാസ ലഹരിയായി മാറുന്നു. കേരളത്തിൽ പ്രതിദിനം വിറ്റഴിക്കുന്ന കള്ളിന്റെ അളവും കേരളത്തിൽ ചെത്തു തെങ്ങുകളുടെ എണ്ണവും താരതമ്യം ചെയ്താൽ തന്നെ ഒരു കാര്യം വ്യക്തമാകും; ഭൂരിഭാഗവും കൃത്രിമ രാസവസ്തുക്കൾ ചേർത്ത് ഉണ്ടാക്കുന്ന രാസ കള്ളാണ് എന്ന്. ബാറുകളിൽ നിന്നും ലഭിക്കുവിദേശ മദ്യവും ഇന്ത്യൻ നിർമ്മിത വിദേശമദ്യവും ഇത്തരം രാസ കൂട്ടുകൾ തന്നെ.

കള്ള്, വിദേശമദ്യം, ലഹരിപദാർത്ഥങ്ങൾ എല്ലാംതന്നെ രാസ ലഹരിയാണ്. കഴിഞ്ഞ എട്ട് വർഷത്തിനുള്ളിൽ മാത്രം (2016-2024) കേരളത്തിലെ ബാറുകളുടെ എണ്ണം 29 നിന്ന് 836 ആയി ഉയർന്നു. 2700 ശതമാനം വർദ്ധനവ്. കള്ള് ഷാപ്പുകളും ഐടി പാർക്കുകളിൽ ബിയർ പാർലറുകളും വേറെ. സംസ്ഥാനത്ത് ഇത്രയേറെ മദ്യം ഒഴുകുന്നു. അധികാരികൾക്കും അവ ഉപയോഗിക്കുവർക്കും നൂതന ലഹരിവസ്തുക്കൾ വേണ്ട എന്ന് പറയാൻ എന്ത് ധാർമിക അവകാശമാണ് ഉള്ളത്.

മദ്യ വില്പനക്കാർക്കും മദ്യപാനികൾക്കും ആധുനിക ലഹരി വസ്തു ഉപയോഗിക്കുന്ന ഒരു വ്യക്തിയെ ഗുണദോഷിക്കാനുള്ള ധാർമ്മികമായ അവകാശം നഷ്ടപ്പെടുന്നു. ഇത്തരം ഉപദേശങ്ങൾക്ക് ഒരു ഫലവും ഉണ്ടാകുന്നില്ല.

ഒരു വ്യക്തിയുടെയും കുടുംബത്തിന്റെയും സംസ്ഥാനത്തിന്റെയും ധാർമികത നഷ്ടപ്പെടുമ്പോൾ അധാർമിക, അസാന്മാർഗിക പ്രവണതകൾ അനവധിയായി അവതരിക്കപ്പെടുന്നു. മദ്യലഹരിയുടെ മലിന മേഖലയിലേക്ക് ആധുനിക ലഹരി വസ്തുക്കൾക്ക് എളുപ്പത്തിൽ കടുകയറാൻ സാധിക്കുന്നു. ഇതാണ് ഇപ്പോൾ കേരളത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്നത് ധാർമികതയ്ക്ക് ഇടർച്ച സംഭവിച്ച കുടുംബങ്ങളിൽ അന്യതാബോധവും അരക്ഷിതത്വവും അനുസരണക്കേടും ഉൽക്കണ്ഠയും സർവ്വസാധാരണമാണ്. ഇവ സൃഷ്ടിക്കുന്ന മാനസിക പിരിമുറുക്കങ്ങളിൽ നിന്ന് അല്പം ഒരു ആശ്വാസം ലഭിക്കും എന്ന തെറ്റായ പ്രചാരണ കെണിയിൽ പെട്ടാണ് പലരും ആധുനിക രാസലഹരി വസ്തുക്കൾ ഉപയോഗിച്ച് തുടങ്ങുന്നത്. കൊള്ളലാഭ മോഹികളും സ്വാർത്ഥരും സാമൂഹ്യ വിരുദ്ധരുമായ ചില ആധിപത്യശക്തികൾ ഇത്തരം മാനസികാവസ്ഥയെ മുതലെടുത്ത് പണം കൊയ്യുന്നു.

ഒരു പ്രാവശ്യം മതി, അല്പം മതി എന്നീ പ്രലോഭനങ്ങളുമായി ആണ് വ്രണിതമായ മനസ്സിനെ സാന്ത്വനപ്പെടുത്താൻ ആണെന്ന വ്യാജേന ഇത്തരക്കാർ എത്തുത്. ആദ്യ ഉപയോഗം കൊണ്ട് തന്നെ ആജീവനാന്തം ലഹരിക്ക് അടിമപ്പെടുന്ന ശക്തമായ ലഹരിവസ്തുക്കൾ ആണ് ഇന്ന് സമൂഹത്തിൽ വിലസിക്കൊണ്ടിരിക്കുത്. മനുഷ്യത്വത്തിന് സവിശേഷതകളിൽ ദൈവം നൽകിയ വിശേഷബുദ്ധിയും അധ്വാനശേഷിയും ഈ ലഹരിവസ്തുക്കൾ ഇല്ലാതാക്കുന്നു. വിശുദ്ധമായ മനസ്സിനെ ക്രൂരമായ ചിന്തകളാൽ പൈശാചികം ആക്കി മാറ്റുന്നു. ദിവ്യത്വവും മനുഷ്യത്വവും നഷ്ടപ്പെടുന്നു. ഇവയെല്ലാം മുൻകൂട്ടി മനസ്സിലാക്കാനുള്ള ബുദ്ധി അഥവാ 'ധീ' ദൈവം മനുഷ്യന് നൽകിയിട്ടുണ്ട്. മഹത്തായ ഈ ബുദ്ധിയെ (ധീയെ) ശരിയായി ഉപയോഗിച്ചുകൊണ്ട് പൈശാചികതയിലേക്കുള്ള പ്രലോഭനത്തെ മറികടന്നും അതിജീവിച്ചും ദൈവീകതയിൽ (മനുഷ്യത്വത്തിൽ) ഉറച്ചുനിന്ന് ലഹരിക്കെതിരെ ശക്തമായ നിലപാട് എടുക്കുന്ന ആളാണ് യഥാർത്ഥ 'ധീരൻ' അഥവാ 'ധീര.'

ഇത്തരം ധീരനോ ധീരയോ ആയി തന്റേടത്തോടെ നിലനിൽക്കലാണ് ഈ കാലഘട്ടം ആവശ്യപ്പെടുന്ന ധാർമിക ദൗത്യം.

ആനന്ദമാണ് വേണ്ടത്; ലഹരിയല്ല

നമുക്ക് ദൈവം നൽകിയിരിക്കുന്ന സവിശേഷ ബുദ്ധിയേയും അധ്വാനശേഷിയേയും ഫലപ്രദമായി ഉപയോഗിക്കുമ്പോൾ നമ്മുടെ മനസ്സിലും കുടുംബത്തിലും നാം ഇടപെടുന്ന ചെറിയ സമൂഹത്തിലും ശാന്തിയും സമാധാനവും കൈവരുന്നു. ഇത്തരം സംതൃപ്തിയും മനസ്സിന്റെ

സ്വതന്ത്രാവസ്ഥയും നമുക്ക് ധാർമികമായ ദൃഢതയും സുസ്ഥിരതയും പ്രദാനം ചെയ്യുന്നു.

ആരോഗ്യകരമായ ശരീരവും മനസ്സും നിലനിർത്താൻ നമുക്ക് സാധിക്കുന്നു. അഭിമാനവും ആത്മവിശ്വാസവും ആത്മശക്തിയും വർദ്ധിപ്പിക്കുന്ന കർത്തവ്യ അനുഷ്ഠാനങ്ങളിലൂടെയും അദ്ധ്വാനത്തിലൂടെയും പഠനത്തിലൂടെയും സ്വാതന്ത്ര്യത്തിലേക്കും ആനന്ദത്തിലേക്കും വികസിക്കലാണ് മാനവധർമ്മം. ആർത്തിയും അടിമ ത്തവും പെരുപ്പിക്കുന്നതാണ് എല്ലാ ലഹരിവസ്തുക്കളും. ലഹരിയിലൂടെ സ്വാതന്ത്ര്യവും ആനന്ദവും ഒരിക്കലും ലഭിക്കുകയില്ല.

അതുകൊണ്ട്, മനുഷ്യത്വത്തിന്റെ സവിശേഷ ഭാവങ്ങളായ സ്വസ്ഥത യെയും സ്വാതന്ത്ര്യത്തെയും സ്ഥിരതയെയും തകർക്കു ഒരുതരത്തിലു മുള്ള ലഹരിയും നമുക്ക് വേണ്ട. അധാർമികവും അടിമപ്പെടുത്തുന്നതും ദുർബലപ്പെടുത്തുന്നതും ആണ് ലഹരി എന്ന് നാം തിരിച്ചറിയണം. ■

മനുഷ്യാവകാശങ്ങളും ഗാന്ധിജിയും

ഡിസംബർ 10 ലോക മനുഷ്യാവകാശ ദിനമായി ആചരിക്കുകയാണ്. 1948ൽ ഐക്യരാഷ്ട്ര സംഘടനമനുഷ്യാവകാശങ്ങളുടെ സാർവത്രികമായ പ്രഖ്യാപനം നടത്തിയതിന്റെ വാർഷികദിനം കൂടിയാണിത്. ഇരുപതാം നൂറ്റാണ്ടിൽ മനുഷ്യാവകാശങ്ങൾക്ക് വേണ്ടി നിരന്തരം പ്രവർത്തിച്ച ലോക സാരഥിയാണ് ഗാന്ധിജി. ജാതി, മതം, വർഗം, വർണം ,ലിംഗം എന്നിങ്ങനെയുള്ള വ്യത്യാസങ്ങൾക്കതീതമായി എല്ലാ മനുഷ്യർക്കും തുല്യമായഅവകാശങ്ങളും ജീവിക്കാനുള്ള സ്വാതന്ത്ര്യവും ഉണ്ടാകണം എന്ന് പ്രഖ്യാപിച്ചുകൊണ്ട് മഹാത്മാഗാന്ധി തന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചത് ദക്ഷിണാഫ്രിക്കയിലാണ്.

പൗരാവകാശ-മനുഷ്യാവകാശ പോരാട്ടങ്ങൾക്ക് പുതിയൊരു അധ്യായം കുറിക്കുകയായിരുന്നു അവിടെ. തുടർന്ന് ഇന്ത്യയിലെത്തിയ പ്പോൾ ഇന്ത്യൻ ദേശീയ സ്വാതന്ത്ര്യ പ്രസ്ഥാനത്തിൽ മനുഷ്യാവകാശ ങ്ങളെ ഉയർത്തിപ്പിടിച്ചുകൊണ്ട് സ്വന്തം രാജ്യത്ത് ജീവിക്കാനും ഭരിക്കാനുള്ള അവകാശം തങ്ങൾക്ക് ഉണ്ട് എന്നുള്ള പ്രഖ്യാപനത്തോടെ കൂടിയാണ് ഗാന്ധിജി രംഗത്തുവരുന്നത്. ദേശീയ സ്വാതന്ത്ര്യ പ്രസ്ഥാന ത്തിന്റെ ഓരോ തലത്തിലും സമത്വത്തിനു വേണ്ടിയും സ്വാതന്ത്ര്യത്തിനു വേണ്ടിയും അവകാശങ്ങൾക്കുവേണ്ടിയുള്ള നിരന്തരമായ സത്യഗ്രഹ ങ്ങൾ നടന്നു.

മനുഷ്യാവകാശങ്ങളെ ലോകശ്രദ്ധയിലേക്ക് കൊണ്ടുവരുന്നതിന് ഗാന്ധിജി നടത്തിയ പരിശ്രമങ്ങൾ അതിന്റെ ഫലം കാണുകയും ചെയ്തു. അദ്ദേഹം രക്തസാക്ഷിത്വം വരിച്ച വർഷത്തിലാണ് ഐക്യരാഷ്ട്ര സംഘട നയിൽ നിന്നും ഇത്തരമൊരു സാർവത്രിക മനുഷ്യാവകാശ പ്രഖ്യാപ നവും ഉണ്ടാകുന്നത്. പൗരാവകാശ സംരക്ഷണത്തെക്കുറിച്ചും മനുഷ്യാവ കാശങ്ങളെ കുറിച്ചും ഏറെ ചർച്ചകൾ നടന്നുകൊണ്ടിരിക്കുന്ന കാലഘട്ട മാണിത്. വ്യക്തികളും സംഘടനകളും മാധ്യമങ്ങളും പൗരാവകാശ

ത്തിനും മനുഷ്യാവകാശത്തിനു തങ്ങളാൽ കഴിയുന്നവിധം പ്രവർത്തിക്കുന്നു. എന്നിട്ടും യുദ്ധങ്ങളുടെയും ഭീകരപ്രവർത്തനങ്ങളുടെയും മറ്റ് അക്രമങ്ങളുടെയും പേരിൽ നിരവധി പേർ കൊല്ലപ്പെടുന്നു. വിവിധതരം പീഡനങ്ങൾ വേറെയും. എന്താണ് മനുഷ്യാവകാശം എന്നും അതിന്റെ സംസ്ഥാപനവും സംരക്ഷണവും എങ്ങനെ സാധ്യമാകും എന്നതിനെക്കുറിച്ച് എക്കാലവും ചർച്ചകൾ നടന്നിട്ടുണ്ട്.

ലാറ്റിൻ അമേരിക്കൻ നോവലിസ്റ്റായ മാർക്യൂസ് 1982ലെ സാഹിത്യത്തിനുള്ള നോബൽ സമ്മാനം ഏറ്റുവാങ്ങിക്കൊണ്ട് പറഞ്ഞത് ഇപ്രകാരമാണ്, 'ഒരാൾ എങ്ങനെ മരിക്കണമെന്ന് മറ്റൊരാൾക്ക് തീരുമാനിക്കാൻ കഴിയാത്ത ലോകം ഉണ്ടാകണം അതാണ് എന്റെ സ്വപ്നം.' ഇത്തരമൊരു സ്വപ്നം യാഥാർത്ഥ്യമായി കാണുവാൻ എല്ലാ മനുഷ്യസ്നേഹികളും ആഗ്രഹിക്കുന്നു. ജീവിക്കാനുള്ള അവകാശം ഏറ്റവും പ്രധാനപ്പെട്ട മനുഷ്യാവകാശമായും പൗരാവകാശമായും പരിഗണിക്കപ്പെടുന്നത് അതുകൊണ്ടാണ്.

ഗാന്ധിജിയുടെ വീക്ഷണം

വിവിധതരം പ്രത്യയശാസ്ത്രങ്ങളും ഭരണ രീതികളും ലോകരാഷ്ട്രങ്ങളിൽ പ്രയോഗിക്കപ്പെട്ടു. ഭരണകൂടത്തിന്റെ അധികാര പ്രയോഗങ്ങളും നിയന്ത്രണങ്ങളും കൊണ്ട് മാത്രം മനുഷ്യാവകാശങ്ങൾ സംരക്ഷിക്കപ്പെടുകയില്ല എന്ന് വ്യക്തമായി. ഇവിടെയാണ് ഗാന്ധിജിയുടെ വാക്കുകൾ ശ്രദ്ധേയമാകുന്നത് 'അവകാശത്തിന്റെ യഥാർത്ഥമായ ഉത്ഭവസ്ഥാനം കടമയാണ്. കടമ മുഴുവൻ നിറവേറ്റിയാൽ അവകാശങ്ങൾ തേടി ദൂരെ പോകേണ്ടി വരില്ല.'

പൗരാവകാശ സംസ്ഥാപനത്തിന് അടിസ്ഥാനശില ആകേണ്ടത് കടമകൾ നിർവഹിക്കുന്ന വ്യക്തിയാണ് എന്ന് ഗാന്ധിജി വ്യക്തമാക്കുന്നു. ലക്ഷ്യത്തെക്കുറിച്ച് വ്യക്തമായ ധാരണ ഉണ്ടാകുമ്പോഴാണ് കടമകളെക്കുറിച്ച് തിരിച്ചറിവുണ്ടാകുന്നത്. ഇന്ദ്രിയങ്ങളുടെ അടിമ ആകാതെ മനസ്സിന്റെയും ബുദ്ധിയുടെയും അപ്പുറത്തുള്ള ആത്മീയ വികാസത്തിന്റെ പാതയിലൂടെ സഞ്ചരിച്ച് സാക്ഷാത്കാരം നേടലാണ് ജീവിതലക്ഷ്യം എന്ന് ഗാന്ധിജി വ്യക്തമാക്കുന്നു. കർത്തവ്യ നിർവഹണത്തിലൂടെ ഒരു വ്യക്തി പൗരനായി വികസിക്കുന്നു. മേഖല വികസിക്കുംതോറും പൗരത്വവും വികസിതമാകുന്നു. വികസിത പൗരത്വത്തിന് ഉടമകളായ വ്യക്തികളുള്ള സമൂഹത്തിൽ പൗരാവകാശങ്ങളും മനുഷ്യാവകാശങ്ങളും സംരക്ഷിക്കപ്പെടുന്നു. ഗാന്ധിജിയുടെ സർവോദയ സമീപനങ്ങളെ ഐക്യരാഷ്ട്ര സഭയും പിൻകാലത്ത് അംഗീകരിക്കുകയുണ്ടായി. മനുഷ്യാവകാശ

കൗൺസിന്റെ അമ്പത്തി രണ്ടാമത് സെഷനിൽ (ജനീവ 17/3/2023) ഗാന്ധിജിയുടെ അഞ്ച് അടിസ്ഥാന ആശയങ്ങൾ യുഎന്നിലെ ഐക്യ രാഷ്ട്രസഭയിലെ ഇന്ത്യൻ പ്രതിനിധി ഇന്ദ്രമണി പാണ്ഡെ ഉയർത്തിക്കാട്ടി. മഹാത്മാഗാന്ധിയുടെ 5 പ്രധാന ആശയങ്ങൾ ആയ അഹിംസ, സത്യാ ഗ്രഹം, സർവ്വോദയ, സ്വരാജ്, ട്രസ്റ്റ് ഷിപ്പ് എന്നിവ യു.എൻ. ചാർട്ടറി ന്റെയും മനുഷ്യാവകാശങ്ങളുടെയും സാർവത്രിക പ്രഖ്യാപനത്തിന്റെയും (യു.ഡി.എച്ച്.ആർ) പ്രധാന തത്വങ്ങൾ കൂടിയാണ് എന്ന് പ്രസ്താവിച്ചു.

സുസ്ഥിര വികസന ലക്ഷ്യങ്ങളിൽ അഹിംസയുടെ ആഗോളപ്രതീക മായ ഗാന്ധിജിയുടെ രാഷ്ട്രീയവും സാമൂഹികവും സാമ്പത്തികവുമായ ഉൾചേർക്കൽ പ്രകടമാണ് എന്ന് അവർ വ്യക്തമാക്കി. സ്ത്രീകളുടേയും കുട്ടികളുടേയും അവകാശങ്ങൾ സംരക്ഷിക്കുന്നതിനും ഉയർത്തിപ്പിടി ക്കുന്നതിനും ഗാന്ധിജി ശക്തമായി നിലകൊണ്ടതായി അംബാസഡർ ഇന്ദ്രമണി പാണ്ഡെ പറഞ്ഞു.

ആത്മീയ വികാസം അവകാശങ്ങളുടെ അടിസ്ഥാനം

ഓരോ വ്യക്തിയും അവനവന്റെ കർത്തവ്യങ്ങൾ കൃത്യമായി അനുഷ്ഠി ക്കുകയും സംയമനത്തോടെ മനസ്സിനെ സ്വതന്ത്രാവസ്ഥയിൽ അഥവാ നിഷ്പക്ഷ അവസ്ഥയിൽ എത്തിക്കുകയും വേണം. മനസ്സിന്റെ സ്വതന്ത്ര അവസ്ഥയിലാണ് വ്യക്തിയിൽ നിർഭയത്വവും നിശ്ചയദാർഢ്യവും സ്വത ന്ത്രബുദ്ധിയും മനുഷ്യസ്നേഹവും സൃഷ്ടിക്കുന്നത്. ഇത്തരം ആത്മീയ വികാസം ഏവരുടെയും ജന്മാവകാശമാണെന്ന് വേദാന്തം പറയുന്നു.

ആത്മീയ വികാസം സാധ്യമായ വ്യക്തികളുടെ സമൂഹത്തിൽ പൗരാ വകാശങ്ങളും മനുഷ്യാവകാശങ്ങളും സംരക്ഷിക്കപ്പെടുകതന്നെ ചെയ്യും. അവകാശ ധ്വംസനങ്ങൾ നടക്കുന്നുണ്ടെങ്കിൽ അതിനെതിരെ ശക്തി യായി പ്രതികരിക്കാനുള്ള ധാർമികശക്തി നമുക്ക് ലഭിക്കുന്നതും ആത്മീ യവികാസത്തിൽ കൂടിയാണ്. ■

ഗാന്ധിജിയുടെ ആത്മകഥ @100

ഗാന്ധിജിയുടെ ആത്മകഥയായ എന്റെ സത്യാന്വേഷണ പരീക്ഷണ കഥയുടെ ശതാബ്ദി വർഷമാണിത്. (1925 – 2025) ആത്മകഥക്ക് ഗാന്ധിജി ആമുഖം എഴുതിയത് 1925 നവംബർ 26നാണ്. ഗുജറാത്തി ഭാഷയിലാണ് ഗാന്ധിജി എഴുതിയത്. പിൻകാലത്ത് ഗുജറാത്തി ഉൾപ്പെടെ 18 ഭാഷകളിൽ പ്രസിദ്ധീകരിച്ചു. 61,16,100 കോപ്പികൾ ഇതിനകം വിറ്റഴിഞ്ഞു. (2025)

താൻ എന്തുകൊണ്ട് ആത്മകഥ എഴുതുന്നു എന്ന് ആത്മകഥയുടെ ആമുഖത്തിൽ ഗാന്ധിജി വ്യക്തമാക്കുന്നുണ്ട്. തന്നെക്കുറിച്ച് വലിയ കാര്യങ്ങൾ പറയാനുള്ള ഒരു പരിശ്രമമല്ല ഇത്. മറിച്ച്, ഒരു ശാസ്ത്രകാരന്റെ ദൗത്യമാണ് താൻ ഏറ്റെടുക്കുന്നത്. ശാസ്ത്രകാരൻ പരീക്ഷണനിരീക്ഷണങ്ങളെക്കുറിച്ചും നിഗമനങ്ങളെക്കുറിച്ചും രേഖപ്പെടുത്തിവയ്ക്കാറുണ്ട്. സഹപ്രവർത്തകർക്കും, സമൂഹത്തിൽ ഭാവിയിൽ ഈ മേഖലയിൽ തുടർപ്രവർത്തനം നടത്തുന്നവർക്കും ദിശാഗതി നിർണ്ണയിക്കാൻ ഇത് സഹായിക്കും എന്ന് അദ്ദേഹം വ്യക്തമാക്കുന്നു.

ആമുഖത്തിലെ പ്രധാന കാര്യങ്ങൾ

1. എന്റെ ജീവിതത്തിൽ സത്യം കൊണ്ടുള്ള പരീക്ഷണങ്ങൾ അല്ലാതെ മറ്റൊന്നും ഇല്ലാത്തതിനാൽ സത്യാന്വേഷണ ത്തെക്കുറിച്ച് എഴുതുമ്പോൾ അത് ഒരു ആത്മകഥയുടെ രൂപം കൈക്കൊള്ളും എന്നത് ശരിയാണ്.

2. സത്യാന്വേഷണ വുമായി ബന്ധപ്പെട്ട എന്റെ ആത്മീയ മണ്ഡലത്തിലെ പരീക്ഷണങ്ങൾ വിവരിക്കാൻ തീർച്ചയായും ഞാൻ ഇഷ്ടപ്പെടുന്നു. അവയിൽ നിന്നാണ് രാഷ്ട്രീയ രംഗത്ത് പ്രവർത്തിക്കാൻ എനിക്കുള്ള ശക്തി ഞാൻ സമാർജ്ജിച്ചത്. ആത്മീയമായ ഈ പരീക്ഷണങ്ങളിൽ ആത്മപ്രശംസക്ക് വകയില്ല

3. സത്യാന്വേഷണ പരീക്ഷണങ്ങൾ (ആത്മീയ പരീക്ഷണങ്ങൾ) എന്റെ വിനയത്തെ വർദ്ധിപ്പിക്കുകയേയുള്ളൂ.

4. എനിക്ക് നേടേണ്ടത് ആത്മസാക്ഷാത്കാരം, ഈശ്വരനെ നേരിട്ട് കാണുക, മോക്ഷം പ്രാപിക്കുക എന്നതാണ്. എന്റെ എല്ലാ പ്രവർത്തനങ്ങളും ഈ ലക്ഷ്യം പ്രാപിക്കാൻ വേണ്ടിയാണ്.

5. ഒരാൾക്ക് സാധ്യമായത് എല്ലാവർക്കും സാധിക്കും എന്ന് ഞാൻ എക്കാലവും ഉറച്ച് വിശ്വസിക്കുന്നു. അതുകൊണ്ട് എന്റെ പരീക്ഷണങ്ങൾ രഹസ്യമായല്ലാ, പരസ്യമായാണ് ഞാൻ നടത്തിപ്പോന്നത്.

6. ആത്മകഥയിൽ ഞാൻ പറയാൻ പോകുന്ന പരീക്ഷണങ്ങൾ ആത്മീയമാണ്. ശരിക്കുപറഞ്ഞാൽ ധാർമ്മികം ആണ്.

7. പ്രായമായവർക്ക് എന്നപോലെ കുട്ടികൾക്കും ഗ്രഹിക്കാവുന്ന ധാർമിക കാര്യങ്ങൾ (മത കാര്യങ്ങൾ) മാത്രമേ ഈ ആത്മകഥയിൽ ഉൾപ്പെടുത്തൂ.

8. അവയെ വിനയത്തോടും പക്ഷപാത രഹിതമായും വിവരിക്കാൻ എനിക്ക് കഴിഞ്ഞാൽ ഇത്തരം പരീക്ഷണങ്ങളിൽ ഏർപ്പെടുന്ന മറ്റുള്ളവർക്കും, അവരുടെ പുരോഗതിക്കും അത് സഹായകമാകും.

9. ഈ പരീക്ഷണങ്ങൾക്ക് യാതൊരു പൂർണ്ണതയും ഞാൻ അവകാശപ്പെടുന്നില്ല. പരീക്ഷണങ്ങൾ അത്യന്തം കൃത്യതയോടും മുന്നാലോചനയോടും സൂക്ഷ്മതയോടും കൂടി ചെയ്തതാണ്. എന്നാൽ തന്റെ നിഗമനങ്ങൾ അന്തിമമാണെന്ന് അവകാശപ്പെടാതെ, അവയെപ്പറ്റി തുറന്ന മനസ്സോടെ കഴിയുന്ന ഒരു ശാസ്ത്രജ്ഞന്റെ മനോഭാവമാണ് ഇക്കാര്യത്തിൽ എനിക്കുള്ളത്.

10. എന്റെ നിഗമനങ്ങൾ അന്തിമമോ തെറ്റില്ലാത്തതോ ആണെന്ന് ഞാൻ ഒട്ടും അവകാശപ്പെടുന്നില്ല.

11. ഓരോ ചുവടുവെപ്പിലും ശരിയായി തോന്നിയത് സ്വീകരിക്കുകയും മറിച്ചുള്ളവ തള്ളിക്കളയുകയും ചെയ്യുന്നു.

12. എന്റെ പ്രവർത്തികൾ ബുദ്ധിക്കും ഹൃദയത്തിനും തൃപ്തികരമായി ഇരിക്കുന്നിടത്തോളം കാലം അവയ്ക്കാധാരമായ ആദ്യത്തെ നിഗമനങ്ങളിൽ ഞാൻ ഉറച്ച് നിൽക്കുന്നു.

13. എന്നെ സംബന്ധിച്ചിടത്തോളം സത്യമാണ് പരമായ തത്വം. വാക്കിലും വിചാരത്തിലും ഇത് ഉൾക്കൊള്ളുന്നു.

14. നാം മനസ്സിലാക്കുന്ന ആപേക്ഷിക സത്യമല്ല, കേവലമായ സത്യം. സനാതന സത്യം (തത്വം) ഈശ്വരൻ തന്നെയാണ്.

15. ഞാൻ ദൈവത്തെ സത്യം മാത്രമായി ആരാധിക്കുന്നു.

16. ഞാൻ ഈശ്വരനെ കണ്ടിട്ടില്ല എങ്കിലും ഞാൻ അദ്ദേഹത്തെ തേടിക്കൊണ്ടിരിക്കുന്നു.

17. ഈശ്വരൻ മാത്രമാണ് സത്യമെന്നും മറ്റെല്ലാം മിഥ്യ ആണെന്നുമുള്ള ബോദ്ധ്യം പ്രതിദിനം എന്നിൽ വളരുകയാണ്.

18. ഈ ദൃഢവിശ്വാസം എന്നിൽ എങ്ങനെ വികസിച്ചു എന്ന് ആത്മകഥ യിലൂടെ താല്പര്യമുള്ളവർ മനസ്സിലാക്കട്ടെ.

19. എനിക്ക് സാദ്ധ്യമായതെന്തും ഒരു കൊച്ചുകുട്ടിക്കുപോലും സാധിക്കും.

20. സത്യാന്വേഷണത്തിന് ഉള്ള ഉപകരണങ്ങൾ ഉപയോഗിക്കാൻ ക്ലേശം ഉള്ളതും എന്നാൽ ലളിതവുമാണ്.

21. അഹങ്കാരിയായ ഒരാൾക്ക് സത്യാന്വേഷണത്തിന്റെ ഉപകരണങ്ങൾ പ്രയോഗിക്കുക അസാദ്ധ്യമായനുഭവപ്പെടും. എന്നാൽ നിർദോഷിയായ ഒരു കുട്ടിക്ക് സത്യാന്വേഷണം വളരെ എളുപ്പമാകും.

22. സത്യാന്വേഷി മണൽത്തരിയേക്കാൾ എളിയവൻ ആവണം. ആളുകൾ കാൽക്കീഴിലുള്ള മണൽത്തരിയെ ചവിട്ടിയമർത്തുന്നു. സത്യാന്വേഷി യാകട്ടെ മണൽത്തരിക്ക് കൂടി തന്നെ ചവിട്ടി അമർത്താവുന്നത്ര വിനയം വരിക്കണം. അപ്പോൾ മാത്രമേ അയാൾക്ക് പരമ സത്യത്തിന്റെ ഒരു മിന്നലാട്ടം കാണാൻ കഴിയൂ.

23. ഞാൻ ഈ പേജുകളിൽ കുറിക്കുന്നത് അഹന്താ സ്പർശം ഉള്ളതായി വായനക്കാരന് തോന്നുന്ന പക്ഷം എന്റെ സത്യാന്വേഷണ ത്തിൽ എന്തോ പിശകുണ്ടെന്നും എന്റെ ദർശനങ്ങൾ കേവലം മരീചികയാ ണെന്നും അയാൾ കരുതണം. തെറ്റ് ചെയ്യുന്ന എന്നെപ്പോലുള്ള മർത്യർക്ക് സഹായകമായ വിധി പറയാൻ വേണ്ടി സത്യത്തിന്റെ മാനദണ്ഡത്തിൽ നിന്ന് തലനാരിഴയുടെ കുറവ് പോലും വരുത്തരുത്.

ആമുഖത്തിൽ പറഞ്ഞ ഈ കാര്യങ്ങൾ മനസ്സിലുറപ്പിച്ച് ആത്മകഥ വായിക്കുമ്പോൾ വായനക്കാരന് ഈ ഗ്രന്ഥത്തിന്റെ മഹത്വം ബോദ്ധ്യ പ്പെടും. മോഹൻദാസിൽനിന്ന് മഹാത്മാഗാന്ധിയിലേക്കുള്ള വ്യക്തിവി കാസവും ആത്മീയവളർച്ചയും ദർശിക്കാനാവും.

"എനിക്ക് സാദ്ധ്യമായതെന്തും ഒരു കൊച്ചു കുട്ടിക്കുപോലും സാധിക്കും" – എന്ന് ഗാന്ധിജി അടിവരയിട്ട് പറയുന്നു. ഇത് ഒരേ സമയം പ്രചോദനവും വെല്ലുവിളിയുമാണ്. അത് ഉൾക്കൊണ്ട് ഏറ്റെടുക്കുന്നവർ വികസിത വ്യക്തിത്വത്തിനുടമകളായിത്തീരുന്നു. ■

ദേശീയ വിദ്യാഭ്യാസനയവും ഭാരതീയ ജ്ഞാന സംവിധാന വിഭാഗവും

ഭാരതത്തെ സ്വാശ്രിതവും സ്വയം പര്യാപ്തവും ആക്കുന്നതിന് വ്യക്തമായ ഒരു വിദ്യാഭ്യാസ ദർശനവും നയവും പ്രവർത്തന പരിപാടികളും ഉണ്ടാകണമെന്ന് മഹാത്മാഗാന്ധി നിർദ്ദേശിച്ചിരുന്നു. ഈ അനിവാര്യതയുടെ അടിസ്ഥാനത്തിലാണ് അടിസ്ഥാനവിദ്യാഭ്യാസ പദ്ധതി രൂപം കൊണ്ടത്. 1937 ഒക്ടോബറിൽ വാർദ്ധയിൽ ചേർന്ന യോഗത്തിൽ വെച്ചാണ് ഇതിനായി ഔപചാരികമായ രൂപരേഖ തയ്യാറാക്കിയത്. വാർദ്ധ വിദ്യാഭ്യാസ പദ്ധതി, നയി താലീം എന്നീ പേരുകളിലും ഇത് അറിയപ്പെടുന്നു.

സ്വാതന്ത്ര്യസമര പരിപാടികളിലൂടെ ബ്രിട്ടീഷുകാരെ ഇവിടെനിന്നും മാറ്റി, ഭാരതീയരുടെ ഭരണം കൊണ്ടുവന്നാൽ നമുക്ക് ലഭിക്കുന്നത് കേവലം രാഷ്ട്രീയ സ്വാതന്ത്ര്യം മാത്രമാണ് എന്ന് ഗാന്ധിജി നമ്മെ ഓർമ്മിപ്പിച്ചിരുന്നു. ഭാരതത്തിന്റെ മേൽ തങ്ങളുടെ ആധിപത്യം നിലനിർത്തുന്നതിനുവേണ്ടി ബ്രിട്ടീഷുകാർ ഇന്ത്യയുടെ സാമ്പത്തിക, സാമൂഹിക, ആത്മീയ മേഖലകളിൽ കൂടി ബോധപൂർവ്വം വൈകല്യങ്ങൾ വരുത്തിയിരുന്നു.

ഇത്തരം വൈകല്യങ്ങളെ തിരുത്തി, പുനരാവിഷ്കരിക്കുമ്പോൾ മാത്രമേ സമ്പൂർണ്ണ സ്വാതന്ത്ര്യം അഥവാ സ്വരാജ് കൈവരിക്കുവാൻ സാധിക്കുകയുള്ളൂ എന്ന് അദ്ദേഹം നമ്മെ ഓർമ്മിപ്പിച്ചു. ഇതുപോലെ ഒരു പുനഃക്രമീകരണത്തിനു കൂടി സഹായകരമാകണം എന്ന ഉദ്ദേശത്തോടെയാണ് ദേശീയ വിദ്യാഭ്യാസ നയം 2020ൽ ഭാരതീയ ജ്ഞാന സംവിധാനത്തിന് (Indian Knowledge System) പ്രത്യേക ശ്രദ്ധ നൽകുന്നത്.

എൻ.ഇ.പി.യും ഐ.കെ.എസ്സും

ദേശീയ വിദ്യാഭ്യാസ നയം 2020, അതിന്റെ ദർശനത്തിലും ഘടനയിലും പരിപാടികളിലും ഗാന്ധിയൻ വിദ്യാഭ്യാസ പദ്ധതിയുമായി സാമ്യതകൾ

ഉള്ളതായി കാണാം. വിവേകവും സ്വഭാവരൂപീകരണവും നൈപുണി വികസനവും സാധ്യമാക്കുന്ന സമഗ്ര വിദ്യാഭ്യാസം ആണ് ദേശീയ വിദ്യാഭ്യാസനയം വിഭാവനം ചെയ്യുന്നത്. മൂന്ന് വയസ്സു മുതൽ 18 വയസ്സു വരെ സൗജന്യവും സാർവത്രികവുമായ വിദ്യാഭ്യാസം ഉറപ്പുവരുത്തുമ്പോൾ സാമൂഹിക – സാമ്പത്തിക കാരണങ്ങളാൽ പാർശ്വവൽക്കരിക്കപ്പെട്ട് പോകുന്നവരെ കൂടി മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ സാധിക്കുന്നു.

അഞ്ചാം ക്ലാസുവരെ ബോധനമാധ്യമം മാതൃഭാഷയിലോ പ്രാദേശിക ഭാഷയിലോ വേണമെന്നതും ഗാന്ധിയൻ വിദ്യാഭ്യാസത്തിൽ നിർദ്ദേശിക്കപ്പെടുന്നതാണ്. ആറാം ക്ലാസ് മുതൽ തന്നെ നിർമാണ പ്രവർത്തനങ്ങൾക്കും നിരീക്ഷണങ്ങൾക്കും രൂപകൽപനയ്ക്കും എല്ലാം പ്രാധാന്യം നല്കുന്നതും മറ്റൊരു സാമ്യതയാണ്. വിദ്യാർത്ഥികളുടെ അഭിരുചിക്കനുസരിച്ച് ശാസ്ത്രം, കല, സാഹിത്യം, മാനവിക വിഷയങ്ങൾ എന്നിവ സമ്മിശ്രമായി തെരഞ്ഞെടുത്ത് പഠിക്കാനുള്ള അവസരം ഉണ്ടാകുമ്പോൾ ഉത്തമ ഗുണങ്ങളുടെ പ്രകാശനവും സമഗ്ര വ്യക്തിത്വവികസനവും സാധ്യമാകുന്നു.

മേൽപ്പറഞ്ഞ വിജ്ഞാന മേഖലകളിലെല്ലാം കാലങ്ങളായി ഭാരതം ആർജ്ജിച്ച ജ്ഞാനത്തെ മനസ്സിലാക്കാനും പ്രയോഗിക്കാനും ഗവേഷണം നടത്താനും ഉള്ള സാഹചര്യം ഒരുക്കണം എന്നാണ് വിദ്യാഭ്യാസനയത്തിൽ പറയുന്നത്. ഈ ഘട്ടത്തിലാണ് ഭാരതീയ ജ്ഞാന സംവിധാനം കൂടുതൽ പ്രസക്തമാകുന്നത്.

ഭാരതീയ ജ്ഞാന സംവിധാന വിഭാഗം (Indian Knowledge System Division)

ഭാരതീയ ജ്ഞാന സംവിധാനത്തെ ദേശീയ വിദ്യാഭ്യാസ പ്രക്രിയയിൽ സജീവമാക്കുന്നതിന് വേണ്ടി ദേശീയ വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ (എം.ഒ.ഇ.) ഭാഗമായി ഭാരതീയ ജ്ഞാന സംവിധാന വിഭാഗം (ഇന്ത്യൻ നോളജ് സിസ്റ്റം ഡിവിഷൻ) ആരംഭിച്ചിട്ടുണ്ട്. 2020 ഒക്ടോബറിൽ ഇതിനു തുടക്കം കുറിച്ചു. ഐ. കെ. എസ് ഡിവിഷന് പ്രത്യേകമായ ഒരു എംബ്ലവും (ചിഹ്നം) ഉണ്ട്. അനന്തമായ ചക്രവാളത്തിൽ ഉദയസൂര്യന്റെ പശ്ചാത്തലത്തിൽ ജലാശയത്തിൽ സഞ്ചരിക്കുന്ന അരയന്നത്തിന്റെ ചിത്രമാണ് എംബ്ലം.

അത് വിവിധ യോഗങ്ങളിലൂടെ(കർമ്മ – ജ്ഞാന...) ലോകനന്മയ്ക്ക് വേണ്ടിയും ആദ്യന്തിക ലക്ഷ്യപ്രാപ്തിക്കുവേണ്ടിയുമുള്ള നിരന്തര പരിശ്രമത്തെ ഇത് പ്രതിനിധീകരിക്കുന്നു.

'ഭദ്രായാം സുമൻതോംയതേ' എന്ന ആപ്തവാക്യവും എംബ്ലത്തിൽ ആലേഖനം ചെയ്തിട്ടുണ്ട്. ഋഗ്വേദത്തിൽ നിന്നുള്ള സംസ്കൃത സന്ദേശ മാണിത്. എല്ലാവരുടെയും ക്ഷേമത്തിലേക്ക് നയിക്കുന്ന ജ്ഞാനത്തി നായി നമുക്ക് പരിശ്രമിക്കാം. (Let us strive for the wisdom that leads to the welfare of all) എന്നാണ് അർത്ഥം.

ഗാന്ധിജിയുടെ ദർശനമായ സർവോദയത്തെയും ആചാര്യ വിനോ ബാ ഭാവേ പ്രചുരപ്രചാരം നൽകിയ 'ജയ് ജഗത്' എന്ന മുദ്രാവാക്യ ത്തെയും ഇത് അനുസ്മരിപ്പിക്കുന്നു. 'വസുധൈവ കുടുംബകം'; 'ലോകാ സമസ്ത സുഖിനോ ഭവന്തു' തുടങ്ങിയ വിശാല സങ്കല്പങ്ങളും ഇതി നോട് ഒത്തുപോകുന്നു. ഭാരതീയ ജ്ഞാന സംവിധാനത്തെക്കുറിച്ച് ആഴ ത്തിലുള്ള ധാരണകൾ ഉണ്ടാക്കുന്നതിനും ആയത് കാലികമായി വിവിധ വിജ്ഞാന മേഖലകളിൽ പ്രയോഗിക്കുന്നതിനും, പുതിയ കണ്ടെത്തലു കൾ നടത്തുന്നതിനും ഐ.കെ.എസ്.വിഭാഗം നിലകൊള്ളുന്നു. രാജ്യ ത്തിന്റെ വിവിധ ഭാഗങ്ങളിൽ ഐ. കെ. എസ്. സെന്ററുകൾ സ്ഥാപിക്കുക, ഗവേഷണം, ഫാക്കൽട്ടി വികസന പരിപാടികൾ, നൂതന സംരംഭകത്വ പ്രോത്സാഹനം എന്നിവയ്ക്കായി ധനസഹായം നൽകലും ലക്ഷ്യമിടുന്നു.

വിവിധ ഭാരതീയ ഭാഷകളിൽ ലേഖനങ്ങൾ പ്രസിദ്ധീകരിക്കുന്ന അതി നായി ഐ.കെ.എസ്. വിക്കി പോർട്ടൽ ആരംഭിച്ചു. പരമ്പരാഗത വിജ്ഞാ നസമ്പത്തിനെ പ്രചരിപ്പിക്കുന്നതിനും വ്യാഖ്യാനിക്കുന്നതും ഇത് സഹാ യിക്കുന്നു. പരമ്പരാഗത വിജ്ഞാന സംവിധാനങ്ങൾക്കും ആധുനിക സമകാലിക വിജ്ഞാന മേഖലയ്ക്കും ഇടയിലുള്ള ആ വിടവ് നിക ത്താനും ഐ.കെ.എസ്. വിഭാഗം പ്രത്യേകം ഊന്നൽ നൽകുന്നു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ സുശ്രുതൻ, ആര്യഭടൻ, മറ്റ് ആദരണീയ ആചാര്യ ന്മാർ എന്നിവരെ കുറിച്ച് ചർച്ചകൾ ചെയ്യുന്നതിൽ മാത്രം ഐ.കെ.എസ്. ശ്രമങ്ങൾ അവസാനിക്കുന്നില്ല.

പുതിയ അനേകം ശുശ്രുതൻമാരും ആര്യഭടൻമാരും രൂപപ്പെടുന്നതിന് അനുയോജ്യമായ ആവാസവ്യവസ്ഥ സൃഷ്ടിക്കാൻ ഐ.കെ.എസ് വിഭാഗം സജീവമായി പരിശ്രമിക്കുന്നു.

ഐ.കെ.എസ് ഡിവിഷൻ പ്രധാന തത്വങ്ങൾ

ഏതൊരു പ്രവർത്തനവും ഏറ്റെടുക്കുമ്പോഴും ഐ.കെ.എസ് വിഭാഗം മൂന്ന് അടിസ്ഥാന തത്വങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

1. പരമ്പര

അനാദികാലം മുതൽ ഭാരതം ആർജിച്ചെടുത്ത വൈജ്ഞാനിക പൈതൃ കത്തെയും പാരമ്പര്യത്തെയും സ്വീകരിച്ചുകൊണ്ട് തലമുറകളിലൂടെ കൈമാറുക എന്നതാണ് പരമ്പര.

2. ദൃഷ്ടി

ഭാരതീയമായ ജ്ഞാന സംവിധാനത്തെ മനസ്സിലാക്കിക്കൊണ്ട് ആധുനികമായ അറിവിന്റെ മേഖലയുമായി സംയോജിപ്പിച്ചുകൊണ്ട് രണ്ടിന്റെയും പരിമിതികളെ മറികടക്കുക എന്നതാണ് ദൃഷ്ടി അഥവാ ഉൾക്കാഴ്ച.

3. ലൗകീക – പ്രയോജനം

ഇന്ത്യയിലും ലോകത്തും നിലവിലുള്ളതും, ഉയർന്നു വരുന്നതുമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഭാരതീയ വിജ്ഞാന സംവിധാനത്തിന്റെ പ്രായോഗിക പ്രയോജനം എടുത്തു കാണിക്കുക എന്നതാണ് ഐ.കെ.എസ്. ഡിവിഷൻ ലക്ഷ്യമിടുന്നത്. സാങ്കേതികവിദ്യ, ആരോഗ്യം, സാമൂഹികക്ഷേമം തുടങ്ങിയ സാമൂഹിക പ്രാധാന്യമുള്ള മേഖലകളിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് ഇന്ത്യൻ വിജ്ഞാന സംവിധാനങ്ങളെ മുഖ്യധാരയിലേക്ക് കൊണ്ടുവന്നു കൊണ്ട് സമകാലിക ലോകത്തിന് പ്രകടമായ മാറ്റം വരുത്താൻ ഐ.കെ.എസ് പദ്ധതികൾ ശ്രമിക്കുന്നു.

4. സുസ്ഥിരതയും സമഗ്രതയും

വ്യക്തിയുടേയും സമൂഹത്തിന്റെയും നന്മയ്ക്കും സുസ്ഥിരതക്കും ഗുണകരമായ സമീപനമാണ് ഐ.കെ.എസ്. സ്വീകരിക്കുന്നത്. വിഭവങ്ങളുടെ വിനിയോഗം, കാർഷികവൃത്തി, ആരോഗ്യം, സാഹിത്യ – കലകൾ, നിർമ്മിതികൾ, ഉൽപാദനം എന്നീ മേഖലയിലെല്ലാം ശാസ്ത്രം, സാങ്കേതികവിദ്യ, ആത്മീയത, നൈതീകത എന്നിവയെ സമന്വയിപ്പിച്ചുകൊണ്ട് പരിസ്ഥിതിക്ക് ഇണങ്ങിയതും ധർമ്മത്തിൽ അധിഷ്ഠിതവുമായ സമഗ്ര- സുസ്ഥിരസമീപനമാണ് ഐ.കെ.എസ്. വിഭാഗം ലക്ഷ്യമിടുന്നത്.

✔ ഇതിനായി യുവാക്കൾക്കും വിദ്യാർഥികൾക്കും ആയി ഐ.കെ.എസ്. ഇന്റർ ഇന്റേൺഷിപ്പ് (Internship) പരിപാടികൾ ആരംഭിച്ചു.

✔ ഗവേഷണ പ്രവർത്തനങ്ങൾക്കായി പ്രത്യേക ഫണ്ടുകൾ അനുവദിച്ചു.

✔ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ 13 ഐ.കെ.എസ്. സെൻററുകൾ പ്രവർത്തനമാരംഭിച്ചു.

✔ ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട് (നാഷണൽ കരിക്കുലം ഫ്രെയിംവർക്കി)ന്റെ ഭാഗമായി ഐ.കെ.എസ്. മാറി.

✔ വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട് സമീപനരേഖകളും പ്രവർത്തന പദ്ധതികളും ആവിഷ്കരിച്ച പ്രസിദ്ധീകരിച്ചു.

✔ ബിരുദ-ബിരുദാനന്തര കോഴ്സുകളുടെ ആകെ ക്രെഡിറ്റിൽ 5% ഐ.കെ.എസ്. അധിഷ്ഠിതമായിരിക്കണമെന്ന് യൂണിവേഴ്സിറ്റി ഗ്രാൻഡ് കമ്മീഷൻ (യു.ജി.സി) നിർദേശം നൽകിയിരിക്കുകയാണ്.

✔ രാജ്യത്തെ പ്രധാനപ്പെട്ട ഐ.ഐ.ടി. കളും സർവ്വകലാശാലകളും ഐ. കെ.എസ്. കോഴ്സുകൾ (യോഗ, മെഡിറ്റേഷൻ, ആയുർവേദ, ഭാരതീയ കലകൾ, സംഗീതം, ശില്പവിദ്യ...) ആരംഭിച്ചു. ഭാരതത്തിലെ ആധുനിക പഠന-ഗവേഷണ പ്രവർത്തനങ്ങളുമായി ഭാരതീയ ജ്ഞാന സംവിധാനത്തെ ഉദ്ഗ്രഥിക്കുന്നതിനും സമന്വയിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി ഐ.കെ.എസ്. വിഭാഗം നിലകൊള്ളുന്നു. ■

തദ്ദേശസ്വയംഭരണം :
ജനജാഗ്രത അനിവാര്യം

കേരളത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ് അടുത്തു വരികയാണ്. ഭരണഘടനയുടെ 73, 74 ഭേദഗതികളിലൂടെയും 1994ലെ കേരള പഞ്ചായത്തീരാജ് നിയമത്തിന്റെയും അടിസ്ഥാനത്തിൽ 1995ലാണ് ആദ്യമായി ഇത്തരത്തിലുള്ള ത്രിതല പഞ്ചായത്ത് – നഗരപാലികാ സംവിധാനം നിലവിൽ വന്നത്. ഇതിന്റെ തുടർച്ചയായി 1997 – ൽ ജനകീയ ആസൂത്രണവും പിന്നീട് കേരള വികസന പദ്ധതിയും കടന്നുവന്നപ്പോൾ ഗുണകരമായ പല മാറ്റങ്ങളും ഉണ്ടാകുമെന്ന് ഏവരും പ്രതീക്ഷിച്ചു. ജനപങ്കാളിത്തം, ജനകീയമായ പദ്ധതി രൂപീകരണം, നിർവ്വഹണത്തിനായുള്ള ജനകീയ സമിതികൾ, സജീവമായ ഗ്രാമസഭകൾ, അയൽക്കൂട്ട സമിതികൾ എന്നിവയെല്ലാം പ്രതീക്ഷകൾക്ക് വക നൽകി. പല മാതൃകാ പദ്ധതികളും നടപ്പാക്കുകയും ചെയ്തു. ഏതാനും വർഷങ്ങൾ കഴിഞ്ഞപ്പോഴേക്കും കാര്യങ്ങളെല്ലാം പഴയതുപോലെയായി. കോൺട്രാക്ടർമാരുടെയും കക്ഷി രാഷ്ട്രീയത്തിന്റെയും വരുതിയിൽ വീണ്ടും അകപ്പെട്ടു. അഴിമതി വർദ്ധിച്ചു, കാര്യക്ഷമത ഇല്ലാതായി.

പേരിലുണ്ട്; പ്രയോഗത്തിലില്ല

തദ്ദേശസ്വയംഭരണത്തിനു വേണ്ടിയാണ് ത്രിതല പഞ്ചായത്ത് സംവിധാനത്തെ ആവിഷ്കരിച്ചത്. ജനകീയവും വികേന്ദ്രീകൃതവുമായ പഞ്ചായത്ത് സംവിധാനത്തെ കുറിച്ച് ഏറ്റവും വ്യക്തമായ നിർദ്ദേശങ്ങൾ നൽകിയത് മഹാത്മാഗാന്ധിയാണ്. ഭാരതത്തിന്റെ പൈതൃകമായ ഈ ആശയത്തെ പഞ്ചായത്തീരാജ് എന്ന പേരിൽ അദ്ദേഹം അവതരിപ്പിച്ചു. പാശ്ചാത്യ ജനാധിപത്യ സംവിധാനങ്ങളിൽ നിന്ന് തികച്ചും വ്യത്യസ്തമായതാണ് പഞ്ചായത്തിരാജ് സമ്പ്രദായം എന്ന് ഗാന്ധിജി വ്യക്തമാക്കിയിരുന്നു. പക്ഷേ, നാം അദ്ദേഹം പറഞ്ഞ പേര് സ്വീകരിച്ചു; പ്രയോഗത്തിൽ പാശ്ചാ

ത്യരീതികളെ പിന്തുടരുകയും ചെയ്തു. ഇതാണ് ഇന്നത്തെ അനിശ്ചിതാവസ്ഥയ്ക്ക് കാരണം. ഇത് ഗാന്ധിയൻ ദർശനത്തിന്റെ പരാജയമല്ല. തെറ്റായി പ്രയോഗിച്ച നമ്മുടെ പരാജയമാണ്. കക്ഷിരഹിതവും ജനകീയവും വികേന്ദ്രീകൃതവുമായ ഒരു ജനാധിപത്യ പ്രക്രിയയാണ് ഗാന്ധിജി നിർദ്ദേശിച്ചത്. തെരഞ്ഞെടുപ്പ് രീതികളെക്കുറിച്ചും അദ്ദേഹം വ്യക്തമായ നിർദ്ദേശങ്ങൾ മുന്നോട്ടുവച്ചിരുന്നു.

ഗാന്ധിജി നിർദ്ദേശിച്ച തെരഞ്ഞെടുപ്പ് രീതി ഇപ്രകാരമായിരുന്നു. പഞ്ചായത്ത് വാർഡുകളിൽ ഓരോ 40 – 50 വീടുകൾക്ക് ഒരു അയൽക്കൂട്ടം. ഇത്തരം അയൽക്കൂട്ടത്തിലെ വോട്ടർമാർ പരമാവധി 100 – 150 വരും. ഈ വോട്ടർമാർ അയൽക്കൂട്ട പരിധിയിലുള്ള ഒരു വീടിന്റെ മുറ്റത്ത് അഥവാ പൊതുസ്ഥലത്ത് ഒത്തുചേരുന്നു. ഇതാണ് അയൽ സഭ. പ്രസ്തുത അയൽ സഭയിൽനിന്ന് അയൽക്കൂട്ട പ്രതിനിധിയെ പൊതുസമ്മതപ്രകാരം തെരഞ്ഞെടുക്കാം. (ഉത്സവ കമ്മിറ്റികളിലും കുടുംബസമ്മേളനങ്ങളിലും ഭാരവാഹികളെ തെരഞ്ഞെടുക്കുന്നതുപോലെ.)

മുനിസിപ്പൽ/കോർപ്പറേഷനുകൾക്കും ഈ രീതി സ്വീകരിക്കാം. അയൽ സഭയിൽ ഉള്ളവരെല്ലാം പരസ്പരം അറിയുന്നവർ ആയിരിക്കും. അവരുടെ പ്രതിനിധി ആരാകണമെന്ന് അവർക്ക് തന്നെ നല്ല ബോദ്ധ്യം ഉണ്ടായിരിക്കും. സ്നേഹപൂർവ്വമായ നിർബന്ധത്താൽ ഒരാൾ അത് ഏറ്റെടുക്കുകയും ചെയ്യും. ഇവിടെ കക്ഷിരാഷ്ട്രീയത്തിന്റെ സ്വാധീനമോ, ജാതി – മത പ്രീണനമോ ഇല്ല. തെരഞ്ഞെടുപ്പ് ചെലവും നാമമാത്രം. ഒരു വാർഡിൽ 15 മുതൽ 20 വരെ അയൽക്കൂട്ടങ്ങൾ ഉണ്ടാകാം. ആ വാർഡിലെ അയൽക്കൂട്ട പ്രതിനിധികൾ വാർഡിലെ തന്നെ ഒരു വീട്ടിൽ/സ്ഥാപനത്തിൽ ഒത്തുചേർന്ന് അവരിൽ നിന്ന് (20 പേരിൽ നിന്ന്) ഒരാളെ പൊതുസമ്മതപ്രകാരം വാർഡ് പ്രതിനിധിയായി (വാർഡ് മെമ്പർ) തെരഞ്ഞെടുക്കാം. അദ്ദേഹമാണ് ഗ്രാമപഞ്ചായത്ത് അംഗം.

ഗ്രാമ പഞ്ചായത്ത് അംഗങ്ങൾ പഞ്ചായത്ത് ഓഫീസിൽ കൂടിയിരുന്ന് പ്രസിഡൻറ്, വൈസ് പ്രസിഡൻറ്, സ്റ്റാൻഡിങ് കമ്മിറ്റികൾ, ബ്ലോക്ക് പഞ്ചായത്തിലേക്കുള്ള പ്രതിനിധി എന്നിവരെ തിരഞ്ഞെടുക്കാം. ഒരു വികസന ബ്ലോക്കിൽ ഏഴോ എട്ടോ ഗ്രാമപഞ്ചായത്തുകൾ ഉണ്ടാകാം. ഗ്രാമപഞ്ചായത്തുകളിൽ നിന്നും വരുന്ന പ്രതിനിധികൾ ചേർന്ന് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയും ഓരോ ബ്ലോക്കിൽ നിന്നും അയക്കുന്ന പ്രതിനിധികൾ ജില്ലാ ആസ്ഥാനത്ത് കൂടിയിരുന്ന് ജില്ലാ പഞ്ചായത്ത് പഞ്ചായത്തും രൂപീകരിക്കാം.

അയൽക്കൂട്ട തലത്തിൽ എല്ലാവരും പരസ്പരം അറിയുന്നവർ ആയതുകൊണ്ട് കള്ളവോട്ട് ഇല്ല. വോട്ട് ഇരിട്ടിപ്പ് ഉണ്ടാകില്ല. കക്ഷിരാഷ്ട്രീയ

– ജാതിമത വോട്ടുബാങ്കുകൾ ആവശ്യമില്ല. തെരഞ്ഞെടുപ്പിനായി ലക്ഷക്കണക്കിന് രൂപ ചിലവഴിക്കേണ്ടതില്ല. അവ അവിഹിതമായി വീണ്ടെടുക്കാനുള്ള അഴിമതിയും വേണ്ടിവരുന്നില്ല. ഓരോ തലത്തിലും നിരീക്ഷകരായി ഉദ്യോഗസ്ഥരെ വിന്യസിക്കുക മാത്രമാണ് വേണ്ടത്. ഗാന്ധിജി ജീവിച്ചിരുന്നപ്പോൾ തന്നെ 1939 മുതൽ 1947 വരെ ഇത്തരം ഒരു ജനകീയ സംവിധാനം അദ്ദേഹത്തിന്റെ തന്നെ നിർദ്ദേശപ്രകാരം മഹാരാഷ്ട്രയിലെ പൂനെയ്ക്ക് അടുത്തുള്ള 'ഔന്ദ്' എന്ന നാട്ടുരാജ്യത്തിൽ പ്രയോഗത്തിൽ വന്നിരുന്നു.

എന്നാൽ, തികച്ചും പ്രായോഗികമായ ഈ തെരഞ്ഞെടുപ്പ് രീതിയെ സ്വതന്ത്ര ഭാരതത്തിൽ തമസ്കരിക്കുന്നതിനും ഭരണഘടനയിൽ പോലും വരാതിരിക്കുന്നതിനും എല്ലാ രാഷ്ട്രീയ പാർട്ടികളും ഒന്നിച്ചു. ഇന്ത്യൻ ജനാധിപത്യം ഇന്ന് നേരിടുന്ന പല തെറ്റായ പ്രവണതകളുടെയും അടിസ്ഥാന കാരണം പ്രയോഗതലത്തിൽ ഉണ്ടായ ഈ അവഗണനയാണ്.

നിലവിലുള്ള സാധ്യതകൾ

രാജ്യത്തെ തെരഞ്ഞെടുപ്പ് സംവിധാനങ്ങളെ പരിഷ്കരിക്കുന്നതിനുള്ള ഒരു നിയമത്തിനു വേണ്ടി 129 ആമത് ഭരണഘടനാ ഭേദഗതി ബിൽ അടുത്തകാലത്ത് പാർലമെന്റിൽ അവതരിപ്പിക്കുകയുണ്ടായി. അത് സംയുക്ത പാർലമെന്ററി സമിതിയുടെ പരിശോധനയിലാണിപ്പോൾ. 'ഒരു രാജ്യം ഒരു തെരഞ്ഞെടുപ്പ്' എന്ന മുദ്രാവാക്യമാണ് കേന്ദ്ര ഭരണകർത്താക്കൾ മുന്നോട്ടുവയ്ക്കുന്നത്. അയൽക്കൂട്ട തലത്തിൽ മാത്രം തെരഞ്ഞെടുപ്പും, മുകൾതലങ്ങളിലേക്ക് പ്രതിനിധികളെ അയക്കലും ഉള്ള ഗാന്ധിയൻ തെരഞ്ഞെടുപ്പ് രീതിയിലാണ് ഒരു രാജ്യം ഒരു തെരഞ്ഞെടുപ്പ് എന്നത് യാഥാർത്ഥ്യമാകുന്നത്. ഇക്കാര്യം സർവോദയ ദർശൻ രാഷ്ട്രീയ കക്ഷികളുടെയും ജനപ്രതിനിധികളുടെയും ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

കക്ഷിരാഷ്ട്രീയ താല്പര്യത്തെക്കാൾ രാജ്യതാൽപര്യത്തിന് ആണ് മുൻഗണന കൊടുക്കുന്നതെങ്കിൽ ഗാന്ധിജി വിഭാവനം ചെയ്ത തെരഞ്ഞെടുപ്പ് രീതി ആവിഷ്കരിക്കേണ്ടതാണ്. അപ്പോഴേക്കും കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ് പ്രക്രിയ പൂർത്തിയാകും. അതുകൊണ്ട്, നിലവിലുള്ള സംവിധാനത്തെ പരമാവധി ഫലപ്രദമാക്കാൻ ഉള്ള കാര്യങ്ങൾക്ക് ഇപ്പോൾ ശ്രദ്ധകൊടുക്കാം. വാർഡിലെ / ഡിവിഷനിലെ സ്ഥിരതാമസക്കാരനായിരിക്കണം പ്രസ്തുത വാർഡിലെ ജനപ്രതിനിധി. തദ്ദേശ സ്വയംഭരണം എന്നത് ത്രിതല പഞ്ചായത്തുകളുടെയും മുനിസിപ്പൽ കോർപ്പറേഷനുകളുടെയും സ്വയംഭരണം മാത്രമല്ല, അടിസ്ഥാനതലത്തിൽ വാർഡുകളുടെ ഡിവിഷനുകളുടെ കൂടി

സ്വയംഭരണം ആയി ഇത് മാറണം. വാർഡിലെ/ഡിവിഷനിലെ ജനപ്രതിനിധിയായി തെരഞ്ഞെടുക്കപ്പെടുന്ന വ്യക്തി വാർഡിലെ അഥവാ ഡിവിഷനിലെ സ്ഥിരതാമസക്കാരനും വോട്ടറും ആയിരിക്കണം. മറ്റ് വാർഡുകളിൽ നിന്ന് വന്ന് ഇവിടെ മത്സരി ക്കുന്ന സ്ഥാനാർഥികൾ എത്ര പ്രഗൽഭരായാലും സ്വീകരിക്കേണ്ടതില്ല. നമ്മുടെ വാർഡിലെ വോട്ടറും സ്ഥിരതാമസക്കാരനുമായ വ്യക്തിയെ നമ്മുടെ പ്രതിനിധി ആക്കുന്നതാണ് ഉചിതം. ആരാന്റെ പല്ലിനേക്കാൾ ഭേദമാണ് അവനവന്റെ തൊണ്ണ് (മോണ) എന്ന നാടൻ പ്രയോഗം ഇവിടെ പ്രസക്തമാണ്. വാർഡിൽ വാട്ടറും സ്ഥിരതാമസക്കാരനുമായ സ്ഥാനാർത്ഥികളിൽ താരതമ്യേന ജനകീയതയും മികച്ച സേവന പാരമ്പര്യവും സ്വഭാവവും ഉള്ള വ്യക്തി നമ്മുടെ ജനപ്രതിനിധി ആകട്ടെ.

ഇത്തരം സർഗ്ഗാത്മക മാനദണ്ഡങ്ങൾക്ക് കക്ഷിരാഷ്ട്രീയ – ജാതിമത പരിഗണന കളെക്കാൾ മുൻഗണന നൽകിയാൽ കൂടുതൽ കാര്യക്ഷമമായ ജനാധിപത്യ അന്തരീക്ഷം വാർഡിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും രൂപപ്പെടും.

ഭരണപക്ഷം മാത്രം; പ്രതിപക്ഷം ഇല്ല

പഞ്ചായത്തീരാജ് നിയമപ്രകാരം വാർഡുകളിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ടുവരുന്ന മെമ്പർമാർ ചേർന്നതാണ് പഞ്ചായത്ത് ഭരണസമിതി. എല്ലാവരും കൂടി ഭരിക്കുന്നു. ഭരണപക്ഷം പ്രതിപക്ഷം എന്ന വേർതിരിവ് ഇല്ല. എല്ലാവരും ഭരണപക്ഷം തന്നെ. പ്രതിപക്ഷനേതാവ് എന്ന സ്ഥാനവും ഔദ്യോഗികമായി ഇല്ല. ഔദ്യോഗികമായി പറഞ്ഞാൽ വാർഡുകളിൽ തെരഞ്ഞെടുപ്പ് നടക്കുന്നതും കക്ഷിരാഷ്ട്രീയ അടിസ്ഥാനത്തിലല്ല. എല്ലാവർക്കും മത്സരിക്കാനുള്ള അവകാശങ്ങമുണ്ട്. തെരഞ്ഞെടുക്കപ്പെട്ടു കഴിഞ്ഞാൽ സത്യപ്രതിജ്ഞ ചൊല്ലി കൊണ്ടാണ് പഞ്ചായത്ത് അംഗമായി ചുമതലയേൽക്കുന്നത്. വിഭാഗീയതകൾ ഇല്ലാതെയും നിഷ്പക്ഷമായും തന്റെ ചുമതലകൾ നിർവഹിക്കും എന്നതാണ് പ്രതിജ്ഞ. പിന്നെ വിഭാഗീയതകൾക്ക് സ്ഥാനം എവിടെ? അങ്ങനെ ഉണ്ടായാൽ അവയെ തിരുത്താൻ സ്നേഹപൂർവ്വമായ ജനകീയ ഇടപെടലുകളും ജനാധിപത്യ സമൂഹത്തിൽ അനിവാര്യമാണ്.

ജന ജാഗ്രത അനിവാര്യം

2020ലെ പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ കേരളത്തിലെ നാല് പഞ്ചായത്തുകളിൽ ഒരു അനിശ്ചിതാവസ്ഥ രൂപപ്പെട്ടു. ഗ്രാമ പഞ്ചായത്ത് അംഗങ്ങൾ ചേർന്ന് പ്രസിഡണ്ടിനെ തെരഞ്ഞെടുത്തു. തെരഞ്ഞെടുക്കപ്പെട്ടു

മണിക്കൂറുകൾക്കുള്ളിൽ തന്നെ അദ്ദേഹം രാജിവച്ചു. തനിക്ക് ഇഷ്ടപ്പെടാത്ത കക്ഷിരാഷ്ട്രീയ പാർട്ടിക്കാരുടെ പിന്തുണയോടെ ഭരിക്കാൻ ആഗ്രഹമില്ല എന്നാണ് പുറമേക്ക് വാക്കാൽ പറഞ്ഞത്. ചില പഞ്ചായത്തുകളിൽ പ്രസിഡന്റ് തെരഞ്ഞെടുപ്പിനായി യോഗം ചേർന്നപ്പോൾ കക്ഷിരാഷ്ട്രീയ ഭേദം പറഞ്ഞ് ഭൂരിഭാഗം പേരും വിട്ടുനിന്നു. കോറം തികയാതെ യോഗം ചേരാനും സാധിക്കാതായി. പ്രസിഡണ്ടിന്റെയും സ്റ്റാൻഡിങ് കമ്മിറ്റിയുടെയും തെരഞ്ഞെടുപ്പ് നടന്നില്ല. ഈ പഞ്ചായത്തുകളിൽ പദ്ധതികൾ രൂപപ്പെടുത്താനും സമർപ്പിക്കാനും സാധിക്കാതായി. ഭരണസ്തംഭനം ഉണ്ടായി.

കക്ഷിരാഷ്ട്രീയ അടിസ്ഥാനത്തിൽ നിലപാടുകൾ സ്വീകരിച്ചതാണ് ഇത്തരമൊരു അനിശ്ചിതാവസ്ഥയ്ക്ക് കാരണം. ഇത് പാടില്ലാത്തതാണ്. പഞ്ചായത്ത് അംഗങ്ങൾ ഏറ്റുചൊല്ലിയ സത്യപ്രതിജ്ഞയ്ക്ക് വിരുദ്ധമായ സമീപനമാണ് ഇവിടെ ഉണ്ടായത്. ഇത്തരം പ്രതിജ്ഞ ലംഘനങ്ങളും അതുമൂലമുണ്ടാകുന്ന ഭരണ സ്തംഭനവും എല്ലാം ജനങ്ങളോടും ജനാധിപത്യ സംവിധാനത്തോടുള്ള വെല്ലുവിളിയാണെന്ന ബോദ്ധ്യം ജനപ്രതിനിധികളിലും ജനങ്ങളിലും നിലനിൽക്കുന്ന ഒരു ജനാധിപത്യ പരിസരം ജനജാഗ്രതയിലൂടെ സുസ്ഥിരമാക്കണം. ■

ചമ്പാരനിലെ നീലവും
ഇലപ്പുള്ളിയിലെ ബ്രൂവറിയും

വെള്ളക്കാരായ കുത്തകമുതലാളിമാർക്ക് വേണ്ടി ചമ്പാരനിലെ പാവപ്പെട്ട കർഷകരെക്കൊണ്ട് നിർബന്ധിച്ച് നീലം കൃഷി ചെയ്യിച്ചിരുന്ന ഒരു കാലമുണ്ടായിരുന്നു. പാട്ടക്കുടിയന്മാരായ, മണ്ണിൽ പണിയെടുക്കുന്ന സാധാരണ കർഷകർക്ക് അവരുടെ ഭൂമിയുടെ നിശ്ചിതശതമാനം നീലം മാത്രം കൃഷി ചെയ്ത് വെള്ളക്കാരായ മേലാളന്മാർക്ക് സൗജന്യമായി കൈമാറണം എന്നായിരുന്നു നിയമം. 'തീൻ കാഠിയ' എന്ന് ഇത് അറിയപ്പെട്ടു.

സാധാരണ കർഷകരുടെ പൗരാവകാശങ്ങളെ വെല്ലുവിളിച്ചുകൊണ്ടും സാമ്പത്തികമായി തകർത്തു കൊണ്ടും ബ്രിട്ടീഷ് ഭരണത്തിന്റെ പിൻബലത്തിൽ നടന്നുകൊണ്ടിരുന്ന അതിക്രൂരമായ ചൂഷണത്തെ പ്രതിരോധിക്കാനാണ് മഹാത്മാ ഗാന്ധിയുടെ നേതൃത്വത്തിൽ ചമ്പാരനിൽ കർഷക സത്യാഗ്രഹം ആരംഭിച്ചത്. മൂന്ന് ദശാബ്ദക്കാലം ദക്ഷിണാഫ്രിക്കയിലെ പൗരാവകാശ സംരക്ഷണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയതിന് ശേഷം ഇന്ത്യയിൽ തിരിച്ചെത്തിയ ഗാന്ധിജി സ്വന്തം രാജ്യത്ത് ആദ്യമായി ഏറ്റെടുത്ത കർഷക സംരക്ഷണ പ്രവർത്തനമായിരുന്നു ചമ്പാരൻ സത്യാഗ്രഹം.

ഗാന്ധിജിയുടെ നേതൃത്വത്തിൽ ചമ്പാരനിൽ ആരംഭിച്ച കർഷക സംരക്ഷണ - സാമൂഹ്യ പരിഷ്കരണ പ്രവർത്തനങ്ങളിൽ കൂടി ബ്രിട്ടീഷ് ഭരണാധികാരികൾക്കും ഉദ്യോഗസ്ഥർക്കും ജന്മിമാർക്കും തങ്ങളുടെ ആധിപത്യ പ്രവർത്തനങ്ങൾ ഉപേക്ഷിക്കേണ്ടതായി വന്നു. 'തീൻ കാഠിയ' നിയമം പിൻവലിക്കപ്പെട്ടു. കർഷകർക്ക് നഷ്ടപരിഹാരം ലഭിച്ചു.

കേരളത്തിലെ നെല്ലറകളിൽ ഒന്നായ പാലക്കാട് ജില്ലയിൽ ഏറ്റവും കൂടുതൽ നെല്ല് ഉല്പാദിപ്പിക്കുന്ന ഗ്രാമപഞ്ചായത്തുകളിൽ ഒന്നാണ്

ഇലപ്പുള്ളി. ഭൂഗർഭജലം താരതമ്യേന കുറവുള്ള ഈ പഞ്ചായത്തിൽ ഉപരിതല ജലാശയങ്ങളുടെ സഹായത്തോടുകൂടിയാണ് നെല്ല്, വാഴ, തെങ്ങ് തുടങ്ങിയ കൃഷികൾ നടത്തി ജനങ്ങൾ ജീവിച്ചുപോകുന്നത്.

കേരളത്തിന്റെ ഭക്ഷ്യ സുരക്ഷയിലേക്കും സ്വരാജിലേക്കും സമുന്നത മായ സംഭാവന ചെയ്യുന്ന ഈ പഞ്ചായത്തിലെ മുഴുവൻ കാർഷിക പ്രവർത്തനങ്ങളെയും തകിടംമറിക്കുന്നതാണ് ഭരണകൂടത്തിന്റെ ഒത്താശ യോടുകൂടി ഒരു കുത്തക കമ്പനി ഇവിടെ ആരംഭിക്കുന്ന ബ്രൂവറി.

പ്രതിദിനം ലക്ഷക്കണക്കിന് ലിറ്റർ ഉപരിതല ജലത്തെ ഉപയോഗപ്പെ ടുത്തുന്നതും ഭൂഗർഭജലത്തെ അളവില്ലാത്ത വിധം ഊറ്റിയെടുക്കുന്നതു മായ ഈ ബ്രൂവറി എലപ്പുള്ളി പഞ്ചായത്തിന് ദുരന്ത ദിനങ്ങൾ (ജലക്ഷാ മവും മലിനീകരണവും) സൃഷ്ടിക്കുന്നതാണ്. ബ്രൂവറിയുടെ രൂപത്തിൽ എലപ്പുള്ളിയിലെ ജനങ്ങളുടെമേൽ ആധിപത്യവും ചൂഷണവും നട ത്താൻ സർവ്വവിധ ഒത്താശകളോടും കൂടി ഇവിടെയെത്തുന്നവരെ ശക്ത മായ പ്രതിരോധം തീർത്തു തിരിച്ചയക്കാനുള്ള ആത്മബലം എലപ്പുള്ളി കാർക്ക് ഉണ്ടാകും എന്നതിൽ സംശയമില്ല.

ചമ്പാരനിൽ നിന്ന് മടങ്ങിപ്പോകണമെന്ന് ബ്രിട്ടീഷ് മേധാവിത്വം ഗാന്ധിജിയോട് അജ്ഞാപിച്ചപ്പോൾ അവിടുത്തെ കർഷകരെ സഹായി ക്കാനും സംരക്ഷിക്കാനും ആണ് തന്റെ മനസ്സാക്ഷി ഇപ്പോൾ പറയുന്നത് എന്നും മനസാക്ഷിയെ അനുസരിക്കുന്നതിനുവേണ്ടി ബ്രിട്ടീഷ് ഭരണ കൂടത്തിന്റെ നിയമങ്ങൾ താൻ നിരാകരിക്കുകയാണ് എന്നുമാണ് ഗാന്ധിജി അന്ന് പ്രഖ്യാപിച്ചത്. ഇതുപോലെ, ഓരോ ഇലപ്പുള്ളിക്കാർക്കും അവരുടെ മനസ്സാക്ഷി ഇപ്പോൾ നിസ്സംശയം പറയുന്നുണ്ട് പ്രഖ്യാപിക്ക പ്പെട്ടിരിക്കുന്ന ബ്രുവറി നമ്മുടെയും വരും തലമുറകളുടെയും ഭാവിയെ ഇരുട്ടിലാകും എന്ന്. മനഃസാക്ഷിയുടെ ഈ ശബ്ദത്തെ ഏറ്റെടുത്തുകൊണ്ട് ബ്രൂവറിക്കെതിരായ ജനകീയ പ്രതിരോധം തീർക്കുന്നതിനും നാം തയ്യാറാകേണ്ടതുണ്ട്. ഒപ്പം തന്നെ സുസ്ഥിര ഇലപ്പുള്ളി എന്ന സ്വാശ്രയ ഗ്രാമ പദ്ധതിയെ കുറേകൂടി സമ്പുഷ്ടമാക്കി മുന്നോട്ടുകൊണ്ടുപോകാൻ സംയുക്തമായ ശ്രമങ്ങളും നടക്കണം.

ഗാന്ധിജി കാണിച്ചുതന്ന പാതയിലൂടെ അദ്ധ്വാനത്തിന്റെയും സഹകര ണത്തിന്റെയും ശുചിത്വത്തിന്റെതുമായ തലങ്ങളെ പരിപോഷിപ്പിച്ചു കൊണ്ട് ഇലപ്പുള്ളി യുടെ പൈതൃകത്തെ നമുക്ക് കാത്തു സൂക്ഷിക്കണം. ഇലപ്പുള്ളി പഞ്ചായത്തിന്റെ സംരക്ഷണം നമ്മുടെ കുടുംബത്തിന്റെ സംരക്ഷണമാണ്. നമ്മുടെയും വരുംതലമുറകളുടെയും സുസ്ഥിതിക്ക് വേണ്ടിയുള്ളതാണ്. ഇതൊരു ധർമ്മ ദൗത്യമായി തിരിച്ചറിഞ്ഞ് ഓരോ കുടുംബത്തിൽ നിന്നും ഇലപ്പുള്ളി സത്യാഗ്രഹത്തിന് തിരികൾ തെളി

യണം. ഓരോ അയൽക്കൂട്ടങ്ങളിലും മനഃസാക്ഷിയുടെ പ്രഖ്യാപനങ്ങൾ ഉണ്ടാകണം. ഓരോ വാർഡുകളിലും സുസ്ഥിരതയുടെ ആവശ്യം ഉയരണം.

ഇലപ്പുള്ളി പഞ്ചായത്ത് ഒന്നടക്കം ബ്രൂവറിയെ ഈ മണ്ണിൽ സ്ഥാപിക്കാൻ അനുവദിക്കില്ലെന്ന് പ്രഖ്യാപിക്കണം. ഭരണകൂടത്തിന്റെ തെറ്റായ തീരുമാനങ്ങളെ തുരുത്തിക്കാൻ സാധിക്കണം. ജനതയെ പൈശാചികതയിലേക്ക് തള്ളിവിടുന്ന ബ്രൂവറികൾ അല്ല നമുക്ക് വേണ്ടത്; കേരളത്തിന്റെ നല്ല നാളേക്ക് നമുക്ക് ആവശ്യം 'ഭക്ഷ്യ സ്വരാജ്' ആണ് എന്ന് ഉറക്കെ സ്ഥാപിക്കാൻ എലപ്പുള്ളിയിലെ സത്യാഗ്രഹത്തിന് സാധിക്കണം. അതിനായി എല്ലാവരുടെയും ശ്രദ്ധയും ശ്രമവും സഹകരണവും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. ■

ഭരണഘടനാഭേദഗതി
ഗാന്ധിയൻ ദിശയിൽ ആയിരിക്കട്ടെ

'ഒരു രാജ്യം ഒരു തെരഞ്ഞെടുപ്പ്' എന്ന ആശയം പ്രാവർത്തികമാക്കാൻ 129 ആമത് ഭരണഘടനാ ഭേദഗതിക്ക് വേണ്ടി കേന്ദ്രസർക്കാർ ശ്രമങ്ങൾ ആരംഭിച്ചിരിക്കുകയാണ്. ഇത് സംബന്ധിച്ച് ബില്ല് സംയുക്ത പാർലമെന്ററി കമ്മിറ്റിയുടെ പരിഗണനയ്ക്ക് വിട്ടിരിക്കുന്നു. പ്രസ്തുത ബില്ലിനെക്കുറിച്ച് അനുകൂലവും പ്രതികൂലവുമായ ധാരാളം അഭിപ്രായങ്ങൾ ഉയർന്നുവരുന്നുണ്ട്. ഇത്തരമൊരു ബില്ല് ഭരണഘടനാവിരുദ്ധം അല്ലെന്ന് മുൻ സുപ്രീം കോടതി ചീഫ് ജസ്റ്റിസ് മാരായ ഡി.വൈ. ചന്ദ്രചൂഡ്, ജസ്റ്റിസ് ഇ.എസ്. ഖേഹാർ എന്നിവർ അടുത്ത ദിവസങ്ങളിൽ അഭിപ്രായം രേഖപ്പെടുത്തുകയുണ്ടായി. രാജ്യത്തിലെ എല്ലാ തെരഞ്ഞെടുപ്പുകളും ഒരുമിച്ച് നടത്തുക എന്ന ദൗത്യത്തിന് പിന്തുണ നൽകുന്ന ആളുകൾ ചൂണ്ടികാണിക്കുന്നത് രണ്ട് കാരണങ്ങളാണ്...

1. പലപ്പോഴായി തെരഞ്ഞെടുപ്പ് നടത്തുമ്പോൾ പണച്ചെലവ് പതിൻമടങ്ങ് വർദ്ധിക്കും.

2. പലപ്പോഴായി തെരഞ്ഞെടുപ്പ് നടക്കുമ്പോൾ പല സമയങ്ങളിലും തെരഞ്ഞെടുപ്പ് പെരുമാറ്റ ചട്ടങ്ങൾ നിലവിൽ ഉണ്ടായിരിക്കും ഇത് സംസ്ഥാന-കേന്ദ്ര ഭരണകൂടങ്ങളുടെ ജനക്ഷേമ പ്രവർത്തനങ്ങൾക്ക് തടസ്സമായിത്തീരുന്നു, കാലവിളംബം ഉണ്ടാകുന്നു.

ഇവ പരിഹരിക്കാനാണ് 'ഒരു രാജ്യം ഒരു തെരഞ്ഞെടുപ്പ്' എന്നത് നിർദ്ദേശിക്കപ്പെടുന്നത്. ഇതിനായി ഭരണഘടനയുടെ ആർട്ടിക്കിളുകൾ 83, 172, 327 എന്നിവയിൽ ഭേദഗതികൾ വരുത്തി പുതിയൊരു ആർട്ടിക്കിൾ 82 A സൃഷ്ടിക്കുന്നതിന് വേണ്ടിയാണ് ഇപ്പോൾ ശ്രമങ്ങൾ നടക്കുന്നത്. പഞ്ചായത്ത് വാർഡ് മുതൽ പാർലമെൻറ് വരെയുള്ള 5 തെരഞ്ഞെടുപ്പുകൾ (വാർഡ്, ബ്ലോക്ക്, ജില്ല, നിയമസഭ; പാർലമെൻറ്) ഒരേസമയം

നടത്താം എന്നാണ് ആദ്യഘട്ടത്തിൽ പറഞ്ഞിരുന്നത്. പിന്നീട് തൽക്കാലത്തേക്ക് ത്രിതല തദ്ദേശ സ്വയംഭരണ സംവിധാനത്തെ മാറ്റി നിർത്തി നിയമസഭകളിലും പാർലമെൻറിൽ ഉള്ള തെരഞ്ഞെടുപ്പുകളെ ആദ്യത്തിൽ പരിഗണിക്കുക എന്ന നിഗമനത്തിലാണ് ഇപ്പോൾ എത്തി നിൽക്കുന്നത്.

പ്രശ്നങ്ങൾ ഇനിയും ഉണ്ട്

ഇപ്പോഴത്തെ തെരഞ്ഞെടുപ്പ് സമ്പ്രദായങ്ങൾ കൊണ്ട് മേൽ സൂചിപ്പിച്ച രണ്ട് പ്രശ്നങ്ങൾ മാത്രമല്ല ഉള്ളത്. ഓരോ തെരഞ്ഞെടുപ്പിലും ലക്ഷക്കണക്കിന് രൂപയാണ് സ്ഥാനാർഥികളും രാഷ്ട്രീയ പാർട്ടികളും മുന്നണികളും ചെലവാക്കി കൊണ്ടിരിക്കുന്നത്. ഈ പണം വീണ്ടെടുക്കുന്നതിന്റെ ഭാഗമായി പ്രത്യക്ഷമായും പരോക്ഷമായും വിവിധ തരത്തിലുള്ള അഴിമതികൾ, പങ്കുവെക്കൽ, അടിച്ചമർത്തലുകൾ എന്നിങ്ങനെ നിരവധിയായ ദുഷ്പ്രവണതകൾ നിലനിൽക്കുന്നു.

ഒരു പഞ്ചായത്ത് വാർഡിൽ പോലും പ്രസ്തുത വാർഡിലെ വോട്ടർ ആയ ഒരാൾക്ക് ആ വാർഡ് പ്രതിനിധി ആകാൻ പറ്റാത്ത സാഹചര്യങ്ങളും ഉണ്ട്. സംസ്ഥാന തലത്തിലോ അഖിലേന്ത്യാ തലത്തിലോ പാർട്ടിയുടെ നേതാക്കന്മാർ നൽകുന്ന പട്ടിക അനുസരിച്ചാണ്. താഴെത്തട്ടിലുള്ള വാർഡ് മുതൽ പഞ്ചായത്ത് പാർലമെന്റ് വരെയുള്ള സ്ഥാനാർത്ഥികൾ ഉണ്ടാകുന്നത്. ജനം വെറും കാഴ്ചക്കാരായി മാറുകയാണ്. രാഷ്ട്രീയ പാർട്ടികൾ വച്ചുനീട്ടുന്ന സ്ഥാനാർഥികളിൽ ആർക്കെങ്കിലും ഒരാൾക്ക് വോട്ടു കുത്തുക എന്ന പരിമിതമായ പ്രവർത്തനം മാത്രമാണ് ഇപ്പോൾ പഞ്ചായത്ത് തലം മുതൽ പാർലമെന്റ് തലം വരെ നടക്കുന്നത്.

മറ്റു കാര്യമായ പങ്കാളിത്തം ഒന്നും ജനങ്ങൾക്ക് ഇല്ല ഇതിനെ ജനാധിപത്യമെന്ന വിളിക്കുന്നത് എങ്ങനെയാണ്? വോട്ട് നേടുന്നതിനു വേണ്ടി ജനങ്ങളിൽ ജാതി, മത, വർഗ, വംശ, ചിന്തകൾ കുത്തിനിറച്ച് സമൂഹത്തിൽ ഭിന്നിപ്പുണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. ഇതുമൂലം വിഘടനവാദവും വർഗീയതയും ഭീകരവാദവും എല്ലാം സജീവമായി നിലനിൽക്കുന്നു. സമൂഹത്തിൽ വർഗീയത വളർത്തുന്നതും നിലനിർത്തുന്നതും ജാതികളും മതങ്ങളും അല്ല എന്ന് സൂക്ഷ്മമായി പരിശോധിച്ചാൽ കാണാവുന്നതാണ്.

വോട്ട് ബാങ്ക് രാഷ്ട്രീയത്തിൽ താൽപര്യമുള്ളവരാണ് ഇത്തരം ഭിന്നതകളെ മുതലെടുത്ത് – നിലനിർത്തി കൊണ്ടിരിക്കുന്നത്. ഇതുപോലുള്ള വിഘടനവാദവും വർഗീയതയും ഭീകരവാദികൾക്ക് വളമായി മാറുകയാണ്. ഭിന്നിപ്പിന്റെ അന്തരീക്ഷത്തെ മുതലെടുത്തുകൊണ്ട്

ഭീകരവാദം തഴച്ച് വളർന്നുകൊണ്ടിരിക്കുന്നു. ഇതെല്ലാം ഇന്ന് നിലനിൽക്കുന്ന കക്ഷിരാഷ്ട്രീയ അടിസ്ഥാനത്തിലുള്ള തെരഞ്ഞെടുപ്പ് സമ്പ്രദായം കൊണ്ട് ഉണ്ടാകുന്നതാണ്.

ഗാന്ധിയൻ മാർഗമാണ് പരിഹാരം

എല്ലാം തെരഞ്ഞെടുപ്പുകളും ഒരുമിച്ച് ഒറ്റ ദിവസം നടത്തിയതുകൊണ്ട് മേൽപ്പറഞ്ഞ പ്രശ്നങ്ങൾ ഒന്നും പരിഹരിക്കപ്പെടുകയില്ല. മഹാത്മാ ഗാന്ധി നിർദ്ദേശിച്ച വിധത്തിലുള്ള തെരഞ്ഞെടുപ്പ് സമ്പ്രദായം സ്വീകരിക്കുക വഴി പ്രശ്നങ്ങൾ പരിഹരിക്കാനായി സാധിക്കും.

ഒന്നാമത്തെ നിർദ്ദേശം

അയൽക്കൂട്ടതലം മുതൽ പാർലമെന്റ് വരെയുള്ള പ്രതിനിധികളെ പരസ്പര ബന്ധിതമായി തെരഞ്ഞെടുക്കുക. ഇതിനായി ഓരോ അയൽകൂട്ടത്തിലും ഉള്ള (75-100) വീടുകളിലെ വോട്ടർമാർ ആ അയൽക്കൂട്ട പരിധിയിൽ ഉള്ള ഏതെങ്കിലും ഒരു വീട്ടുമുറ്റത്തോ, പൊതുസ്ഥലത്തോ ഒത്തുകൂടുക. കൂടി വന്നാൽ 150-200 ആളുകളാണ് ഉണ്ടായിരിക്കുക. അവരിൽ നിന്നും ഒരാളെ അയൽക്കൂട്ട പ്രതിനിധിയായി തെരഞ്ഞെടുക്കുക. ഇത് ഐക്യകണ്ഠേനയോ പൊതു അഭിപ്രായപ്രകാരമോ ആകാം. ബാലറ്റ് പേപ്പർ പോലും ആവശ്യമില്ല. പണച്ചെലവും കാര്യമായില്ല. ഉദ്യോഗസ്ഥന്മാരുടെ നിരീക്ഷണം മാത്രമാണ് ആവശ്യമായിട്ടുള്ളത്. ഒരു വാർഡിൽ 15 അയൽക്കൂട്ടങ്ങൾ ഉണ്ടെങ്കിൽ ഈ അയൽക്കൂട്ടങ്ങളിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന കൺവീനർമാർ ഒത്തുചേർന്ന് അവരിൽ നിന്നും ഒരാളെ വാർഡ് മെമ്പർ ആയി തെരഞ്ഞെടുക്കാം ഇതിനും പ്രത്യേക ബാലറ്റോ, തെരഞ്ഞെടുപ്പ് പ്രചാരണങ്ങളോ ജാതി-മത പ്രീണനങ്ങളോ ഒന്നും തന്നെ ആവശ്യമായി വരുന്നില്ല. ഇപ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന വാർഡ് മെമ്പർമാർ ഗ്രാമ പഞ്ചായത്ത് ഓഫീസിൽ അല്ലെങ്കിൽ കോർപറേഷൻ ഓഫീസിൽ കൂടിയിരുന്ന് പ്രസ്തുത തദ്ദേശ ഭരണത്തിനുള്ള സംവിധാനം ഉണ്ടാക്കാം.

ഗ്രാമപഞ്ചായത്ത് അംഗങ്ങളിൽ നിന്നും ഒന്നോ രണ്ടോ പേര് ബ്ലോക്കിലേക്ക് നാമനിർദ്ദേശം ചെയ്യാം. ഓരോ ഗ്രാമ പഞ്ചായത്തിൽ നിന്നും വരുന്ന ബ്ലോക്ക് പ്രതിനിധികൾ കൂടിച്ചേർന്ന് ബ്ലോക്ക് പഞ്ചായത്ത് ഭരണസംവിധാനം ഉണ്ടാക്കാം. ഓരോ ബ്ലോക്കിൽ നിന്നും ജില്ലയിലേക്ക് ഒന്നോരണ്ടോ പ്രതിനിധികളെ നിർദ്ദേശിക്കാം. ഇപ്രകാരം വരുന്ന ജില്ലാ പഞ്ചായത്ത് പ്രതിനിധികൾ ജില്ലാ പഞ്ചായത്ത് ഭരണ സംവിധാനത്തിന് രൂപം കൊടുക്കട്ടെ. മുകൾ തലങ്ങളിലേക്കും (നിയമസഭ, പാർലമെൻറ്

എന്നിവിടങ്ങളിലേക്കും) ആവശ്യമെങ്കിൽ ഇത്തരം രീതി തുടരാം. ഇതു പോലുള്ള തെരഞ്ഞെടുപ്പ് പ്രക്രിയയാണ് എല്ലാ സംഘടനകളിലും പഞ്ചായത്ത് തലം മുതൽ അഖിലേന്ത്യാ തലം വരെ നടക്കുന്നത്. ഇത്തര ത്തിൽ എല്ലാ സംഘടനകളിലും നടക്കുന്ന ഈ തെരഞ്ഞെടുപ്പു രീതി നമ്മുടെ പൊതുതെരഞ്ഞെടുപ്പ് രംഗത്തേക്കും പ്രാവർത്തികമാക്കണം എന്നാണ് ഗാന്ധിജി നിർദ്ദേശിച്ചത്. ഇത് തികച്ചും പ്രായോഗികമായ ഒരു തെരഞ്ഞെടുപ്പ് രീതി തന്നെയാണ്. രാഷ്ട്രീയ പാർട്ടികൾ ഇല്ലാതെ തന്നെയും ഇതുപോലൊരു ജനാധിപത്യപ്രക്രിയ നമുക്ക് സാധ്യമാകും ഗാന്ധി ജീവിച്ചിരിക്കുമ്പോൾ തന്നെ 1939 ജനുവരി 21 മുതൽ മഹാരാഷ്ട്ര യിലെ പൂനെയ്ക്ക് അടുത്തുള്ള ഔന്ദ് എന്ന നാട്ടു രാജ്യത്തിൽ ഇത്തരം ഒരു തെരഞ്ഞെടുപ്പ് സമ്പ്രദായവും ഭരണക്രമവും നിലനിന്നിരുന്നു. ഗാന്ധിജി നിർദ്ദേശിച്ച ഭരണഘടനയുടെ അടിസ്ഥാനത്തിൽ ആണ് അവർ അത് സാധ്യമാക്കിയത്. സ്വതന്ത്ര ഭാരതത്തിൽ മധ്യപ്രദേശിലെ നരസിംഹ പൂർ ജില്ലയിൽ ബിഗു വാർ എന്ന ഗ്രാമത്തിലും മഹാരാഷ്ട്രയിലെ ഗഡ് കരോളി ജില്ലയിലെ മെന്ദ – ലേഖ ഗ്രാമത്തിലും ഏകദേശം ഇതുപോ ലുള്ള ജനകീയ ഭരണസംവിധാനങ്ങളും സ്വാശ്രയ സമൂഹവും നിലനിൽ ക്കുന്നു. ചുരുക്കത്തിൽ, ആവശ്യമായ നിയമ പിന്തുണയും ഭരണഘടനാ പരമായ പ്രാബല്യവും ഇതുപോലൊരു തെരഞ്ഞെടുപ്പ് സംവിധാനത്തിന് കൊടുക്കുകയാണെങ്കിൽ അത് പ്രയോഗത്തിൽ കൊണ്ടുവരാൻ തീർച്ച യായും സാധിക്കും. ഇതുമൂലം അഴിമതി ഒഴിവാക്കാനും വിഭാഗീയതകൾ ഇല്ലാതാക്കാനും പണച്ചെലവ് കുറക്കാനും ജനങ്ങളുടെ മുൻകൈയിൽ വികസനപ്രവർത്തനങ്ങൾ നടത്താനും സാധിക്കും.

രണ്ടാമത്തെ നിർദ്ദേശം

ഇന്ത്യാ രാജ്യത്ത് ആകമാനം തെരഞ്ഞെടുപ്പ് സമ്പ്രദായത്തിൽ പെട്ടെന്ന് ഘടനാപരമായ മാറ്റം ഉണ്ടാകുമ്പോൾ അത് അനിശ്ചിതത്വത്തിന് കാരണമാകുമെന്ന് പ്രചരിപ്പിക്കുന്നവർ ഉണ്ട്. അങ്ങനെയെങ്കിൽ രണ്ട് ഘട്ടങ്ങളായി ഇത്തരം ഗാന്ധിയൻ തെരഞ്ഞെടുപ്പ് – ഭരണ സംവിധാന ത്തിലേക്ക് എത്തിപ്പെടാൻ ശ്രമിക്കുന്നത് നല്ലതാണ്. ആദ്യഘട്ടത്തിൽ അയൽക്കൂട്ടം മുതൽ ജില്ലാ പഞ്ചായത്ത് വരെയുള്ള ത്രിതല പഞ്ചായത്ത് സംവിധാനത്തിൽ നേരത്തെ പറഞ്ഞ രീതിയിലുള്ള തെരഞ്ഞെടുപ്പ് രീതി ആവിഷ്കരിച്ചു ഭരണസംവിധാനങ്ങൾ സജ്ജമാക്കുക. നിയമസഭ, പാർല മെൻറ് മണ്ഡലങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പും കക്ഷിരാഷ്ട്രീയ വിമുക്തമായി, ജനകീയമായി നടത്തുക. ഓരോ നിയമസഭാ മണ്ഡല ത്തിലും ആരായിരിക്കണം സ്ഥാനാർത്ഥികൾ എന്നതിനെ സംബന്ധിച്ച്

ജനകീയ അഭിപ്രായരൂപീകരണം നടത്തി. ഓരോ പഞ്ചായത്തിലെയും ജനങ്ങളുടെ അഭിപ്രായം അറിഞ്ഞുകൊണ്ട് പൊതുസമ്മതനായ സ്ഥാനാർത്ഥികളെ കണ്ടെത്തുക. അസംബ്ലി നിയോജക മണ്ഡലം തലത്തിലും പാർലമെൻറ് നിയോജകമണ്ഡലം തലത്തിലും ജനകീയ അഭിപ്രായ പ്രകാരം നിർദ്ദേശിക്കപ്പെടുന്ന പേരുകൾ അടിസ്ഥാനമാക്കി. പരസ്പര ധാരണയോടെ സമവായത്തോടെ ഒരാളെ എം.എൽ.എ.യോ എം.പി.യോ ആയിതെരഞ്ഞെടുക്കാൻ ശ്രമിക്കാവുന്നതാണ്. പൊതു അഭിപ്രായത്തിൽ എത്താൻ കഴിയുന്നില്ലങ്കിൽ പ്രസ്തുത നിയോജകമണ്ഡലത്തിലെ ഗ്രാമ പഞ്ചായത്ത് അംഗങ്ങളും ആവശ്യമെങ്കിൽ അയൽക്കൂട്ട പ്രതിനിധികളും ഒത്തുചേർന്ന് നിർദ്ദേശിക്കപ്പെട്ട സ്ഥാനാർഥികളിൽ ഒരാളെ അസംബ്ലിയിലേക്ക് പാർലമെന്റിലേക്ക് തെരഞ്ഞെടുക്കുക. ഇതേ പ്രക്രിയ തന്നെ പാർലമെന്റ് നിയോജകമണ്ഡലം തലത്തിലും നടത്താവുന്നതാണ്.

രാഷ്ട്രീയപാർട്ടികൾ അനിവാര്യമല്ല

ഭാരതത്തിൽ ഉൾപ്പെടെ ലോകത്തിന്റെ പല ഭാഗത്തും നൂറ്റാണ്ടുകളായി ജനാധിപത്യപ്രക്രിയ നടന്നുകൊണ്ടിരിക്കുന്നുണ്ട്. ഇവിടെയൊന്നും രാഷ്ട്രീയപാർട്ടികൾ ഉണ്ടായിരുന്നിട്ടില്ല. ജനങ്ങളുടെ മുൻകൈയിൽ അവർ പരസ്പരം ചർച്ച ചെയ്ത് തീരുമാനങ്ങൾ എടുത്തു കാര്യങ്ങൾ നടപ്പാക്കുന്ന പ്രക്രിയ യായിരുന്നു അന്നത്തെ ജനാധിപത്യം. ഭാരതത്തിനും ഇത്തരം ഒരു ജനകീയ-പൈതൃക ജനാധിപത്യത്തിന്റെ മഹത്തായ ഒരു പാരമ്പര്യമുണ്ട്. അതിനെ വീണ്ടെടുത്ത് നിലനിർത്തണമെന്നാണ് മഹാത്മാഗാന്ധി ആഗ്രഹിച്ചത്. ഭാരതത്തിന് സ്വാതന്ത്ര്യം ലഭിച്ചപ്പോൾ, സ്വാതന്ത്ര്യസമര പ്രസ്ഥാനം ആയിരുന്ന ഇന്ത്യൻ നാഷണൽ കോൺഗ്രസ് പിരിച്ചു വിടണം എന്ന് ഗാന്ധിജി നിർദ്ദേശിച്ചത് ഈ ഒരു സാഹചര്യത്തിലാണ്. രാഷ്ട്രീയ പാർട്ടികൾ ഇല്ലാതെതന്നെ ഇന്ത്യയിൽ ജനാധിപത്യ പ്രക്രിയ ഗ്രാമം മുതൽ അഖിലേന്ത്യാ തലം വരെ നടപ്പാക്കാൻ സാധിക്കുമെന്ന് ഉത്തമവിശ്വാസം ഗാന്ധിജിക്ക് ഉണ്ടായിരുന്നു. അതിനുവേണ്ടിയാണ് പുതിയൊരു ജനസേവാ പ്രസ്ഥാനത്തിന് അദ്ദേഹം നിയമാവലി തയ്യാറാക്കിയത്.

1948 ജനുവരി 29ന് ഗാന്ധി പ്രസ്തുത നിയമാവലി തയ്യാറാക്കി മുപ്പതാം തീയതി രാവിലെ വീണ്ടും അത് വായിച്ച് അനിവാര്യമായ മാറ്റങ്ങൾ വരുത്തി സെക്രട്ടറിയായ പ്യാരേലാലിന് ഏൽപ്പിക്കുകയായിരുന്നു. ഫെബ്രുവരി മാസം മുതൽ ഇത്തരമൊരു ജനകീയ പ്രവർത്തനത്തിന് നേതൃത്വം നൽകാനുള്ള ഒരു കർമ്മപദ്ധതിയും ഗാന്ധിജി പ്രഖ്യാപിച്ചിരുന്നു.

കക്ഷിരാഷ്ട്രീയ അടിസ്ഥാനത്തിലുള്ള വേർതിരിവുകൾ ആണ് ഇന്ത്യൻ ജനാധിപത്യത്തെ കൂടുതൽ അസ്ഥിരപ്പെടുത്തുന്നത് എന്നതും ഒരു യാഥാർഥ്യമാണ്. അധികാരത്തിനുവേണ്ടി കാലു മാറുകയും കൂറു മാറുകയും എല്ലാം ചെയ്യുമ്പോഴാണ് പല ഭരണങ്ങളും താഴെ വീണു പുതിയ തെരഞ്ഞെടുപ്പുകൾ ആവശ്യമായി വരുന്നത്. ജനാധിപത്യ സംവിധാനത്തിന്റെ ഈ അസ്ഥിരത രാജ്യത്തിന്റെപണച്ചെലവ് വർദ്ധി പ്പിക്കുകയും വികസനപ്രവർത്തനങ്ങളെ മന്ദീഭവിപ്പിക്കുകയും ചെയ്യുന്നു. ഇതിന് പരിഹാരം കക്ഷിരാഷ്ട്രീയ അടിസ്ഥാനത്തിൽ അല്ലാത്ത തെര ഞ്ഞെടുപ്പുരീതി ആവിഷ്കരിക്കലാണ് ത്രിതല പഞ്ചായത്ത് സംവിധാന ത്തിൽ ഭാഗികമായെങ്കിലും സ്ഥിരത നിലനിൽക്കുന്നുണ്ട്. അവിടെ ഏതെ ങ്കിലും ഒരു കക്ഷിക്ക് ഭൂരിപക്ഷം ഇല്ല എന്ന കാരണത്താൽ പഞ്ചായത്ത് ഭരണസമിതി പിരിഞ്ഞു പോകേണ്ടി വരുന്നില്ല. ഭരണപക്ഷവും പ്രതിപ ക്ഷവും എന്ന വ്യത്യാസവും തത്വത്തിൽ ഇല്ല. എല്ലാവരും ഭരണത്തിന് നേതൃത്വം കൊടുക്കുന്നവർ തന്നെ. ഇതുപോലൊരു സംവിധാനം സംസ്ഥാന നിയമസഭകളിലേക്കും പാർലമെൻറിലേക്കും ഉണ്ടാകണം. അങ്ങനെയെങ്കിൽ ഏതെങ്കിലുമൊരു കക്ഷിക്ക് ഭൂരിപക്ഷം ഇല്ല എന്ന് പറഞ്ഞുകൊണ്ട് നിയമസഭയും പാർലമെണ്ടും പിരിഞ്ഞ് പോകേണ്ടതായി വരില്ല. ഇതിന് ആവശ്യമായ നിയമ നിർമാണ പ്രവർത്തനങ്ങളും പുതിയ ഭരണഘടന ഭേദഗതിയുടെ ഭാഗമായി ഉണ്ടാകേണ്ടതുണ്ട്. ഇന്ത്യൻ ഭരണ ഘടനയിൽ പ്രധാനപ്പെട്ട ഭാഗങ്ങളിൽ ഒന്നും തന്നെ രാഷ്ട്രീയ പാർട്ടികളെ കുറിച്ച് പരാമർശിച്ചിട്ടില്ല എന്നത് ഒരു വാസ്തവമാണ്. ഭരണഘടന നിലവിൽ വന്ന് 35 വർഷം പിന്നിട്ടപ്പോഴാണ് 1985ൽ ഭരണഘടനയുടെ അമ്പത്തിരണ്ടാം ഭേദഗതി വരുന്നത്. കൂറുമാറ്റ നിരോധനത്തിനുവേണ്ടി യുള്ള ഭേദഗതി. ഇത്തരം ഒരു സന്ദർഭത്തിൽ മാത്രമാണ് രാഷ്ട്രീയ പാർട്ടി കളെ കുറിച്ച് പ്രധാനമായും പ്രതിപാദിക്കുന്നത്. ഗാന്ധിജി നിർദ്ദേശിച്ച രീതിയിലുള്ള ജനാധിപത്യ സംവിധാനമാണ് നമ്മൾ ഉണ്ടാക്കിയിരുന്നത് എങ്കിൽ മേൽപ്പറഞ്ഞ കൂറുമാറ്റമോ കാലു മാറ്റമോ ഉണ്ടാകില്ല.

"ഇന്ത്യൻ ജനാധിപത്യം യൂറോപ്യൻ ജനാധിപത്യത്തിന്റെ ഒപ്പു താളു കൾ ആയിരിക്കരുത്" എന്ന് ഗാന്ധിജി ശക്തമായി അഭിപ്രായപ്പെട്ടിരു ന്നത് ഈ ന്യൂനതകൾ എല്ലാം മുന്നിൽ കണ്ടുകൊണ്ടാണ്. ഇനിയെ ങ്കിലും, 129 ആമത്തെ ഭരണഘടനാഭേദഗതിയിലൂടെ ഗാന്ധിയൻ ദിശയി ലുള്ള പരിവർത്തനങ്ങൾ കൊണ്ടുവന്ന് ഭാരതത്തിന്റെ പൈതൃകമായ ജനകീയ ജനാധിപത്യത്തെ നമുക്ക് തിരിച്ചുകൊണ്ടുവരാൻ സാധിക്കട്ടെ. ■

ഭൂദാന സന്ദേശം

ഭൂമിയുടെ ഉടമസ്ഥതയെ സംബന്ധിച്ചും വിതരണത്തെ സംബന്ധിച്ചും നമ്മുടെ നാട്ടിൽ വീണ്ടും തർക്കങ്ങൾ ഉത്ഭവിക്കുകയാണ്. വഖഫ് ദേദഗതി നിയമത്തെ ചുറ്റിപ്പറ്റിയാണ് ഇപ്പോൾ അസ്വസ്ഥതകൾ പുകയുന്നത്. അശാന്തിയുടെ അലയടികൾ ആവർത്തിക്കുന്ന ഈ വേളയിലാണ് വീണ്ടും ഒരു ഏപ്രിൽ 18 വന്നെത്തുന്നത്. ഭാരതത്തിന്റെ സാമൂഹ്യ നവോത്ഥാന ചരിത്രത്തിൽ തങ്കലിപികളിൽ എഴുതപ്പെട്ട സുദിനമാണ് ഏപ്രിൽ 18, ഭൂദാന ദിനം അഥവാ സ്നേഹവിപ്ലവ ദിനം.

ഭൂമിയുടെ കേന്ദ്രീകരണം ഇല്ലാതാക്കാനും ഭൂമിയില്ലാത്തവർക്ക് ഭൂമി വികേന്ദ്രീകരിക്കാനും സ്നേഹപൂർവ്വമായ അഭ്യർത്ഥനകളിലൂടെ സാധിക്കുമെന്ന് പൊതു സമൂഹത്തിന് ബോധ്യപ്പെടുത്തിയ മഹത്തായ ഭൂദാന പ്രസ്ഥാനം 1951 ഏപ്രിൽ 18നാണ് ആരംഭിക്കുന്നത്. മഹാ മഹാത്മാഗാന്ധിയുടെ ഉത്തമ ശിഷ്യനായ ആചാര്യ വിനോബാ ഭാവേ ഇതിന് നേതൃത്വം നല്കി. പ്രത്യേകിച്ച് ഒരു നിയമത്തിന്റെയും പിന്തുണയില്ലാതെ, ഭരണകൂടത്തിന്റെയോ സംഘടിത ശക്തികളുടെയോ ഭീഷണികൾ ഇല്ലാതെ; സ്നേഹപൂർണമായ അഭ്യർത്ഥനകളിലൂടെ ഉള്ളവർ ഭൂമി വിട്ടുകൊടുക്കുകയും ഇല്ലാത്തവർക്ക് അവ നീതിപൂർവ്വം വിതരണം ചെയ്യുകയും ചെയ്ത ഒരു മഹത്തായ സാമൂഹ്യ വിപ്ലവപ്രസ്ഥാനം ആണ് ഭൂദാന പ്രസ്ഥാനവും ഗ്രാമദാന പ്രസ്ഥാനവും.

ഗാന്ധിജിയുടെ അന്തിമ അഭിലാഷ പ്രകാരം രൂപീകൃതമായ അഖിലേന്ത്യ സർവോദയ മണ്ഡലത്തിലെ മൂന്നാമത് ദേശീയ സമ്മേളനം ഹൈദരാബാദിന് അടുത്തുള്ള ശിവറാം പള്ളി ഗ്രാമത്തിലാണ് നടന്നിരുന്നത്. പ്രസ്തുത സമ്മേളനത്തിലേക്ക് പൗനാർ ആശ്രമത്തിൽനിന്നും വിനോബ ജി കാൽനടയായാണ് എത്തിയത്. ഹൈദരാബാദിലും പരിസരങ്ങളിലും ഭൂമിയുടെ പേരിൽ രക്തച്ചൊരിച്ചിൽ നടന്നുകൊണ്ടിരിക്കുന്ന

ഒരു കാലഘട്ടമായിരുന്നു അത്. അതുകൊണ്ടുതന്നെയാണ് വിനോബാജി അശാന്തി പടരുന്ന ആ മണ്ണിലൂടെ കാൽനടയായി തന്നെ യാത്ര ചെയ്തത്. സമ്മേളനം സ്ഥലത്തെത്തിയ വിനോബജിയോട് ഏറ്റവും കൂടുതൽ രക്തരൂക്ഷിതമായ കലാപങ്ങൾ ഉണ്ടാകുന്ന പോച്ചംപള്ളി ഗ്രാമത്തിലേക്ക് എത്താൻ അവിടത്തെ നാട്ടുകാർ അഭ്യർത്ഥിച്ചു. ഇതനുസരിച്ച് ഏപ്രിൽ പതിനെട്ടാം തീയതി വിനോബ ജി പോച്ചംപള്ളി ഗ്രാമത്തിൽ എത്തുന്നു.

അവിടെയുള്ള 40 ഹരിജൻ കുടുംബങ്ങൾ തങ്ങൾക്ക് ഭൂമിയില്ലാത്തതിന്റെ ബുദ്ധിമുട്ടുകൾ വിവരിക്കുന്നു. അദ്ധ്വാനിച്ച് ജീവിക്കാൻ രണ്ട് ഏക്കർ വീതം ഭൂമിയെങ്കിലും തങ്ങൾക്ക് ഉണ്ടാകണമെന്നാണ് ആഗ്രഹം അവർ പ്രകടിപ്പിക്കുകയുണ്ടായി. അന്ന് വൈകുന്നേരം നടന്ന പൊതുവായ പ്രാർത്ഥനായോഗത്തിൽ വച്ച് വിനോബ ജി ഇക്കാര്യം സൂചിപ്പിക്കുകയും സന്മനസുള്ള ആരെങ്കിലും ഭൂമി ദാനം ചെയ്യാൻ തയ്യാറായാൽ നന്നായിരിക്കും എന്ന് അഭ്യർത്ഥിക്കുകയും ചെയ്തു.

ഉടനെതന്നെ രാമചന്ദ്ര റെഡ്ഡി എന്ന ഒരു ഭൂവുടമ തന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ നിന്നും 100 ഏക്കർ ഭൂമി ദാനം ചെയ്യാൻ തയ്യാറാണ് എന്ന് അറിയിച്ചു. ഇതിൽ നിന്ന് 40 കുടുംബങ്ങൾക്ക് രണ്ട് ഏക്കർ വീതം ഭൂമി നൽകുകയും അദ്ധ്വാനിച്ചു ജീവിക്കാനുള്ള അവരുടെ ആഗ്രഹം സഫലമാക്കുകയും ചെയ്തു. മഹത്തായ ഒരു സ്നേഹ വിപ്ലവ പ്രസ്ഥാനത്തിന് തുടക്കം അങ്ങനെയാണ്.

ഈ ആശയവും പ്രചരിപ്പിച്ചുകൊണ്ടാണ് വിനോബാ സമ്മേളന സ്ഥലത്ത് നിന്ന് തിരിച്ച് പൗനാറിലെ ആശ്രമത്തിത്തിലേക്ക് പദയാത്രയായി വന്നത്. പൗനാറിലെ തന്റെ ആശ്രമത്തിലേക്ക് തിരിച്ചെത്തിയപ്പോഴേക്കും 12 ലക്ഷം ഏക്കർ ഭൂമി ഭൂദാന പ്രസ്ഥാനത്തിനായി ദാനം ചെയ്യപ്പെട്ടിരുന്നു. ആയിരക്കണക്കിന് ഭൂരഹിതർക്ക് ഈ ഭൂമി വലിയ ഒരു ആശ്വാസമായി മാറി. ആശ്രമത്തിൽ എത്തിയ ഉടനെ തന്നെ കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ആസൂത്രണ കമ്മീഷൻ യോഗത്തിൽ വിനോബാജി പങ്കെടുക്കണമെന്ന് അന്നത്തെ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു അഭ്യർഥിക്കുകയുണ്ടായി. പ്രധാനമന്ത്രിയുടെയും മറ്റ് ദേശീയ നേതാക്കളുടെയും അഭ്യർത്ഥന മാനിച്ച് ആസൂത്രണ കമ്മീഷൻ യോഗത്തിൽ പങ്കെടുക്കാം എന്ന് സമ്മതിച്ചു. പദയാത്രയായി തന്നെയാണ് പൗനാറിൽ നിന്ന് ഡൽഹിയിലേക്ക് വിനോബജി സഞ്ചരിച്ചത്. രക്തരൂക്ഷിതമായ കലാപങ്ങളെ ഭയപ്പെട്ടുകൊണ്ടാണ് ഭൂവുടമകൾ ഭൂമി ദാനം ചെയ്തത് എന്ന് ഒരു പറച്ചിൽ ഹൈദരാബാദ് മേഖലയിൽ ഉണ്ടായിരുന്നു. എന്നാൽ ഇത് തെറ്റായ ധാരണയാണ് എന്ന് തുടർന്നുള്ള സംഭവങ്ങൾ തെളിയിച്ചു.

ഭയം കൊണ്ടല്ല, സ്നേഹപൂർവ്വമുള്ള അഭ്യർത്ഥന മാനിച്ചാണ് ഭൂവുടമകൾ ഭൂമി ദാനം ചെയ്തത് എന്ന് പിന്നീട് വ്യക്തമായി. പൗനാറിൽ നിന്നും ഡൽഹിയിലേക്കുള്ള പദയാത്രയ്ക്ക് ഉള്ളിൽ തന്നെ 18 ലക്ഷം ഏക്കർ ഭൂമി ഭൂദാന പ്രസ്ഥാനത്തിനായി ഭൂവുടമകൾ ദാനം ചെയ്തിരുന്നു. ഒരു തരത്തിലുള്ള ഭീഷണികളോ സമരസമ്മർദ്ദങ്ങളോ ഒന്നുമില്ലാതിരുന്ന പ്രദേശത്തെ ഉടമകളാണ് ഇപ്രകാരം ഭൂമി ദാനം ചെയ്തത്. വിനോബ ജിയുടെ ഭൂദാനപ്രസ്ഥാനം വഴി 48 ലക്ഷം ഏക്കർ ഭൂമി ഉടനെ തന്നെ ലഭ്യമാകുകയും ഇവയിൽ ഭൂരിഭാഗവും അർഹതപ്പെട്ട സാധാരണക്കാരന് (അദ്ധ്വാനിക്കുന്ന വിഭാഗത്തിന്) ലഭിക്കുകയും ചെയ്തു.

"വായുവും വെള്ളവും വെളിച്ചവും പോലെ ഭൂമിയും പൊതുസ്വത്താണ്" എന്നതായിരുന്നു ഭൂദാന പ്രസ്ഥാനത്തിന്റെ മുഖ്യ സന്ദേശം. ഭൂമി കൈവശം വച്ചിരിക്കുന്നവർ തങ്ങൾ വെറും സൂക്ഷിപ്പുകാർ/(ട്രസ്റ്റികൾ) മാത്രമാണെന്ന് തിരിച്ചറിയുകയും പ്രസ്തുത മനോഭാവത്തിൽ ഭൂമിയെ സമൂഹത്തിനുവേണ്ടി ഉപയോഗപ്പെടുത്താൻ സന്നദ്ധമാകുകയും ചെയ്യുക എന്ന മഹത്തായ സർവോദയ ചിന്തയാണ് ഭൂദാന പ്രസ്ഥാനത്തിന് അടിസ്ഥാനമായി നിലകൊള്ളുന്നത്.

ഈ സർവോദയ സന്ദേശം ഇന്നും പ്രസക്തമാണ്. ഭൂദാന പ്രസ്ഥാനത്തിന്റെ തുടർച്ചയായി രൂപംകൊണ്ടതാണ് ഗ്രാമ ദാനം പ്രസ്ഥാനം. ഗ്രാമം മുഴുവൻ പൊതുസ്വത്തായി പ്രഖ്യാപിക്കുകയും പരസ്പര സഹകരണത്തോടെ ഗ്രാമീണജനത അധ്വാനിച്ച്, സ്വാശ്രയ ഗ്രാമമായി ജീവിച്ചു. ഉത്തർപ്രദേശിലെ മാംഗ്രോത്ത് എന്ന ഗ്രാമമാണ് ആദ്യമായി രൂപം കൊണ്ട ദാന ഗ്രാമം. ഇപ്രകാരം അയ്യായിരത്തോളം ദാന ഗ്രാമങ്ങൾ അക്കാലത്തുണ്ടായിരുന്നു. പക്ഷേ, പിന്നീടുണ്ടായ പല നിയമനിർമാണങ്ങളും ഈ മഹത്തായ സാമൂഹ്യ വിപ്ലവ പ്രസ്ഥാനത്തെ തളർത്തുന്നതായിരുന്നു.

ഭൂമിയുടെ പേരിൽ ഭാരതത്തിൽ അസ്വസ്ഥതകൾ ഉണ്ടാക്കുകയും ഉടലെടുക്കുകയും ചെയ്യുന്ന വർത്തമാനകാല അന്തരീക്ഷത്തിൽ ഭൂദാന - ഗ്രാമദാന പ്രസ്ഥാനത്തിന്റെ മഹത്തായ സന്ദേശം നമ്മളിൽ വീണ്ടെടുക്കാനും സർവോദയ സമൂഹരചനക്ക് വേണ്ടി ദേശീയ മനസ്സിനെ സുസജ്ജമാക്കാനും സാധിക്കുകയാണെങ്കിൽ ഭാരതം വീണ്ടും ലോകരാജ്യങ്ങൾക്കു മുഴുവൻ മാതൃകയായി മാറും എന്ന കാര്യത്തിൽ തർക്കമില്ല. സ്നേഹത്തിലൂടെ, സഹകരണത്തിലൂടെ പ്രകൃതിവിഭവങ്ങളെ ഉപയോഗിച്ചും നിലനിർത്തിയും മുന്നോട്ടുപോകാനുള്ള ഭാരതീയ സംസ്കാരം നമുക്ക് ഇവിടെ നിലനിർത്താൻ സാധിക്കും. മുഴുവൻ പ്രകൃതി വിഭവങ്ങളും പൊതുസ്വത്ത് ആണെന്ന സാമൂഹ്യ വിപ്ലവബോധം നമ്മെ നയിക്കട്ടെ. ■

സർവോദയ ദിനം:
സ്നേഹദർശന ദിനം

ഐതിഹാസികമായ ധർമ്മസമരത്തിലൂടെ 1947ൽ നാം രാഷ്ട്രീയ സ്വാതന്ത്ര്യം നേടി. പ്രസ്തുത സ്വാതന്ത്ര്യത്തെ സാമ്പത്തിക - സാമൂഹ്യ - ആത്മീയ - തലങ്ങളിലേക്ക് വികസിപ്പിച്ച് സ്വരാജ് അഥവാ സമ്പൂർണ്ണ സ്വാതന്ത്ര്യം കൈവരിക്കുന്നതിന് ഒരു പ്രസ്ഥാനം അനിവാര്യമാണെന്ന് മഹാത്മാഗാന്ധി മനസ്സിലാക്കി. കക്ഷിരാഷ്ട്രീയത്തിൽ നിന്നും അധികാര രാഷ്ട്രീയത്തിൽ നിന്നും മാറിനിന്നുകൊണ്ട് നിസ്വാർത്ഥമായി പ്രവർത്തിക്കുന്നവരുടെ ഒരു പ്രസ്ഥാനം ഉണ്ടാകണമെന്ന് മഹാത്മാഗാന്ധി നിർദ്ദേശിച്ചു. അംഗങ്ങളുടെ സംഖ്യയെക്കാൾ പ്രവർത്തിക്കുന്നവരുടെ വ്യക്തിശുദ്ധിയും സമൂഹത്തിന് മാതൃകയാക്കാവുന്ന പ്രവർത്തനവും ആണ് വേണ്ടത് എന്ന് മഹാത്മജി വ്യക്തമാക്കി.

ഇപ്രകാരമുള്ള ഒരു പ്രസ്ഥാനത്തിന്റെ നിയമാവലിയും അദ്ദേഹം 1948 ജനുവരി 29ന് തയ്യാറാക്കി. പിറ്റേ ദിവസമാണ് അദ്ദേഹം രക്തസാക്ഷിത്വം വരിക്കുന്നത്. 1948 ഫെബ്രുവരിയിൽ പ്രസ്ഥാനം ഔപചാരികമായി ആരംഭിക്കണം എന്നായിരുന്നു അദ്ദേഹം ആഗ്രഹിച്ചിരുന്നത്. അദ്ദേഹത്തിന്റെ രക്തസാക്ഷിത്വത്തെ തുടർന്ന് അദ്ദേഹത്തിന്റെ ശിഷ്യനായിരുന്ന ആചാര്യ വിനോബാ ഭാവെയുടെ നേതൃത്വത്തിൽ മാർച്ച് 13 മുതൽ 15 വരെ സേവാഗ്രാമിൽ യോഗം ചേർന്ന് ഗാന്ധിജി ആഗ്രഹിച്ചിരുന്നതു പോലെതന്നെ അഖിലേന്ത്യാ തലത്തിൽ ഒരു സംഘടനക്ക് രൂപം നൽകി.

അതാണ് അഖിലേന്ത്യാ സർവ സേവാ സംഘം അഥവാ അഖിലേന്ത്യ സർവോദയ മണ്ഡലം. സംഘടനയുടെ സംസ്ഥാന ഘടകങ്ങൾ സർവോദയ മണ്ഡലം എന്നാണ് അറിയപ്പെടുന്നത്. ഗാന്ധിജി വിഭാവനം ചെയ്ത ദർശനത്തിന് അദ്ദേഹം തന്നെ നൽകിയ പേരാണ് 'സർവ്വോദയം.' മഹാത്മാഗാന്ധിയുടെ രക്തസാക്ഷിത്വത്തെ തുടർന്ന് അദ്ദേഹ

ത്തിന്റെ ചിതാഭസ്മം രാജ്യത്തിന്റെ വിവിധ പുണ്യനദികളിൽ നിമഞ്ജനം ചെയ്യുകയുണ്ടായി. കേരളത്തിൽ നിളാനദി അതായത് ഭാരത പ്പുഴയിൽ തിരുനാവായ ആണു നിമഞ്ജനം ചെയ്തത് കേരളഗാന്ധി കേളപ്പജിയുടെ നേതൃത്വത്തിൽ 1948 ഫെബ്രുവരി 12നാണ് നിമഞ്ജന കർമ്മം നടന്നത്.

ഗാന്ധിജിയുടെ ആശയ അഭിലാഷങ്ങളെ ഇന്ത്യൻ ജനത ഹൃദയങ്ങളി ലേക്ക് ആവാഹിക്കുന്ന അപൂർവ്വ നിമിഷം ആയിരുന്നു അത്. പ്രസ്തുത ദിനത്തിന്റെ സ്മരണ പുതുക്കുന്നതിനും ഗാന്ധിയൻ മൂല്യങ്ങളോട് ഐക്യ ദാർഢ്യം പ്രഖ്യാപിക്കുന്നതിനും സർവ്വോദയ സമൂഹം സജീവമാകുന്ന തിനും വേണ്ടി 1949 മുതൽ എല്ലാ വർഷവും ഫെബ്രുവരി 12 സർവോദയ ദിനമായി ആചരിക്കാനും ജനുവരി 30 മുതൽ ഫെബ്രുവരി 12 വരെ സർ വോദയ പക്ഷാചരണം നടത്താനും സർവ്വോദയ പ്രസ്ഥാനത്തിന്റെ അഖി ലേന്ത്യാ കമ്മിറ്റി ആയ സർവസേവാ സംഘം തീരുമാനിച്ചു.

നിമജ്ജനം നടന്ന പുണ്യ നദീതീരങ്ങളിലെല്ലാം അതാത് പ്രദേശത്തെ സർവ്വോദയ മണ്ഡലത്തിലെ മുൻകൈയിൽ സർവോദയ ദിനാചരണവും സർവ്വോദയ മേളയും നടന്നുവരികയാണ്. തിരുനാവായിൽ കേരള ഗാന്ധി കേളപ്പജി തന്നെ നേതൃത്വം കൊടുത്ത സർവോദയ മേള ഭാരതപ്പുഴയുടെ മണൽ പരപ്പിന് മേലെയുള്ള മനുഷ്യമഹാസംഗമങ്ങൾ ആയിരുന്നു. പ്രൊഫ. എം.പി. മന്മഥൻ പ്രൊഫ. ജി. കുമാരപിള്ള തുടങ്ങി തിരുവത്ര ദാമോദർജി വരെയുള്ള യശശരീരൻ സർവോദയ മേളയെ അനശ്വരര മാക്കി. കേരളത്തിൽ അങ്ങോളിമങ്ങോളമുള്ള ഗാന്ധിമാർഗ്ഗ പ്രവർത്ത കരും അഖിലേന്ത്യാതലത്തിലുള്ള സർവസേവാ സംഘം നേതാക്കളും മേളകളിൽ ഒത്തുചേർന്നു അനുഭവങ്ങൾ പങ്കുവയ്ക്കാരുണ്ട്. സ്വാർത്ഥ ചിന്തകൾ അലിഞ്ഞില്ലാതായി സർവോദയം എന്ന പൊതു മനസ്സ് രൂപപ്പെ ടുന്ന വേളകൾ ആയിരുന്നു സർവോദയ മേളകൾ. പരസ്പര സ്നേഹ ത്തിലും സഹകരണത്തിലും അധിഷ്ഠിതമായ സർവോദയ സമൂഹസൃ ഷ്ടിക്ക് സർവോദയ ദിനാചരണവും സർവ്വോദയമേളയും ശക്തിപകരട്ടെ. ■

ഗാന്ധിജിയുടെ
രണ്ടാം കേരള സന്ദർശനത്തിന്റെ ശതാബ്ദി

സ്വാതന്ത്ര്യസമരത്തിന് ആവേശം പകർന്നും സാമൂഹ്യ പരിഷ്കരണ പ്രവർത്തനങ്ങൾക്ക് തിരികൊളുത്തിയും മഹാത്മാഗാന്ധി നടത്തിയ അഞ്ച് കേരള സന്ദർശനങ്ങളിൽ രണ്ടാം സന്ദർശനത്തിന്റെ ശതാബ്ദി വേളയാണിത്. 1920, 1925, 1927, 1934, 1937 എന്നീ വർഷങ്ങളിലായി 43 ദിവസമാണ് ഗാന്ധിജി കേരള മേഖലയിൽ സന്ദർശനം നടത്തിയത്. നിസ്സഹകരണ പ്രസ്ഥാനത്തിന്റെയും ഖിലാഫത്ത് മുന്നേറ്റത്തിത്തിന്റെയും പ്രചരണാർത്ഥം ആണ് 1920 ഓഗസ്റ്റ് 18 ന് ഗാന്ധിജി കോഴിക്കോട് ഏകദിന സന്ദർശനം നടത്തിയത്.

രണ്ടാം സന്ദർശനം 1925 മാർച്ച് എട്ടുമുതൽ 19 വരെ 12 ദിവസം ആയിരുന്നു. വൈക്കം സത്യാഗ്രഹം, ഖാദി പ്രചാരണം, അയിത്തോച്ചാടനം എന്നിവയ്ക്ക് പ്രാധാന്യം നൽകികൊണ്ടുള്ള സന്ദർശനം ആയിരുന്നു അത്. എറണാകുളം പഴയ റെയിൽവേ സ്റ്റേഷനിൽ ട്രെയിൻ ഇറങ്ങിയ ഗാന്ധിജിക്ക് മുനിസിപ്പാലിറ്റിയുടെ വക സ്വീകരണമായിരുന്നു ആദ്യത്തേത്. തുടർന്ന് കടൽത്തീരത്ത് നൽകിയ സ്വീകരണത്തിൽ സാഹസികതയുടെ പ്രാധാന്യത്തെക്കുറിച്ച് ഗാന്ധിജി ഉദ്ബോധിപ്പിച്ചു. തുടർന്ന് കൊച്ചിയിൽനിന്ന് വൈക്കത്ത് എത്തി. രണ്ടു ദിവസം വിവിധ തലങ്ങളിലുള്ള സത്യാഗ്രഹ ശാക്തീകരണ പരിപാടികൾക്ക് നേതൃത്വം നൽകിയ ശേഷം കൊല്ലം, തിരുവനന്തപുരം, നാഗർകോവിൽ വഴി കന്യാകുമാരിയിലെത്തി. വീണ്ടും വൈക്കത്തേക്ക് തിരിച്ചു. വൈക്കത്തു നിന്ന് പറവൂർ വഴി ആലുവ, തൃശൂർ എന്നിവിടങ്ങളിൽ വിവിധ പൊതുയോഗങ്ങളിൽ സംസാരിച്ച ശേഷം മാർച്ച് 18ന് വൈകുന്നേരം പാലക്കാട് ഒലവക്കോടിന് സമീപമുള്ള അകത്തെതറ ശബരി ആശ്രമത്തിൽ എത്തി.പിറ്റേ ദിവസം മദ്രാസ് പ്രവിശ്യയുടെ ഭാഗമായ പോഡന്നൂരിലേക്ക് തിരിച്ചു.

വൈക്കം സത്യാഗ്രഹം

ദേശീയ സ്വാതന്ത്ര്യസമര പ്രസ്ഥാനം ലക്ഷ്യമിടുന്ന സമ്പൂർണ്ണ സ്വാതന്ത്ര്യം അഥവാ സ്വരാജ് കരഗതമാകണമെങ്കിൽ രാജ്യത്തെ ജനങ്ങളിൽ ഐക്യവും സമഭാവനയും സുശക്തമാകണമെന്ന് ഗാന്ധിജി തുടർച്ചയായി ഓർമ്മപ്പെടുത്തിക്കൊണ്ടിരുന്നു. ഗാന്ധിജി തിരുനൽവേലിയിൽ സന്ദർശനം നടത്തിക്കൊണ്ടിരിക്കുമ്പോഴാണ് സജീവ സാമൂഹ്യപ്രവർത്തകനായ ടി. കെ. മാധവൻ ഗാന്ധിജിയെ നേരിൽ കണ്ട് തിരുവിതാംകൂർ കൊച്ചി മേഖലയിൽ നടമാടുന്ന അയിത്തം എന്ന ദുരാചാരത്തിന്റെ തീവ്രതയെക്കുറിച്ച് ഗാന്ധിജിയുടെ ശ്രദ്ധ ക്ഷണിച്ചത്.

തുടർന്ന് നടന്ന സംയുക്ത പ്രവർത്തനങ്ങളുടെ ഭാഗമായി 1923 കാക്കിനടയിൽ ചേർന്ന കോൺഗ്രസ് വാർഷിക സമ്മേളനം അയിത്തോച്ചാടനം ദേശീയ സ്വാതന്ത്ര്യ പ്രസ്ഥാനത്തിന്റെ മുഖ്യ പരിപാടിയായി പ്രഖ്യാപിച്ചു. ഈ പ്രവർത്തനങ്ങൾക്കായി കെ.പി.സി.സി.യുടെ ഭാഗമായി പ്രത്യേക സമിതി രൂപീകരിച്ചു. ടി. കെ. മാധവൻ, മന്നത്ത് പത്മനാഭൻ കെ. കേളപ്പൻ, ടി.ആർ. കൃഷ്ണസ്വാമി അയ്യർ കെ.പി. കേശവമേനോൻ, കുറൂർ നീലകണ്ഠൻ നമ്പൂതിരിപ്പാട് തുടങ്ങിയവർ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. 1924 മാർച്ച് 30ന് വൈക്കം സത്യാഗ്രഹം ആരംഭിച്ചു. 20 മാസക്കാലം (603 ദിവസം) ഇത് തുടർന്നു. സത്യാഗ്രഹത്തെക്കുറിച്ച് സൂക്ഷ്മതല നിരീക്ഷണവും വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങളും ഗാന്ധിജി നൽകിക്കൊണ്ടിരുന്നു. സത്യാഗ്രഹം ഒരു വർഷം പിന്നിടുന്ന വേളയിൽ ആണ് 1925 മാർച്ച് മാസത്തിൽ ഗാന്ധിജിയുടെ രണ്ടാം കേരള സന്ദർശനം.

സത്യാഗ്രഹത്തിന് വ്യക്തമായ ദിശാബോധം നിർണ്ണയിച്ച് ലക്ഷ്യത്തിലെത്തിക്കാനുള്ള ബഹുജന പിന്തുണ ആർജിക്കുക എന്നതായിരുന്നു മുഖ്യമായ സന്ദർശനോദ്ദേശം. ഖാദി പ്രചാരണവും മറ്റൊരു മുഖ്യ വിഷയം ആയിരുന്നു.

ശാങ്കര സ്മൃതി എന്ന കെട്ടുകഥ

അയിത്താചരണം, തൊട്ടുകൂടായ്മ തുടങ്ങിയ സാമൂഹ്യ അനാചാരങ്ങൾക്ക് വൈദിക ഗ്രന്ഥങ്ങളുടെ പിൻബലം ഉണ്ട് എന്നായിരുന്നു അന്നത്തെ യാഥാസ്ഥിതികരുടെ നിലപാട്. ഇതിന് നേതൃത്വം നൽകുന്ന ഇണ്ടംതുരുത്തി നമ്പൂതിരിയുമായും മറ്റ് യാഥാസ്ഥിതിക നേതൃത്വവുമായും മാർച്ച് 10 ,17 തീയതികളിൽ ഗാന്ധിജി ചർച്ച നടത്തി. ശങ്കരാചാര്യർ രചിച്ചു എന്ന് പറയപ്പെടുന്ന ശാങ്കരസ്മൃതി എന്ന ഗ്രന്ഥത്തിന്റെ പേരാണ് അയിത്താചാരത്തിന് പിൻബലമായി യാഥാസ്ഥിതികർ പറഞ്ഞുകൊണ്ടി

രുന്നത്. പ്രസ്തുത ഗ്രന്ഥത്തിന്റെ ഒരു കോപ്പി തനിക്ക് നൽകണമെന്ന് ഗാന്ധിജിയുടെ അഭ്യർത്ഥന അവർ ചെവിക്കൊണ്ടില്ല. മാർച്ച് പത്തിന് നടന്ന ചർച്ചയിൽ 3 നിർദ്ദേശങ്ങൾ ഗാന്ധിജി മുന്നോട്ടുവെച്ചു.

1. അയിത്താചാരം സംബന്ധിച്ച് സവർണ്ണ ഹിന്ദുക്കളിൽ ഒരു ഹിത പരിശോധന നടത്തുക.

2. ശാങ്കര സ്മൃതികളുടെ ആധികാരികതയെ സംബന്ധിച്ച് വിദഗ്ധ പഠനം.

3. തിരുവിതാംകൂർ ദിവാൻ മധ്യസ്ഥൻ ആയുള്ള ഒരു ചർച്ച ഈ മൂന്ന് നിർദ്ദേശങ്ങളോടും യാഥാസ്ഥിതികർ വിയോജിച്ചു.

കേരള സന്ദർശനത്തിന്റെ ഭാഗമായി തിരുവനന്തപുരത്തും കന്യാകുമാരിയിലും പോയി തിരിച്ചുവരുമ്പോൾ ശങ്കരസ്മൃതി കളുടെ സ്മൃതിയുടെ ഒരു കോപ്പി തനിക്ക് നൽകണമെന്ന് ഗാന്ധിജി നിർദേശിച്ചിരുന്നു. ഇപ്രകാരമാണ് മാർച്ച് 17ന് വീണ്ടും യാഥാസ്ഥിതികരുമായി ചർച്ച നടന്നത്.

ഗാന്ധിജിയോടൊപ്പം ഉണ്ടായിരുന്ന ശ്രീ. സി. രാജഗോപാലാചാരി (രാജാജി) വേദോപനിഷത്തുകളും ശാങ്കര കൃതികളും ആധികാരികമായി പഠിച്ച വ്യക്തിയായിരുന്നു. ഒറ്റ നോട്ടത്തിൽ തന്നെ ശാങ്കരസ്മൃതി എന്ന ഗ്രന്ഥം ശ്രീശങ്കരാചാര്യനാൽ രചിക്കപ്പെട്ടത് അല്ല എന്ന് വ്യക്തമായി. ശങ്കരാചാര്യരുടെ രചനകളുടെ സൗകുമാര്യതയും അഗാധതയും പ്രസ്തുത ഗ്രന്ഥത്തിന് ഇല്ല എന്ന് ബോധ്യപ്പെട്ടു. ഇക്കാര്യം ചൂണ്ടിക്കാണിച്ചപ്പോൾ യുക്തിഭദ്രവും സത്യസന്ധവുമായ ഒരു മറുപടിയും യാഥാസ്ഥിതികരുടെ ഭാഗത്തുനിന്ന് ഉണ്ടായില്ല. ശങ്കരാചാര്യരെ കുറിച്ചും വൈദിക ഗ്രന്ഥങ്ങളെ കുറിച്ചും യാഥാസ്ഥിതികർ നടത്തിക്കൊണ്ടിരുന്ന ദുഷ്പ്രചരണത്തെ തുറന്നുകാണിക്കാൻ ഈ സന്ദർശനം കൊണ്ട് ഗാന്ധിജിക്ക് സാധിച്ചു.

ശ്രീനാരായണഗുരുവുമായുള്ള സമാഗമം

വൈക്കം സത്യാഗ്രഹത്തിന്റെ രീതീശാസ്ത്രത്തെക്കുറിച്ച് ശ്രീനാരായണ ഗുരുവിന് അഭിപ്രായവ്യത്യാസങ്ങളുണ്ട് എന്ന അസത്യ പ്രചാരണം നടന്നുകൊണ്ടിരിക്കുന്ന വേളയിലാണ് 1925 മാർച്ച് 12-ന് ഗാന്ധിജി വർക്കലയിൽ എത്തി ശ്രീനാരായണഗുരുവിനെ സന്ദർശിക്കുന്നത്. അന്ന് സമൂഹത്തിൽ പ്രചരിച്ചുകൊണ്ടിരുന്ന പല കാര്യങ്ങളും ശ്രീനാരായണഗുരുദേവന്റെ വാക്കുകളിലൂടെ തന്നെ സമൂഹത്തെ ബോധ്യപ്പെടുത്തുക എന്ന ദൗത്യമാണ് സമാഗമത്തിലൂടെ ഗാന്ധിജി നിർവഹിച്ചത്. ശിവഗിരികുന്നിന്റെ താഴ്വാരത്ത് ഉള്ള എ.കെ. ഗോവിന്ദൻ എന്നാ ശ്രീനാരായണഭക്തന്റെ ഭവനത്തിൽ (വനജാക്ഷി മന്ദിരം) വെച്ചായിരുന്നു കൂടിക്കാഴ്ച.

വൈക്കം സത്യാഗ്രഹം നല്ല രീതിയിൽ തന്നെയാണ് പോകുന്നതെന്നും സമാധാന മാർഗമാണ് വേണ്ടതെന്നും ബലപ്രയോഗം ആവശ്യമില്ല എന്നും അയിത്താചരണത്തിൽ യുക്തിയില്ല എന്നും ഗുരുദേവൻ വ്യക്ത മാക്കി. ബാഹ്യമായ വ്യത്യാസങ്ങളുണ്ടെങ്കിലും എല്ലാ മനുഷ്യരുടെയും ഉള്ളിൽ കുടികൊള്ളുന്ന ഉണ്മ (സത്ത) ഒന്നുതന്നെയാണ് എന്ന് ഗുരു ദേവൻ വിശദീകരിച്ചു. ഖാദി പ്രചരണവും ചർച്ചയായി. തന്റെ ശിഷ്യന്മാ രെല്ലാം ഖാദി ധരിക്കണമെന്നും ചർക്കയെയും നെയ്ത്തിനേയും പ്രോത്സാഹിപ്പിക്കണമെന്നും ഗുരു നിർദ്ദേശിച്ചു.

അയിത്തോച്ചാടനം

സ്വരാജിലേക്കുള്ള പാതയിൽ അയിത്തോച്ചാടനം അനിവാര്യമാണ്. എല്ലാ ക്ഷേത്രങ്ങളിലും എല്ലാ വിഭാഗം ഹിന്ദുക്കൾക്കും പ്രവേശനം നൽ കലും സുപ്രധാന കാര്യമായി ഗാന്ധിജി നിരീക്ഷിച്ചു. ഭരണാധികാരി കളുടെ അനുകൂല മനസ്സും നിയമത്തിന്റെ പിന്തുണയും ജനകീയ സാമൂഹ്യ സമ്മർദവും ഇതിന് ആവശ്യമാണെന്ന് ഗാന്ധിജി വ്യക്തമാക്കി. ഇതി നായി തിരുവിതാംകൂർ റീജൻറ് റാണി സേതുലക്ഷ്മി ഭായിയെ സന്ദർശിച്ച് ചർച്ച നടത്തിയിരുന്നു. തിരുവിതാംകൂർ ദിവാനുമായി സംസാരിച്ചു.

അന്ന് ബാലനായിരുന്ന ശ്രീ ചിത്തിരതിരുനാൾ രാജാവിനെയും കാര്യങ്ങൾ ബോധ്യപ്പെടുത്തി. പ്രായപൂർത്തിയായി രാജാധികാരം ഏറ്റെടു ക്കുമ്പോൾ ക്ഷേത്രപ്രവേശനത്തിന് അനുകൂലമായ നിലപാട് സ്വീകരി ക്കുമെന്ന് ആ ബാലനായ രാജാവ് ഗാന്ധിജിക്ക് ഉറപ്പുനൽകി. 1931 അദ്ദേഹം അധികാരമേറ്റു. 1936 നവംബർ 12ന് ക്ഷേത്രപ്രവേശന വിളംബരം ഉണ്ടായി.

അയിത്തത്തിനെതിരെ ശക്തമായ നിലപാട് സ്വീകരിച്ചുകൊണ്ടും ഖാദിക്ക് പ്രചാരണം നൽകിക്കൊണ്ടും കൊച്ചി രാജ്യത്ത് എത്തിയ ഗാന്ധിജി തൃശൂരിൽ വച്ച് ഇപ്രകാരം പറഞ്ഞു, "ഈ മനോഹരമായ പ്രദേശത്തെ കളങ്കപങ്കിലം ആക്കുന്ന തൊട്ടുകൂടായ്മ, തീണ്ടികൂടായ്മ എന്നീ രണ്ട് ശാപങ്ങൾക്ക് പുറമേ കണ്ടുകൂട്ടായ്മ എന്ന ശാപവും ഇവിടെ ഉണ്ട്. ഇവയൊന്നും ഹിന്ദു മതത്തിന്റെ ഭാഗമല്ലെന്നും ഞാൻ മനസ്സിലാ ക്കുന്നു."

തൃശ്ശൂരിലെ തേക്കിൻകാട്ടിൽ മണികണ്ഠനാലിന് സമീപം പതിനായിര ക്കണക്കിന് വരുന്ന ജനങ്ങളെ അദ്ദേഹം അഭിസംബോധന ചെയ്തു. സ്ഥാനമൊഴിഞ്ഞ രാജാവ് രാമവർമ്മയെ സന്ദർശിച്ച് ഇക്കാര്യങ്ങൾ ചർച്ച ചെയ്തു. അദ്ദേഹത്തിന്റെ പത്നി പാറുക്കുട്ടി നേത്യാരമ്മയാണ് കൊച്ചി രാജ്യത്തെ ഭരണകാര്യങ്ങൾ നിർവഹിച്ചിരുന്നത്. സ്ഥലത്ത് ഇല്ലാതിരു ന്നതിനാൽ ഈ സന്ദർശനവേളയിൽ കാണാൻ സാധിച്ചില്ല. 1927ലെ

സന്ദർശനവേളയിൽ ഗാന്ധിജിയെ കൊച്ചി രാജ്യത്തിന്റെ ഔദ്യോഗിക അതിഥിയായി സ്വീകരിച്ചു. ദേശീയ പ്രസ്ഥാനത്തോടും ഗാന്ധിജിയോടും ഏറെ മമത ഉണ്ടായിരുന്ന പാറുക്കുട്ടി നേത്യാരമ്മ സ്വന്തമായി നൂറ്റി ഖാദി വസ്ത്രം ധരിച്ചുമാണ് ഗാന്ധിജിയുമായി ചർച്ച നടത്തിയത്.

കൊച്ചിയിലും തിരുവിതാംകൂറിലും ദേശീയ സ്വാതന്ത്ര്യ പ്രസ്ഥാന ത്തെയും സാമൂഹ്യപരിഷ്കരണ പ്രക്രിയയെയും സക്രിയവും സചേതന വുമാക്കാൻ ഗാന്ധിജിയുടെ സന്ദർശനത്തിന് സാധിച്ചു. ■

മഹാത്മാഗാന്ധിയുടെ പ്രഥമ തൃശ്ശൂർ സന്ദർശനത്തിന്റെ നൂറാം വാർഷികം

ദേശീയ സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിന്റെ പ്രചരണാർത്ഥം കേരള മേഖലയിൽ അഞ്ചുതവണ പര്യടനം നടത്തിയ മഹാത്മാഗാന്ധി തൃശ്ശൂരിൽ മൂന്നു തവണ വിവിധ ഇടങ്ങൾ സന്ദർശിച്ചു. 1920, 1925, 1927, 1934, 1937 എന്നീ വർഷങ്ങളിലാണ് മഹാത്മാഗാന്ധി കേരള പര്യടനം നടത്തിയത്. ഇതിൽ 1925, 1927, 1934, എന്നീ വർഷങ്ങളിൽ ഗാന്ധിജി തൃശൂരിലെത്തി. 1925 മാർച്ച് 18 നാണ് തൃശൂരിൽ ആദ്യമായി എത്തിയത്. അതിന്റെ നൂറാം വാർഷിക ദിനമാണ് 2025 മാർച്ച് 18ന്.

1925 തൃശ്ശൂരിൽ എത്തിയ ഗാന്ധിജിക്ക് ദേശീയ പ്രസ്ഥാനത്തിന്റെ നേതാക്കൾ, തൃശ്ശൂർ മുൻസിപ്പാലിറ്റി, യോഗക്ഷേമസഭ, വിദ്യാർഥികൾ എന്നിവർ ചേർന്നാണ് സ്വീകരണം ഒരുക്കിയത്. വടക്കുംനാഥ ക്ഷേത്രത്തിനടുത്തുള്ള മണികണ്ഠനാലിനു സമീപമായിരുന്നു സ്വീകരണയോഗം നടന്നത്. പതിനായിരക്കണക്കിനാളുകൾ പങ്കെടുത്ത പൊതുയോഗത്തിനു ശേഷം ഗാന്ധിജി, കൊച്ചിയിലെ രാജാവ് രാജർഷി രാമവർമ്മയെ സന്ദർശിച്ച് സാമൂഹ്യകാര്യങ്ങൾ ചർച്ചചെയ്തു. തുടർന്ന് പാലക്കാട്ടേക്ക് പോകുന്ന വഴി തൃശ്ശൂർ നഗരാതിർത്തിയിൽ വച്ച് ഹരിജനങ്ങൾ ഗാന്ധിജിക്ക് ആവേശപൂർവ്വമായ സ്വീകരണം നൽകി. കേരളത്തിന്റെ സാമൂഹ്യ പരിഷ്കരണ മുന്നേറ്റത്തിൽ സുപ്രധാന അദ്ധ്യായമായ വൈക്കം സത്യാഗ്രഹം, അയിത്തോച്ചാടനം, ഖാദി പ്രചരണം എന്നീ 3 പ്രധാന കാര്യങ്ങൾക്കാണ് പ്രസ്തുത സന്ദർശനത്തിൽ ഗാന്ധിജി മുൻഗണന നൽകിയിരുന്നത്.

1927 ഒക്ടോബർ 14ന് ഗാന്ധിജി തൃശൂരിലെത്തി. ബഥേൽ ആശ്രമം വക നെയ്ത്ത് സ്കൂൾ, സെന്റ് തോമസ് കോളേജ് എന്നിവ സന്ദർശിച്ച് ഗസ്റ്റ് ഹൗസിൽ താമസിച്ചു. ഒക്ടോബർ 15ന് വിവേകോദയം സ്കൂൾ

ഉൾപ്പെടെയുള്ള ചില വിദ്യാലയങ്ങളിൽ സന്ദർശനം നടത്തി. തൃശ്ശൂർ തേക്കിൻകാട് മൈതാനിയിൽ പൊതുസമ്മേളനത്തിൽ അഭിസംബോധന ചെയ്തു. തുടർന്ന് പാലക്കാട് ശബരി ആശ്രമത്തിലേക്ക് പോയി.

ഗാന്ധിജിയുടെ മൂന്നാമത്തെ തൃശ്ശൂർ സന്ദർശനം 1934ൽ ആയിരുന്നു. ജനുവരി 11ന് ഗുരുവായൂർ കുന്നംകുളം എിവിടങ്ങളിൽ പ്രസംഗിച്ചു. കസ്തൂർബ ഗാന്ധിയും ഗാന്ധിജിയും വളരെ ശ്രദ്ധാപൂർവ്വം നിരീക്ഷിക്കുകയും പിന്തുണ നൽകുകയും ചെയ്ത ഗുരുവായൂർ സത്യാഗ്രഹത്തിന് ശേഷമായിരുന്നു പ്രസ്തുത സന്ദർശനം. ജനുവരി 16ന് ഗാന്ധിജി വീണ്ടും തൃശ്ശൂരിലെ പുറനാട്ടുകരയിലുള്ള ശ്രീരാമകൃഷ്ണ ഗുരുകുലത്തിൽ എത്തി അവിടെ താമസിച്ചു. ജനുവരി 17ന് തൃശ്ശൂരിലേക്ക് വരുന്നതിനിടെ ഒളരി (പുല്ലഴി) അരണാട്ടുകര (ലാലൂർ) എന്നിവിടങ്ങളിൽ ഹരിജനങ്ങൾ തിങ്ങിപ്പാർക്കുന്ന മേഖലകളിൽ സന്ദർശനം നടത്തി.

അവരുടെ ആഗ്രഹപ്രകാരം അവർക്ക് പ്രാർത്ഥിക്കാനായി സുബ്രഹ്മണ്യസ്വാമിയുടെ ഒരു ചിത്രം പ്രതിഷ്ഠിക്കുകയും ചെയ്തു. തുടർന്ന് തൃശ്ശൂർ മണികണ്ഠനാൽ പരിസരത്ത് നടന്ന വമ്പിച്ച പൊതുയോഗത്തിനു ശേഷം കൂർക്കഞ്ചേരി ഇരിഞ്ഞാലക്കുട ചാലക്കുടി എന്നീ പ്രദേശങ്ങളിലും ദേശീയ പ്രസ്ഥാനത്തിന്റെ പ്രചരണാർത്ഥം ഗാന്ധിജി ജനങ്ങളെ അഭിസംബോധന ചെയ്തിരുന്നു.

പ്രഥമ സന്ദർശനത്തിന്റെ ശതാബ്ദിയിൽ അർഥപൂർണമായ പരിപാടികളുമായി സർവ്വോദയ – ഗാന്ധിമാർഗ്ഗ സംഘടനകൾ

ഗാന്ധിജിയുടെ പ്രഥമ തൃശ്ശൂർ സന്ദർശനത്തിന്റെ 99–ാം വാർഷിക ദിനം ആയിരുന്ന 2024ൽ മാർച്ച് പതിനെട്ടിന് സർവ്വോദയ – ഗാന്ധിമാർഗ പ്രവർത്തകർ തേക്കിൻകാട് മൈതാനിയിൽ സംഗമിച്ചിരുന്നു. വരും വർഷത്തെ ശതാബ്ദി ആഘോഷ പരിപാടികളെക്കുറിച്ച് പ്രസ്തുത യോഗത്തിൽ പ്രഖ്യാപനമുണ്ടായി. ഇതു പ്രകാരം തൃശ്ശൂർ ജില്ലയിലെ 100 ഗ്രന്ഥശാലകൾക്ക് സർവോദയ ഗ്രന്ഥങ്ങൾ സമ്മാനിച്ചു. 100 പ്രഭാഷണങ്ങൾ നടന്നു. വിദ്യാലയങ്ങളിൽ ശതാബ്ദിയെക്കുറിച്ച് ചർച്ചയും ചരിത്രാന്വേഷണ പ്രവർത്തനങ്ങളും നടന്നു. ശതാബ്ദി ദിനമായ 2025 മാർച്ച് 18ന് ചൊവ്വാഴ്ച രാവിലെ 9 മണി മുതൽ 10 മണി വരെയുള്ള സമയത്ത് തൃശൂർ വടക്കുംനാഥ ക്ഷേത്രമൈതാനിയിൽ ശതാബ്ദി സംഗമം നടക്കുന്നു. പ്രാർത്ഥനായോഗവും ഉണ്ടാകും. തൃശ്ശൂർ ജില്ലയിൽ ഗാന്ധിജി സന്ദർശിച്ച സ്ഥാപനങ്ങളിലെ പ്രതിനിധികളും പ്രസ്തുത യോഗത്തിൽ പങ്കെടുത്തു. സർവ്വോദയമണ്ഡലം, ഗാന്ധി പീസ് ഫൗണ്ടേഷൻ, സർവ്വോദയ ദർശൻ എന്നീ സംഘടനകളാണ് നേതൃത്വം നൽകിയത്. ■

ഗാന്ധിജി നിർദ്ദേശിച്ച ജനാധിപത്യരീതി

ഭാരതത്തിലെ തെരഞ്ഞെടുപ്പ് സമ്പ്രദായത്തെക്കുറിച്ച് രണ്ടു തരത്തിലുള്ള ചർച്ചകളും വിവാദങ്ങളും ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നു. ലോകസഭ നിയോജകമണ്ഡലം പുനർ നിർണയത്തെ സംബന്ധിച്ചാണ് ഒരു വിവാദം. ഇനിയൊരു 50 വർഷത്തേക്ക് ലോകസഭ നിയോജകമണ്ഡലങ്ങൾ പുനർനിർണയം നടത്തരുത് എന്നാണ് കഴിഞ്ഞദിവസം തമിഴ്നാട്ടിൽ ചേർന്ന ഏതാനും രാഷ്ട്രീയ കക്ഷികളുടെയും മുഖ്യമന്ത്രിമാരുടെയും യോഗം ആവശ്യപ്പെട്ടത്.

തമിഴ്നാട് മുഖ്യമന്ത്രി എം.കെ.സ്റ്റാലിൻ ആണ് ഇത്തരമൊരു സമ്മേളനത്തിന് മുൻകൈയെടുത്തത്. കുടുംബക്ഷേമ പ്രവർത്തനങ്ങളുടെ ഭാഗമായി തമിഴ്നാടും കേരളവും ഉൾപ്പെടെയുള്ള ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾ കഴിഞ്ഞ കുറേ കാലമായി ജനസംഖ്യാ വർധനവിൽ പിറകോട്ടാണ്. അതേസമയം ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ ജനസംഖ്യാ വർദ്ധനവ് വളരെ കൂടുതലാണ്. ഇപ്രകാരമുള്ള സാഹചര്യത്തിൽ ജനസംഖ്യയുടെ അടിസ്ഥാനത്തിൽ ലോകസഭാ മണ്ഡലം പുനർനിർണ്ണയം നടത്തുകയാണെങ്കിൽ ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ ആയിരിക്കും കൂടുതൽ മണ്ഡലങ്ങൾ ഉണ്ടാകുക. കഴിഞ്ഞദിവസം തമിഴ്നാട്ടിൽ ഒത്തുചേർന്ന് മുഖ്യമന്ത്രിമാരുടെയും രാഷ്ട്രീയനേതാക്കളുടെയും പാർട്ടികൾക്ക് ഉത്തരേന്ത്യയിൽ താരതമ്യേന സ്വാധീനം കുറവാണ്.

അതുകൊണ്ടായിരിക്കാം അടുത്ത ഒരു 50 വർഷത്തേക്ക് മണ്ഡല പുനർനിർണയം ആവശ്യമില്ല എന്ന് അവർ അഭിപ്രായപ്പെടുന്നത് എന്ന വിമർശനവും ഉയർന്നുവന്നു.

ഒരു രാജ്യം ഒരു തെരഞ്ഞെടുപ്പ്

കേന്ദ്രം ഭരിക്കുന്ന പാർട്ടിയും കേന്ദ്ര ഗവൺമെന്റിന്റെ സാരഥികളും മറ്റൊരു ചർച്ചകൾക്കും നേതൃത്വം നൽകുകയാണ്. ഒരു രാജ്യം ഒരു തെരഞ്ഞെടുപ്പ്

എന്ന ആശയം ആണ് അവർ മുന്നോട്ട് വെക്കുന്നത്. വിസ്തൃതമായ ഭാരതത്തിൽ ഏതെങ്കിലും ഒരു സംസ്ഥാനത്തും പ്രദേശത്തും എപ്പോഴും പൊതുതെരഞ്ഞെടുപ്പ് അല്ലെങ്കിൽ ഉപതെരഞ്ഞെടുപ്പ് നടന്നുകൊണ്ടിരിക്കുന്നുണ്ട്. അതുകൊണ്ട് തെരഞ്ഞെടുപ്പ് പെരുമാറ്റ ചട്ടങ്ങൾ പ്രസ്തുത മേഖലയിൽ ഉണ്ടാകാറുണ്ട്.

ഇത്തരത്തിലുള്ള പെരുമാറ്റ ചട്ടങ്ങൾ മൂലം വികസന പ്രവർത്തനങ്ങൾ പലപ്പോഴും തടസ്സപ്പെടുകയും കാലവിളംബം സംഭവിക്കുകയും ചെയ്യുന്നു. മാത്രമല്ല, ഗ്രാമപഞ്ചായത്ത് മുതൽ പാർലമെൻറ് വരെയുള്ള തെരഞ്ഞെടുപ്പുകൾക്ക് ആയി കോടിക്കണക്കിന് രൂപയാണ് ചെലവഴിച്ചു കൊണ്ടിരിക്കുന്നത്. ജനങ്ങളുടെ പൊതു നന്മയ്ക്കുവേണ്ടി ഉപയോഗപ്പെടുത്താവുന്ന പണമാണ് അമിതമായി ഇപ്രകാരം ചെലവഴിക്കപ്പെടുന്നത്. ഈയൊരു കാലവിളംബവും അമിത ചെലവും ഇല്ലാതാക്കാൻ രാജ്യത്ത് ഒരേസമയം ഒരു തെരഞ്ഞെടുപ്പ് നടത്തുക എന്നതാണ് അവരുടെ നിർദ്ദേശം.

ഗ്രാമപഞ്ചായത്തിലെ വാർഡ് മെമ്പർ, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ, ജില്ലാ പഞ്ചായത്ത് മെമ്പർ, നിയമസഭ അംഗം, പാർലമെന്റ് അംഗം എന്നിങ്ങനെ 5 വിധത്തിലുള്ള പ്രതിനിധികളെ ഒരേസമയം തെരഞ്ഞെടുക്കാം എന്നാണ് ഒരു രാജ്യം ഒരു തെരഞ്ഞെടുപ്പ് എന്ന് നിർദേശത്തെലൂടെ കേന്ദ്രം ഭരിക്കുന്ന പാർട്ടി മുന്നോട്ടുവെക്കുന്ന ഉപായം. ആദ്യഘട്ടത്തിൽ ത്രിതല പഞ്ചായത്തുകളിൽ ലേക്കുള്ള തെരഞ്ഞെടുപ്പ് രാജ്യത്ത് മുഴുവൻ ഒരേ സമയത്ത് നടത്തുക; പിന്നീട് നിയമസഭയിലേക്കും പാർലമെന്റിലേക്ക് ഉള്ള തെരഞ്ഞെടുപ്പ് രാജ്യത്ത് മുഴുവൻ ഒരേ സമയത്ത് നടത്തുക. ഇപ്രകാരം രണ്ട് ഘട്ടങ്ങളിലായി തെരഞ്ഞെടുപ്പ് പ്രക്രിയയെ ആദ്യഘട്ടത്തിൽ ക്രമീകരിക്കുക. പിന്നീട് ഇവയെല്ലാംകൂടി ഒരുമിച്ച് ഒറ്റ തെരഞ്ഞെടുപ്പ് ആയി മാറ്റാം എന്നാ നിർദ്ദേശമാണ് ഉണ്ടായിരിക്കുന്നത്.

വാസ്തവത്തിൽ ഒരു വോട്ടർ പോളിംഗ് ബൂത്തിൽ ചെന്ന് ഗ്രാമപഞ്ചായത്ത് മെമ്പർ മുതൽ പാർലമെന്റ് അംഗം വരെയുള്ള 5 സ്ഥാനങ്ങളിലേക്ക് 5 വ്യക്തികളെ തെരഞ്ഞെടുക്കുക എന്നതികച്ചും സങ്കീർണ്ണമായ ഒരു പ്രക്രിയയാണ് ഇതുമൂലം ഉണ്ടാകുക. സാധാരണ ഒരു വോട്ടറെ സംബന്ധിച്ചെടുത്തോളം ഇത്തരം അഞ്ച് സ്ഥാനാർഥികളെ ഓർമ്മവെച്ച് പോളിംഗ് ബൂത്തിൽ ഓരോരുത്തരേയും പ്രത്യേകം പരിഗണിച്ച് വോട്ട് ചെയ്യുക എന്നത് തികച്ചും ശ്രമകരമായിരിക്കും.

അതുകൊണ്ടുതന്നെ ഇപ്പോൾ സഹകരണസംഘം തെരഞ്ഞെടുപ്പുകളിലും മറ്റും നടക്കുന്ന വിധം ഓരോ പാനലുകളുടെ ഒരു പട്ടിക കൊണ്ടുപോയി നമ്പറോ പേരോ നോക്കി യാന്ത്രികമായി വോട്ട് കുത്തുന്ന ഒരു

രീതിയിലേക്ക് തെരഞ്ഞെടുപ്പ് പ്രക്രിയ അധപതിക്കുകയാണ് ഉണ്ടാവുക. ഒരു രാജ്യം അഞ്ച് തെരഞ്ഞെടുപ്പ് എന്ന ഇത്തരത്തിലുള്ള പ്രക്രിയ കൊണ്ട് ഇന്ത്യയിലെ ജനാധിപത്യക്രമം ശുദ്ധീകരിക്കപ്പെടും എന്ന് പ്രതീക്ഷിക്കാനാവില്ല. ഇപ്പോൾ ഉള്ളതിനേക്കാൾ കൂടുതൽ രാഷ്ട്രീയ പാർട്ടികളുടെ സമ്മർദങ്ങൾ ഉണ്ടാകുകയും വോട്ടർക്ക് സ്വതന്ത്രമായ മനസ്സോടു കൂടി വോട്ട് ചെയ്യാൻ സാധിക്കാതെവരികയും ചെയ്യും.

ഗാന്ധിജി നിർദ്ദേശിച്ച രീതിയാണ് പരിഹാരം

ഗാന്ധിജി നിർദ്ദേശിച്ച ജനാധിപത്യപ്രക്രിയയിൽ കക്ഷിരാഷ്ട്രീയത്തിന്റെ ആവശ്യമില്ല കക്ഷി രഹിതമായ ഒരു ജനാധിപത്യ രീതിയാണ് അദ്ദേഹം നിർദ്ദേശിക്കുന്നത്. ഓരോ പ്രദേശത്തും ഉള്ള 75 മുതൽ നൂറു വരെയുള്ള വീടുകളിലെ പ്രായപൂർത്തിയായ വോട്ടർമാർ ആ പ്രദേശത്തുതന്നെ ഒരിടത്ത് സമ്മേളിക്കുക.കൂടിയാൽ 200 – 250 ആളുകളാണ് ഇത്തരം ഒരു യോഗത്തിൽ ഉണ്ടാക്കുക. ഈ യോഗത്തിൽ നിന്ന് അവരുടെ പ്രദേശത്തുനിന്ന് (അയൽക്കൂട്ടത്തിൽ നിന്ന്) ഒരാളെ പ്രതിനിധിയായി തെരഞ്ഞെടുക്കുക.

സാധാരണ നമ്മുടെ നാട്ടിൽ അയൽക്കൂട്ട യോഗങ്ങൾ നടക്കുന്നതു പോലെ; കുടുംബ സമ്മേളനങ്ങൾ നടക്കുന്നത് പോലെയുള്ള ഒരു യോഗം. ഒരാൾക്ക് പേര് നിർദേശിക്കാം മറ്റുള്ളവർക്ക് അതിനെ അനുകൂലിക്കുകയോ പ്രതികരിക്കുകയോ ചെയ്യാം. പരമാവധി പൊതു സമ്മത പ്രകാരം ഒരു പ്രതിനിധിയെ അവരിൽ നിന്നും തെരഞ്ഞെടുക്കാൻ സാധിക്കും. സാധാരണഗതിയിൽ ബാലറ്റ് പേപ്പർ വോട്ടിംഗ് മിഷൻ ഇവ ഒന്നും തന്നെ ആവശ്യമായി വരുന്നില്ല. ഈ പ്രക്രിയയെ ശരിയായി രേഖപ്പെടുത്താനുള്ള ഒരു ഉദ്യോഗസ്ഥന്റെ സാന്നിധ്യം മാത്രം മതി. ഇതിനായി വൻതോതിൽ പണം ഒഴുക്കിക്കൊണ്ടുള്ള പ്രചാരണമോ മദ്യം ഒഴുക്കലോ, ജാതി മതപ്രീണനമോ ഒന്നും തന്നെ നടത്തേണ്ടതില്ല.

75 കുടുംബങ്ങളിൽ ഉള്ളവർ ഒരുമിച്ച് ചേർന്ന് അതിൽ നിന്നും ഒരു വ്യക്തിയെ അവരുടെ അയൽക്കൂട്ട പ്രതിനിധിയായി എടുക്കുന്നു. ഇന്ന് നാം കാണുന്ന ഒരു പഞ്ചായത്ത് വാർഡിൽ അഥവാ മുൻസിപ്പൽ/കോർപ്പറേഷൻ ഡിവിഷനിൽ ഇപ്രകാരം 10 – 15 അയൽക്കൂട്ടങ്ങൾ ആയി തിരിക്കാം. അതായത്, ഒരു വാർഡിൽ അഥവാ ഒരു ഡിവിഷനിൽ പത്തോ പതിനഞ്ചോ അയൽക്കൂട്ട പ്രതിനിധികൾ നേരിട്ട് തിരഞ്ഞെടുക്കപ്പെടുന്നു. ഇപ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികൾ വാർഡിൽ തന്നെ ഒരു സ്ഥലത്ത് ഒത്തുകൂടി 15 പേരിൽ നിന്നും ഒരാളെ വാർഡ് മെമ്പർ ആയി

നിശ്ചയിച്ച് ഗ്രാമപഞ്ചായത്തിലേക്ക്/അല്ലെങ്കിൽ കോർപ്പറേഷനിലേക്ക് അഥവാ മുനിസിപ്പാലിറ്റിയിലേക്ക് അയക്കാവുന്നതാണ്. ഇത്തരത്തിൽ വരുന്ന വാർഡ് മെമ്പർമാർ ഗ്രാമപഞ്ചായത്ത് ഓഫീസിലോ മുനിസിപ്പാലിറ്റി ഓഫീസിലോ കോർപറേഷൻ ഓഫീസിൽ ഒത്തുചേർന്ന് പ്രസ്തുത തദ്ദേശസ്വയംഭരണത്തിനുള്ള സംവിധാനം ഉണ്ടാക്കാവുന്നതാണ്. ഈ തദ്ദേശസ്വയംഭരണ മേഖലയിൽ നിന്ന് ഒരാളെ മുകൾ തലത്തിലേക്കുള്ള അതായത് ബ്ലോക്കിലേക്കുള്ള പ്രതിനിധിയെ അയക്കാവുന്നതാണ്.

ഇത്തരത്തിൽ ഗ്രാമപഞ്ചായത്തുകളിൽ നിന്നും വരുന്ന ബ്ലോക്ക് പ്രതിനിധികൾ ഒത്തുചേർന്ന് ഒരു വികസന ബ്ലോക്കിൽ ബ്ലോക്ക് പഞ്ചായത്ത് ഭരണസംവിധാനം രൂപപ്പെടുത്താം. ഓരോ ബ്ലോക്ക് പഞ്ചായത്ത് സമിതികളിൽ നിന്നും ഒരു പ്രതിനിധിയെ ജില്ലാ പഞ്ചായത്തിലേക്ക് പേര് നിർദ്ദേശിക്കാം. ഇത്തരത്തിൽ ഒരു ജില്ലയിലുള്ള 17 – 18 ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും വരുന്ന പ്രതിനിധികൾ ഒത്തുചേർന്ന് ജില്ലാ പഞ്ചായത്തിന് രൂപംകൊടുത്ത കൊടുക്കാം. ജില്ലാ പഞ്ചായത്ത് നിന്ന് സംസ്ഥാന തലത്തിലേക്കും പ്രതിനിധിയെ അയക്കാവുന്നതാണ്. കേരളത്തിലെ ഉദാഹരണം എടുത്താല് 14 ജില്ലാ പഞ്ചായത്തുകളിൽ നിന്നും വരുന്ന പ്രതിനിധികൾ ഒരുമിച്ചു ചേർന്ന് സംസ്ഥാനത്തിന് ഭരണസംവിധാനം രൂപീകരിക്കാവുന്നതാണ്.

ഓരോ സംസ്ഥാനത്തുനിന്നും ഓരോ പ്രതിനിധിയെ അഖിലേന്ത്യാ തലത്തിലേക്കും നിർദ്ദേശിക്കാം. യഥാർത്ഥത്തിൽ ഇതാണ് ഒരു രാജ്യം ഒരു തെരഞ്ഞെടുപ്പ്. തിരഞ്ഞെടുപ്പ് പ്രക്രിയ അയൽക്കൂട്ട തലത്തിൽ മാത്രമാണ് തെരഞ്ഞെടുപ്പ് നടക്കുന്നത് സ്ഥലങ്ങളിലേക്ക് പ്രതിനിധികളെ അയക്കുകയാണ് ചെയ്യുന്നത്.

വികേന്ദ്രീകരണം ഫലപ്രദമായി നടപ്പാക്കണം

ഗാന്ധിജി നിർദ്ദേശിച്ച രീതിയിലുള്ള തിരഞ്ഞെടുപ്പ് സമ്പ്രദായം ആണെങ്കിൽ വൻതോതിലുള്ള പണച്ചെലവ് ആവശ്യമില്ല. കക്ഷി രാഷ്ട്രീയ പാർട്ടികൾ തെരഞ്ഞെടുപ്പിനെ അമിതമായി നിയന്ത്രിക്കുന്നില്ല. അയൽക്കൂട്ടത്തിൽ മാത്രം നടക്കുന്ന ഇത്തരം തെരഞ്ഞെടുപ്പിന്റെ പേരിൽ പണത്തിന്റെ സ്വാധീനമോ ജാതിമത പ്രീണനങ്ങളോ കാര്യമായി സംഭവിക്കുന്നില്ല. തെരഞ്ഞെടുപ്പ് ചെലവും വളരെ കുറവായിരിക്കും.

തെരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികളെ സംബന്ധിച്ച് എന്തെങ്കിലും ഗുരുതരമായ ആക്ഷേപങ്ങൾ ഉണ്ടായാൽ പ്രസ്തുത അയൽക്കൂട്ടത്തിൽ നിന്ന് തന്നെ ആ പ്രതിനിധിയെ തിരിച്ചുവിളിക്കാനുള്ള അവസരവും

ഉണ്ടാകണമെന്ന് ഗാന്ധിജി നിർദ്ദേശിക്കുന്നു. ഇപ്രകാരം തിരിച്ചു വിളിച്ചാൽ തന്നെ ആ അയൽക്കൂട്ടത്തിൽ മാത്രമാണ് തെരഞ്ഞെടുപ്പ് നടക്കുന്നത്. അത് രാജ്യത്തിന്റെയും സംസ്ഥാനത്തെയും പൊതുവായ വികസന പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുന്നില്ല.

ഇത്തരം ഒരു തെരഞ്ഞെടുപ്പ് ഭരണസംവിധാനത്തിൽ പരമാവധി വകുപ്പുകളുടെ ചുമതല ഗ്രാമപഞ്ചായത്തുകൾക്ക് ആയിരിക്കും. മുകൾ തലങ്ങളിലേക്ക് വരുമ്പോൾ ഭരണ വകുപ്പുകളുടെ എണ്ണം വളരെ കുറഞ്ഞു വരുന്നു. അഖിലേന്ത്യാതലത്തിൽ വിദേശകാര്യം പ്രതിരോധം, രാജ്യ സുരക്ഷ ദേശീയ നയങ്ങൾ തുടങ്ങിയ പരിമിതമായ വകുപ്പുകളാണ് കൈകാര്യം ചെയ്യേണ്ടി വരിക. സംസ്ഥാനത്തിനും വകുപ്പുകളുടെ എണ്ണം കുറയും. പത്തോ പതിനൊന്നോ വകുപ്പുകൾ മാത്രമായിരിക്കും സംസ്ഥാനത്തിന് ഉണ്ടാവുക. ഗ്രാമപഞ്ചായത്തുകളിൽ പരമാവധി ഭരണ പ്രക്രിയ നടക്കുന്നു. അതുകൊണ്ടുതന്നെ സംസ്ഥാന – കേന്ദ്ര സർക്കാരുകളിൽ മന്ത്രിമാരുടെ എണ്ണം വളരെ കുറവായിരിക്കും.

സ്വപ്നമല്ല; യാഥാർത്ഥ്യമാണ്

ഗാന്ധിജി നിർദ്ദേശിച്ച രീതിയിലുള്ള ഇത്തരം ഒരു ഭരണ സംവിധാനവും തെരഞ്ഞെടുപ്പ് പ്രക്രിയയും എല്ലാം 1939 ജനുവരി 21 മുതൽ മഹാരാഷ്ട്രയിലെ പൂനെയ്ക്ക് അടുത്തുള്ള ഔന്ദ് (Aundh) എന്ന നാട്ടു രാജ്യത്ത് നടപ്പിൽവരുത്തിയിരുന്നു.

അന്നത്തെ നാട്ടുരാജാവായ ശ്രീനിവാസറാവു പന്ത് തന്റെ രാജ്യത്തെ, ഗാന്ധിജിയുടെ നിർദേശപ്രകാരമുള്ള ഒരു ജനകീയ സംവിധാനത്തിലേക്ക് മാറ്റുകയായിരുന്നു. മഹാത്മാഗാന്ധി നേരിട്ട് നിർദ്ദേശിച്ച ഒരു ഭരണഘടന പ്രകാരം ആണ് നാട്ടുരാജ്യമായ ഔന്ദിൽ പിന്നീട് ജനകീയ ഭരണം നടന്നത്. ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭിച്ച് സംസ്ഥാനങ്ങൾ രൂപീകരിക്കപ്പെടുന്നത് വരെ ഇത്തരത്തിലുള്ള ഒരു ജനകീയ ഭരണസംവിധാനം (കക്ഷിരഹിത ജനാധിപത്യം) ഗാന്ധിയൻ-സർവോദയ ഭരണക്രമം ഈ പ്രദേശത്ത് നിലനിന്നിരുന്നു.

ഈ മാതൃക സ്വതന്ത്രഭാരതത്തിലും തുടരണമെന്ന ഉദ്ദേശം വെച്ചുകൊണ്ടാണ് ഭരണഘടന രൂപീകരണത്തിന് മുമ്പായി 1946ൽ പ്രൊഫ. ശ്രീമൻ നാരായണന് ഒരു ഗ്രന്ഥം തയ്യാറാക്കിയത്. "സ്വതന്ത്ര ഭാരതത്തിന് ഒരു ഗാന്ധിയൻ ഭരണഘടന" എന്നായിരുന്നു ആ പുസ്തകത്തിന്റെ പേര്. ഇതിന്റെ മുഖവുര ഗാന്ധിജിയുടെതായിരുന്നു. പ്രസ്തുത ആ പുസ്തകമോ ഔന്ദ് പ്രവിശ്യയില് നടപ്പാക്കിക്കൊണ്ടിരുന്ന ജനകീയ ഭരണ സംവിധാനമോ മുഖ്യധാരാ ചരിത്രഗ്രന്ഥങ്ങളിൽ ഇടംപിടിച്ചില്ല.

'ഔന്ദ് പരീക്ഷണം' എന്ന പേരിൽ ഇതിനെ പ്രാധാന്യം കുറച്ച് കാണിക്കുകയായിരുന്നു. ഇത്തരം ഒരു ജനകീയ ഭരണം സ്വതന്ത്രഭാരതത്തിൽ ഉണ്ടാകാതിരിക്കാൻ എല്ലാ രാഷ്ട്രീയകക്ഷികളും ഒറ്റക്കെട്ടായി നിന്നു എന്ന് വേണം കരുതാൻ. ഭാരതത്തിലെ ഏതെങ്കിലും ഒരു കക്ഷിക്കോ ഏതെങ്കിലുമൊരു മേഖലക്കോ പ്രത്യേകമായ ആധിപത്യം ഇല്ലാതെ തന്നെ ഒരു ജനകീയ ഭരണസംവിധാനം മേൽപ്പറഞ്ഞ രീതി പ്രകാരം ഉണ്ടാകുമായിരുന്നു. ഒരുപക്ഷേ ലോകത്തിന് മുഴുവൻ മാതൃകയാക്കാവുന്ന രീതിയിലുള്ള ഒരു സർവ്വോദയ-ജനാധിപത്യ ക്രമം വികസിപ്പിച്ചെടുക്കാൻ ഇനിയും നമുക്ക് സാധ്യതകളുണ്ട്. അതിനുള്ള ഇച്ഛാശക്തിയാണ് ഉണ്ടാകേണ്ടത്. ■

ജനുവരി 21:
ജനകീയ ജനാധിപത്യ ദിനം

ഇന്ത്യ ചരിത്രത്തിലേയും ലോകചരിത്രത്തിലേയും സുപ്രധാന ദിനമാണ് 1939 ജനുവരി 21. അന്നേദിവസം മഹാരാഷ്ട്ര പ്രദേശത്തെ ഒരു നാട്ടുരാജ്യമായ 'ഔന്ദ്' ജനകീയ ഭരണം സ്വീകരിക്കാൻ തീരുമാനമെടുത്തു. മഹാത്മാ ഗാന്ധി വിഭാവനം ചെയ്ത സർവോദയ ദർശനത്തിന്റെ അടിസ്ഥാനത്തിലുള്ള ഗാന്ധിയൻ സ്വരാജ് ഭരണഘടനയെ അടിസ്ഥാനമാക്കിക്കൊണ്ട് ഭരണം ജനങ്ങളെ എൽപ്പിക്കാൻ അന്നത്തെ രാജാവായിരുന്നു രാജ ഭാവ റാവു ശ്രീനിവാസ് പാന്ത് പ്രതിനിധി ഔദ്യോഗികമായി ഉത്തരവിറക്കി.

അദ്ദേഹത്തിന്റെ മകനും കിരീടാവകാശിയും ആയിരുന്ന പരശുറാം റാവു പാന്തിന്റെ (അപ്പ സഹദ് പാന്ത്)അഭ്യർത്ഥന മാനിച്ച് കൊണ്ടാണ് രാജാവ് ഇപ്രകാരം തീരുമാനിച്ചത്. പോളണ്ട് വംശജനും, പിൻകാലത്ത് സാമൂഹ്യ പ്രവർത്തകനും എൻജിനീയറും ആയ മോറിസ് ഫ്രീഡ്മാന്റെ ഉപദേശപ്രകാരമാണ് അപ്പാ സഹീദ് പന്ത് ഇപ്രകാരമൊരു നിർദ്ദേശം രാജാവിന് മുമ്പിൽ വച്ചത്. രാജാവായ ശ്രീനിവാസറാവു പന്തിന്റെ അനുമതിയോടുകൂടി മകൻ അപ്പാ സഹദ് പന്തും മോറിസ് ഫ്രീഡ്മാനും കൂടി ഗാന്ധിജിയുടെ സേവാഗ്രാം ആശ്രമത്തിലെത്തി അദ്ദേഹവുമായി ചർച്ച ചെയ്താണ് ജനകീയ ജനാധിപത്യത്തിന് സഹായകരമായ രീതിയിൽ ഒരു ഭരണഘടനക്ക് രൂപം നൽകിയത്.

ഈ ഭരണഘടന അനുസരിച്ചാണ് അവിടെ 1947 വരെ ഭരണം നടന്നത്. ഗാന്ധിജി വിഭാവനം ചെയ്ത രാഷ്ട്രീയ സംവിധാനത്തിന് അനുയോജ്യമായ രീതിയിലുള്ള ഭരണഘടന സ്വാതന്ത്ര്യലബ്ധിക്കു മുമ്പ് തന്നെ പ്രാവർത്തികം ആയിരുന്നു എന്നത് സുപ്രധാന കാര്യമാണ്. എന്നാൽ സ്വാതന്ത്ര്യലബ്ധിക്കുശേഷം രൂപീകൃതമായ ഭരണഘടനയിൽ ഔന്ദിലെ കക്ഷിരഹിത ജനകീയ ജനാധിപത്യത്തിനു വേണ്ടി തയ്യാറാക്കിയ സ്വരാജ്

ഭരണഘടനയെ കാര്യമായി ആരും ഉൾക്കൊണ്ടില്ല. ഗാന്ധിയൻ സ്വരാജ് ഭരണഘടന പ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് സുപ്രധാന അധികാരവും അവസരവും ഉള്ള ജനകീയ ഭരണം ആണ് 1939 മുതൽ ഔന്ദിൽ ഉണ്ടായിരുന്നത്. ഗ്രാമതലത്തിൽ ജനങ്ങൾ പ്രതിനിധികളെ തെരഞ്ഞെടുക്കുന്നു, ഇപ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികളിൽ നിന്ന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിനെ തെരഞ്ഞെടുക്കുന്നു. ഇവരിൽനിന്ന് താലൂക്ക് സമിതിയും, താലൂക്ക് സമിതിയിൽനിന്ന് പ്രവിശ്യ സമിതിയും രൂപീകരിക്കുന്നു.

ഗ്രാമപഞ്ചായത്ത്, താലൂക്ക് പഞ്ചായത്ത്, പ്രവിശ്യ പഞ്ചായത്ത് എന്നീ തലങ്ങളിലാണ് പ്രവർത്തനങ്ങൾ നടന്നിരുന്നത്. ഇന്ത്യയുടെ സ്വാതന്ത്ര്യ ലബ്ധിക്കുശേഷം നാട്ടുരാജ്യങ്ങളും പ്രദേശങ്ങളും ഇന്ത്യൻ യൂണിയനിൽ ലയിക്കുന്നതുവരെ ഇത് തുടർന്നു. പഞ്ചായത്തുകളെ അടിസ്ഥാനമാക്കിയുള്ള ഒരു രാജ്യഭരണ സംവിധാനം സാധ്യമാണ് എന്ന് ഔന്ദ് അനുഭവം ബോധ്യപ്പെടുത്തുന്നു. ■

പ്രവാസികൾ:
സർവോദയ സംസ്കാരത്തിന്റെ പ്രചാരകർ

സർവോദയം എന്ന ഉത്തമമായ ദർശനത്തെ ലോകത്തിനു മുന്നിൽ അവതരിപ്പിച്ച നമ്മുടെ രാഷ്ട്രപിതാവ് മഹാത്മാഗാന്ധിയുമായി ബന്ധപ്പെടുത്തികൊണ്ടാണ് പ്രവാസി ദിനം ആചരിക്കുന്നത്. സർവ്വോദയം എന്നാൽ സർവ്വ മനുഷ്യരുടെയും സർവ്വ ജീവജാലങ്ങളുടെയും ഉദയം അഥവാ പുരോഗതി എന്ന അർത്ഥം. ഒരുതരത്തിലുമുള്ള വിഭാഗീയതകൾ ഇല്ലാതെ പ്രപഞ്ചത്തിൽ എല്ലായിടത്തുമുള്ള സർവചരാചരങ്ങളുടെയും ക്ഷേമമാണ് സർവോദയം എന്നതുകൊണ്ട് ലക്ഷ്യമിടുന്നത്.

മഹത്തായ ഈ ദർശനത്തെ മുന്നോട്ടുവെച്ച മഹാത്മജി സ്വയം തന്നെ ഉത്തമനായ ഒരു പ്രവാസിയായിരുന്നു. അതുകൊണ്ടാണ് ദക്ഷിണാഫ്രിക്കയിലെ പ്രവാസ ജീവിതം കഴിഞ്ഞ് 1915 ജനുവരി ഒമ്പതിന് എസ്.എസ്. അറേബ്യ എന്ന കപ്പലിൽ ബോംബെ തുറമുഖത്തിൽ മഹാത്മജി വന്നിറങ്ങിയ ദിവസത്തെ പ്രവാസി ദിനമായി ആചരിക്കുന്നത്. ഇംഗ്ലണ്ടിലും ദക്ഷിണാഫ്രിക്കയിലും ആയി ഗാന്ധിജി നയിച്ച പ്രവാസജീവിതകാലഘട്ടത്തിലാണ് സർവോദയം എന്ന ഉദാത്തമായ സങ്കല്പം ഗാന്ധിജിയിൽ ഉടലെടുക്കുന്നത്. സനാതന - അദ്വൈത ചിന്തകളെയും പാശ്ചാത്യ-പൗരസ്ത്യ സംസ്കാരങ്ങളെയും സാംസ്കാരിക മൂല്യങ്ങളെയും എല്ലാം സമന്വയിപ്പിച്ച് ഒരു ചിന്താപദ്ധതിയും പ്രയോഗപദ്ധതിയും ഗാന്ധിജി സ്വന്തം ജീവിതത്തിലൂടെ ലോകജനതയ്ക്ക് സന്ദേശമായി നൽകിയത്.

ജാതി-മതം-വർഗ്ഗ-വർണ്ണ-ദേശങ്ങളുടെയും രാഷ്ട്രങ്ങളുടെയും പേരിലുള്ള വിഭാഗീയതകൾ അശാസ്ത്രീയവും യുക്തിരഹിതവും ആണെന്ന് ഗാന്ധിജി തന്റെ ജീവിതത്തിലൂടെ സന്ദേശമായി നൽകി. ലോകത്തെല്ലായിടത്തുമുള്ള ജനങ്ങളുടെയും മറ്റ് ജീവജാലങ്ങളുടെയും സ്വസ്ഥതയും സുസ്ഥിതിയും പുരോഗതിയും സാധ്യമാകുന്നത്തിനു വേണ്ടി പരിശ്രമി

ക്കുകയാണ് ഓരോ മനുഷ്യന്റെയും ജീവിതദൗത്യമെന്ന് ഗാന്ധിജി ഉദ്ബോധിപ്പിച്ചു. ഇപ്രകാരം ഒരു ചിന്താപദ്ധതി രൂപപ്പെടാൻ ഇന്ത്യക്ക് പുറത്തുള്ള ഗാന്ധിജിയുടെ ജീവിതവും വിവിധ രാഷ്ട്രങ്ങളിലേക്കുള്ള യാത്രകളും വിവിധ സംസ്കാരങ്ങളെക്കുറിച്ചുള്ള പഠനങ്ങളും ഏറെ സഹായിച്ചിട്ടുണ്ട്.

ഏതൊരു പ്രവാസിയും ഇത്തരത്തിലുള്ള അനുഭവങ്ങളിലൂടെ കടന്നു പോകുന്നവരാണ്. അതുകൊണ്ടുതന്നെ സങ്കുചിതമായ താൽപര്യങ്ങളെ അവഗണിച്ചുകൊണ്ട് വിശാലമായ മനസ്സിന്റെ ഉടമകൾ ആകാൻ എളുപ്പം സാധിക്കുന്നത് പ്രവാസി ജീവിതം അനുഭവിച്ചവർക്കാണ്. ഇപ്രകാരം പ്രവാസികൾ അവർ അറിയാതെ തന്നെ സർവോദയ സംസ്കാരത്തിന്റെ പ്രയോക്താക്കളും പ്രചാരകരും ആയി മാറുന്നു.

വർഗ്ഗ സമന്വയം എന്ന മഹത്തായ ആശയം

തൊഴിലാളി – മുതലാളി വർഗ്ഗങ്ങൾ തമ്മിലോ ഉള്ളവനും ഇല്ലാത്തവനും തമ്മിലോ സംഭവിക്കുന്ന വർഗ്ഗസംഘർഷങ്ങളിലൂടെയും വർഗ്ഗ സംഘടനത്തിലൂടെയും പുതിയൊരു സമൂഹം രചിക്കാൻ സാധിക്കുമെന്ന ദർശനങ്ങൾ വ്യാപിച്ചിരുന്ന കാലഘട്ടത്തിലാണ് ഗാന്ധിജി അതിനു ബദലായി പുതിയൊരു ദർശനത്തെ മുന്നോട്ടുവെയ്ക്കുന്നത്. വർഗ്ഗ സംഘട്ടനം അല്ല യഥാർത്ഥ പരിഹാരം എന്ന് അദ്ദേഹം വ്യക്തമാക്കി.

വർഗ്ഗ സമന്വയം ആണ് പരിഹാരം. ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള സമന്വയം തൊഴിലാളിയും മുതലാളിയും തമ്മിലുള്ള സമന്വയം. ഇതിലൂടെയാണ് ശാശ്വതമായ സുസ്ഥിതിയും പുരോഗതിയും ഉണ്ടാകുക എന്ന എന്ന് സർവോദയ സന്ദേശം ഇരുപത്തൊന്നാം നൂറ്റാണ്ടിൽ കൂടുതൽ പ്രസക്തമായി ഇരിക്കുകയാണ്. കേരളത്തിലെയും ഇന്ത്യയിലെയും പ്രവാസികളും ഗൾഫ് നാടുകളിലും മറ്റു രാജ്യങ്ങളിലും മുഖ്യമായും കായികാധ്വാനം ചെയ്തും കുറച്ചുപേർ മാനസികവും ബുദ്ധിപരവുമായ അധ്വാനം ചെയ്തും ഉപജീവനവും അനുഷ്ഠിക്കുന്നു. ഇവർ സമ്പാദിക്കുന്ന പണം കേരളത്തിലേക്ക് (ഇന്ത്യയിലേക്ക്) എത്തുന്നതുകൊണ്ടാണ് നമുക്ക് വലിയ പുരോഗതികൾ സാധ്യമാകുന്നത്.

അവിടെ കായികാധ്വാനം ചെയ്തു വിയർപ്പൊഴുക്കിയ ആളുകൾ ഇവിടെ പണം ഉള്ളവരായി വ്യാഖ്യാനിക്കപ്പെടുകയും ചെയ്യുന്നു. എന്നാൽ ഒരു പ്രവാസിയെ സംബന്ധിച്ചിടത്തോളം തന്റെ വിയർപ്പിന്റെ വിലയാണ് ആ പണം. പ്രസ്തുത പണം മൂലധനമായി സ്വന്തം രാജ്യത്ത് വിവിധ കാര്യങ്ങൾക്ക് വിനിയോഗിക്കാൻ സാധിക്കുന്നത് എന്ന് തിരിച്ചറിയുന്നു അതുകൊണ്ടുതന്നെ പണം മൂലധനത്തിനും അധ്വാന മൂലധനത്തിനും

തുല്യമായ പ്രാധാന്യമാണ് ഉള്ളത് എന്ന് പ്രവാസികൾക്ക് പെട്ടെന്ന് മനസ്സിലാക്കാൻ സാധിക്കുന്നു. അതുകൊണ്ടുതന്നെ വർഗ്ഗ സമന്വയത്തെ സ്വീകരിക്കണമെന്ന് മറ്റാരേക്കാൾ എളുപ്പത്തിൽ മനസ്സിലാക്കുന്നത് പ്രവാസികളാണ്. കേവലം മുതലാളിമാരും സമ്പന്നരും എന്ന ലേബല് നൽകി പ്രവാസികൾ മാറ്റിനിർത്തപ്പെടാൻ പാടില്ല. മറിച്ച് വിശാല മനസ്സുള്ള അവരുടെ നൈപുണികളും അനുഭവസമ്പത്തും പണം മൂലധനവും എല്ലാം സ്വദേശത്തും മറ്റു പ്രദേശങ്ങളിലും കാര്യക്ഷമമായി വിനിയോഗിക്കാൻ നമ്മുടെ സമൂഹത്തിന് സാധിക്കണം. അത് പ്രവാസിയുടെ അവകാശമാണ് എന്നതിനേക്കാളുപരി സമൂഹത്തിന്റെ കടമയാണ് എന്ന തിരിച്ചറിവ് ഉണ്ടാകേണ്ട കാലഘട്ടമാണിത്.

പ്രവാസികൾ ഇന്ന് അനുഭവിക്കുന്ന വിവിധ പ്രശ്നങ്ങൾ

പ്രവാസികളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ പഞ്ചായത്ത് തലം മുതൽ പാർലമെൻറ് തലം വരെയുള്ള ഇടപെടലുകളും ക്രിയാത്മകമായ പദ്ധതികളും ഉണ്ടാകേണ്ടത് അത്യാവശ്യമാണ്.

ആസൂത്രണത്തിൽ പ്രവാസികൾക്ക് പരിഗണന

ത്രിതല പഞ്ചായത്ത് അടിസ്ഥാനത്തിൽ നടക്കുന്ന വികേന്ദ്രീകൃത ആസൂത്രണം മുതൽ സംസ്ഥാന നിയമസഭ, കേന്ദ്ര പാർലമെൻറ് എന്നിവിടങ്ങളിൽ അവതരിപ്പിക്കപ്പെടുന്ന ബജറ്റിലും കർമ്മ പരിപാടികളിലും പ്രവാസികൾക്ക് പ്രത്യേക പരിഗണന നൽകാനും അവരുടെ സമ്പത്തും നൈപുണ്യവും വിശാല മനസ്സും സാമൂഹ്യക്ഷേമത്തിനുവേണ്ടി വിനിയോഗിക്കാൻ നമുക്ക് സാധിക്കണം.

പ്രവാസിയുടെ പണം

അന്യരാജ്യത്ത് അദ്ധ്വാനിച്ചുണ്ടാക്കിയ പണം സ്വന്തം നാട്ടിലേക്ക് എത്തിക്കുമ്പോൾ അവയെ പ്രവാസിയുടെ കുടുംബാംഗങ്ങൾക്ക് ഉപയോഗപ്രദമായ രീതിയിൽ വിനിയോഗിക്കുന്നതിനോടൊപ്പം തന്നെ സമൂഹത്തിന്റെ ഉൽപാദന വർധനവിനും സാമ്പത്തിക പുരോഗതിക്കും വരുമാന വർധനവിനും ഗുണകരമായ രീതിയിൽ പദ്ധതികൾ ആവിഷ്കരിച്ച് പ്രവാസികളെ പ്രസ്തുത പദ്ധതികളിലേക്ക് ആനയിക്കാൻ പ്രത്യേകം ശ്രമങ്ങൾ ഉണ്ടാകണം. ആർഭാടത്തേക്കാൾ സാമൂഹ്യ ക്ഷേമത്തിന്പരിഗണന നൽകുന്ന ഒരു സാമൂഹിക അന്തരീക്ഷം സാമൂഹ്യ പരിസരം സൃഷ്ടിക്കാൻ സാധിക്കണം.

പ്രവാസിയുടെ വേര്

ജന്മനാടുമായി പ്രവാസികൾക്കും അവരുടെ കുടുംബത്തിനും തലമുറകൾക്കും ബന്ധം നിലനിർത്താനുള്ള പ്രത്യേക ശ്രമങ്ങൾ ഉണ്ടാകണം. തൊഴിലെടുക്കുന്ന നാടും ജനിച്ചുവളർന്ന നാടിനും തത്തുല്യമായ പ്രാധാന്യം നൽകണം. സ്വന്തം നാട്ടിലെ വേരുകൾ നിലനിർത്താനുള്ള ആവേശവും സന്മനസ്സും നിലനിർത്താനാവശ്യമായ പരസ്പര സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കാൻ സാധിക്കണം.

പ്രവാസിയുടെ സുരക്ഷ

ജോലി ചെയ്യുന്ന സ്ഥലത്ത് സുരക്ഷിതമായ താമസം, തൊഴിലിടങ്ങൾ, ന്യായമായ ശമ്പളം എന്നിവ ഉറപ്പുവരുത്താൻ ജന്മനാടിന്റെ ഇടപെടലുകൾ ഉണ്ടാകണം. തൊഴിലെടുക്കുന്ന രാജ്യത്ത് ഇൻഷുറൻസിനും ആരോഗ്യസുരക്ഷയ്ക്കുമായി നൽകുന്ന പണം തിരിച്ച് ജന്മനാട്ടിലേക്ക് വരുമ്പോൾ അത് ലഭ്യമാക്കാനും ക്ഷേമനിധി പെൻഷൻ എന്ന രീതികളിൽ അവയെ ഇവിടെ ലഭ്യമാക്കാനും ഉള്ള പ്രത്യേക സുരക്ഷാ പദ്ധതികൾ ആവിഷ്കരിക്കണം. ഗുരുതരമായ രോഗം ബാധിച്ചവർക്കും മരണപ്പെടുന്നവർക്കും സത്വരമായ ശ്രദ്ധയും തുടർനടപടികളും സാന്ത്വന പരിപാടികളും ആവിഷ്കരിക്കണം.

പ്രവാസികളുടെ യാത്രാ ചിലവ്

അവധിക്കാലത്തും നാട്ടിലെ പ്രത്യേകമായ ആഘോഷങ്ങളുടെ സമയങ്ങളിലും നാട്ടിലേക്ക് എത്താൻ പ്രവാസികളിൽ നിന്ന് വൻതോതിൽ വിമാനക്കൂലി വാങ്ങുന്നത് നിത്യസംഭവമായി മാറുന്നു. സാധാരണക്കാരനായ പ്രവാസിയെ സംബന്ധിച്ചിടത്തോളം ഇത് താങ്ങാൻ സാധിക്കുന്നില്ല. യാത്ര മാറ്റിവെക്കുകയാണ് പലപ്പോഴും പതിവ്. വിമാനകമ്പനികൾ നടത്തുന്ന ഇത്തരം ചൂഷണങ്ങൾക്ക് തടയിടാൻ നിയമനിർമാണങ്ങളും സത്വര നടപടികളും ആവശ്യമാണ്. ജന്മനാടുമായി പ്രവാസികൾക്കുള്ള ആത്മബന്ധം നിലനിൽക്കണമെങ്കിൽ അവർ നിരന്തരമായി സ്വന്തം നാട്ടിൽ വന്നുപോകുകതന്നെ വേണം. യാത്രാക്കൂലിയുടെ പേരിലുള്ള ചൂഷണം പ്രവാസിയുടെ വേരുകൾ നഷ്ടപ്പെടുത്താൻ കൂടി കാരണമാകുന്നു. ഈ പ്രശ്നത്തിന് അടിയന്തിര പരിഹാരം ആവശ്യമാണ്.

പ്രവാസിയുടെ സർഗാത്മകത

മറ്റു നാടുകളിലെ സംസ്കാരത്തെയും നമ്മുടെ സംസ്കാരത്തെയും സമന്വയിപ്പിച്ച മുന്നോട്ടുപോകാനുള്ള സർഗാത്മക പ്രവർത്തനങ്ങൾക്കും രൂപം

നൽകണം. സ്വന്തം രാജ്യത്തെ കലാസാംസ്കാരിക വിജ്ഞാനങ്ങളും തൊഴിലെടുക്കുന്ന രാജ്യത്തെ സാംസ്കാരികരംഗങ്ങളുമായുള്ള പരിചയവും സംസ്കാരങ്ങൾ തമ്മിലുള്ള കൊടുത്തുവാങ്ങലുകൾക്ക് കാരണമാകുന്നു. കലാസാംസ്കാരികരംഗത്തും നൈപുണിയുടെ രംഗത്തും ഇത്തരത്തിലുള്ള ദേശാന്തര കൊടുത്തുവാങ്ങലുകൾ ആശയതലത്തിലും സർഗ്ഗാത്മക തലത്തിലും നിലനിർത്താൻ സാധിക്കണം. അതിന് സാധ്യമാകുന്ന രീതിയിലുള്ള പ്രവാസികളുടെ സർഗ്ഗശേഷി അവതരണ വേദികൾ ഉണ്ടാകണം.

പ്രവാസി വിദ്യാർത്ഥികൾ

ഉന്നത പഠനത്തിനു വേണ്ടി ലക്ഷക്കണക്കിന് വിദ്യാർഥികൾ പ്രവാസികളായി കേരളത്തിൽ നിന്നും പൊതുവേ ഇന്ത്യയിൽ നിന്നും പോകുന്നുണ്ട് അത്തരത്തിൽ ഉള്ളവർക്ക് വിവിധ രാജ്യങ്ങളിൽ ശാസ്ത്രീയവും കാര്യക്ഷമവും ഉത്തരവാദിത്വപൂർണ്ണവുമായ പഠന സൗകര്യങ്ങൾ ലഭിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്താൻ സംസ്ഥാന കേന്ദ്രതലത്തിലുള്ള ഗവൺമെന്റുകൾ പ്രത്യേകം ശ്രദ്ധിക്കണം.

പ്രവാസി സഹകരണ സംഘങ്ങൾ

വിവിധ രംഗങ്ങളിൽ പ്രവർത്തിക്കുന്ന/പ്രവർത്തിച്ചിരുന്ന പ്രവാസികൾ തിരിച്ച് നാട്ടിൽ എത്തുമ്പോൾ അവരുടെ അനുഭവ പരിചയവും നൈപുണിയും സമ്പത്തും അവരുടെ കുടുംബത്തിനും അവർ താമസിക്കുന്ന തദ്ദേശസ്വയംഭരണ മേഖലയിലും സംസ്ഥാനത്തും രാജ്യത്തും ഗുണകരമായ രീതിയിൽ വിനിയോഗിക്കാൻ സാധിക്കുന്ന രീതിയിൽ പ്രവാസി സഹകരണസംഘങ്ങൾ സജീവമാകണം. ഇത്തരം സംഘങ്ങൾക്ക് ത്രിതല പഞ്ചായത്ത് മുതൽ സംസ്ഥാന കേന്ദ്ര സർക്കാരുകൾ വരെ ആവിഷ്കരിക്കുന്ന പദ്ധതികളിൽ പ്രത്യേക പരിഗണന നൽകുന്നതും നല്ലതാണ്. ■

തെരഞ്ഞെടുപ്പ് ഉത്സവം മാത്രമല്ല; ഉത്തരവാദിത്വം കൂടിയാണ്

പതിനെട്ടാം ലോകസഭയിലേക്കുള്ള തെരഞ്ഞെടുപ്പ് പ്രക്രിയ ഏറെക്കുറെ സമാധാനപരമായി പൂർത്തീകരിച്ചിരിക്കുകയാണ്. രാഷ്ട്രീയപാർട്ടികളുടെ ഭാഷയിൽ പറഞ്ഞാൽ തെരഞ്ഞെടുപ്പ് മഹോത്സവം പൂർവ്വാധികം ഭംഗിയായി നാം ആഘോഷിച്ചു. 60 കോടി ജനങ്ങൾ പങ്കെടുത്ത ലോകത്തെ ഏറ്റവും മഹത്തായ ജനാധിപത്യ ഉത്സവത്തിന്റെ പേരിൽ നമുക്ക് അഭിമാനിക്കാം. പുതിയ ലോകസഭ ജനപ്രതിനിധികളും ഭരണനേതൃത്വവും നിലവിൽ വിരിക്കുകയാണ്. ഉത്സവം എന്ന വാക്കിന് പവിത്രമായ ഒരു അർത്ഥവും മഹത്തായ ഒരു ഉത്തരവാദിത്വവും ഉണ്ട്. കേവലം ആടിത്തിമർക്കാനും അടിപൊളി ആക്കാനും ഉള്ളതല്ല ഉത്സവങ്ങൾ; അറിഞ്ഞ് ആചരിക്കാൻ ഉള്ളതാണ്.

ഉത്സവം എന്ന വാക്കിന്റെ അർത്ഥം നന്മയുടെ നിറഞ്ഞുകവിയൽ; ദൈവീകതയുടെ ബഹിർഗമനം എന്നൊക്കെയാണ്. ഓരോ ദേശത്തെയും ഇടവകയിലെയും ജനങ്ങൾ പരസ്പര സൗഹൃദത്തോടെ, സഹകരണത്തോടെ, പങ്കാളിത്തത്തോടെ ഒറ്റമനസ്സായി ദേവാലയത്തിൽ നടത്തുപൂജാകർമ്മങ്ങളിലൂടെ, ആരാധനാ ശുശ്രൂഷകളിലൂടെ ആവിർഭവിക്കുദൈവീക തേജസിന്റെ ബഹിർഗമനമാണ്, നിറഞ്ഞൊഴുകലാണ് ഉത്സവം.

ജനാധിപത്യ ഉത്സവത്തിൽ നിറഞ്ഞ ഒഴുകേണ്ടത് ജനകീയ നന്മകളും മൂല്യങ്ങളും ആണ്. ഓരോ ആളുടെയും സ്വയം സന്നദ്ധമായ പങ്കാളിത്വം, സാന്നിധ്യം, കൂടിയാലോചനകൾ, തീരുമാനമെടുക്കൽ ഒത്തൊരുമിച്ച് നടപ്പാക്കൽ, സ്വാശ്രിതത്വം, സമൂഹജീവിതം എന്നിവയാണ് ആ മൂല്യങ്ങൾ. എന്നാൽ ഇത്തരം മൂല്യങ്ങളെയും സവിശേഷതകളെയും തെരഞ്ഞെടുപ്പിൽ പരിഗണിക്കപ്പെടാറില്ല എതാണ് വാസ്തവം. തെരഞ്ഞെടുപ്പിന് മുമ്പും ശേഷവും ഉയർന്നുകേട്ട പല ആരോപണ-പ്രത്യാരോപണ ങ്ങളും അതിലേക്കാണ് വിരൽചൂണ്ടുന്നത്.

ജനം ഇല്ലാത്ത ജനാധിപത്യം

ജനങ്ങൾ ഒത്തൊരുമിച്ച് കാര്യങ്ങൾ തീരുമാനിച്ച് നടപ്പാക്കുന്നതാണ് ജനാധിപത്യം. അല്ലെങ്കിൽ, ജനങ്ങൾ നിർദ്ദേശിക്കുന്ന ജനപ്രതിനിധികൾ കാര്യങ്ങൾ ചർച്ചചെയ്ത് തീരുമാനിക്കുക; ജനകീയമായി നടപ്പിലാക്കുക എന്നതാണ് മറ്റൊരു ജനാധിപത്യ രീതി. ഇത്തരം ഒരു ജനകീയ അവസരത്തെ രാഷ്ട്രീയ പാർട്ടികൾ തട്ടിയെടുക്കുന്നു. ഏതാണ് യാഥാർത്ഥ്യം രാഷ്ട്രീയ പാർട്ടികളാണ് സ്ഥാനാർത്ഥികളെ നിർത്തുന്നത്. ആര് സ്ഥാനാർത്ഥി ആകണം എന്ന് അവർ ജനങ്ങളോട് ചോദിക്കാറുമില്ല. പഞ്ചായത്ത് മുതൽ പാർലമെൻറ് വരെയുള്ള തെരഞ്ഞെടുപ്പുകൾ ലക്ഷങ്ങളും കോടികളും ചെലവഴിച്ചു മാത്രം നടത്താവുന്ന പ്രക്രിയയായി മാറിയതിനാൽ ജനകീയ സ്ഥാനാർത്ഥികൾ വളരെ അപൂർവ്വമായേ രംഗത്ത് വരാറുള്ളൂ. രാഷ്ട്രീയ പാർട്ടികൾ വച്ചുനീട്ടുന്ന സ്ഥാനാർഥികളിൽ ഒരാളെ തെരഞ്ഞെടുക്കുവാൻ മാത്രമേ ഇന്ന് ജനങ്ങൾക്ക് സാധിക്കുന്നുള്ളൂ. പലപ്പോഴും പാർട്ടി അംഗങ്ങൾ പോലും അറിഞ്ഞുകൊണ്ടല്ല പാർട്ടിയുടെ സ്ഥാനാർഥികൾ ഉണ്ടാകാറുള്ളത്, തീരുമാനിക്കപ്പെടുത്. പാർട്ടിക്കുള്ളിലെ പ്രബലമായ ഗ്രൂപ്പും ഗ്രൂപ്പിനുള്ളിലെ പ്രബലനായ നേതാവുമാണ് പാർട്ടിയുടെ സ്ഥാനാർത്ഥിയെ നിശ്ചയിക്കുന്നത് ഇത്തരം നേതാക്കൾ വച്ചുനീട്ടുന്ന സ്ഥാനാർഥികളിൽ ഒരാൾക്ക് വോട്ട് കുത്തുവാൻ ഉള്ള അവസരം മാത്രമാണ് വോട്ടർമാർക്ക് ലഭിക്കുന്നത്. ശക്തനായ നേതാവിന്റെ തീരുമാനത്തെ സ്വാധീനിക്കുന്നത് ജാതി-മത പ്രീണന സമ്മർദ്ദങ്ങളും പണ-മൂലധന ശക്തികളും ബഹുരാഷ്ട്ര കുത്തകകളും ആണ്. ഇതെങ്ങനെ ജനാധിപത്യം ആകും? ഉത്സവം ആകും? ലോക് നായക് ജയപ്രകാശ് നാരായണന്റെ വാക്കുകളിൽ പറഞ്ഞാൽ 'ഈ ജനാധിപത്യത്തിൽ ജനം ഇല്ല; ആധിപത്യം മാത്രമേ ഉള്ളൂ.'

തെരഞ്ഞെടുപ്പിന് മുമ്പത്തെ വിവാദങ്ങൾ

ലോകസഭ തെരഞ്ഞെടുപ്പിന് ഔദ്യോഗികമായി ചെലവ് കണക്കാക്കിയിരിക്കുന്നത് ഒരു ലക്ഷം കോടി (1,00,000 കോടി) രൂപയാണ്. ഇലക്ഷൻ പ്രക്രിയയ്ക്ക് വേണ്ടി മാത്രമുള്ള സർക്കാർ ചെലവാണ് ഇത്. ഓരോ നിയോജക മണ്ഡലത്തിലും ശരാശരി നാല് സ്ഥാനാർത്ഥികൾ എങ്കിലും ഉണ്ടാകും. ചുരുങ്ങിയത് 10 കോടി രൂപയെങ്കിലും ഒരു സ്ഥാനാർഥി ചെലവഴിക്കുന്നു. ഇത് 100 കോടിയിലേക്ക് വികസിക്കുന്ന മണ്ഡലങ്ങളും ഉണ്ടത്രേ.

പ്രബുദ്ധമായ കേരള സംസ്ഥാനത്ത് തന്നെ തെരഞ്ഞെടുപ്പ് കമ്മീഷൻ പിടിച്ചെടുത്ത അവിഹിത പണവും മദ്യവും മറ്റു വസ്തുക്കളും 100 കോടി

യെക്കാൾ കൂടുതലാണ് എന്ന് വെളിപ്പെടുത്തുന്നു. തെരഞ്ഞെടുപ്പിനായി ചെലവഴിച്ച ഭീമമായ സംഖ്യ തിരിച്ചുകിട്ടാനുള്ള നെട്ടോട്ടത്തിൽ ആയിരിക്കും. പിന്നീട് സ്ഥാനാർഥികളും പാർട്ടികളും അഴിമതി, ജാതി-മത പ്രീണനം, വർഗീയത മൂലധന-കുത്തകകളുടെ സ്വാധീനം എന്നിവയ്ക്കെല്ലാം വശംവദരായി മാറുത് (മാറ്റുന്നത്) ഈ ചെലവേറിയ തെരഞ്ഞെടുപ്പ് പ്രക്രിയയാണ്. ആധുനിക കാലഘട്ടത്തിന്റെ സാങ്കേതിക വിദ്യയായ ആർട്ടിഫിഷ്യൽ ഇൻറലിജൻസ് (AI) ഉപയോഗപ്പെടുത്തി തെരഞ്ഞെടുപ്പുകളിൽ ജനമനസ്സുകളെ സ്വാധീനിക്കാനുള്ള നീക്കങ്ങൾ ഉണ്ടായെ ആരോപണമുയർന്നു. മതങ്ങളെ പ്രീണിപ്പിച്ചും ജാതികളെ ഒപ്പം നിർത്തിയും വോട്ട് ബാങ്കുകൾ ഉറപ്പിക്കാനുള്ള ശ്രമങ്ങളും നടന്നു. ആഗോള സാമ്പത്തികശക്തികളും വിദേശ രാജ്യങ്ങളും തെരഞ്ഞെടുപ്പിനെ സ്വാധീനിക്കുന്നു എന്ന വാർത്തകളും ഉണ്ടായി. ഇലക്ട്രോണിക് വോട്ടിംഗ് മെഷീന്റെ വിശ്വാസ്യതയെക്കുറിച്ചുപോലും സംശയങ്ങൾ ഉയർത്തി. ആരോപണ പ്രത്യാരോപണങ്ങളും ആയി രാഷ്ട്രീയ പാർട്ടികളും മാധ്യമങ്ങളും രംഗം കൊഴുപ്പിച്ചു, ജനം നിസ്സഹായരായി നോക്കിനിന്നു.

തെരഞ്ഞെടുപ്പിന് ശേഷമുള്ള വാഗ്വാദങ്ങൾ

കേന്ദ്രം ഭരിച്ചിരുന്ന പാർട്ടിക്കും മുന്നണിക്കും ഇത്തവണ ലോകസഭാംഗങ്ങളുടെ എണ്ണം കുറഞ്ഞു എന്നതാണ് പ്രധാന വിവാദം. 40 ശതമാനത്തിൽ താഴെ ജനങ്ങളുടെ പിന്തുണ മാത്രമാണ് ഉള്ളത്. 60 ശതമാനത്തിലധികം അപ്പുറത്ത് നിൽക്കുമ്പോൾ ഭരിക്കാനുള്ള ധാർമിക അവകാശം ഉണ്ടോ എന്നാണ് ചോദ്യം. ശതമാനം അല്ല എണ്ണമാണ് കാര്യം, മുഖ്യം എന്ന മറുപടിയും വന്നു. പ്രതിപക്ഷ മുന്നണിയ്ക്ക് ആകെ ലഭിച്ച സീറ്റുകളുടെ എണ്ണത്തേക്കാൾ കൂടുതലാണ് ഭരണപക്ഷത്തെ മുന്നണിയിലെ പ്രമുഖ രാഷ്ട്രീയപാർട്ടി ഒറ്റയ്ക്ക് നേടിയിട്ടുണ്ട് എന്നും ഒരുകൂട്ടർ വ്യക്തമാക്കുന്നു. കേരളത്തിൽ മൂന്ന് രാഷ്ട്രീയ മുന്നണികളാണ് തെരഞ്ഞെടുപ്പിൽ പ്രധാനമായും മത്സരിച്ചത്. ഇവർക്ക് ലഭിച്ച വോട്ടിന്റെ ശതമാനവും വിവാദമാകുന്നു. ചില പാർട്ടികൾ വോട്ട് കച്ചവടം നടത്തി എന്ന ആരോപണവും ഉയർന്നു. മൂന്ന് മുന്നണികളിൽ ഒതുക്കി നിർത്തപ്പെട്ടവരാണ് കേരളത്തിലെ വോട്ടർമാർ എന്നാണ് ഇക്കൂട്ടരുടെ നിരീക്ഷണം. ഓരോ തെരഞ്ഞെടുപ്പിന്റെയും സാഹചര്യവും സ്ഥാനാർഥികളുടെ മേന്മയും വിലയിരുത്തിക്കൊണ്ടാണ് ഭൂരിപക്ഷം വോട്ടർമാരും വോട്ട് ചെയ്യുന്നത്. വോട്ടർമാരുടെ വ്യക്തിത്വത്തെ അംഗീകരിക്കാൻ ഇക്കൂട്ടർ തയ്യാറാകുന്നില്ല. മുന്നണിക്ക് ഉള്ളിലും പാർട്ടിക്കുള്ളിലും പൊതുസമൂഹത്തിലും അശാസ്ത്രീയമായ ഇത്തരം വാദങ്ങൾ ഉയർത്തി പൊതുപരിസരം മലീമസവും ഹിംസാത്മകവുമാക്കി തീർക്കുന്നു.

പരിഹാരം-സർവോദയ ജനാധിപത്യം

മഹാത്മാഗാന്ധി നിർദ്ദേശിച്ച സർവോദയ ജനാധിപത്യം അഥവാ പൈതൃക ജനാധിപത്യമാണ് ഇതിന് പരിഹാരം. അയൽക്കൂട്ടങ്ങളിൽ വോട്ടർമാർ ഒത്തുചേർന്നു അവരുടെ പ്രതിനിധിയെ പൊതു അഭിപ്രായ പ്രകാരം (സമവായ പ്രകാരം) തെരഞ്ഞെടുക്കുന്ന രീതിയാണ് പ്രാഥമിക മായി നടക്കുത്. ഇത്തരം പ്രതിനിധികൾ ഗ്രാമപഞ്ചായത്ത് - താലൂക്ക് - ജില്ല - സംസ്ഥാനം - രാജ്യം എന്നീ തലങ്ങളിലേക്ക് പ്രതിനിധികളെ നോമിനേറ്റ് ചെയ്യുന്ന (നിർദ്ദേശിക്കുന്ന) സമ്പ്രദായമാണിത്. 1939 ജനുവരി 21 മുതൽ പൂനെയ്ക്ക് അടുത്തുള്ള 'ഔന്ദ്' എന്ന നാട്ടുരാജ്യത്തിൽ ഇത്തരം ഒരു ജനാധിപത്യ സംവിധാനം നിലനിന്നിരുന്നു. മഹാത്മാഗാന്ധിയുടെ നിർദേശങ്ങൾക്ക് അനുസരിച്ചാണ് ഔന്ദിലെ ഭരണഘടന തയ്യാറാക്കിയി രുന്നത്. ഇന്ത്യ സ്വതന്ത്രമായതോടെ ഇന്ത്യൻ യൂണിയനിൽ നാട്ടുരാജ്യ ങ്ങൾ ലഭിക്കുന്നതുവരെ ഔന്ദിൽ ഈ പൈതൃക ജനാധിപത്യരീതി നിലനിന്നിരുന്നു. ഇതാണ് സർവ്വോദയ ജനാധിപത്യം. 1857ലെ സ്വാതന്ത്ര്യ സമരത്തെ ശിപ്പായി ലഹള എന്ന് വിളിച്ച് വിലകുറച്ച് കാണിക്കാൻ ബ്രിട്ടീഷ് ചരിത്രകാരന്മാർ ശ്രമിച്ചത് പോലെ ഔന്ദ്ലെ മഹത്തായ പൈതൃക ജനാധിപത്യത്തെ, ജനകീയ ജനാധിപത്യത്തെ 'ഔന്ദ് പരീ ക്ഷണം' എന്ന് പറഞ്ഞ് മുഖ്യധാര ചരിത്രത്തിൽനിന്ന് മറച്ചുവെക്കാനാണ് പലരും ശ്രമിച്ചത്. സ്വതന്ത്രഭാരതത്തിന് ഭരണഘടന രൂപീകരിക്കുമ്പോൾ ഇത്തരം ഒരു ജനാധിപത്യരീതി പരിഗണിക്കുന്നതിന് വേണ്ടിയാണ് പ്രമുഖ ഗാന്ധിയൻ എഴുത്തുകാരനായ പ്രൊഫസർ ശ്രീമൻ നാരായണൻ 'സ്വതന്ത്രഭാരതത്തിന് ഒരു ഗാന്ധിയൻ ഭരണഘടന' എന്ന ഗ്രന്ഥം 1946ൽ തയ്യാറാക്കിയത്. മഹാത്മാഗാന്ധിയാണ് ഈ ഗ്രന്ഥത്തിന് അവതാരിക എഴുതിയത്. കക്ഷി രാഷ്ട്രീയ പാർട്ടികൾ ഇല്ലാത്ത ജനകീയ ജനാധിപത്യം ആണ് ഗാന്ധിജി മുന്നോട്ടുവച്ചത്. ഇന്ത്യൻ നാഷണൽ കോൺഗ്രസ് പിരിച്ചുവിടണമെന്ന് ഗാന്ധിജി നിർദ്ദേശിച്ചത് ഈ കാഴ്ചപ്പാടിലാണ്. ദേശീയ സ്വാതന്ത്ര്യ പ്രസ്ഥാനമായ ഇന്ത്യൻ നാഷണൽ കോൺഗ്രസ് ഭരണം നടത്താനുള്ള കേവലമൊരു രാഷ്ട്രീയ പാർട്ടിയായി നിലകൊള്ളേ ണ്ടതില്ല എാണ് രാഷ്ട്രപിതാവ് ഉദ്ദേശിച്ചത്. കക്ഷി രാഷ്ട്രീയ പാർട്ടികൾ ഇല്ലാതെതന്നെ ജനകീയ ജനാധിപത്യം നടപ്പാക്കാനുള്ള രൂപരേഖയും അദ്ദേഹം തയ്യാറാക്കിയിരുന്നു. ഇത് ജനങ്ങളിൽ എത്തിക്കുക എന്നതായി രുന്നു സ്വതന്ത്ര ഭാരതത്തിൽ ഗാന്ധിജി ഉദ്ദേശിച്ചിരുന്ന മുഖ്യ ദൗത്യം. ജനകീയ ജനാധിപത്യത്തിന് വേണ്ടിയുള്ള രൂപരേഖ തയ്യാറാക്കിയതിന്റെ തൊട്ടടുത്ത ദിവസമാണ് അദ്ദേഹം രക്തസാക്ഷിത്വം വരിച്ചത്. അഴിമതി, വർഗീയത, പ്രീണനം എന്നിവയ്ക്ക് ഒന്നിനും ഇടമില്ലാത്ത - ജനങ്ങൾക്ക് അവരുടെ ഭാഗധേയം നിർണ്ണയിക്കാൻ സാധിക്കുന്ന ഒരു ജനാധിപത്യ

മാണ് ഗാന്ധിജി നടപ്പാക്കി കാണിച്ചത്. ഇത്തരം ജനാധിപത്യം, ഭാരതം മുഴുവൻ വ്യാപിപ്പിച്ചാൽ നമുക്ക് ലഭ്യമായ രാഷ്ട്രീയ സ്വാതന്ത്ര്യത്തെ; സാമ്പത്തിക - ധാർമിക ആത്മീയ മേഖലകളിലേക്ക് കൂടി വികസിപ്പിച്ച് സ്വരാജ് സൃഷ്ടിക്കാൻ സാധിക്കും എന്ന് മഹാത്മാഗാന്ധി പ്രത്യാശിച്ചു. ഇത്തരം ഒരു ജനാധിപത്യം ഭാരതത്തിൽ നടപ്പാക്കിയാൽ അത് മറ്റ് ലോക രാഷ്ട്രങ്ങൾക്കും മാതൃകയാകും എന്നാണ് ഗാന്ധിജി ഉറച്ച് വിശ്വസിച്ചിരുന്നത്. സ്വാശ്രയത്വവും വികേന്ദ്രീകൃതവുമായ ഗ്രാമ സമൂഹങ്ങളുടെ സംയുക്ത സംവിധാനമായ സുദൃഢമായ രാഷ്ട്രരചനയാണ് നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധിക്ക് നമുക്ക് നൽകാവുന്ന ഏറ്റവും ഉത്തമമായ ആദരം. ■

പഠനം സഫലമാകാൻ അദ്ധ്യാപകൻ അനിവാര്യം

ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ (എ.ഐ.) കാലഘട്ടത്തിലൂടെ യാണ് നാം കടന്നു പോകുന്നത്. അത്യന്താധുനിക സാങ്കേതിക വിദ്യയുടെ ഈ കാലഘട്ടത്തിൽ വിരൽത്തുമ്പിൽ വിജ്ഞാനം എത്തുന്ന സാഹചര്യം സാർവത്രികമാണ്. ഇത്തരം ഒരു സാഹചര്യത്തിൽ അദ്ധ്യാപകൻ ഒരു അനിവാര്യതയാണോ എന്നതിനെ സംബന്ധിച്ച് പലപ്പോഴും ചർച്ചകൾ നടക്കുന്നു. വിദ്യാഭ്യാസത്തിന്റെ യഥാർത്ഥ ലക്ഷ്യങ്ങളെക്കുറിച്ച് സമഗ്രത യിൽ കാണാത്തതുകൊണ്ടാണ് ഇത്തരം സംശയങ്ങൾ ഉണ്ടാകുന്നത്.

വിദ്യാഭ്യാസം എന്നത് കേവലം വിവരങ്ങൾ ശേഖരിക്കൽ മാത്രമല്ല. ശേഖരിച്ച വിവരങ്ങളെ വിജ്ഞാനമായി വികസിപ്പിക്കുകയും വിവേക ത്തിന്റെ അടിത്തറയിൽ വ്യക്തി വികാസത്തിനും സമൂഹ നവീകരണ ത്തിനും ഉപയോഗപ്പെടുത്തുകയും ചെയ്യുമ്പോഴാണ് വിദ്യാഭ്യാസം സഫല മാകുന്നത്. അതിവിശാലവും അഗാധവും സമഗ്രവുമായ പ്രസ്തുത ലക്ഷ്യം കൈവരിക്കാൻ അദ്ധ്യാപകന്റെ സാന്നിധ്യം തികച്ചും അനിവാര്യ മാണ്. അദ്ധ്യാപകന്റെ വ്യക്തിത്വം, അദ്ദേഹം കൈക്കൊള്ളുന്ന രീതിശാ സ്ത്രം, തയ്യാറെടുപ്പുകൾ എന്നിവ വിദ്യാഭ്യാസ പ്രക്രിയയിൽ സുപ്രധാന ഘടകങ്ങൾ തന്നെയാണ്. എല്ലാ കുട്ടികളിലും മഹത്തായ കഴിവുകളുണ്ട്. ആ കഴിവുകളെ പുറത്ത് കൊണ്ടുവരാനും വികസിപ്പിക്കാനുമുള്ള പ്രചോ ദനം നൽകുകയാണ് ഒരു യഥാർത്ഥ അദ്ധ്യാപകൻ ചെയ്യുന്നത്.

കഴിവുകൾ ഉണരുന്നതും പുറത്തുവരുന്നതും എല്ലാം വിദ്യാർത്ഥിയിൽ സംഭവിക്കേണ്ട കാര്യങ്ങളാണ്. അതിനുള്ള അന്തരീക്ഷം (പരിസരം), സൃഷ്ടിക്കുകയും പ്രോത്സാഹിപ്പിക്കുകയുമാണ് അദ്ധ്യാപകൻ ചെയ്യുന്നത്. ആർക്കും ആരെയും പഠിപ്പിക്കുവാൻ സാധിക്കുകയില്ല എന്ന തിരിച്ചറിവ് ഏതൊരു അദ്ധ്യാപകനും പ്രാഥമികമായി ഉണ്ടാകണം എന്ന് സ്വാമി വിവേകാനന്ദൻ നമ്മെ ഓർമ്മപ്പെടുത്തുന്നു. പഠനം നടക്കുന്നത് വിദ്യാർ ത്ഥിയിൽ ആണ്. പഠനപ്രക്രിയ സമാരംഭിക്കാനും സജീവമാക്കാനുമുള്ള

പ്രചോദനം നൽകാനും ദിശാഗതി നിർണ്ണയിക്കാനുമാണ് അദ്ധ്യാപകന് സാധിക്കുന്നത്.

അദ്ധ്യാപകൻ അനുകരണീയൻ

വിദ്യാർഥികൾക്കും രക്ഷിതാക്കൾക്കും പൊതുസമൂഹത്തിനും അനുകരിക്കാവുന്ന ഗുണങ്ങൾ സ്വജീവിതത്തിൽ അനുഷ്ഠിക്കുന്ന ആളായിരിക്കണം യഥാർത്ഥ അദ്ധ്യാപകൻ. "അദ്ധ്യാപകന്റെ ജീവിതം ആയിരിക്കണം വിദ്യാർത്ഥികളുടെ ഏറ്റവും നല്ല പാഠപുസ്തകം" എന്ന് മഹാത്മാ ഗാന്ധി പറയുന്നത് ഈ അർത്ഥത്തിലാണ്. തുടർന്ന്, ഗാന്ധിജി ഇപ്രകാരം പറയുന്നു. "അദ്ധ്യാപകർ അവരുടെ പ്രവൃത്തിയിൽ വിദഗ്ധരായാൽ മാത്രം പോരാ; സദാചാരനിരതരും ആയിരിക്കണം."

അദ്ധ്യാപകൻ അളവറ്റ സ്നേഹത്തിന്റെ പ്രഭവകേന്ദ്രമാണ്. സ്നേഹവും വാത്സല്യവും വിദ്യാർത്ഥിയിലേക്കും സമൂഹത്തിലേക്കും പ്രവഹിച്ചുകൊണ്ടിരിക്കുന്നു. ഒരിക്കലും വറ്റാത്ത റിസർവോയർ. അദ്ദേഹത്തിന്റെ മഹത്തായ സാന്നിദ്ധ്യവും സേവനവും വിദ്യാർത്ഥിയിലും സമൂഹത്തിലും ഗുണകരമായ ചലനങ്ങൾ ഉളവാക്കും.

അറിവുകൾ മാത്രം പകരുന്ന ഒരു വ്യക്തിയെ കേവലം ട്യൂട്ടർ അഥവാ ഉപാധ്യായൻ എന്ന് മാത്രമാണ് വിശേഷിപ്പിക്കുന്നത്. സവിശേഷഗുണങ്ങളെ സ്വന്തം ജീവിതത്തിൽ ആചരിക്കുന്ന വ്യക്തിയാണ് ആചാര്യൻ. ഉപാധ്യായൻ എന്ന തലത്തിൽ നിന്ന് ആചാര്യനിലേക്കും ഗുരുവിലേക്കുമുള്ള ഒരു വ്യക്തിത്വ വികാസം ഏതൊരു അദ്ധ്യാപകനിലും സംഭവിക്കുകതന്നെ വേണം. അത്തരമൊരു തലത്തിൽ എത്തുന്ന അദ്ധ്യാപകർക്ക് കുട്ടിയുടെ പഠന പ്രക്രിയയെ പ്രചോദിപ്പിക്കാനും അറിവുകളെ വികസിപ്പിച്ച് വിജ്ഞാനത്തിന്റെ വിഹായസ്സിലേക്ക് അതിനെ ഉയർത്തിക്കൊണ്ടുപോയി സാമൂഹ്യനന്മയ്ക്ക് വേണ്ടി ഉപയോഗപ്പെടുത്തുന്ന വികസിത വ്യക്തിത്വങ്ങളെ സൃഷ്ടിക്കാൻ സാധിക്കുന്നു.

അദ്ധ്യാപകന്റെ രീതിശാസ്ത്രം

ഒരു യഥാർത്ഥ അദ്ധ്യാപകൻ ക്ലാസ് മുറിക്ക് അകത്തും സമൂഹത്തിലും പ്രചോദനവും നന്മകളും നൽകിക്കൊണ്ടിരിക്കുന്ന ആളായിരിക്കും. "എന്റെ ജീവിതമാണ് എന്റെ സന്ദേശം" എന്ന് മഹാത്മജി പറഞ്ഞതുപോലെ അദ്ധ്യാപകന്റെ ജീവിതത്തെ സന്ദേശമായി വിദ്യാർത്ഥികൾക്കും സമൂഹത്തിനും സ്വീകരിക്കാൻ സാധിക്കാവുന്ന സാത്വികമായ ഒരു ഔന്നിത്യം നിലനിർത്താൻ അദ്ധ്യാപകൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു.

ഓരോ വിദ്യാർത്ഥിയെയും വ്യക്തിപരമായി മനസ്സിലാക്കാൻ അധ്യാപകർ നിരന്തരം ശ്രമിക്കുന്നു. വിദ്യാർത്ഥിയേയും കുടുംബത്തെയും വളർന്നുവരുന്ന സാമൂഹ്യ പശ്ചാത്തലത്തെയും വിദ്യാർത്ഥിയെ സ്വാധീനിക്കുന്ന സാമൂഹ്യ സംവിധാനങ്ങളെക്കുറിച്ചും എല്ലാം വ്യക്തമായ ധാരണയും നിരന്തര ജാഗ്രതയും അദ്ധ്യാപകന് ഉണ്ടായിരിക്കും. ഇവയെല്ലാം മനസ്സിലാക്കിക്കൊണ്ട് വിദ്യാർത്ഥിക്ക് വിജ്ഞാന സമ്പാദനത്തിനും ഒപ്പം തന്നെ വ്യക്തിത്വവികാസത്തിനും ആവശ്യമായ നേർവഴി കാണിക്കാൻ യഥാർത്ഥ അദ്ധ്യാപകന് സാധിക്കുന്നു.

അദ്ധ്യാപകന്റെ മുന്നൊരുക്കങ്ങൾ

വിദ്യാർത്ഥിയുടെ പഠനം ആനന്ദകരമായ ഒരു അനുഭവമാക്കി തീർക്കാൻ, ഒരുപക്ഷേ, വിദ്യാർത്ഥിയെക്കാൾ കൂടുതൽ മുന്നൊരുക്കങ്ങൾ നടത്തേണ്ടത് അദ്ധ്യാപകനാണ്. അദ്ധ്യാപകന്റെ ജോലി കേവലം 8 മണിക്കൂർ മാത്രമോ സർവ്വീസിൽനിന്ന് വിരമിക്കുന്നത് വരെയോ മാത്രം ഉള്ളതല്ല. എക്കാലവും അദ്ധ്യാപകരായി തന്നെ സമൂഹം അവരെ ആദരിക്കുന്നു. അതുകൊണ്ട് സ്വഭാവവിശുദ്ധിയും പാണ്ഡിത്യവും ഒരുപോലെ എക്കാലവും നിലനിർത്താനുള്ള ധാർമ്മികമായ ഉത്തരവാദിത്വം ഓരോ അദ്ധ്യാപകനും ഉണ്ട്.

അതിനാൽ തന്നെ നിരന്തരമായ പഠനത്തിൽ അദ്ധ്യാപകൻ ഏർപ്പെടുന്നു. താൻ കൈകാര്യം ചെയ്യുന്ന വിജ്ഞാന ശാഖകയിലെ ഏറ്റവും പുതിയ അറിവുകളെ പോലും ശേഖരിച്ച് വിദ്യാർത്ഥികൾക്ക് ഗുണകരമായി വിനിയോഗിക്കുന്നതിന് അദ്ധ്യാപകൻ സദാ സന്നദ്ധമായി നില കൊള്ളുന്നു. ജ്വലിച്ചുകൊണ്ടിരിക്കുന്ന ഒരു ദീപത്തിൽ നിന്നാണ് മറ്റ് ദീപങ്ങൾ പകർന്ന് എടുക്കാൻ സാധിക്കുക. പരിമളം പരത്തുന്ന ഒരു പൂവിൽ നിന്നാണ് മറ്റുള്ളവർക്കും പരിമളം അനുഭവിക്കാൻ സാധിക്കുക. ഇപ്രകാരം വ്യക്തിവിശുദ്ധി കൊണ്ടും പാണ്ഡിത്യ നിറവ് കൊണ്ടും സമൂഹത്തിന് നിസ്വാർത്ഥ സേവനമനുഷ്ഠിക്കുന്നവരാണ് അദ്ധ്യാപകർ. വിദ്യാഭ്യാസത്തിന്റെ ഉദാത്തമായ ലക്ഷ്യത്തിലേക്ക് വിദ്യാർത്ഥികളെ ആനയിക്കാൻ എക്കാലത്തും അദ്ധ്യാപകർ അനിവാര്യമാണ്. ■

കേന്ദ്ര ബഡ്ജറ്റ് 2025:
സർവോദയ അവലോകനം

മഹാത്മാഗാന്ധി മുന്നോട്ടുവച്ച സർവോദയ ദർശനത്തെ ആസ്പദമാക്കിയുള്ള സമൂഹ രചനയ്ക്ക് അനുഗുണമായ പദ്ധതികളാണ് കേന്ദ്ര ബജറ്റ് അവതരണം വഴി മുന്നോട്ട് വച്ചിരിക്കുന്നത്. കാർഷിക മേഖല, ചെറുകിട സംരംഭങ്ങൾ, നിക്ഷേപം, കയറ്റുമതി എന്നീ മേഖലകൾ തിരിച്ച് സമൂഹത്തിൽ ശ്രദ്ധിക്കപ്പെടേണ്ട അഞ്ച് വിഭാഗങ്ങൾക്ക് മുൻഗണന നൽകിക്കൊണ്ടാണ് ബജറ്റവതരണം ഉണ്ടായത്. കർഷകർ, യുവാക്കൾ, ദാരിദ്ര്യർ, ഇടത്തരക്കാർ വനിതകൾ എന്നിങ്ങിനെ.

കാർഷിക മേഖല

കർഷകനാണ് ഭാരതീയ സമ്പദ്വ്യവസ്ഥയുടെ നട്ടെല്ല് എന്ന എന്ന് ഗാന്ധിയൻ ഉപദേശത്തെ ഇവിടെ സ്മരിക്കപ്പെടുന്നു. "വിളകളുടെ വില കുറവല്ല, ഇടനിലക്കാരാണ് കർഷകരുടെ യഥാർത്ഥ പ്രശ്നം." എന്ന് ഗാന്ധിജി അടിവരയിട്ട് പറഞ്ഞുവച്ചിരുന്നു. ഇത്തരം ഇടനിലക്കാരെ ഒഴിവാക്കി കർഷകർക്ക് പദ്ധതികളുടെ നടത്തിപ്പിൽ നേരിട്ട് പങ്കാളിത്തം ഉണ്ടാക്കാൻ സാധിക്കുന്ന വിധം കാർഷിക വികസന പദ്ധതികൾ ആവിഷ്കരിച്ചിരിക്കുന്നു എന്നുള്ളത് ശ്രദ്ധേയമാണ്. സഹകരണ സംഘങ്ങളിലൂടെ കാർഷികമേഖലയിൽ കർഷകരുടെ പങ്കാളിത്തം ഉറപ്പ് വരുത്താനും, കിസാൻ ക്രെഡിറ്റ് കാർഡ് വഴി നൽകുന്ന വായ്പകളുടെ പരിധി ഉയർത്തിയും, ഭക്ഷ്യധാന്യങ്ങളുടെ ഉല്പാദനം വർദ്ധിക്കുമ്പോൾ അവയെ സംരക്ഷിച്ചു വയ്ക്കാനുള്ള സംവിധാനങ്ങൾ ഒരുക്കിയും, കാർഷിക വിളകൾക്കു മൂല്യവർദ്ധന ഉണ്ടാക്കുന്നതിന് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കിയും, പഴം പച്ചക്കറി മേഖലയ്ക്ക് കൂടുതൽ ഊന്നൽ നൽകിയും ഭക്ഷ്യ എണ്ണയുടെ കാര്യത്തിൽ കൂടുതൽ സ്വാശ്രയത്വം ഉറപ്പുവരുത്തിയും, പിന്നോക്കം

നിൽക്കുന്ന 100 ജില്ലകൾക്ക് പ്രത്യേകമായ പരിഗണന നൽകിയും, ജലസേചനത്തിനുള്ള സൗകര്യങ്ങൾ ഉറപ്പുവരുത്തിയും, കാർഷികമേഖലയെ സജീവമാക്കാനുള്ള നിർദേശങ്ങളാണ് ഉണ്ടായത്.

ചെറുകിട - സൂക്ഷ്മ സംരംഭങ്ങൾ

ചെറുകിട-സൂക്ഷ്മ വ്യവസായ സംരംഭങ്ങളുടെ കാര്യത്തിലും നിരവധി പ്രോത്സാഹനങ്ങൾ ബജറ്റിലൂടെ നൽകുന്നു. പുതിയ ഇരുപത്തേഴ് മേഖലകളെ കൂടി പ്രഖ്യാപിച്ചുകൊണ്ട് സ്റ്റാർട്ട് അപ്പ്, പുതിയ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കാനായി പ്രത്യേകം വകയിരുത്തിയും വായ്പാപരിധി ഉയർത്തിയും, പലിശനിരക്ക് കുറച്ചും, കളിപ്പാട്ട നിർമ്മാണത്തിൽ ആഗോള രംഗത്ത് മികവ് കരസ്ഥമാക്കാനുള്ള പദ്ധതികൾ ആവിഷ്കരിച്ച്ചും ഉൽപാദന ദൗത്യത്തെ ശക്തമാക്കുകയാണ് ബജറ്റിലൂടെ.

ഭാരതത്തിൽ ഉൽപ്പാദിപ്പിക്കുക, ഭാരതീയരാൽ ഉൽപ്പാദിപ്പിക്കുക, ഭാരതീയർക്കു വേണ്ടി ഉൽപാദിപ്പിക്കുന്നതോടൊപ്പം മറ്റ് ലോകരാഷ്ട്രങ്ങൾക്ക് വേണ്ടിയും ഉൽപാദിപ്പിക്കുക എന്ന് വളരെ വികസിതമായ ഒരു സർവോദയ കാഴ്ചപ്പാട് ഉത്പാദനരംഗത്ത് അവതരിപ്പിച്ച് അതിനുള്ള പദ്ധതികൾ പ്രഖ്യാപിക്കാനും ബജറ്റിലൂടെ സാധിച്ചിട്ടുണ്ട്. ഇത്തരം പദ്ധതികൾ ആവിഷ്കരിക്കുമ്പോഴും പരിസ്ഥിതി സൗഹൃദമായ ഊർജ്ജ പരിസരവും വായ്പ സാധ്യതകളും ഉറപ്പുവരുത്താനും പ്രത്യേകം ബജറ്റിൽ പദ്ധതികൾ നിർദ്ദേശിക്കുന്നു.

നിക്ഷേപത്തിന്റെ മേഖലയിൽ പാവപ്പെട്ടവരെയും ഇടത്തരക്കാരെയും മുന്നിൽ കണ്ടുകൊണ്ടുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. അംഗൻവാടികളെ സക്രിയമാക്കികൊണ്ട് കോടിക്കണക്കിന് കുട്ടികൾക്കും, ഗർഭിണികൾക്കും യുവതികൾക്കും പോഷകാഹാരങ്ങൾ ഉറപ്പുവരുത്താനുള്ള പദ്ധതികൾ ശ്രദ്ധേയമാണ്.

പ്രാഥമിക, ഹൈസ്കൂൾ, സെക്കൻഡറി വിദ്യാഭ്യാസ മേഖലയിലും പോഷകാഹാര പദ്ധതി തുടരുന്നതോടൊപ്പം തന്നെ 50000 അടൽ തിങ്ക് റിങ് ലാബുകൾ രാജ്യത്തെ വിവിധ ഹൈസ്കൂളുകളിൽ സ്ഥാപിക്കുന്നു എന്നതും, ഭാരതത്തിന് പൊതുവായ ഓരോ നെറ്റ്വർക്ക് സംവിധാനത്തെ ക്രമീകരിച്ചുകൊണ്ട് ഹൈസ്കൂൾ ഹയർസെക്കൻഡറി വിദ്യാഭ്യാസ രംഗത്ത് ബ്രോഡ്ബാൻഡ് - ഇന്റർനെറ്റ് സൗകര്യങ്ങൾ ഒരുക്കുന്നതിന് പ്രത്യേകം ശ്രദ്ധ കൊടുക്കുന്നതും ഐ.ഐ.ടി.കളുടെയും മെഡിക്കൽ കോളേജുകളുടെയും എണ്ണവും സീറ്റും വർധിപ്പിച്ച കൂടുതൽ യുവാക്കൾക്ക് അവസരങ്ങൾ ഒരുക്കുന്നതും പ്രധാനമന്ത്രി ഫെലോഷിപ്പുകൾ 10000

യുവാക്കൾക്ക് നൽകി പുതിയ സംരംഭകരാകാൻ ഉം ഗവേഷണ മേഖല കളിൽ സജീവമാകാനും അവസരമൊരുക്കുന്നതും ഭാരതീയ ഭാഷകളുടെ പോഷണത്തിന്നും പ്രോത്സാഹനത്തിനും പ്രചാരണത്തിനും ആയി പ്രത്യേകമായ ഡിജിറ്റൽ ബാങ്ക് സംവിധാനവും പ്രഖ്യാപിക്കപ്പെട്ടത് ശ്രദ്ധേയമായ പദ്ധതികൾ ആണ്.

രോഗബാധിതരാകുന്നു പാവപ്പെട്ട ജനങ്ങളെ സംബന്ധിച്ചിടത്തോളം വളരെ അത്യാവശ്യമുള്ള 36 ഇനം മരുന്നുകൾ എല്ലാവിധ നികുതികളിൽ നിന്നും ഒഴിവാക്കി സാധാരണക്കാരിൽ എത്തിക്കാനുള്ള പദ്ധതികളും മറ്റ് കുറെയേറെ അവശ്യമരുന്നുകൾക്ക് നികുതികൾ കുറക്കാനും തയ്യാ റായി എന്നത് ഉപകാരപ്രദമായ ഒരു കാര്യമാണ്. എല്ലാ ജില്ലകളിലും ജില്ലാ ആശുപത്രികളിൽ കാൻസർ സെന്ററുകൾ തുടങ്ങും എന്നുള്ളതും സാധാരണക്കാരന് ആശ്വാസം പകരുന്ന പ്രഖ്യാപനമാണ്.

വഴിവാണിഭക്കാർ അവരുടെ സംരംഭങ്ങൾ സജീവമായി നിലനിർ ത്താനും മുന്നോട്ടു കൊണ്ടുപോകാനും പ്രത്യേകം വായ്പാ പദ്ധതികൾ വർധിപ്പിച്ച് പ്രഖ്യാപനം നടത്തിയതും സാധാരണക്കാരുടെ സബ്കാ വികാസ് എന്ന ചിന്തയെ ശക്തമാക്കുന്നതാണ്. എല്ലാ ഗ്രാമങ്ങളിലും കുടിവെള്ളം പൈപ്പ് വഴി എത്തിക്കുന്നതിനുള്ള ജൽജീവൻ മിഷൻ 2027 വരെ പ്രവർത്തനം തുടരുമെന്ന പ്രഖ്യാപനവും ഗ്രാമീണ ജനതയ്ക്ക് ആശ്വാസം പകരുന്നു.

അതേസമയം സമ്പത്ത് ഉള്ളവരെ സംബന്ധിച്ച് അവർക്ക് തങ്ങളുടെ സമ്പത്തിൽനിന്ന് സമൂഹത്തിന്റെ ഉൽപാദന പ്രക്രിയക്ക് വേണ്ടി നിക്ഷേ പിക്കാനുള്ള അവസരങ്ങൾ കൂടുതൽ നൽകുന്നുണ്ട് പൊതു-സ്വകാര്യ പങ്കാളിത്ത നിക്ഷേപങ്ങളിൽ കൂടി നിരവധി പദ്ധതികൾ നടപ്പാക്കാനുള്ള നിർദ്ദേശങ്ങൾ ബജറ്റിലൂടെ നൽകുകവഴി സാമ്പത്തികമായി ഉയർന്നു നിൽക്കുന്നവർക്ക് തങ്ങളുടെ പണം രാഷ്ട്രനിർമാണ പ്രവർത്തനങ്ങളിൽ ഉപയോഗിക്കാനുള്ള അവസരം കൂടുതൽ ലഭിക്കുകയാണ്. സമ്പന്നൻമാ രുടെ പണത്തെ ഒരു ട്രസ്റ്റ് ട്രസ്റ്റ് ഫണ്ട് പോലെ കാണണമെന്നും ആ പണത്തിന് ഒരു വിഹിതം രാഷ്ട്രനിർമ്മാണത്തിന് ഉപയോഗിക്കാനുള്ള മനസ്സിലേക്ക് അവരെ എത്തിക്കണമെന്നുമുള്ള ഗാന്ധിയൻ ട്രസ്റ്റ് ഷിപ്പ് സിദ്ധാന്തം ഇവിടെ പ്രായോഗികം ആകുന്നത് കാണാൻ സാധിക്കും.

ഇന്ത്യയിലെ ഗ്രാമങ്ങളിൽ പ്രധാനപ്പെട്ട ജനസമ്പർക്ക കേന്ദ്രമായിരുന്ന പോസ്റ്റ് ഓഫീസുകൾ കൂടുതൽ സജീവമാക്കാനും ജനകീയമാക്കാനും ജനോപകാരപ്രദം ആക്കാനുള്ള പദ്ധതികളുടെ പ്രഖ്യാപനവും ജനകീയ മായ മനസ്സിന്റെ പ്രതിഫലനമാണ്.

കയറ്റുമതി

കയറ്റുമതി രംഗത്ത് ഇന്ത്യയുടെ സ്ഥാനം വർദ്ധിപ്പിക്കാനുള്ള ശ്രദ്ധേയമായ ഉള്ള നിർദ്ദേശങ്ങളും ബഡ്ജറ്റിൽ കാണാം. യുവാക്കളുടെ നൈപുണ്യം വർധിപ്പിച്ചുകൊണ്ട് അവരുടെ മികവുകളെ ഉപയോഗപ്പെടുത്തിയത് രാജ്യത്തിന്റെ വിവിധ രംഗങ്ങളിൽ ഉല്പാദന പ്രവർത്തനങ്ങളെ ശക്തമാക്കി ഭാരതത്തിന് ആവശ്യമുള്ള വിഭവങ്ങൾ ഉൽപാദിക്കുന്ന അതിനൊപ്പം തന്നെ വിദേശത്തേക്ക് കയറ്റുമതി ചെയ്യുവാനുള്ള പ്രോത്സാഹനവും നൽകാനായി പ്രത്യേക പദ്ധതികൾ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു ഇതിനായി ഭാരതീയ ട്രേഡ് പ്ലാറ്റ്ഫോം എന്ന ഒരു ഏകോപിത സംവിധാനം ഏറെ ഗുണം ചെയ്യും. നികുതി രംഗത്തെ പരിഷ്ക്കാരങ്ങളും ജനങ്ങൾക്ക് വരുമാനം വർദ്ധിപ്പിക്കുന്നതിനും നിക്ഷേപങ്ങൾ നടത്തുന്നതിനും എല്ലാം ഗുണംചെയ്യുന്ന രീതിയിലുള്ളതാണ് വരുമാന നികുതിയുടെ രംഗത്തെ സങ്കീർണതകളെ ലഘൂകരിക്കാൻ ഇനി അവതരിപ്പിക്കാൻ പോകുന്ന പുതിയ വരുമാന നികുതി ബിൽ ഉപകരിക്കുമെന്ന് പ്രതീക്ഷയും ഉണ്ട്

ഇപ്രകാരം സമസ്ത മേഖലയിലുമുള്ള ആളുകൾക്ക് പ്രോത്സാഹനവും അവസരങ്ങളും നൽകുന്ന സർവരുടെയും ഉദയം അഥവാ സർവോദയത്തെ അഥവാ സബ്കാ വികാസ് എന്ന ചിന്തയെ പ്രാവർത്തികമാക്കാൻ ബജറ്റ് ഉപകാരപ്പെടും എന്ന് കരുതുന്നു.

വികേന്ദ്രീകരണം ആവശ്യം

ഗാന്ധിജിയുടെ സർവോദയ ദർശനം സമഗ്രമാണ്. ബജറ്റ് വഴി സാമ്പത്തിക-സാമൂഹ്യരംഗത്ത് നിർദ്ദേശിച്ച കാര്യങ്ങൾ ഫലപ്രദമാകണമെങ്കിൽ രാഷ്ട്രീയ ഘടനയിലും മാറ്റങ്ങൾ ഉണ്ടാക്കണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ശക്തമായതും വികേന്ദ്രീകൃതവും നിഷ്പക്ഷവും കക്ഷിരഹിതവും ആകണം. ■

കേരള ബജറ്റ് 2025:
സർവോദയ അവലോകനം

കേരള സംസ്ഥാനത്തിന്റെ 2025ലേക്കുള്ള ബജറ്റ് സമ്മിശ്ര പ്രതികരണം ഉണ്ടാക്കുന്നുണ്ട്. വിവിധ മേഖലകളിൽ കൂടുതൽ പ്രവർത്തനങ്ങൾക്കുള്ള നിർദ്ദേശങ്ങൾ ബജറ്റ് മുന്നോട്ടുവെക്കുന്നു എന്നുള്ളത് നല്ല കാര്യമാണ്. വയനാടിന്റെ സാന്ത്വന സ്പർശമായി 750 കോടിയും, 1,00,000 ഭവനങ്ങളും, അടഞ്ഞുകിടക്കുന്ന വീടുകളെ പുനരുജ്ജീവിപ്പിച്ച് കെ. ഹോം പദ്ധതിയും എന്നിങ്ങനെ നിരവധി നിർദ്ദേശങ്ങൾ ഉണ്ടായിട്ടുണ്ട്. ഇതിൽ പ്രധാനമായ ഒരു പ്രതികരണം കേന്ദ്ര ബഡ്ജറ്റിന്റെ ചുവടുപിടിച്ച് സംസ്ഥാന ബജറ്റ് അവതരിപ്പിച്ചു എന്നുള്ളതാണ്.

കേന്ദ്ര അനുബന്ധമാകുന്നതിൽ തെറ്റില്ല

ഒരു സംസ്ഥാനത്തിന്റെ ബഡ്ജറ്റ് കേന്ദ്രത്തിന്റെ ബജറ്റിന് അനുപൂരകമോ അനുബന്ധമോ ആകുന്നതിൽ തെറ്റുപറയാനാകില്ല. ദേശീയവീക്ഷണ ത്തോടുകൂടി കേന്ദ്ര ഗവൺമെൻറ് സർവതല സ്പർശിയായ ഒരു ബഡ്ജറ്റ് അവതരിപ്പിച്ചിട്ടുണ്ട് എങ്കിൽ പ്രസ്തുത ബജറ്റ് നിർദ്ദേശങ്ങൾ സംസ്ഥാന ത്തിന് അനുയോജ്യമാകുന്ന വിധത്തിൽ ഇവിടെയും പദ്ധതി നിർദ്ദേശ ങ്ങൾ വച്ച് അവയെ സംസ്ഥാനത്തേക്ക് ഗുണകരമായ രീതിയിൽ നടപ്പാ ക്കുന്നത് വിവേകപൂർവ്വമായ സമീപനം തന്നെയാണ്. ഇതിൽ കക്ഷിരാ ഷ്ട്രീയ വ്യത്യാസങ്ങൾ നോക്കേണ്ടതില്ല. രാജ്യത്തിന്റെയും സംസ്ഥാന ത്തെയും പദ്ധതികൾ അനുപൂരകസ്വഭാവം ഉള്ളതായി മാറുമ്പോൾ അത് സംസ്ഥാനത്തെ ജനങ്ങൾക്ക് കൂടുതൽ ഉപകാരപ്രദമാകും. ദേശീയപാത വികസനം, ഹെൽത്ത് ടൂറിസം, തീരദേശ സംരക്ഷണം, സാഗർമാല പദ്ധതി, കളിപ്പാട്ട നിർമ്മാണ യൂണിറ്റുകൾ, നാട്ടു വൈദ്യവും പാരമ്പര്യ വൈദ്യവും, നെല്ല് ഉൾപ്പെടെയുള്ള ധാന്യങ്ങളു ടെയും ഹോൾട്ടികൾച്ചർ മേഖലയുടെയും വികസനം ഉടാ(ഡ)ൻ പദ്ധതി, ഭവന നിർമ്മാണ

പദ്ധതികൾ, ഐ.ടി. ഡിജിറ്റൽ പ്രോജക്റ്റുകൾ എന്നി ങ്ങനെ കേന്ദ്ര ബജറ്റിൽ പറഞ്ഞതിന് സമാനമായ നിർദ്ദേശങ്ങൾ സംസ്ഥാ നത്തും ഉണ്ടാകുന്നു എന്നുള്ളത് സംസ്ഥാനത്തിന് ഇപ്പോഴത്തെ സാമ്പ ത്തികസ്ഥിതി വെച്ചുകൊണ്ട് കൂടുതൽ ഗുണകരമാണ്.

സംസ്ഥാന വിഹിതം ഇത്തരം പദ്ധതികൾക്കായി മാറ്റിവെക്കുക വഴി വൈവിധ്യമാർന്ന പദ്ധതികൾ സംസ്ഥാനത്തെ ജനങ്ങൾക്ക് ഉപകാരപ്രദ മായ രീതിയിൽ യഥാസമയത്ത് സംസ്ഥാന വിഹിതം നൽകിയും കണ ക്കുകൾ നൽകിയും ആവശ്യമായ രേഖകൾ നൽകിയും ഇത്തരം പദ്ധതി നിർദ്ദേശങ്ങൾ നടപ്പാകും എന്ന് ഉറപ്പുവരുത്തുകയാണ് വേണ്ടത്. ദേശീയ വിദ്യാഭ്യാസ പദ്ധതിയിൽ തന്നെ ഇതിനകം മുഖം തിരിഞ്ഞ് നിന്ന തോടുകൂടി ഏകദേശം രണ്ടായിരത്തോളം കോടിരൂപ സംസ്ഥാനത്തിന് നഷ്ടപ്പെടുന്നു എന്ന് മാത്രമല്ല നിരവധി വിദ്യാർഥികളും യുവാക്കളും നിരാശരാക്കുകയും ചെയ്തു. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരി ക്കുക എന്നുള്ളത് പ്രധാന കാര്യം തന്നെ.

സർവതല സ്പർശിയായ ബഡ്ജറ്റ്

വിവിധ മേഖലകളിൽ ഊന്നൽ നൽകിക്കൊണ്ട് നിരവധി ബജറ്റ് നിർദ്ദേ ശങ്ങൾ വച്ചിട്ടുണ്ട്. എല്ലാ മേഖലയേയും സ്പർശിച്ചു പോകുക എന്നുള്ളത് നല്ലൊരു കാര്യം തന്നെയാണ്. അതേസമയം ഓരോ മേഖലയ്ക്കും അഞ്ചു കോടി, പത്ത് കോടി എന്നിങ്ങനെ നാമമാത്രമായ സംഖ്യകളാണ് മാറ്റി വെച്ചിരിക്കുന്നത് എന്ന് കാണാൻ സാധിക്കും. ഇത് സംസ്ഥാനത്തിന്റെ ധനകാര്യ ദൗർബല്യത്തെ വെളിവാക്കുന്നത് തന്നെയാണ്. എങ്കിൽ പോലും പ്രത്യാശയോടെ ഓരോ മേഖലയ്ക്കും മുന്നേറാനുള്ള കൈത്താങ്ങ് കൊടുക്കുന്നത് നല്ലതുതന്നെയാണ്.

തനത് വരുമാനം വർധിപ്പിക്കാനുള്ള പദ്ധതികൾ

സംസ്ഥാനത്തിലെ ജനങ്ങൾക്കും സ്ഥാപനങ്ങൾക്കും സംസ്ഥാനത്തിന് തന്നെയും വരുമാനം വർധിപ്പിക്കാൻ ആവശ്യമായ തനത് പദ്ധതികൾ തുലോം കുറവാണ് എന്നുള്ളത് ഒരു യാഥാർത്ഥ്യം തന്നെയാണ് .ഈ രംഗത്ത് കുറയും കൂടി ശ്രദ്ധിക്കേണ്ടതായിരുന്നു.

തൃശ്ശൂർ സുവോളജിക്കൽ പാർക്ക്

സംസ്ഥാനത്തിന് അഭിമാന പദ്ധതിയായ തൃശ്ശൂർ സുവോളജിക്കൽ പാർക്കിന് കേവലം ആറു കോടി രൂപയാണ് മാറ്റിവച്ചിരിക്കുന്നത്. അടുത്ത ആറുമാസത്തിനുള്ളിൽ പ്രവർത്തനം ആരംഭിക്കുമെന്ന് ആവർത്തിച്ച്

പ്രഖ്യാപിച്ചിട്ടുള്ള ഒരു പദ്ധതിയാണ് ഇത്തരം പദ്ധതികൾക്ക് എങ്കിലും ആവശ്യമായ തുക വകയിരുത്തി; ഇതുപോലുള്ള ജനോപകാരപ്രദമായ, വരുമാനം വർദ്ധനവിന് സഹായിക്കുന്ന, പഠന-ഗവേഷണ രംഗത്ത് നൂതന സാധ്യതകൾ ഒരുക്കുന്ന പദ്ധതികൾക്ക് കൂടുതൽ സംഖ്യ മാറ്റിവെക്കേണ്ടത് ആയിരുന്നു.

പദ്ധതി വെട്ടിക്കുറയ്ക്കരുത്

മറ്റൊരു പ്രധാന കാര്യം ഇപ്പോൾ മാറ്റിവെച്ച സംഖ്യ എങ്കിലും അടുത്ത ഒരു സാമ്പത്തിക വർഷത്തിനുള്ളിൽ ചെലവഴിക്കും എന്ന് ഉറപ്പുവരുത്താൻ സംസ്ഥാന ഗവൺമെന്റ് പ്രതിജ്ഞാബദ്ധരാകണം. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ തന്നെ ഏകദേശം 15,000 കോടി രൂപയുടെ പദ്ധതികൾ വെട്ടിക്കുറച്ചു എന്ന് പല രേഖകളും പറയുന്നുണ്ട്. ഓരോ പദ്ധതികളും സൂക്ഷ്മമായി പരിശോധിച്ചാൽ ഇക്കാര്യം വ്യക്തമാക്കുകയും ചെയ്യും.


ഇത്തരത്തിലുള്ള പിറകോട്ട് പോക്ക് അടുത്ത സാമ്പത്തിക വർഷത്തിൽ ഉണ്ടാകില്ല എന്ന് ഉറപ്പു വരുത്തൽ ആണ് സംസ്ഥാന ഗവൺമെന്റ് ചെയ്യേണ്ട പ്രധാന കാര്യം.

സാധാരണക്കാരന് ദോഷകരമായ നികുതി നിർദേശങ്ങൾ

സംസ്ഥാന ഖജനാവിലേക്ക് കൂടുതലായി വരുമാനം ഉണ്ടാക്കുന്നതിനായി നിർദ്ദേശിച്ചിരിക്കുന്ന പല പദ്ധതികളും സാധാരണക്കാരന് കൂടുതൽ ഭാരം ഉണ്ടാക്കുന്നതാണ്. കോടതി ഫീസുകൾ എല്ലാം വർദ്ധിപ്പിച്ചിരിക്കുന്നു. വിവിധതരം കോടതി വ്യവഹാരങ്ങൾ സ്റ്റാമ്പുകൾ എന്നിവയുടെയെല്ലാം വിലയും സേവന നിരക്കും എല്ലാം വർധിപ്പിച്ചിരിക്കുകയാണ്. കഴിഞ്ഞ ബജറ്റിൽ തന്നെ ഭൂനികുതി വളരെയേറെ വർധിപ്പിച്ചതാണ്. ഇപ്പോൾ വീണ്ടും ഭൂനികുതി വർദ്ധിപ്പിക്കാനുള്ള നിർദ്ദേശം വന്നിരിക്കുന്നു.

15 വർഷം പഴക്കമുള്ള വാഹനങ്ങൾ തൽക്കാലം അറ്റകുറ്റപ്പണി നടത്തി കുറെ കാലം കൂടി മുന്നോട്ടുകൊണ്ടുപോകാൻ ശ്രമിക്കുന്നത് പലപ്പോഴും സാധാരണക്കാരാണ്. ഇത്തരം വാഹനങ്ങൾക്ക് 50 ശതമാനം നികുതി വർധിപ്പിക്കുമ്പോൾ അത് സാധാരണക്കാരന് കൂടുതൽ ദോഷകരമായി ബാധിക്കും. ലക്ഷക്കണക്കിന് രൂപ കടമെടുത്ത് പുതിയ വാഹനങ്ങൾ വാങ്ങേണ്ടി വരുന്ന സാഹചര്യങ്ങളിലേക്ക് അവരെ നിർബന്ധിക്കുകയാണ് ചെയ്യുന്നത്.

പരിസ്ഥിതി സൗഹൃദ ഊർജ്ജ നയത്തിന് ഭാഗമായാണ് ഇലക്ട്രിക് വാഹനങ്ങൾ പ്രോത്സാഹിപ്പിച്ചു വരുന്നത് കേന്ദ്ര ബജറ്റിൽ ഇതിനായി ധാരാളം ആനുകൂല്യങ്ങളും പ്രഖ്യാപിക്കുകയുണ്ടായി. പക്ഷേ സംസ്ഥാനത്ത് ഇലക്ട്രിക് വാഹനങ്ങൾക്ക് വൻതോതിൽ നികുതി വർദ്ധിപ്പിക്കുക വഴി ജനങ്ങൾക്ക് ലഭിക്കുമായിരുന്ന ആശ്വാസം റദ്ദാക്കപ്പെട്ടുകയാണ് ചെയ്തത്. ഇത്തരത്തിലുള്ള നികുതി നിർദേശങ്ങളെക്കുറിച്ച് ഇനിയുള്ള ദിവസങ്ങളിൽ നടക്കുന്ന ബജറ്റ് ചർച്ചകളിൽ ഗൗരവമായി ആലോചിച്ചു പരമാവധി നികുതി ഭാരം കുറയ്ക്കാൻ സംസ്ഥാന ഗവൺമെന്റിന് സാധിക്കുമെന്ന് പ്രതീക്ഷിക്കാം. ■



വിനോബജി എന്ന സ്നേഹ വിപ്ലവകാരി

ആദ്ധ്യാത്മിക ശക്തിയും അശ്രാന്ത പരിശ്രമവും കൊണ്ട് അത്ഭുതങ്ങൾ സൃഷ്ടിക്കാം എന്ന് സാക്ഷ്യപ്പെടുത്തിയ ആചാര്യനാണ് ആചാര്യനായ വിനോബഭാവെയുടെ ബ്രഹ്മനിർവ്വാണത്തിന് 2025ൽ 43 വർഷം തികയുകയാണ്. 1982 നവംബർ 15ന് അദ്ദേഹം സമാധിയായി. ഈ ലോകത്തെ കർമ്മങ്ങളെല്ലാം പൂർത്തീകരിച്ച് ബ്രഹ്മത്തിനു സ്വയം സമർപ്പിക്കുകയായിരുന്നു അദ്ദേഹം. മരുന്നുകളും ഭക്ഷണവും എല്ലാം കുറച്ചുകൊണ്ടുവന്ന് പൂർണമായും ഈശ്വരനിൽ സമർപ്പിക്കുന്ന ഒരു പ്രക്രിയയായിരുന്നു അത്. പ്രധാനമന്ത്രിയായിരുന്ന ഇന്ദിരാഗാന്ധി നേരിട്ട് എത്തി ഇതിൽനിന്നും പിന്തിരിപ്പിക്കാൻ ശ്രമിച്ചെങ്കിലും നടന്നില്ല.

ആത്മീയ അന്തരീക്ഷം നിറഞ്ഞുനിൽക്കുന്നത് ആയിരുന്നു വിനോബ ജിയുടെ കുടുംബാന്തരീക്ഷം 1895 സെപ്റ്റംബർ 11ന് മഹാരാഷ്ട്രയിലെ റായ്ഗഡ് ജില്ലയിൽ ഗഗോദാ ഗ്രാമത്തിൽ ആണ് ജനനം. പിതാവ് നരഹരി ശംഭു റാവു. മാതാവ് രുക്മണി ദേവി. മുത്തശ്ശൻ ആയ ശംഭു റാവു പരിപാ ലിച്ചിരുന്ന ക്ഷേത്രത്തിൽ അക്കാലത്തുതന്നെ എല്ലാ വിഭാഗം ജനങ്ങ ൾക്കും പ്രവേശനം നൽകിയിരുന്നു. മാനവികതയുടെ ഏകത്വം തലമുറക ളായി വിനോബാജിക്ക് ലഭിച്ചിരുന്നു.

1913ൽ ബറോഡയിൽ മെട്രിക്കുലേഷൻ പാസായി. ഇന്റർമീഡിയറ്റിനു ചേർന്നു. പഠനത്തിൽ മിടുക്കനായിരുന്ന വിനയ് സ്കോളർഷിപ്പ് ഓടു കൂടിയാണ് മെട്രിക്കുലേഷൻ പാസായത്. ഇൻറർ മീഡിയേറ്റ് പഠിക്കുമ്പോ ഴാണ് മനസ്സിൽ ഉൽക്കടമായ ഒരു ആഗ്രഹം ജനിക്കുന്നത്. മഹത്തായ കാര്യങ്ങൾ ചെയ്ത് തീർക്കണം അതിന് വീടുവിട്ടിറങ്ങി വലിയ ലക്ഷ്യ ത്തിലേക്ക് പ്രയാണം നടത്തണം. ഇതായിരുന്നു ചിന്ത. ഇപ്രകാരമാണ് അദ്ദേഹം തന്റെ മട്രിക്കുലേഷൻ സർട്ടിഫിക്കറ്റ് പോലും ഉപേക്ഷിച്ചു ഇരു പത്തിയൊന്നാം വയസ്സിൽ പരിവ്രാജകനായി പ്രയാണം ആരംഭിക്കുന്നത്.

ഒന്നുകിൽ ഹിമാലയസാനുക്കളിൽ പോയി ഋഷി പരമ്പരയുടെ ഭാഗമായി തീരുക. അല്ലെങ്കിൽ തീവ്രമായ പ്രവർത്തനങ്ങൾ നടത്തുന്ന നടക്കുന്ന ബംഗാൾ മേഖലയിൽ സജീവതയുടെ ഭാഗമായി മാറുക. ഈ രണ്ടു ചിന്തകളുമായി വാരണാസിയിൽ എത്തിയ അദ്ദേഹം ഒരു പത്ര വാർത്ത വായിക്കാൻ ഇടയാകുന്നു. 1916 ഫെബ്രുവരി നാലിന് കാശിയിലെ ഹിന്ദു വിശ്വവിദ്യാലയത്തിന്റെ ഉദ്ഘാടനത്തോടനുബന്ധിച്ച് മഹാത്മാഗാന്ധി നടത്തിയ പ്രസംഗത്തിന്റെ വാർത്തയാണ് വായിച്ചത്.

ആത്മീയതയെയും ഭൗതികതയെയും സമന്വയിപ്പിച്ചുകൊണ്ട് സേവനത്തിലൂടെ മഹത്തായ ലക്ഷ്യത്തിലേക്ക് മുന്നേറുന്നത് എങ്ങനെയെന്ന ഗാന്ധിജിയുടെ വാക്കുകൾ അദ്ദേഹത്തിൽ വലിയ ചലനങ്ങൾ ഉണ്ടാക്കി. നേരത്തെ മനസ്സിൽ ഉണ്ടായിരുന്ന രണ്ട് മാർഗ്ഗങ്ങളും അല്ല വേണ്ടത് എന്നും ഗാന്ധിജി മുന്നോട്ടുവെക്കുന്ന ഈ സമന്വയ മാർഗ്ഗമാണ് തനിക്ക് അനുയോജ്യം ആയിട്ടുള്ളത് എന്നും വിനയ് തീരുമാനിക്കുന്നു. അതനുസരിച്ച് തന്റെ ആഗ്രഹം ഗാന്ധിജിയെ കത്തിലൂടെ അറിയിക്കുകയും ചെയ്തു.

പരിവ്രാജക ജീവിതം

1916 ജൂൺ ഏഴിന് വിനോബ ജി അഹമ്മദാബാദിലെ കൊച്ച് റബ് ആശ്രമത്തിൽ ചെന്ന് ഗാന്ധിജിയെ കാണുന്നു. തുടർന്ന് ഒരു വർഷക്കാലം രാജ്യം മുഴുവൻ സഞ്ചരിച്ച് ഭാരതത്തെ മനസ്സിലാക്കുന്നു. ഈ കാലഘട്ടത്തിൽ ഉപനിഷത്തുകൾ, വേദങ്ങൾ, ഭഗവത്ഗീത, ബ്രഹ്മസൂത്രം. മറ്റ് മതഗ്രന്ഥങ്ങൾ എന്നിവയെല്ലാം വായിച്ച് ഹൃദിസ്ഥമാക്കാൻ അദ്ദേഹം സമയം കണ്ടെത്തുന്നു. കൃത്യം ഒരു വർഷത്തിന് തികയുന്ന ഒരു വർഷം തികയുന്ന ദിനത്തിൽ വീണ്ടും ഗാന്ധിജിയെ നേരിൽ കാണുന്നു.

തുടർന്നാണ് ഗാന്ധിജിയുടെ നിർദ്ദേശപ്രകാരം വാർദ്ധയിൽ പുതുതായി പണി ആരംഭിക്കുന്ന ഒരു ആശ്രമത്തിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് അങ്ങോട്ട് താമസം മാറ്റുന്നത്. ആശ്രമത്തിൽ ശൗചാലയ ശുചീകരണം മുതൽ അടുക്കളപ്പണി വരെ എല്ലാ കാര്യങ്ങളും വിനോബ നടത്തിയിരുന്നു ഒപ്പം തന്നെ മണിക്കൂറുകളോളം നൂൽനൂൽപ്പും.

ധാരാളം നടക്കുക എന്നത് അദ്ദേഹത്തിന്റെ സ്വഭാവമായിരുന്നു. ലൈബ്രറികൾ എല്ലാം പരമാവധി അദ്ദേഹം ഉപയോഗപ്പെടുത്തി. വിശാലമായ വായന അദ്ദേഹത്തിൽ പുതിയ ഒരു ലോകം തുറക്കുകയായിരുന്നു. എല്ലാ നല്ല ആശയങ്ങളും ജീവിതത്തിൽ സ്വാംശീകരിക്കാൻ അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചിരുന്നു. കേവലം ആശ്രമ അന്തേവാസിയായി ചുരുങ്ങുകയായിരുന്നില്ല വിനോബജി.

സ്വാതന്ത്ര്യത്തിനായി

1923 നാഗ്പൂരിൽ നടന്ന പതാക സത്യാഗ്രഹത്തിന്റെ മുഖ്യസൂത്രധാരൻ അദ്ദേഹമായിരുന്നു. ഇതേതുടർന്ന് അറസ്റ്റ് വരിക്കുകയും ജയിലിൽ പോവുകയും ചെയ്തു. 1940ലെ വ്യക്തി സത്യാഗ്രഹം ആരംഭിക്കുന്ന സമയത്തും ആരായിരിക്കും ആദ്യത്തെ സത്യാഗ്രഹി എന്ന ലോകം മുഴുവൻ ശ്രദ്ധിച്ചപ്പോൾ ഗാന്ധിജി അറിയിച്ചത് വിനോബജിയുടെ പേരാണ്. ആദ്യത്തെ വ്യക്തി സത്യാഗ്രഹി എന്ന രീതിയിലും അദ്ദേഹം സ്വാതന്ത്ര്യ സമരത്തിൽ തന്റെ ദൗത്യം നിർവഹിച്ചു. തുടർന്നും ജയിൽവാസം അനുഷ്ഠിക്കേണ്ടി വന്നു. നാലു തവണയായി അഞ്ചര വർഷക്കാലം ദേശീയ സ്വാതന്ത്ര്യ പ്രസ്ഥാനത്തിന്റെ ഭാഗമായി അദ്ദേഹത്തിന് ജയിൽവാസം അനുഷ്ഠിക്കേണ്ടതായി വന്നു.

ജയിൽ ഒരു ക്ഷേത്രം

ജയിൽവാസ സമയത്ത് രണ്ടാം ക്ലാസ് തടവുകാർക്കുള്ള മെച്ചപ്പെട്ട സൗകര്യം നൽകാമെന്ന് ജയിലധികൃതർ അറിയിച്ചുവെങ്കിലും വിനോബജി അത് സ്വീകരിച്ചില്ല. സാധാരണക്കാരായ തടവുകാരുടെ ഒപ്പം കഴിയാനാണ് അദ്ദേഹം തയ്യാറായത്. മറ്റൊരു നിബന്ധനയും അദ്ദേഹം മുന്നോട്ടുവച്ചു. ജയിലിൽ ഭക്ഷണം കഴിക്കണമെങ്കിൽ അധ്വാനിക്കാനുള്ള അവസരമുണ്ടാകണം എന്ന് അദ്ദേഹം നിഷ്ക്കർഷിച്ചു. അതിനും ജയിലധികൃതർ വഴങ്ങി.

അധ്വാനിച്ചു മാത്രമേ ഭക്ഷണം കഴിക്കാവൂ എന്ന മഹത്തായ തത്വം ജയിൽവാസ സമയത്തും അദ്ദേഹം ലോകത്തിന് നൽകുകയായിരുന്നു. 1932 കാലത്ത് ധൂളിയ ജയിലിൽ കിടക്കുന്ന സമയത്ത് അധികൃതരുടെ അനുമതിയോടെ ജയിൽ അന്തേവാസികൾക്കായി ഗീത പ്രഭാഷണങ്ങൾ നടത്തി. പതിനെട്ട് അധ്യായങ്ങളേയും ആസ്പദമാക്കി അദ്ദേഹം നടത്തിയ ഗീത പ്രഭാഷണങ്ങൾ പിന്നീട് ഗ്രന്ഥമായി പ്രസിദ്ധീകരിക്കുകയും ചെയ്തു. ഇപ്രകാരം ജയിൽ ജീവിതത്തെ തന്റെയും സമൂഹത്തിന്റെയും ആത്മീയ ഉണർവിനുള്ള നിമിത്തമാക്കി മാറ്റാൻ അദ്ദേഹത്തിന് സാധിച്ചു.

ഭൂദാന പ്രസ്ഥാനം

ഗാന്ധിജിയുടെ രക്തസാക്ഷിത്വത്തിന് ശേഷം വിനോബജിയുടെ നേതൃത്വത്തിൽ സർവോദയ സമാജം, സർവ സേവാ സംഘം തുടങ്ങിയ പ്രസ്ഥാനങ്ങൾക്ക് രൂപം കൊടുക്കുകയുണ്ടായി. ഗാന്ധിജി ആഗ്രഹിച്ചിരുന്ന സാമൂഹ്യ മാറ്റത്തിനുള്ള വേദികളായി ആണ് ഇവ രൂപീകരിക്ക

പ്പെട്ടത്. എന്നാൽ വിനോബജി ഇവയുടെ ഒന്നും ഭാരവാഹിത്വം വഹിക്കാൻ തയ്യാറായിരുന്നില്ല. ഇക്കാര്യം അദ്ദേഹം തുറന്നു പറയുകയും ചെയ്തു. ഏതെങ്കിലും ഒരു സംഘടനയിൽ ഒതുങ്ങിക്കൂടാതെ പരിപാടികൾ ഏറ്റെടുത്ത് മുന്നോട്ട് പോവുക എന്ന ശൈലിയാണ് അദ്ദേഹം സ്വീകരിച്ചത്. ഇപ്രകാരമാണ് 1951 ഏപ്രിൽ 18ന് പോച്ചംപള്ളി ഗ്രാമത്തിൽ അദ്ദേഹം എത്തുന്നത്.

ഭൂമിയുടെ ഉടമസ്ഥാവകാശം ചൊല്ലി രക്തരൂഷിതമായ കലാപങ്ങൾ നടന്നിരുന്ന തെലുങ്കാനയിലെ മണ്ണിലൂടെ പദയാത്രയായി സഞ്ചരിച്ചാണ് അദ്ദേഹം പോച്ചംപള്ളിയിലെത്തിയത്. ഭൂമിയില്ലാത്ത ആളുകൾ വിനോബജിയെ സമീപിച്ച് തങ്ങൾക്ക് അദ്ധ്വാനിച്ച് ജീവിക്കാൻ ഭൂമി വേണമെന്ന് അഭ്യർത്ഥിച്ചിരുന്നു. വൈകുന്നേരത്തെ പ്രാർത്ഥനാ യോഗത്തിൽ വിനോബാജി ഇക്കാര്യം പറഞ്ഞു. സന്മനസുള്ള ആരെങ്കിലും മുന്നോട്ടുവരണമെന്ന് അഭ്യർത്ഥിച്ചു. രാമചന്ദ്ര റെഡ്ഡി എന്ന ഭൂവുടമ 100 ഏക്കർ ഭൂമി ദാനം ചെയ്തു.

രണ്ട് ഏക്കർ വീതം 40 കുടുംബങ്ങൾക്കായി വീതിച്ചു നൽകി. അധ്വാനിച്ച് ജീവിക്കാനായി. പ്രസ്തുത ഭൂമിയും പ്രദേശവും ഒരുമിച്ച് സാമൂഹ്യ ജീവിതം നയിക്കണമെന്ന നിർദ്ദേശവും വിനോബാജി വച്ചിരുന്നു. ഇതു പ്രകാരം ആ ഗ്രാമം ഒത്തൊരുമിച്ച് അവരുടെ ഉപജീവന പ്രവർത്തനങ്ങൾ നടത്തുകയും മുന്നേറുകയും ചെയ്തു. പോച്ചംപള്ളിയിൽ നിന്നും പദയാത്രയായി തന്നെ മടങ്ങി. പൗനാറിൽ തിരിച്ചെത്തിയപ്പോഴേക്കും 12 ലക്ഷം ഏക്കർ ഭൂമി ദാനമായി ലഭിച്ചു. ഇന്ത്യയുടെ ആസൂത്രണ സമിതി യോഗത്തിൽ പങ്കെടുക്കാൻ അന്നത്തെ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു വിനോബജിയെ ക്ഷണിച്ചു.

പദയാത്രയായ് ആണ് പൗനാറിൽ നിന്നും ഡൽഹിയിലേക്ക് അദ്ദേഹം എത്തിയത്. ഈ പദയാത്രയിൽ18 ലക്ഷം ഏക്കർ ഭൂമി ദാനമായി ലഭിച്ചിരുന്നു. സ്നേഹപൂർവ്വമായ അഭ്യർത്ഥന മൂലമാണ് ഇതെല്ലാം സാധിച്ചത്. അഹിംസാത്മകമായി, സ്നേഹപൂർവ്വമായ പെരുമാറ്റത്തിലൂടെ, സമൂഹത്തിന് ഗുണകരമായ മാറ്റങ്ങൾ ഉണ്ടാക്കാൻ സാധിക്കുമെന്ന് ആധ്യാത്മിക ശക്തിയുടെ അടിത്തറയുള്ള അദ്ദേഹം സ്വന്തം ജീവിതത്തിലൂടെ തെളിയിച്ചു കാണിക്കുകയായിരുന്നു.

40 ലക്ഷം ഏക്കറോളം ഭൂമി ഇപ്രകാരം ദാനമായി കിട്ടി. ഭൂമിയില്ലാത്തവർക്ക് വിതരണം ചെയ്യാനും സാധിച്ചു. ലോകം മുഴുവൻ അത്ഭുതത്തോടെ വീക്ഷിച്ച അഹിംസാത്മക സാമൂഹ്യ വിപ്ലവമായിരുന്നു ഭൂദാന പ്രസ്ഥാനം. പിന്നീടത് ഗ്രാമദാനമായി വികസിച്ചു. വിനോബ ജിയെ

പിന്തുടർന്ന് ലോക് നായക് ജയപ്രകാശ് നാരായണൻ അടക്കമുള്ളവർ ഈ പ്രക്രിയയിൽ ജീവൻദാൻ പ്രഖ്യാപിച്ചുകൊണ്ട് പങ്കാളികളായി.

വിനോബാജിയും കേരളവും

ഗാന്ധിജിയുടെ നിർദ്ദേശപ്രകാരം ആരംഭിച്ച വൈക്കം സത്യാഗ്രഹം ഒരു വർഷം പിന്നിട്ടപ്പോൾ സത്യാഗ്രഹത്തെ കുറിച്ചുള്ള കാര്യങ്ങൾ വിനിമയം ചെയ്യുന്നതിനും ഗാന്ധിജിക്ക് നേരിട്ട് റിപ്പോർട്ട് ചെയ്യുന്നതിനും ആയി വിനോബാജി വൈക്കത്ത് എത്തിയിരുന്നു. അദ്ദേഹത്തിന്റെ സന്ദർശനം സത്യാഗ്രഹത്തിന് കൃത്യമായ ഒരു ദിശാബോധം നൽകാൻ വളരെ സഹായിച്ചിരുന്നു.

ഭൂദാന യജ്ഞം ആറു വർഷം പിന്നിട്ട കാലഘട്ടത്തിൽ 1957 ഏപ്രിൽ പതിനഞ്ചാം തീയതി ഭൂദാന പദയാത്രയുടെ ഭാഗമായി വിനോബാജി കന്യാകുമാരിയിലൂടെ കേരളത്തിലെത്തി. സംസ്ഥാന അതിർത്തിയിൽ അന്നത്തെ മുഖ്യമന്ത്രി ഇ.എം. ശങ്കരൻ നമ്പൂതിരിപ്പാട്, ഗവർണർ ബി. രാമകൃഷ്ണറാവു എന്നിവർ ചേർന്ന് സ്വീകരിച്ചു. തിരുവനന്തപുരത്ത് നെടുമങ്ങാട് ഉള്ള വിനോബാ നികേതന് ശിലാസ്ഥാപനം നടത്തുകയും ചെയ്തു. തുടർന്ന് ഓഗസ്റ്റ് 23 വരെ നീണ്ടുനിന്ന പദയാത്ര കേരളത്തിലൂടെ സഞ്ചരിച്ച് കാസർകോട് നിന്ന് കർണാടകയിലേക്ക് പ്രവേശിക്കുന്ന ദിനത്തിൽ അഹിംസാത്മകമായ സാമൂഹ്യപ്രവർത്തനത്തിനുവേണ്ടി ശാന്തിസേന എന്ന ഒരു സംവിധാനം വിനോബാജി പ്രഖ്യാപിച്ചു.

കേരളത്തിൽ ഭൂദാനപ്രസ്ഥാനത്തിന് നേതൃത്വം കൊടുത്തിരുന്നത് കേരളഗാന്ധി കെ. കേളപ്പനും ഇ. ഇക്കണ്ട വാര്യരും ആയിരുന്നു. ഭൂദാന പ്രവർത്തനങ്ങൾക്കായി സന്നദ്ധ സേവകരെ പരിശീലിപ്പിക്കുന്നതിന് കേരളത്തിൽ രണ്ട് ക്യാമ്പുകൾ അക്കാലത്ത് നടന്നു. പാലായിലും മറ്റൊന്ന് തൃശ്ശൂരിലും. തൃശ്ശൂരിൽ ക്യാമ്പ് നടന്നത് കൈനൂർ വില്ലേജിൽ ഉള്ള പറമ്പത്ത് പാടത്താണ്. (ഇപ്പോഴത്തെ തൃശ്ശൂർ സുവോളജിക്കൽ പാർക്കിന് സമീപം) ഒരു മാസക്കാലത്തെ പരിശീലനം ലഭിച്ചവരാണ് ഭൂദാന പ്രസ്ഥാനത്തിനുവേണ്ടി തുടർന്നുള്ള നാളുകളിൽ പ്രവർത്തിച്ചത്. കേരളത്തിലൂടെയുള്ള സന്ദർശനത്തെ വിനോബാജി വിശേഷിപ്പിച്ചത് 'പ്രേമരാജ്യത്തിലേക്കുള്ള തീർത്ഥാടനം' എന്നാണ്.

ഗാന്ധിജി മുന്നോട്ടുവെച്ച സർവോദയ ദർശനത്തിന് പ്രയോഗ രൂപം നൽകാൻ വിനോബജിക്കു സാധിച്ചു. അക്കാലത്ത് ചമ്പൽക്കാടുകളിലെ കൊള്ളക്കാർ വരെ അദ്ദേഹത്തിന്റെ സ്നേഹനിർഭരമായ മനസ്സിന്

മുന്നിൽ ആയുധങ്ങൾ വച്ച് കീഴടങ്ങിയിരുന്നു. സമൂഹ നവോത്ഥാനത്തിന് സ്ത്രീകൾക്ക് മഹത്തായ പങ്കുണ്ട് എന്ന് കൃത്യമായി സന്ദേശം അദ്ദേഹം നൽകി. സ്ത്രീശാക്തീകരണത്തിന് വ്യക്തമായ പരിപാടികൾ ആവിഷ് കരിച്ചു നടപ്പാക്കുകയും ചെയ്തു. കക്ഷിരഹിത ജനാധിപത്യം, സ്വാശ്രയ ഗ്രാമങ്ങൾ എന്നിവയിലൂടെ ഗ്രാമ സ്വരാജ് യാഥാർത്ഥ്യമാക്കാൻ അദ്ദേഹം കർമ്മപദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കി. സ്മരണാഞ്ജലികൾ! ■



കസ്തൂർബാഗാന്ധി:
ധീരയായ സ്വാതന്ത്ര്യസമരസേനാനി

ധീരോജ്ജ്വലമായ സേവനത്തിന്റെയും സഹനത്തിന്റെയും മൂർത്തിമദ്ഭാവമായ കസ്തൂർബാ ഗാന്ധിയുടെ 156മത് ജന്മദിനമാണ് 2025 ഏപ്രിൽ 11. മോഹൻദാസ് കരംചന്ദ് ഗാന്ധിയിൽനിന്ന് മഹാത്മാഗാന്ധിയിലേക്കുള്ള പരിണാമ പ്രക്രിയയിൽ അളവറ്റ സംഭാവന നൽകിയ മഹത് വനിതയാണ് കസ്തൂർബാഗാന്ധി. ജീവിതത്തിന്റെ ഓരോ നിമിഷവും സത്യാന്വേഷണ പരീക്ഷണങ്ങളുടെതാക്കി മാറ്റിയ ഗാന്ധിജിക്ക് താങ്ങും തണലുമായി നിലകൊള്ളുമ്പോഴും യുക്തിബോധത്തിനും വ്യക്തിസ്വാതന്ത്ര്യത്തിനും പരമപ്രാധാന്യം നൽകികൊണ്ടുള്ള ജീവിതം നയിക്കാൻ സാധിച്ചു എന്നതാണ് കസ്തൂർബ ഗാന്ധിയെ അനശ്വരയാക്കുന്നത്.

സാമൂഹ്യസേവനവും സ്വാശ്രിത ജീവിതവും ശ്രേഷ്ഠമായ ഗുണങ്ങൾ ആണെങ്കിലും അവ ഏറ്റെടുക്കാൻ ഒരാളെ ഒരു പരിധിയിൽ കവിഞ്ഞ് നിർബന്ധിക്കുന്നതിന്റെ യുക്തിരാഹിത്യം മോഹൻദാസിനെ ബോധ്യപ്പെടുത്താൻ ദക്ഷിണാഫ്രിക്കയിൽ വച്ചുതന്നെ കസ്തൂർബാ യ്ക്ക് സാധിച്ചു. ദക്ഷിണാഫ്രിക്കയിലെ ഡർബനിൽ താമസിക്കുമ്പോൾ ഗാന്ധിജിയോടൊപ്പം തന്നെയാണ് അദ്ദേഹത്തിന്റെ വക്കീൽ ഗുമസ്തൻമാരും താമസിച്ചിരുന്നത്. അവരിൽ ഒരാൾ അല്പം ദുരഭിമാനി ആയിരുന്നു. താൻ താമസിക്കുന്ന മുറി സ്വന്തമായി വൃത്തിയാക്കാനും രാത്രിയിൽ മൂത്രമൊഴിച്ച വയ്ക്കുന്ന പാത്രം രാവിലെ പുറത്തുകൊണ്ടുപോയി ഒഴുക്കി കഴുകിവെക്കാനും അദ്ദേഹം മാത്രം തയ്യാറായില്ല. മറ്റെല്ലാവരും സ്വന്തമായാണ് ഇക്കാര്യം ചെയ്തിരുന്നത്.

മേൽപ്പറഞ്ഞ സുഹൃത്തിന്റെ പ്രസ്തുത ജോലികൾ ഗാന്ധിജി സ്വയം ഏറ്റെടുക്കുകയായിരുന്നു. ഇത് കസ്തൂർബാക്ക് സഹിച്ചില്ല. അങ്ങിനെ ചെയ്യേണ്ടതില്ല എന്നായിരുന്നു അവരുടെ അഭിപ്രായം. മോഹൻദാസിനെ

ഒഴിവാക്കി പ്രസ്തുത ജോലി ഏറ്റെടുക്കാനും കസ്തൂർബാക്ക് താൽപര്യ മുണ്ടായിരുന്നില്ല. ഇത് സംബന്ധിച്ച് നിരവധി വാക്കുതർക്കങ്ങൾ ഉണ്ടായി. അവസാനം മനസ്സില്ലാമനസ്സോടെ കസ്തൂർബാ കൈകാര്യം ചെയ്യാൻ തുടങ്ങി. പൂർണ്ണ സമ്മതത്തോടുകൂടി അല്ലാതെ ഇത്തരം കാര്യ ങ്ങൾ ചെയ്യുന്നതിൽ ഗാന്ധിജി കുപിതനായി.

പരസ്പര തർക്കം പാരമ്യത്തിൽ എത്തിയപ്പോൾ കസ്തൂർബാ ഭർ ത്താവിനോട് വളരെ ദുഃഖത്തിൽ അഭ്യർത്ഥിച്ചു. 'ഇത്രമാത്രം മാന്യത കൈവിടരുത്.' സേവനത്തിനു വേണ്ടിയാണെങ്കിൽ പോലും മറ്റൊരാളെ ഒരു പരിധിവിട്ട് നിർബന്ധിക്കുന്നത് അനൗചിത്യം ആണെന്ന് കസ്തൂ ർബാ മോഹൻദാസിനെ ഓർമ്മപ്പെടുത്തി. മോഹൻദാസിന്റെ ജീവിത ത്തിലെ വ്യക്തിവികാസത്തിൽ വലിയൊരു വഴിത്തിരിവായിരുന്നു ഈ സംഭവം. അദ്ദേഹത്തിന് തെറ്റ് ബോധ്യപ്പെട്ടു. അതേസമയം കസ്തൂർബാ പൂർണ്ണമനസ്സോടെ മേൽപ്പറഞ്ഞ ദൗത്യം തുടരുകയും ചെയ്തു.

മഹത്തായ ലക്ഷ്യത്തെ മുൻനിർത്തിക്കൊണ്ട് ഭർത്താവ് നടത്തുന്ന കർമ്മങ്ങൾക്ക് പൂർണ്ണ സഹകരണം നൽകുന്ന ഭാര്യയെയാണ് സഹധർ മിണി എന്ന് വിളിക്കാറുള്ളത്. പിൻകാലത്ത് പൗര സ്വാതന്ത്ര്യത്തിന് പ്രമുഖ പ്രചാരകനായി (വക്താവായി) മാറിയ ഗാന്ധിജിക്ക് വ്യക്തിസ്വാത ന്ത്ര്യത്തിന്റെ സൂക്ഷ്മ തലങ്ങളിലേക്ക് അന്വേഷണ യാത്ര നടത്താൻ പ്രചോദനമായത് കസ്തൂർബയുടെ നിലപാടുകളായിരുന്നു. അഹിംസാ ത്മകമായ സാമൂഹ്യ പ്രവർത്തനത്തിലൂടെ ഈശ്വരസാക്ഷാത്കാരം നേടുകയെന്ന ധർമ്മമാണ് തന്റെ ഭർത്താവ് സ്വീകരിച്ചിരിക്കുന്നത് എന്ന് ബോധ്യമായ നിമിഷം മുതൽ തന്നെ സാമൂഹ്യ പ്രവർത്തനത്തെ സ്വജീവിത തപസ്യയാക്കി മാറ്റുകയായിരുന്നു കസ്തൂർബാ.

ലോകത്തെ തന്നെ തറവാടായി കണ്ടിരുന്ന മഹാത്മജിയുടെ ഓരോ പ്രവർത്തനങ്ങളെയും കൂടുതൽ മികവുറ്റതാക്കാൻ കസ്തൂർബാ ഗാന്ധി എക്കാലവും ശ്രമിച്ചുകൊണ്ടിരുന്നു. അങ്ങനെ അക്ഷരാർത്ഥത്തിൽ മഹാത്മജിയുടെ സഹധർമ്മിണിയായി അവർ മാറി. ഗാന്ധിജിയുടെ നേതൃത്വത്തിൽ ഇന്ത്യയിൽ നടന്ന ആദ്യത്തെ സത്യാഗ്രഹമായ ചമ്പാരൻ സത്യാഗ്രഹത്തിന്റെ ഭാഗമായി സാമൂഹ്യ-സാമ്പത്തിക സർവേ നടത്തിയിരുന്നു. ചമ്പാരനിലെ സാമാന്യജനങ്ങൾ ശുചിത്വം, സാക്ഷ രത എന്നീ കാര്യങ്ങളിൽ വളരെ പിറകിൽ ആണെന്ന് പ്രസ്തുത സർവ്വേ വ്യക്തമാക്കി. ഈ രണ്ട് ന്യൂനതകളും പരിഹരിക്കാനുള്ള ആരോഗ്യ-വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയത് കസ്തൂർബാ ഗാന്ധി ആണ്. അവരുടെ സജീവമായ സാന്നിധ്യം സ്ത്രീകളുൾപ്പെടെ യുള്ള ഗ്രാമീണ സമൂഹത്തിന് പുത്തനുണർവ് പകർന്നു. വിവാഹ

രജിസ്ട്രേഷൻ സംബന്ധിച്ച് ദക്ഷിണാഫ്രിക്കൻ സർക്കാർ ഏർപ്പെടുത്തിയ പുതിയ നിയമം അവിടത്തെ ഭൂരിപക്ഷം വരുന്ന ഇന്ത്യക്കാർക്കും വിനയാ യപ്പോൾ ഗാന്ധിജി ശക്തമായ സമരത്തിന് തുടക്കം കുറിച്ചു. ആരോഗ്യ പരമായ കാരണങ്ങളാൽ കസ്തൂരി സമരത്തിൽ പങ്കെടുക്കാൻ ഗാന്ധിജി ആഗ്രഹിച്ചില്ല.

എന്നാൽ ഫീനിക്സ് ആശ്രമത്തിൽ ഉള്ള (ഫിനിക്സ് സെറ്റിൽമെൻറ്) എല്ലാവരും സമരത്തിൽ പങ്കെടുക്കുമ്പോൾ താൻ മാത്രം മാറി നിൽക്കില്ല എന്ന് അവർ പ്രഖ്യാപിച്ചു. സമരത്തിൽ പങ്കെടുത്ത് ജയിൽവാസം അനു ഷ്ഠിച്ചു. ഗാന്ധിജിയുടെ ഗ്രാമസ്വരാജ് പരീക്ഷണങ്ങളുടെ ആദ്യ വേദിയാ യിരുന്ന ഫിനിക്സ് ആശ്രമത്തെ (ഫിനിക്സ് സെറ്റിൽമെൻറ്) ഒരു സ്വാശ്രയ ഗ്രാമം ആക്കി വളർത്തിയെടുക്കുന്നതിൽ ഏറെ പാടുപെട്ടത് കസ്തൂർബ ആയിരുന്നു. ക്വിറ്റിന്ത്യാ സമര പ്രഖ്യാപന ദിവസം വൈകുന്നേരം ബോംബെയിലെ ഗോവാലിയ ടാങ്ക് മൈതാനിയിൽ ഗാന്ധിജി പ്രസം ഗിക്കും എന്ന് പ്രഖ്യാപിച്ചിരുന്നു. പ്രഭാതത്തിൽ തന്നെ ബ്രിട്ടീഷ് പോലീസ് ഗാന്ധിജിയെ അറസ്റ്റ് ചെയ്ത് ജയിലിൽ ആക്കി.

ഗാന്ധിജി മുൻ നിശ്ചയിച്ച സ്ഥലത്തും സമയത്തും താൻ പ്രസംഗിക്കും എന്ന് കസ്തൂർബാ ധീരമായി നാട്ടുകാരെ അറിയിച്ചു. ഇതേതുടർന്നാണ് കസ്തൂർബയും അറസ്റ്റിലായത്. നിസ്സഹകരണ പ്രസ്ഥാന കാലത്തും രാജ്കോട്ടിലെ ദുർഭരണത്തിനെതിരെ ജനമുന്നേറ്റം നടക്കുമ്പോഴും എല്ലാം ആരുടെയും പ്രേരണ കൂടാതെ തന്നെ കസ്തൂർബാ സമരരംഗത്ത് ഇറങ്ങുകയും ജയിൽവാസം അനുഷ്ഠിക്കുകയും ചെയ്തു. അവയെല്ലാം സ്വധർമ്മ അനുഷ്ഠാനമായി അവർ കരുതി. നിരവധി തവണ ജയിൽ വാസം അനുഭവിക്കേണ്ടി വന്നു.

കസ്തൂർബാ ഗാന്ധിയുടെ അന്ത്യം സംഭവിച്ചതും ആഗാഖാൻ മന്ദിര ത്തിൽ ജയിൽവാസത്തിലായി രിക്കുമ്പോഴാണ്. എല്ലാവരും കസ്തൂർബ യെ 'ബാ' എന്നാണ് വിളിച്ചിരുന്നത്. 'ബാ' എന്നാൽ ഗുജറാത്തി ഭാഷയിൽ അമ്മ എന്നാണ് അർത്ഥം. ആശ്രമത്തിലെ അന്തേവാസികൾക്കും ദേശീയ സ്വാതന്ത്ര്യസമരത്തിന്റെ നേതൃത്വത്തിൽ ഇരിക്കുന്നവർക്കും ഗ്രാമീണ ജനതയ്ക്കും അവർ പ്രിയപ്പെട്ട അമ്മയായിരുന്നു. ഇന്ത്യൻ സ്വാതന്ത്ര്യ സമര പ്രസ്ഥാനത്തിലേക്ക് ഇത്രയേറെ വനിതകളെ ആകർഷിക്കാൻ ഇടയാക്കിയ മുഖ്യ ഘടകവും ഈ മാത സാന്നിധ്യം തന്നെയാണ്.

ചരിത്രത്തിൽ മുമ്പൊരിക്കലും മുമ്പൊരിക്കലും ഉണ്ടാകാത്ത വിധം വനിതകളുടെ പങ്കാളിത്തത്തോടുകൂടി അഹിംസാത്മകമായ ഒരു ജനകീയ സ്വാതന്ത്ര്യപ്രസ്ഥാനം വളർത്തിയെടുക്കാനും വിജയം വരിക്കാനും ഗാന്ധിജിക്ക് ഏറെ സഹായകമായത് കസ്തൂർബയുടെ സഹധർമ്മി

ണിത്വം തന്നെയാണ്. ഗാന്ധിജിയുടെ ക്ലേശപൂർണ്ണമായ ജീവിതയാത്ര യിൽ ശ്രദ്ധയും സാന്ത്വനവും നൽകുന്ന സന്തതസഹചാരിയായി കസ്തൂ ർബാ നിലകൊണ്ടു.

ഇടയ്ക്കിടെ കോപിഷ്ഠനാകുമായിരുന്ന ഗാന്ധിജിയെ സ്വസ്ഥത യുടെ തലത്തിലേക്ക് തിരിച്ചുകൊണ്ടുവരാൻ എപ്പോഴും തുണയായത് കസ്തൂ ർബായുടെ ഇടപെടലുകൾ ആയിരുന്നു. കസ്തൂർബായുടെ മഹത്വം മറ്റാരെക്കാളും മനസ്സിലാക്കിയതും മഹാത്മജി തന്നെ. അദ്ദേഹം പറ യുന്നു, "എന്റെ ജീവിതം കൊണ്ട് എന്തെങ്കിലും നല്ലതും വലുതുമായ കാര്യങ്ങൾ നടന്നിട്ടുണ്ടെങ്കിൽ അത് കസ്തൂർബായുടെ സഹായം കൊണ്ട് കൂടിയാണ്."

തുടർന്ന് അദ്ദേഹം പറയുന്നു, "വീട്ടുകാരി, സേവിക എന്നതിലുപരി യായി കസ്തൂർബാ എനിക്ക് അമ്മ തന്നെയാണ്." സാമൂഹ്യ പ്രവർത്തക ർക്കും വനിതകൾക്കും എക്കാലവും മാതൃകയാക്കാവുന്ന കസ്തൂർബാ 1869 ഏപ്രിൽ 11ന് ഗുജറാത്തിലെ (സൗരാഷ്ട്രം) സുധാമപുരിയിലാണ് ജനിച്ചത്. 1944 ഫെബ്രുവരി 22-ന് അന്തരിച്ചു.

എല്ലാ വർഷവും ഏപ്രിൽ 11ന് ഇന്ത്യ ദേശീയ സുരക്ഷിത മാതൃദിനം ആഘോഷിക്കുന്നു. കസ്തൂർബ ഗാന്ധിയുടെ ജന്മദിനത്തിലാണ് ദേശീയ സുരക്ഷിത മാതൃദിനം (NSMD) ആചരിക്കുന്നത്. ഏപ്രിൽ 11 ദേശീയ സുരക്ഷിത മാതൃദിനമായി പ്രഖ്യാപിച്ച ആദ്യ രാജ്യം ഇന്ത്യയാണ്. സ്ത്രീകൾക്ക് ഗർഭകാലത്തും പ്രസവ സമയത്തും മുലയൂട്ടുന്ന കാലഘട്ട ത്തിലും മികച്ച വൈദ്യസഹായം നൽകുക എന്നതാണ് ദേശീയ സുര ക്ഷിത മാതൃദിനത്തിന്റെ പ്രധാന ലക്ഷ്യം. ശരിയായ ആരോഗ്യ സംര ക്ഷണം നൽകുന്നതിലൂടെ ഗർഭകാലത്തും പ്രസവസമയത്തും ഉണ്ടാകുന്ന സങ്കീർണതകൾ മൂലമുണ്ടാകുന്ന മാതൃമരണ നിരക്ക് കുറയുന്നു.

ഇത് സുരക്ഷിതവും ആരോഗ്യകരവുമായ മാതൃത്വാനുഭവം നൽകും. സ്ത്രീകൾക്കുള്ള ആരോഗ്യ സംരക്ഷണ സൗകര്യങ്ങളെക്കുറിച്ച് ജനങ്ങ ൾക്കിടയിൽ അവബോധം വളർത്തുന്നതിനാണ് ഈ ദേശീയ സുരക്ഷിത മാതൃദിനം (NSMD) ആചരിക്കുന്നത്. വൈറ്റ് റിബൺ അലയൻസ് (WRAI) ആണ് ആദ്യമായി ദേശീയ സുരക്ഷിത മാതൃദിനം നിർദ്ദേശിച്ചത്. ഇതു പ്രകാരം 2003ൽ ഭാരത സർക്കാർ ഏപ്രിൽ 11ന് കസ്തൂർബ ഗാന്ധിയുടെ ജന്മദിനം ദേശീയ സുരക്ഷിത മാതൃദിനമായി പ്രഖ്യാപിച്ചു. ■



ഡോ. എസ്. രാധാകൃഷ്ണൻ: സംസ്കാരത്തിന്റെ പ്രചാരകൻ

ലോകാരാധ്യനായ അദ്ധ്യാപകൻ ഡോ. എസ്. രാധാകൃഷ്ണന്റെ ജന്മദിനം, സെപ്റ്റംബർ 5, ദേശീയ അദ്ധ്യാപകദിനമായി ആഘോഷിക്കുകയാണ്. രാജ്യത്തെ അദ്ധ്യാപകരുടെ മഹത്വത്തെക്കുറിച്ച് ഉദ്ബോധിപ്പിക്കുന്നതിനും അദ്ധ്യാപകരെ ആദരിക്കുന്ന മഹത്തായ സംസ്കാരം ഭാരതത്തിൽ അഭംഗുരം തുടരുന്നതിനും വേണ്ടിയാണ് ദേശീയ അദ്ധ്യാപക ദിനാഘോഷം.

"രാജ്യത്തിന്റെ മികച്ച മനസ്സുകൾ ആയിരിക്കണം അദ്ധ്യാപകർ" – എന്നാണ് ഡോ. എസ്. രാധാകൃഷ്ണൻ അദ്ധ്യാപകരെ കുറിച്ച് പറഞ്ഞത്. ഇത് കേവലം ഒരു സ്തുതി വാചകം അല്ല ജീവിതത്തിൽ ഇക്കാര്യം യാഥാർഥ്യമാക്കിയതിന് ശേഷമാണ് അദ്ദേഹം ഇപ്രകാരം പറഞ്ഞത്.

1888ൽ അന്നത്തെ മദ്രാസ് പ്രസിഡൻസിയിൽ തിരുത്തണി ഗ്രാമത്തിൽ സർവ്വേപ്പിള്ളി വീര സ്വാമിയുടെയും സീത അമ്മയുടെയും മകനായി അദ്ദേഹം ജനിച്ചു. പത്നി ശിവകാമു. ജന്മഗ്രാമമായ തിരുത്തണി, തിരുവള്ളൂർ, തിരുപ്പതി എന്നിവിടങ്ങളിൽ സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി മദ്രാസ് ക്രിസ്ത്യൻ കോളേജിൽ നിന്ന് തത്വശാസ്ത്രത്തിൽ ബിരുദമെടുത്തു.

ഒരു സാധാരണ കുടുംബത്തിൽ ജനിച്ച അദ്ദേഹത്തിന് ഉന്നത വിദ്യാഭ്യാസത്തിനായി സാമ്പത്തിക പ്രയാസങ്ങൾ ഉണ്ടായി. ഗണിതശാസ്ത്രം ഐച്ഛിക വിഷയമായി എടുക്കണമെന്നാണ് ആഗ്രഹിച്ചത്. തന്റെ അടുത്ത ബന്ധു തത്വശാസ്ത്ര വിദ്യാർത്ഥിയായിരുന്നതുകൊണ്ട് അദ്ദേഹത്തിന്റെ പുസ്തകങ്ങൾ വാങ്ങി വായിക്കാൻ സൗകര്യം ലഭിക്കും എന്ന പ്രതീക്ഷയിലാണ് രാധാകൃഷ്ണനും തത്വശാസ്ത്രം ശാസ്ത്രം എടുക്കുകയായിരുന്നു. തത്വശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദം എടുത്ത ശേഷം

മദ്രാസ് പ്രസിഡൻസി കോളേജിൽ അദ്ധ്യാപകനായി. വിജ്ഞാന വ്യാപന ജൈത്രയാത്രയുടെ ആരംഭം മാത്രമായിരുന്നു അത്. തുടർന്ന് ആന്ധ്ര യൂണിവേഴ്സിറ്റി, ബനാറസ് ഹിന്ദു യൂണിവേഴ്സിറ്റി, എന്നിവിടങ്ങളിൽ വൈസ് ചാൻസലർ, ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റി, ഹാർവാർഡ് യൂണിവേഴ്സിറ്റി ഉൾപ്പെടെയുള്ള വിവിധ സർവ്വകലാശാലകളിലെ സ്ഥിരം ക്ഷണിതാവ്, സോവിയറ്റ് യൂണിയനിലെ ഭാരതത്തിന്റെ ആദ്യ സ്ഥാന പതി, സ്വതന്ത്ര ഭാരതത്തിലെ ആദ്യത്തെ ഉപരാഷ്ട്രപതി, രണ്ടാമത്തെ രാഷ്ട്രപതി എന്നീ ഉത്തരവാദിത്വങ്ങൾ അതുല്യമായ മികവോടെ നിർവ ഹിച്ച അദ്ദേഹത്തെ രാഷ്ട്രം പരമോന്നത സിവിലിയൻ ബഹുമതിയായ ഭാരതരത്നം നൽകി ആദരിച്ചു.

ഡോ. രാധാകൃഷ്ണന്റെ ജന്മദിനം ആഘോഷിക്കാൻ അന്നത്തെ പ്രധാനമന്ത്രി അടക്കമുള്ള ദേശീയ നേതാക്കളും അദ്ദേഹത്തിന്റെ വിദ്യാർ ഥികളും പലപ്പോഴും ആഗ്രഹം പ്രകടിപ്പിച്ചിരുന്നു. 'തന്റെ ജന്മദിനം ആഘോഷിക്കുന്നതിനേക്കാൾ, രാജ്യത്തെ മുഴുവൻ അധ്യാപകരെയും ആദരിക്കുന്ന ഒരു ദിനമായി അത് മാറുകയാണെങ്കിൽ കൂടുതൽ ഉചിത മായിരിക്കുമെന്ന് ഡോ. രാധാകൃഷ്ണൻ അവരോടെല്ലാം പറഞ്ഞു. ഇപ്രകാ രമാണ് അദ്ദേഹത്തിന്റെ ജന്മദിനമായ സെപ്റ്റംബർ 5, 1962 മുതൽ ദേശീയ അധ്യാപക ദിനമായി ആഘോഷിക്കുന്നത്.

സംസ്കാരത്തിന്റെ പ്രചാരകൻ

പ്രായോഗികവേദാന്ത ത്തിന്റെ പ്രചാരകനായ സ്വാമിവിവേകാനന്ദൻ 1893 സെപ്റ്റംബർ 11നാണ് അമേരിക്കയിലെ ഷിക്കാഗോയിൽ ഐതിഹാസിക മായ പ്രസംഗം നടത്തിയത്. ഭാരതത്തിന്റെ മഹത്വം പാശ്ചാത്യർ അത്ഭുത ത്തോടെ ശ്രവിക്കുന്ന അത്യപൂർവ്വ യാത്രയായി അത് മാറി. അന്ന് രാധാ കൃഷ്ണന് പ്രായം കേവലം അഞ്ചു വയസ്സ്. വളർന്നുവന്നപ്പോൾ സ്വാമി വിവേകാനന്ദൻ അദ്ദേഹത്തിന്റെ നിത്യ പ്രചോദന കേന്ദ്രമായി മാറി.

"സ്വാമി വിവേകാനന്ദന്റെ ഉദ്യമവും വാഗ്മിത്വവും ഒരു ഹിന്ദു എന്ന നിലയിൽ എന്റെ അഭിമാനം ഉണർത്തുന്നു" എന്ന് ഡോ. രാധാകൃഷ്ണൻ രേഖപ്പെടുത്തി. ബിരുദപഠനത്തിന് ഡെസർട്ടേഷന്റെ ഭാഗമായി അദ്ദേഹം തയ്യാറാ ക്കിയ പ്രബന്ധം 'വേദാന്തത്തിന്റെ ധാർമികതയും ആത്മീയമായ അനുമാനവും' എന്നതാണ്. സ്വാമി വിവേകാനന്ദന് ശേഷം വേദാന്ത ത്തിലെ പൊരുളും പ്രയോഗവും പാശ്ചാത്യനാടുകളിലും അമേരിക്കയിലും പ്രചരിപ്പിക്കുന്ന മഹത്തായ ചരിത്രനിയോഗം ഡോ. എസ്. രാധാ കൃഷ്ണൻ തുടരുകയായിരുന്നു. 'മനുഷ്യ മഹത്വത്തെ ബഹുമാനിക്കണം എന്നും മനുഷ്യനെ മനുഷ്യനായി അംഗീകരിക്കണമെന്നും വേദാന്തം ആവശ്യപ്പെടുന്നു' എന്ന പുരോഗമന ചിന്ത സോഷ്യലിസത്തിന്റെ

പിറവിയുടെ നാളുകളിൽ ലോകം ശ്രദ്ധിച്ചു. അടിച്ചമർത്തപ്പെടേണ്ട രാജ്യമല്ല ഭാരതമെന്ന് ബ്രിട്ടീഷുകാർ ഉൾപ്പെടെയുള്ള വൈദേശിക ശക്തികൾക്ക് ബോധ്യപ്പെട്ടു. സ്വതന്ത്ര ഭാരതത്തിൽ വേദാന്ത സംസ്കാരത്തിന്റെ സന്ദേശവാഹകനായി ലോകം മുഴുവൻ അദ്ദേഹം ആദരിക്കപ്പെട്ടു.

വർത്തമാനകാല പ്രസക്തി

അഭിമാനത്തോടും ആത്മവിശ്വാസത്തോടും കൂടി സ്വന്തം ജീവിതത്തെ ലോകത്തിന് മാതൃകയായി അവതരിപ്പിക്കാൻ ഡോ. എസ്. രാധാകൃഷ്ണൻ എന്ന ആരാധ്യനായ ആചാര്യന് സാധിച്ചിരുന്നു. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഉൾപ്പെടെയുള്ള ആധുനിക സാങ്കേതിക വിദ്യയുടെ യുഗത്തിൽ അറിവ് ഏതൊരാളുടെയും വിരൽത്തുമ്പിൽ ലഭ്യമാണ്. ഇത്തരമൊരു കാലഘട്ടത്തിൽ അദ്ധ്യാപകന് പ്രസക്തിയുണ്ടോ എന്ന സംശയത്തിന് അർത്ഥമില്ല.

അറിവിന്റെ ശകലങ്ങളെ (ഡാറ്റകൾ) നമ്മുടെ മുന്നിൽ എത്തിക്കാൻ മാത്രമാണ് നൂതന സാങ്കേതിക വിദ്യകൾക്ക് സാധിക്കുകയുള്ളൂ. അറിവിന്റെ ശകലങ്ങളെ വിവേകത്തിന്റെയും തിരിച്ചറിവിന്റെതുമായി വികസിപ്പിക്കാനും വിജ്ഞാനത്തിലൂടെ സമൂഹ നന്മയെ ഉറപ്പുവരുത്തുവാനും സ്വജീവിതവും പാണ്ഡിത്യവും മാതൃകയായി മാറുന്ന ആചാര്യൻമാർ കൂടുതൽ അനിവാര്യമാകുന്ന കാലഘട്ടമാണിത്. സാങ്കേതികവിദ്യയുടെ യുഗത്തിൽ വ്യക്തി മനസ്സിലും സമൂഹ മനസ്സിലും രൂപപ്പെട്ടുവരുന്ന പ്രഹേളികകളെ അതിജീവിച്ച് കുടുംബത്തിലും സമൂഹത്തിലും ശാന്തിയും സമാധാനവും നിലനിർത്താൻ സമർപ്പിതരായ അദ്ധ്യാപകരുടേയും ആചാര്യന്മാരുടെയും സാന്നിധ്യം കൂടുതൽ ആവശ്യമാകുന്ന കാലഘട്ടമാണ് ഇത്.

വ്യക്തിസ്വാതന്ത്ര്യം ഇല്ലാത്ത പശ്ചാത്യ സോഷ്യലിസത്തിന്റേയും വർഗ്ഗ സംഘട്ടനത്തിന്റെയും, ഹൃദയമില്ലാത്ത പഴഞ്ചൻ മുതലാളിത്തത്തിന്റെയും കാലം കഴിഞ്ഞു. സമത്വത്തിന്റെയും സഹവർത്തിത്വത്തിന്റെയും വിശ്വമാനവികതയുടെയും സന്ദേശം പകരുന്ന ഭാരതീയ ജ്ഞാന പരമ്പരയിൽനിന്ന് ലോകം ഇന്ന് വളരെയേറെ പ്രതീക്ഷിക്കുന്നു. ഭാരതത്തിന്റെ വൈഭവത്തിനും വിശ്വശാന്തിക്കുമായി ഡോ. എസ്. രാധാകൃഷ്ണന്റെ പാത പിന്തുടരുന്നതിന് അദ്ധ്യാപക സമൂഹത്തിന് സാധിക്കട്ടെ. അത്തരം ശ്രേഷ്ഠരായ അദ്ധ്യാപകരെ ശ്രവിക്കാനും ഉൾക്കൊള്ളാനും സാധിക്കുന്ന സാംസ്കാരിക ഔന്നിത്യം ഈ കാലഘട്ടത്തിൽ ആവശ്യമാണ്. ■



പ്രൊഫ. മാധവ് ഗാഡ്ഗിൽ: സർവ്വോദയ മനസ്സുള്ള ശാസ്ത്രജ്ഞൻ

പ്രപഞ്ചത്തിന്റേയും പ്രകൃതിയുടെയും മഹത്വവും ശാസ്ത്രീയ സത്യങ്ങളും മനസ്സിലാക്കിക്കൊണ്ട് സർവ്വ ജീവജാലങ്ങളോടും സമാദരവ് പുലർത്തിയിരുന്ന ദേശസ്നേഹിയായ ജനകീയ ശാസ്ത്രജ്ഞനായിരുന്നു പ്രൊഫസർ മാധവ് ഗാഡ്ഗിൽ. പശ്ചിമഘട്ടത്തിന്റെ നിലനിൽപ്പ് ഭാരതത്തിനും ലോകത്തിനും എത്രമാത്രം അനിവാര്യമാണെന്ന് പുതിയ തലമുറയെ ധരിപ്പിക്കാൻ അദ്ദേഹത്തിന് സാധിച്ചു. വികസന – നിർമ്മാണ പ്രവർത്തനങ്ങളിൽ തദ്ദേശീയരായ ജനങ്ങളുടെയും ഗ്രാമസഭയുടെയും അഭിപ്രായങ്ങൾക്ക് മുൻഗണന നൽകുന്ന ഗാന്ധിയൻ –അടിസ്ഥാനതല ജനാധിപത്യത്തിനുവേണ്ടി അദ്ദേഹം നിലകൊണ്ടു. എത്രയേറെ സാമൂഹ്യ സമ്മർദങ്ങൾ ഉണ്ടായിട്ടും ശാസ്ത്രസത്യത്തെ ഉറക്കെ പറയാൻ സധൈര്യം മുന്നോട്ടുവന്ന യഥാർത്ഥ സത്യഗ്രഹി ആയിരുന്നു ഡോ. മാധവ് ഗാഡ്ഗിൽ. ഏതൊരു പദ്ധതി ആവിഷ്കരിക്കുമ്പോഴും ഏറ്റവും പാവപ്പെട്ട മനുഷ്യന് അത് എപ്രകാരം പ്രയോജനം ചെയ്യുമെന്ന് വിലയിരുത്തണമെന്നും അവരുടെ അനുമതിയും പങ്കാളിത്തവും ഉറപ്പുവരുത്തണമെന്നും സമസ്ത ജീവജാലങ്ങളേയും പരിഗണിക്കണമെന്നുമുള്ള ഗാന്ധിമാർഗ്ഗ സമീപനം അവസാനനിമിഷംവരെ മുറുകെപിടിച്ച, സർവോദയ മനസ്സുള്ള, ജനകീയ ശാസ്ത്രജ്ഞനായിരുന്നു മാധവ് ഗാഡ്ഗിൽ.

ജീവചരിത്രം

1942 മെയ് 24ന് പൂനെയിൽ ജനിച്ചു. അമ്മ പ്രമീള. അച്ഛൻ സാമ്പത്തിക ശാസ്ത്ര വിദഗ്ദ്ധനായ ധനഞ്ജയ് രാംചന്ദ്ര ഗാഡ്ഗിൽ. പൂനെ യൂണിവേഴ്സിറ്റിയിൽ നിന്നും മുംബൈയിൽ നിന്നും ജീവശാസ്ത്രം പഠിച്ചശേഷം മാധവ് ഗണിത പരിസ്ഥിതിശാസ്ത്രത്തിൽ ഹാർവാഡ് യൂണിവേഴ്

സിറ്റിയിൽ ഡോക്ടറേറ്റ് ചെയ്തു. ഹാർവാഡിൽ അദ്ദേഹം ഒരു ഐ.ബി. എം. ഫെലോ ആയിരുന്നതു കൂടാതെ അപ്ലൈഡ് മാതമാറ്റിക്സിൽ റിസേർച്ച് ഫെലോയും ജീവശാസ്ത്ര അദ്ധ്യാപകനുമായിരുന്നു. വിദേശത്ത് തുടരാൻ ധാരാളം സാദ്ധ്യതകൾ ഉണ്ടായിരുന്നിട്ടും സ്വന്തം രാജ്യത്ത് അദ്ധ്യാപനവും ഗവേഷണവും തുടരാൻ അദ്ദേഹം തീരുമാനിച്ചു.

1973 മുതൽ 2004 വരെ ബങ്കളൂരുവിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിൽ അദ്ധ്യാപകനായിരിക്കുമ്പോൾ അദ്ദേഹം അവിടെ പാരിസ്ഥിതിക ശാസ്ത്രത്തിൽ ഒരു വിഭാഗം ആരംഭിക്കുകയുണ്ടായി. ശ്രീ. ഗാഡ്ഗിൽ സ്റ്റാൻഫോഡിലും ബെർക്ലിയിലെ കാലിഫോണിയ സർവകലാശാലയിലും സന്ദർശക പ്രഫസർ ആയിരുന്നിട്ടുണ്ട്. ജന സംഖ്യാശാസ്ത്രം, പരിസ്ഥിതി സംരക്ഷണ ശാസ്ത്രം, മനുഷ്യ-പരി സ്ഥിതിശാസ്ത്രം, പരിസ്ഥിതി ചരിത്രം എന്നിവയിൽ താത്പര്യമുള്ള അദ്ദേഹത്തിന്റേതായി 215 ഗവേഷണപ്രബന്ധങ്ങളും 6 പുസ്തകങ്ങളു മുണ്ട്. ഭാരതത്തിലങ്ങോളം ഗവേഷകരുമായും അദ്ധ്യാപകരുമായും നിയമ ജ്ഞരുമായും സർക്കാരിതര സംഘടനകളുമായും കർഷകരുമായുമെല്ലാം അദ്ദേഹം നിരന്തരം ബന്ധപ്പെട്ടു വരുന്നു.

2002-ലെ ഇന്ത്യ ബയോഡൈവേഴ്സിറ്റി ആക്ട് ഉണ്ടാക്കിയ സമിതി യിൽ ഡോ. ഗാഡ്ഗിൽ അംഗമായിരുന്നു. പശ്ചിമഘട്ടത്തിലെ ജൈവവൈ വിധ്യം നിരീക്ഷിക്കുവാനായി ഉള്ള വിദ്യാഭ്യാസസ്ഥാപനങ്ങളുടെ ശൃംഖ ലയിലും അദ്ദേഹം സജീവമാണ്. തദ്ദേശവാസികളുടെ അറിവുകൾ ആധു നികമായ അറിവുകളുമായി കോർത്തിണക്കി പ്രകൃതിവിഭവങ്ങൾ കൈകാര്യം ചെയ്യാൻ ഉപയോഗിക്കണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു. നാട്ടുജൈവവൈവിധ്യത്തിന്റെ പട്ടിക ഉണ്ടാക്കാനുള്ള ദേശവ്യാപകമാ യുള്ള പദ്ധതിയിലും ഡോ. ഗാഡ്ഗിൽ സജീവമായി ഇടപെടുന്നുണ്ട്. സ്കൂളുകളിലെ പാരിസ്ഥിതിക വിദ്യാഭ്യാസം പരിഷ്കരിക്കാനുള്ള സമിതി യുടെ അധ്യക്ഷനായിരുന്നു. പശ്ചിമഘട്ട ജൈവ വിദഗ്ദസമിതിയുടെ തലവനാണ് ഡോ. ഗാഡ്ഗിൽ. മാധവ് ഗാഡ്ഗിലിന്റെ ആത്മകഥയുടെ പേര് 'പശ്ചിമഘട്ടം ഒരു പ്രണയകഥ.' 2026 ജനുവരി 7 ന് അദ്ദേഹം അന്തരിച്ചു.

പശ്ചിമഘട്ടത്തിന്റെ കാവലാൾ

ആഫ്രിക്കൻ നാടുകളും ആമസോൺ തീരവും കഴിഞ്ഞാൽ ലോകത്ത് ഏറ്റവും കൂടുതൽ ജൈവവൈവിധ്യം നിലനിൽക്കുന്നത് ഇന്ത്യയിലാണ്. ഇന്ത്യയുടെ ജൈവവൈവിധ്യ ശേഖരത്തിന്റെ 27 ശതമാനവും പശ്ചിമഘട്ട മലനിരകളിലാണ് കാണപ്പെടുന്നത്. ഇന്ത്യയുടെ മൊത്തം വിസ്തൃതി

യുടെ 5% മാത്രം വരുന്ന പശ്ചിമഘട്ട മലനിരകൾ ഗുജറാത്ത്, മഹാരാഷ്ട്ര, ഗോവ, കർണാടകം, തമിഴ്നാട്, കേരളം എന്നീ സംസ്ഥാനങ്ങളിലായാണ് സ്ഥിതിചെയ്യുന്നത്.

മൊത്തം 1,64,280 ചതുരശ്ര കിലോമീറ്റർ വിസ്തൃതി ആണ് ഉള്ളത്. 1,500 ഇനങ്ങളിലുള്ള അപൂർവ്വ സസ്യങ്ങൾ, 116 അപൂർവയിനം ശലഭങ്ങൾ,19 ഇനം അപൂർവ പക്ഷികൾ, 19 ഇനം അപൂർവയിനം സസ്തനികൾ എന്നിവ ഈ മേഖലയിൽ സ്ഥിതിചെയ്യുന്നു. ഇന്ത്യക്ക് ആവശ്യമായ മഴ ലഭിക്കുന്നതിനും പശ്ചിമഘട്ടം സഹായകമായി നിലകൊള്ളുന്നു. ദക്ഷിണേന്ത്യയിലെ ഭൂരിഭാഗം നദികളുടേയും പ്രഭവകേന്ദ്രമാണ് പശ്ചിമഘട്ടം. ജലസംരക്ഷണത്തിന്റെ കാര്യത്തിലും ഇത് പ്രാധാന്യമർഹിക്കുന്നന്നു. അതിപ്രാചീനമായ 14 ഗോത്രങ്ങൾ ഉൾപ്പെടെ 29 ആദിവാസി ഗോത്ര വംശങ്ങളുടെയും പ്രകൃതിയുമായി ലയം പ്രാപിക്കുന്ന നിഷ്കളങ്ക സംസ്കാരത്തെയും സംഗമ – സംരക്ഷണ മേഖല കൂടിയാണ് പശ്ചിമ ഘട്ടനിരകൾ.


പശ്ചിമഘട്ടത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് പഠിക്കുന്നതിനായി ഉള്ള ഒരു സമിതി 2010 മാർച്ച് മാസത്തിൽ കേന്ദ്ര സർക്കാർ രൂപീകരിച്ചു. മാധവ് ഗാഡ്ഗിൽ ആയിരുന്നു അദ്ധ്യക്ഷൻ. 2011 ഓഗസ്റ്റ് 30 ആം തിയ്യതി പശ്ചിമഘട്ട സംരക്ഷണത്തിനായുള്ള ശുപാർശകൾ ഉൾപ്പെടുന്ന റിപ്പോർട്ട് കേന്ദ്രസർക്കാരിന് സമർപ്പിച്ചു. തദ്ദേശീയരായ ജനങ്ങളെ വിശ്വാസത്തിലെടുത്തുകൊണ്ട് അവരുടെ കൂടി പങ്കാളിത്തത്തോടെ പശ്ചിമഘട്ട സംരക്ഷണം നടത്തണമെന്നാണ് ഗാഡ്ഗിൽ കമ്മറ്റി പ്രധാനമായും നിർദ്ദേശിച്ചത്.

പരിസ്ഥിതി ലോല പ്രദേശങ്ങളുടെ അതിരുകളെ സംബന്ധിച്ച തീരുമാനങ്ങൾ പോലും ജനാഭിപ്രായത്തിന്റെ അടിസ്ഥാനത്തിലാകണം എന്നും ഇക്കാര്യത്തിൽ ഗ്രാമസഭകൾക്ക് നിർണായക പങ്ക് വഹിക്കാനുണ്ട് എന്നും റിപ്പോർട്ടിൽ പറയുന്നു. ഇപ്രകാരം ജനാഭിപ്രായത്തെയും ഗ്രാമസഭകളെയും സജീവമാകുന്നതിന് (വികേന്ദ്രീകൃത ജനാധിപത്യം പ്രാവർത്തികമാക്കുന്നതിന്) വ്യവസ്ഥാപിത രാഷ്ട്രീയ പാർട്ടികൾക്കും മണ്ണ്, മണൽ, പാറ ഖനന ലോബികൾക്കും റിയൽ എസ്റ്റേറ്റ് കാർക്കും വലിയ താല്പര്യമില്ല.

പ്രകൃതിയെ അമിതമായി ചൂഷണം ചെയ്തു കൊള്ളലാഭം കൊയ്യുന്നവരും പങ്കു പറ്റുന്നവരും ചേർന്ന് ജനങ്ങളിൽ തെറ്റിദ്ധാരണ പരത്തുകയായിരുന്നു. പരിസ്ഥിതി ലോല പ്രദേശങ്ങളെ നിർണയിക്കുന്ന കാര്യത്തിൽ സസ്യജാലങ്ങൾക്കും ജന്തുജാലങ്ങൾക്കും പരിഗണന നൽകണമെന്നും ഗാർഗിൽ റിപ്പോർട്ടിൽ നിർദ്ദേശിച്ചിരുന്നു.

മനുഷ്യർ മാത്രമല്ല, സമസ്ത ജീവജാലങ്ങളെയും പരിഗണിക്കുന്ന ഒരു റിപ്പോർട്ട് ആയിരുന്നു അത്. ആനത്താര, കടുവ ഇടനാഴി എന്നിവ പരിഗണിച്ചുകൊണ്ട് ആയിരിക്കണം മേഖലകൾ നിശ്ചയിക്കുന്നത് എന്ന് റിപ്പോർട്ടിൽ പറയുന്നു. സമസ്ത ജീവജാലങ്ങളുടെയും നന്മയെ ലക്ഷ്യം വെക്കുന്ന സ്നേഹത്തിലും അഹിംസയിലും അധിഷ്ഠിതമായ ഈ റിപ്പോർട്ടിനെ അട്ടിമറിക്കാനാണ് നിക്ഷിപ്ത താൽപര്യക്കാർ ശ്രമിച്ചത്.

എന്നാൽ പ്രൊഫസർ മാധവഗാഡ്ഗിലിന്റെ പ്രവചനങ്ങൾ പിന്നീട് യാഥാർത്ഥ്യമായി. പ്രളയങ്ങൾ, ഉരുൾപൊട്ടലുകൾ, നാട്ടിൻപുറങ്ങളിലെ വന്യജീവി ആക്രമണം എന്നിവയെല്ലാം ഗാഡ്ഗിൽ റിപ്പോർട്ടിനെ അവഗണിച്ചതിന്റെ പരിണതഫലമായി തുടരുന്നു. ■



ഡോ. വയലാ വാസുദേവൻ പിള്ള
നാടകവേദിയിലെ ഗാന്ധിയൻ കർമ്മയോഗി

മലയാള നാടകവേദിയെ പുനർനിർമ്മിക്കുകയും പുനരാവിഷ്കരിക്കുകയും ചെയ്ത പ്രമുഖ നാടകകാരനും സംവിധായകനും അധ്യാപകനും ഗവേഷകനുമായിരുന്നു ഡോ. വയലാ വാസുദേവൻ പിള്ള. തനത് കേരളീയ നാടകസങ്കൽപ്പങ്ങളെ ലോക നാടകധാരകളുമായി സമന്വയിപ്പിക്കുകയും പാശ്ചാത്യ നാടകസങ്കൽപ്പങ്ങളെ മലയാളിക്ക് പരിചയപ്പെടുത്തുകയും ചെയ്ത അദ്ദേഹം ആധുനിക മലയാള നാടകവേദിയുടെ വളർച്ചയിൽ നിർണായകമായ സംഭാവനകൾ നൽകി.

നാടകപ്രവർത്തനത്തോടൊപ്പം ഗാന്ധിയൻ ചിന്ത, പൗരാവകാശം, സാമൂഹിക പ്രതിബദ്ധത, അധ്യാപനം, ഗവേഷണം എന്നിവയിലും അദ്ദേഹം സജീവമായിരുന്നു. കലയും ജീവിതവും ധാർമികതയും സാമൂഹിക ഉത്തരവാദിത്വവും ഒരുമിച്ചുചേർന്ന വ്യക്തിത്വമായിരുന്നു വയലാ വാസുദേവൻ പിള്ളയുടേത്.

ജനനവും കുടുംബവും

1945 ഏപ്രിൽ 22-ന് കൊല്ലം ജില്ലയിലെ കൊട്ടാരക്കര താലൂക്കിലെ വയലായിൽ നീലകണ്ഠപിള്ളയുടെയും കല്യാണി അമ്മയുടെയും മകനായി വയലാ വാസുദേവൻ പിള്ള ജനിച്ചു. വയലാ, അഞ്ചൽ പ്രദേശങ്ങളിലായിരുന്നു സ്കൂൾ വിദ്യാഭ്യാസം.

മാർ ഇവാനിയോസ് കോളേജിൽ നിന്ന് രസതന്ത്രത്തിൽ ബിരുദവും ഇംഗ്ലീഷ് ഭാഷയിലും സാഹിത്യത്തിലും ബിരുദാനന്തര ബിരുദവും നേടി. തുടർന്ന് കേരള സർവകലാശാലയിൽ നാടകവും നാടകവേദിയും സംബന്ധിച്ച് ഗവേഷണം നടത്തി ഡോക്ടറേറ്റ് നേടി. സ്കൂൾ വിദ്യാർത്ഥി

യായിരിക്കുമ്പോൾ തന്നെ അധ്യാപകരോടൊപ്പം നാടകങ്ങളിൽ അഭിന യിച്ചുകൊണ്ട് നാടകവേദിയുമായി ബന്ധം സ്ഥാപിച്ചു. പിന്നീട് ആ ബന്ധം ജീവിതത്തിന്റെ പ്രധാന കർമ്മമേഖലയായി മാറി.

അദ്ധ്യാപകനിൽ നിന്ന് നാടകാചാര്യനിലേക്ക്

1968 മുതൽ 1984 വരെ മാർ ഇവാനിയോസ് കോളേജിൽ ഇംഗ്ലീഷ് അദ്ധ്യാ പകനായി പ്രവർത്തിച്ചു. അദ്ധ്യാപനത്തോടൊപ്പം നാടകപ്രവർത്തനവും തുടർന്നു.

പ്രശസ്ത നാടകാചാര്യൻ ജി. ശങ്കരപിള്ളയുടെ ശിഷ്യനായാണ് അദ്ദേഹം നാടകരംഗത്ത് വളർന്നത്. ശങ്കരപിള്ള മുന്നോട്ടുവച്ച കളരി നാടകപ്രസ്ഥാനത്തിന്റെ ആശയങ്ങളും പരിശീലനരീതികളും വയലാ യുടെ നാടകജീവിതത്തെ ആഴത്തിൽ സ്വാധീനിച്ചു.

1984-ൽ തൃശ്ശൂരിലെ കോഴിക്കോട് സർവകലാശാലയുടെ സ്കൂൾ ഓഫ് ഡ്രാമയിൽ അസിസ്റ്റന്റ് ഡയറക്ടറായി ചുമതലയേറ്റു. 1992 മുതൽ 2005 വരെ അദ്ദേഹം സ്കൂൾ ഓഫ് ഡ്രാമയുടെ ഡയറക്ടറായി പ്രവർത്തിച്ചു.

തുടർന്ന് കേരള സർവകലാശാല ആരംഭിച്ച സെന്റർ ഫോർ പെർ ഫോമിങ് ആൻഡ് വിഷ്വൽ ആർട്സിന്റെ ഡയറക്ടറായും പ്രവർത്തിച്ചു. നാടകപഠനത്തെയും ഗവേഷണത്തെയും അക്കാദമിക രംഗത്ത് ശക്തി പ്പെടുത്തുന്നതിൽ ഈ കാലഘട്ടത്തിലെ അദ്ദേഹത്തിന്റെ പ്രവർത്തനം ശ്രദ്ധേയമായിരുന്നു.

നാൽപ്പതിലേറെ നാടകങ്ങൾ

വയലാ വാസുദേവൻ പിള്ള നാൽപ്പതിലേറെ നാടകങ്ങൾ സംവിധാനം ചെയ്തു. ഭാസൻ, സോഫോക്ലീസ്, ഷേക്സ്പിയർ, ഇബ്സൻ, ടാഗോർ തുടങ്ങിയവരുടെ കൃതികളും ആധുനിക നാടകധാരകളും അദ്ദേഹം രംഗത്ത് അവതരിപ്പിച്ചു.

തിരുവനന്തപുരത്ത് അദ്ദേഹം രൂപീകരിച്ച സുവർണ്ണരേഖ എന്ന നാടകസംഘം മുപ്പതിലേറെ നാടകങ്ങൾ അവതരിപ്പിച്ചു. സ്വന്തം കൃതി കൾക്കൊപ്പം ആധുനിക യൂറോപ്യൻ നാടകങ്ങളും സംഘത്തിന്റെ അവത രണങ്ങളിൽ ഉൾപ്പെട്ടു.

തൃശ്ശൂരിലെ സ്കൂൾ ഓഫ് ഡ്രാമയുടെ പ്രവർത്തനങ്ങൾക്കൊപ്പം ജനകീയ നാടകപ്രസ്ഥാനമായ രംഗചേതനയുമായും അദ്ദേഹം ബന്ധപ്പെട്ട് പ്രവർത്തിച്ചു. കുട്ടികൾക്കും മുതിർന്നവർക്കും നാടകപരി

ശീലനം നൽകുകയും നാടകാവതരണത്തിന് അവസരമൊരുക്കുകയും ചെയ്ത രംഗചേതന പോലുള്ള വേദികൾക്ക് അദ്ദേഹത്തിന്റെ സാന്നിധ്യം വലിയ പ്രചോദനമായിരുന്നു.

ലോക നാടകവേദിയിലേക്കുള്ള യാത്ര

നാടകപഠനത്തിനും ഗവേഷണത്തിനുമായി വയലാ നിരവധി രാജ്യങ്ങൾ സന്ദർശിച്ചു. അമേരിക്ക, റഷ്യ, ഫിൻലാൻഡ്, ദക്ഷിണാഫ്രിക്ക, ബംഗ്ലാദേശ്, ഇംഗ്ലണ്ട്, സ്വിറ്റ്സർലൻഡ്, അയർലൻഡ്, ജർമനി, സിംഗപ്പൂർ, ഇന്തോനേഷ്യ, മലേഷ്യ, ഫ്രാൻസ്, ബെൽജിയം, കാനഡ, അബുദാബി, ഷാർജ, ഖത്തർ, ഗ്രീസ് തുടങ്ങിയ രാജ്യങ്ങളിൽ നാടകപഠനവും ഗവേഷണവും ശില്പശാലകളും പ്രഭാഷണങ്ങളും നടത്തി.

റോം സർവകലാശാലയിൽ ആധുനിക നാടകത്തെക്കുറിച്ച് ഒരു വർഷം നീണ്ടുനിന്ന പഠനം നടത്തി. ടോക്കിയോയിലെ മെയ്ജി സർവകലാശാലയിൽ ജാപ്പനീസ് നാടകപരിശീലനം നേടി. പാരീസ് സർവകലാശാലയിൽ ബെക്കറ്റിന്റെ നാടകങ്ങളുടെ സെമിയോട്ടിക്സിനെക്കുറിച്ചും ഏഥൻസ് സർവകലാശാലയിൽ ഗ്രീക്ക് ക്ലാസിക്കൽ തിയറ്ററിലെ 'സ്പേസ്' എന്ന ആശയത്തെക്കുറിച്ചും ഗവേഷണം നടത്തി.

ന്യൂയോർക്ക് സർവകലാശാലയിലെ ഫുൾബ്രൈറ്റ് പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ് ഉൾപ്പെടെ വിവിധ അന്താരാഷ്ട്ര ഫെലോഷിപ്പുകളും അദ്ദേഹത്തിന് ലഭിച്ചു.

ഗാന്ധിയൻ ചിന്തയുടെ സ്വാധീനം

നാടകത്തോടൊപ്പം മഹാത്മാഗാന്ധിയുടെ ദർശനവും വയലാ വാസുദേവൻ പിള്ളയുടെ ജീവിതത്തെ ആഴത്തിൽ സ്വാധീനിച്ചു.

വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ ഗാന്ധിസത്തിൽ ആകൃഷ്ടനായ അദ്ദേഹം പ്രൊഫ. എം. പി. മന്മഥൻ, പ്രൊഫ. ജി. കുമാരപിള്ള തുടങ്ങിയ പ്രമുഖ ഗാന്ധിയന്മാരുമായി അടുത്ത ബന്ധം പുലർത്തി. തിരുവനന്തപുരത്തെ തൈക്കാട് ഗാന്ധിഭവനിലെ ചർച്ചകളിലും സെമിനാറുകളിലും പങ്കെടുത്തത് അദ്ദേഹത്തിന്റെ ഗാന്ധിയൻ ചിന്തയെ കൂടുതൽ ശക്തമാക്കി.

1960-കളിൽ അഖിലേന്ത്യാ ഗാന്ധി സേവാ ക്യാമ്പുകളിലും പങ്കെടുത്തു. മഹാദേവ് ദേശായിയുടെ മകൻ നാരായൺ ദേശായി നേതൃത്വം നൽകിയ ക്യാമ്പിൽ ജയപ്രകാശ് നാരായണനുമായി അടുത്ത് ഇടപഴകാൻ അദ്ദേഹത്തിന് അവസരം ലഭിച്ചു.

1969-ൽ മഹാരാഷ്ട്രയിലെ ആചാര്യ വിനോബാഭാവെയുടെ ആശ്രമത്തിൽ താമസിക്കുകയും ആശ്രമജീവിതം അടുത്തറിയുകയും ചെയ്തു. അധ്വാനം, ലാളിത്യം, കൃഷി, സാമൂഹിക സേവനം, കൂട്ടായ ജീവിതം എന്നിവ അദ്ദേഹത്തെ ആഴത്തിൽ സ്വാധീനിച്ചു.

പൗരാവകാശ പ്രവർത്തനങ്ങൾ

ഗാന്ധിയൻ പ്രസ്ഥാനങ്ങളോടൊപ്പം വിനോബാഭാവെയുടെ ഭൂദാൻ പ്രസ്ഥാനത്തോടും ജയപ്രകാശ് നാരായണന്റെ സമ്പൂർണ്ണ വിപ്ലവ ആശയങ്ങളോടും വയലായ്ക്ക് ആഭിമുഖ്യമുണ്ടായിരുന്നു. ഗാന്ധിയൻ -സർവ്വോദയ ദർശനങ്ങളുടെ പ്രയോഗങ്ങളായി അദ്ദേഹം ഇവയെ കണ്ടു.

ജയപ്രകാശ് നാരായണന്റെ ജയിൽ ഡയറി അദ്ദേഹം മലയാളത്തിലേക്ക് വിവർത്തനം ചെയ്തു. അടിയന്തരാവസ്ഥക്കാലത്ത് സ്വാതന്ത്ര്യത്തിന്റെയും പൗരാവകാശങ്ങളുടെയും പ്രാധാന്യം ഉയർത്തിപ്പിടിക്കുന്ന തുളസീവനം എന്ന നാടകത്തിലൂടെ അദ്ദേഹം തന്റെ നിലപാട് വ്യക്തമാക്കി.

പീപ്പിൾസ് യൂണിയൻ ഫോർ സിവിൽ ലിബർട്ടീസ് (PUCL) യുമായി അദ്ദേഹം അടുത്ത് പ്രവർത്തിച്ചു. പൗരസ്വാതന്ത്ര്യത്തിനും മനുഷ്യാവകാശങ്ങൾക്കും വേണ്ടി ജീവിതാവസാനംവരെ അദ്ദേഹം ശബ്ദമുയർത്തി. ഗാന്ധിയൻ അഹിംസയെക്കുറിച്ച് ഹിരോഷിമായിലും മറ്റു അന്താരാഷ്ട്ര വേദികളിലും പ്രബന്ധങ്ങൾ അവതരിപ്പിച്ചു. തൃശ്ശൂരിലെ ഗാന്ധി പീസ് ഫൗണ്ടേഷനുമായും സർവ്വോദയ മണ്ഡലവുമായി അദ്ദേഹം സജീവമായി ബന്ധപ്പെട്ടിരുന്നു. ഗാന്ധി പീസ് ഫൗണ്ടേഷൻ ചെയർമാനും സർവ്വോദയ മണ്ഡലം ആചാര്യ സമിതി അഗവും ആയിരുന്നു.

സർവ്വോദയ ട്രസ്റ്റിന്റെ (ദർശന്റെ) ആഭിമുഖ്യത്തിൽ തൃശ്ശൂരിൽ പ്രതിമാസ ഗാന്ധിയൻ - സർവ്വോദയ പ്രഭാഷണ പരമ്പരയിൽ മുഖ്യപ്രഭാഷകൻ അദ്ദേഹമായിരുന്നു. ഗാന്ധി മാർഗ്ഗ പ്രസ്ഥാനമായ ഏകതാ പരിഷത്തിന്റെ ആഭിമുഖ്യ ത്തിൽ 2004 ൽ 'ഹിംസക്കെതിരെ യുവശക്തി' എന്ന മുദ്രാവാക്യവുമായി, സ്വസ്ഥാന തലത്തിൽ നടന്ന യുവാക്കളുടെ സൈക്കിൾ റാലിക്കിടയിൽ അവതരിപ്പിക്കാൻ നാടകം തയ്യാറാക്കി യുവാക്കളെ പരിശീലിപ്പിച്ചതും വയലയായിരുന്നു.

നാടകവും ഗാന്ധിയൻ ധാർമ്മികതയും

വയലായുടെ നാടകസങ്കൽപ്പത്തിന്റെ പ്രധാന ശക്തികളിലൊന്നായിരുന്നു ധാർമികത. നാടകം വിനോദത്തിനുള്ള ഉപാധി മാത്രമല്ലെന്നും

മനുഷ്യന്റെ മനസ്സാക്ഷിയെ ഉണർത്താനും സമൂഹത്തിലെ അനീതികളെയും വൈരുധ്യങ്ങളെയും ചോദ്യം ചെയ്യാനും കഴിയുന്ന ശക്തമായ കലാരൂപമാണെന്നും അദ്ദേഹം വിശ്വസിച്ചു.

ഗാന്ധിയൻ ചിന്ത അദ്ദേഹത്തിന്റെ നാടകപ്രവർത്തനത്തിന് ഒരു അന്തർധാരയായി. അധ്വാനത്തിന്റെ അന്തസ്സ്, മനുഷ്യസ്വാതന്ത്ര്യം, സാമൂഹികനീതി, ഉത്തരവാദിത്വം, അഹിംസ, മാനവികത തുടങ്ങിയ മൂല്യങ്ങൾ അദ്ദേഹത്തിന്റെ ചിന്തയിൽ പ്രധാന സ്ഥാനമെടുത്തു. ഗാന്ധിയൻ ആകുന്നത് വേഷത്തിലും ജീവിതശൈലിയിലും ലാളിത്യം പ്രകടിപ്പിക്കുന്നതിൽ മാത്രം ഒതുങ്ങുന്നതല്ലെന്നായിരുന്നു അദ്ദേഹത്തിന്റെ നിലപാട്. ചെറിയ കാര്യങ്ങളിലൂടെ വലിയ സാമൂഹിക മാറ്റങ്ങൾ സൃഷ്ടിച്ച ഗാന്ധിജിയുടെ ജീവിതപാഠമാണ് അദ്ദേഹം കൂടുതൽ വിലമതിച്ചത്. വിദേശരാജ്യങ്ങളിലെ യാത്രകളിലും ലളിതമായ ഖാദി വസ്ത്രധാരണവും മദ്യപാനം ഒഴിവാക്കുന്നതും അദ്ദേഹം തന്റെ ജീവിതരീതിയുടെ ഭാഗമായി തുടർന്നു. വ്യക്തിജീവിതത്തിലും നാടകരംഗത്തും ഗാന്ധിയൻ ധാർമികതയ്ക്ക് അദ്ദേഹം വലിയ പ്രാധാന്യം നൽകി.

ദക്ഷിണാഫ്രിക്കയിലെ ഗാന്ധിസ്മരണ

2007ൽ നാടകപ്രവർത്തനവുമായി ബന്ധപ്പെട്ട് ദക്ഷിണാഫ്രിക്ക സന്ദർശിച്ച വയലാ അവിടെയുള്ള സർവകലാശാലകളിലെ നാടകശില്പശാലകളിലും അക്കാദമിക പരിപാടികളിലും പങ്കെടുത്തു. മഹാത്മാഗാന്ധിയുടെ ദക്ഷിണാഫ്രിക്കൻ ജീവിതവുമായി ബന്ധപ്പെട്ട സ്ഥലങ്ങൾ സന്ദർശിച്ച അദ്ദേഹം ഗാന്ധിജിയുടെ കർമ്മമണ്ഡലമായ ദക്ഷിണാഫ്രിക്കയിൽ നിന്ന് ഒരു പിടി മണ്ണ് ഇന്ത്യയിലേക്ക് കൊണ്ടുവന്നു. ഗാന്ധിജിയുടെ ജീവിതത്തോടുള്ള അദ്ദേഹത്തിന്റെ ആത്മബന്ധത്തിന്റെ പ്രതീകമായിരുന്നു ഈ യാത്ര. ദർബൻ യൂണിവേഴ്സിറ്റിയുടെ ചാൻസലർ മഹാത്മാഗാന്ധിയുടെ ചെറുമകൾ ഇളാ ഗാന്ധിയായിരുന്നു. അവരുടെ അതിഥിയായാണ് താമസിച്ചത്.

കൃതികൾ

വയലാ വാസുദേവൻ പിള്ളയുടെ പ്രധാന കൃതികളിൽ വിശ്വദർശനം തുളസീവനം, അഗ്നി, രംഗഭാഷ, വരവേൽപ്പ്, കുചേലഗാഥ, ഒരു പക്ഷിക്കുഞ്ഞിന്റെ മരണം, സൂത്രധാരാ, എതിലെ... എതിലേ?, കുഞ്ഞിച്ചിറകുകൾ, സ്വർണക്കൊക്കുകൾ, യാത്ര, ആണ്ടുബലി, ദീപശിഖ, അകത്താരോ, ഉടമ്പടി, ഒരു നാടകം എങ്ങിനെയുണ്ടാകുന്നു, അരങ്ങിന്റെ അർത്ഥത

ലങ്ങൾ, മലയാള നാടക സാഹിത്യ ചരിത്രം, ഗാന്ധിദർശനം എന്നിവ ഉൾപ്പെടുന്നു.

– ആണ്ടുബലി, ഉടമ്പടി, അകത്താരോ എന്നീ നാടകങ്ങൾ ഹിന്ദിയിലേക്ക് തർജ്ജമ ചെയ്യപ്പെട്ടു.

– Nausances of Performing Art (പ്രകടന കലയുടെ സൂക്ഷ്മതകൾ), J. M. SYNGE - The Passionate Play Wright (ജെ. എം. സിഞ്ച് – ആവേശഭരിതനായ നാടക കൃത്ത്) എന്നിവ അദ്ദേഹത്തിന്റെ ഇംഗ്ലീഷ് കൃതികളാണ്.

– അഗ്നി, ആണ്ടുബലി, ഉടമ്പടി എന്നിവ ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്യപ്പെട്ടു.

– ദി ബൻഡിൽ (ഇംഗ്ലീഷ്), ഉബുറോയ് (ഫ്രഞ്ച്), നാഗമണ്ഡല (കന്നട), ദി വെൽ ടേഫ് സെയ്ന്റ്സ് (ഐറിഷ്), ഹിസ് ലാസ്റ്റ് മൊമെന്റ്സ് (ഇറ്റാലിയൻ), ക്രാപ്സ് ലാസ്റ്റ് ടേപ്പ് (ഫ്രഞ്ച്) തുടങ്ങിയവ വിവിധ ഭാഷകളിൽ നിന്ന് അദ്ദേഹം മലയാളത്തിലേക്ക് തർജ്ജമ ചെയ്തു.

– ജയപ്രകാശ് നാരായണന്റെ ജയിൽ ഡയറി (തർജ്ജമ), ഗാന്ധിദർശനം എന്നിവയും അദ്ദേഹത്തിന്റെ കൃതികളാണ്.

– മലയാള നാടകത്തിന്റെ ചരിത്രവും രംഗഭാഷയും ലോക നാടകധാരകളുമായുള്ള ബന്ധവും സംബന്ധിച്ച് അദ്ദേഹം പഠനങ്ങളും പ്രബന്ധങ്ങളും രചിച്ചു.

പുരസ്കാരങ്ങളും അംഗീകാരങ്ങളും

വയലാ വാസുദേവൻ പിള്ളയുടെ നാടകപ്രവർത്തനത്തിന് സംസ്ഥാന, ദേശീയ തലങ്ങളിൽ നിരവധി അംഗീകാരങ്ങൾ ലഭിച്ചു. കേരള സാഹിത്യ അക്കാദമി പുരസ്കാരം, കേരള സംഗീത നാടക അക്കാദമി പുരസ്കാരം (2002), കേന്ദ്ര സംഗീത നാടക അക്കാദമി പുരസ്കാരം (2009) എന്നിവ പ്രധാന ബഹുമതികളാണ്. 2009–ലെ പുരസ്കാരം മലയാളത്തിലെ നാടക രചനയ്ക്കുള്ള സംഭാവനയ്ക്കാണെണ്.

'അഗ്നി' എന്ന കൃതിക്കും ശ്രദ്ധേയമായ അംഗീകാരം ലഭിച്ചു. നാലപ്പാടൻ അവാർഡ് (1992), നാടകഗ്രന്ഥത്തിനുള്ള കേരള സർക്കാർ അവാർഡ് (1993), കേരള ബാലസാഹിത്യ അവാർഡ് (1994), വി.ടി. ഭട്ടതിരിപ്പാട് അവാർഡ് (1998), അബുദാബി ശക്തി അവാർഡ് (2001) വിവിധ അന്താരാഷ്ട്ര ഫെലോഷിപ്പുകളും അദ്ദേഹത്തിന്റെ നാടകപ്രതിഭയ്ക്കും ഗവേഷണശേഷിക്കും ലഭിച്ച അംഗീകാരങ്ങളായിരുന്നു.

കുടുംബജീവിതം

ഡോ. വയലാ വാസുദേവൻ പിള്ളയുടെ സഹധർമ്മിണി വത്സല വാസുദേവൻപിള്ളയാണ്. ദേശീയ സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിന്റെ സാരഥി നേതാജി സുഭാഷ് ചന്ദ്രബോസിന്റെ പ്രൈവറ്റ് സെക്രട്ടറിയായിരുന്ന പാലിശ്ശേരി നാരായണമേനോന്റെ മകളാണ് വത്സല.

സ്കൂൾ ഓഫ് ഡ്രാമ ഉൾപ്പെടെ കോഴിക്കോട് സർവകലാശാലയുടെ വിവിധ കേന്ദ്രങ്ങളിൽ ഉദ്യോഗസ്ഥയായി സേവനമനുഷ്ഠിച്ച വത്സല വാസുദേവൻപിള്ള ജോയിന്റ് രജിസ്ട്രാറായി വിരമിച്ചു.

വയലായുടെ സ്മരണയും തുടർപ്രവർത്തനങ്ങളും

2011 ഓഗസ്റ്റ് 29-ന് ഡോ. വയലാ വാസുദേവൻ പിള്ള അന്തരിച്ചു. ഡോ. വയലാ വാസുദേവൻ പിള്ളയുടെ സ്മരണ നിലനിർത്തുന്നതിനും അദ്ദേഹത്തിന്റെ ആശയങ്ങളും പ്രവർത്തനങ്ങളും പുതിയ തലമുറയിലേക്ക് കൈമാറുന്നതിനുമായി ഡോ. വയലാ വാസുദേവൻപിള്ള ട്രസ്റ്റ് രൂപീകരിച്ചു.

അദ്ദേഹത്തിന്റെ പ്രധാന പ്രവർത്തനമേഖലകളായ നാടകം, ഗാന്ധിയൻ ചിന്ത എന്നിവയെക്കുറിച്ചുള്ള പഠനങ്ങളും ഗവേഷണങ്ങളും പ്രോത്സാഹിപ്പിക്കുന്നതിനായി വയലാ കൾച്ചറൽ സെന്ററും പ്രവർത്തിക്കുന്നു.

വിപുലമായ ലൈബ്രറിയും കൾച്ചറൽ സെന്ററിൽ സജ്ജീകരിച്ചിട്ടുണ്ട്. പ്രധാന ഹാളിന് വയലായുടെ ഗുരുവായ ജി. ശങ്കരപിള്ളയുടെ പേരിൽ 'ജി. ശങ്കരപിള്ള ഹാൾ' എന്ന് നാമകരണം ചെയ്തിരിക്കുന്നു.

2013-ൽ പ്രൊഫ. എം. കെ. സാനു വയലാ കൾച്ചറൽ സെന്ററിന്റെ ഔപചാരിക ഉദ്ഘാടനം നിർവഹിച്ചു. വയലാ വാസുദേവൻപിള്ളയുടെ വീടിന് 'സബർമതി' എന്നാണ് പേര്. വീടിനോടു ചേർന്നുതന്നെയാണ് ഗവേഷണകേന്ദ്രവും പ്രവർത്തിക്കുന്നത്. ഇതിലൂടെ വയലായുടെ സ്മരണം ഒരു അനുസ്മരണമായി മാത്രം നിലനിൽക്കുന്നില്ല; നാടകം, ഗാന്ധിയൻ ചിന്ത, ഗവേഷണം, കലാപഠനം എന്നിവയുടെ സജീവ പൈതൃകമായി തുടരുകയാണ്.

അദ്ദേഹത്തിന്റെ ജീവിതം ഒരു നാടകകാരന്റെ ജീവിതം മാത്രമായിരുന്നില്ല. അധ്യാപകനായി അറിവ് പകർന്നു; നാടകകാരനായി പുതിയ രംഗഭാഷകൾ അന്വേഷിച്ചു; ഗവേഷകനായി ലോക നാടകവേദിയുമായി സംവദിച്ചു; ഗാന്ധിയനായി ലാളിത്യം, അധ്വാനം, അഹിംസ, സ്വാതന്ത്ര്യം,

സാമൂഹിക ഉത്തരവാദിത്വം എന്നിവ ജീവിതത്തിൽ പ്രാവർത്തികമാക്കാൻ ശ്രമിച്ചു; പൗരാവകാശ പ്രവർത്തകനായി ജനാധിപത്യത്തിനും മനുഷ്യാവകാശങ്ങൾക്കും വേണ്ടി നിലകൊണ്ടു.

മലയാള നാടകവേദിയെ ലോക നാടകധാരകളുമായി ബന്ധിപ്പിക്കുകയും കലയുടെ സാമൂഹിക ഉത്തരവാദിത്വം ഉയർത്തിപ്പിടിക്കുകയും ചെയ്ത വയലാ വാസുദേവൻ പിള്ള, നാടകവേദിയിലെ ഗാന്ധിയൻ കർമ്മയോഗി എന്ന നിലയിൽ സാംസ്കാരിക ചരിത്രത്തിൽ സ്മരണീയ വ്യക്തിത്വമാണ്. ■



സേവനം ഉപാസനയാക്കിയ ഗംഗാധരൻ മാസ്റ്റർ

നിറചിരിയോടെ എല്ലാവരെയും അഭിവാദ്യം ചെയ്തു ഗംഗാധരൻ മാസ്റ്റർ കടന്നുവരുമ്പോൾ വീട്ടുകാർക്കും വിദ്യാലയത്തിൽ ഉള്ളവർക്കും പൊതുജനങ്ങൾക്കും വലിയൊരു ആശ്വാസമായിരുന്നു. ഗാന്ധി മാർഗ്ഗത്തിലൂടെ പൊതുജന സേവനവും അധ്യാപനവും നിർവഹിച്ച മുന്നേറുന്ന ഗംഗാധരൻ മാസ്റ്റർക്ക് ഏതൊരു സങ്കീർണ്ണ പ്രശ്നവും നിമിഷ നേരംകൊണ്ട് പരിഹരിക്കാനുള്ള പ്രത്യേകമായ അനുഗ്രഹം ഉണ്ടായി രുന്നു.

എത്ര സങ്കീർണമായ മനസ്സുകളെയും ഗംഗാധരൻ മാസ്റ്ററുടെ വാക്കുക ളിലൂടെ സമാശ്വസിപ്പിക്കാൻ സാധിക്കുമായിരുന്നു. ആ മന്ദസ്മിതവും ചേർത്ത് നിർത്തലും ചടുലമായ വാക്കും പ്രവർത്തികളും 2025 ഏപ്രിൽ 22ന് ഉച്ചയോടെ നിശ്ചലമായി.

സുതാര്യത, ധീരത, ആത്മാർത്ഥത എന്നീ ഗുണങ്ങളാണ് ഏതൊരു പൊതുപ്രവർത്തകനും ആവശ്യമായത് എന്ന് മഹാത്മജി പലപ്പോഴും ഓർമ്മിക്കാറുണ്ട്. ഈ മൂന്ന് ഗുണങ്ങളും ഒത്തിണങ്ങിയ അധ്യാപകനും പൊതുജന സേവകനും ആയിരുന്നു പി.വി. ഗംഗാധരൻ മാസ്റ്റർ. തൃശ്ശൂരിന്റെ രാഷ്ട്രീയ- സാംസ്കാരിക-മേഖലകളിൽ എക്കാലവും ശ്രദ്ധിക്കപ്പെട്ട പ്രദേശമായ ഇടക്കുന്നിയിൽ പടിഞ്ഞാറേ പുരക്കൽ വേലാ യുധൻ വൈദ്യരുടെയും കൊച്ചമ്മുവിന്റെയും മകനായി ജനിച്ച അദ്ദേഹം പനംകുറ്റിച്ചിറ പ്രൈമറി സ്കൂൾ, ഒല്ലൂർ ഗവൺമെന്റ് ഹൈസ്കൂൾ സെന്റ് തോമസ് കോളേജ് എന്നിവിടങ്ങളിൽ വിദ്യാഭ്യാസം നടത്തി അദ്ധ്യാപനം തന്റെ സുപ്രധാന സുപ്രധാനമായ മേഖലയായി തെരഞ്ഞെടുക്കുക യായിരുന്നു. 1961ൽ സർക്കാർ സ്കൂൾ അധ്യാപകനായി ജോലിയിൽ പ്രവേശിച്ചു. മാതൃഭാഷ അധ്യാപകനായിരുന്നു അദ്ദേഹം.

സ്കൂളിന് അകത്തും പുറത്തും ഉത്തമനായ ഒരു അധ്യാപകനായി അവസാന നിമിഷം വരെയും തലമുറകളെ വഴികാട്ടാൻ ഗംഗാധരൻ മാസ്റ്റർക്ക് സാധിച്ചു. പുത്തൂർ ഗവ. ഹൈ സ്കൂളിലാണ് എറ്റവും കൂടുതൽ കാലം പ്രവർത്തിച്ചത്. ഗംഗാധരൻ മാസ്റ്ററുടെ പ്രവർത്തനം സ്കൂളുകളിൽ മാത്രം ഒതുങ്ങിനിന്നില്ല. ഉപജില്ലാ- ജില്ലാ- സംസ്ഥാന തലങ്ങളിൽ സംഘടിപ്പിക്കപ്പെടുന്ന ശാസ്ത്രമേള, യുവജന മേള, പ്രവർത്തിപരിചയ മേള കായികമേള തുടങ്ങിയ എല്ലാ രംഗങ്ങളിലും മുഖ്യസംഘാടകൻ ആയി മൂന്ന് ദശാബ്ദക്കാലം തൃശ്ശൂർ ജില്ലയിൽ അദ്ദേഹം നിറഞ്ഞ് നിന്നു.

ഭാഷാ അധ്യാപക സംഘടനയുടെ സംസ്ഥാന പ്രസിഡണ്ട് എന്ന നിലയിൽ രണ്ടു ദശാബ്ദക്കാലം കേരളത്തിലെ അധ്യാപക പ്രസ്ഥാന രംഗത്തും അക്കാദമിക സമിതികളിലും അദ്ദേഹം സജീവസാന്നിധ്യമായി രുന്നു. സൃഷ്ടിപരമായ നിരവധി നിർദ്ദേശങ്ങൾ വിവിധ അക്കാദമിക് കമ്മിറ്റികൾക്ക് സമർപ്പിക്കാൻ ഈ കാലയളവിൽ അദ്ദേഹത്തിന് സാധി ച്ചിട്ടുണ്ട്.

സഹകരണ പ്രസ്ഥാനം

സമൂഹത്തിലെ സ്ഥായിയായ ഏതൊരു മാറ്റവും സംഭവിക്കാൻ അടി സ്ഥാന തലത്തിൽ സഹകരണ പ്രസ്ഥാനങ്ങൾ സജീവമാകണമെന്ന് ഗാന്ധിജിയുടെ നിർദ്ദേശത്തെ ഉൾക്കൊണ്ട ഗംഗാധരൻ മാസ്റ്റർ ഔദ്യോഗിക സേവനത്തിൽ നിന്നും വിരമിച്ചശേഷം സഹകരണ രംഗത്തും സജീവമായി. ഒല്ലൂർ പനംകുറ്റിചിറ സഹകരണ സംഘം, കൈരളി പ്രിൻറിംഗ് ആൻഡ് പബ്ലിഷിംഗ് സഹകരണ സംഘം, മഹാത്മാ ഗാന്ധി സൂപ്പർ സ്പെഷാലിറ്റി സഹകരണ ആശുപത്രി എന്നീ സ്ഥാപനങ്ങളിലൂടെ സാമൂഹ്യസേവനം അദ്ദേഹം തുടരുകയായി രുന്നു. അധ്യാപകരുടെയും പെൻഷൻകാരുടെയും സഹകരണ പ്രസ്ഥാനങ്ങ ളിലും അദ്ദേഹത്തിന്റെ സംഭാവന വളരെ വലുതായിരുന്നു.

സർവോദയ-ഗാന്ധിമാർഗ്ഗ പ്രവർത്തനങ്ങൾ

വിരമിച്ചതിനുശേഷം അധികാര രാഷ്ട്രീയത്തിൽ നിന്നും തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തിൽനിന്നും മാറിനിന്നുകൊണ്ടുള്ള ഗാന്ധിയൻ സാമൂഹ്യ പ്രവർത്തനശൈലി തന്നെയാണ് അദ്ദേഹം സ്വീകരിച്ചത്. ഗാന്ധിജിയുടെ അന്തിമ അഭിലാഷ പ്രകാരം രൂപീകൃതമായ സർവോദയമണ്ഡലത്തിന്റെ തൃശ്ശൂർ ജില്ലാ പ്രസിഡൻറ് ആയും സംസ്ഥാന വൈസ് പ്രസിഡന്റ് ആയും അദ്ദേഹം സേവനമനുഷ്ഠിച്ചു. തൃശൂർ കേന്ദ്രമാക്കിക്കൊണ്ട് ഗാന്ധി പീസ് ഫൗണ്ടേഷൻ രൂപീകരിച്ചുകൊണ്ട് തൃശ്ശൂർ ജില്ലയിലെ മുഴുവൻ വിദ്യാലയ

ങ്ങളിലും ഗാന്ധിജിയെ കുറിച്ച് വിദ്യാർത്ഥികൾക്കും അധ്യാപകർക്കും പഠിക്കാനും പഠിപ്പിക്കാനും ഉള്ള പ്രത്യേക ദൗത്യം അദ്ദേഹം ഏറ്റെടുത്തു. ഗാന്ധിദർശൻ എന്ന പേരിലുള്ള പ്രസ്തുത പദ്ധതി ഇന്ന് ഗാന്ധി പീസ് ഫൗണ്ടേഷനും സംസ്ഥാന വിദ്യാഭ്യാസ വകുപ്പും സംയുക്തമായി തുടരുകയാണ്.

പ്രൈമറി വിദ്യാഭ്യാസ കാലഘട്ടം മുതൽ ഗാന്ധിയെ ഒരു പുസ്തകത്തിലൂടെ എങ്കിലും അറിയാനുള്ള അവസരം അതുവഴി ജില്ലയിലെ വിദ്യാർഥികൾക്ക് കിട്ടിക്കൊണ്ടിരിക്കുന്നു എന്നത് വലിയ ഭാഗ്യമാണ്. സമൂഹത്തിലെ ഏറ്റവും വലിയ ശാപം എന്ന് രാഷ്ട്രപിതാവ് വിശേഷിപ്പിച്ച മദ്യത്തിനും മയക്കുമരുന്നിനും എതിരായ പ്രവർത്തനങ്ങളിൽ ഗംഗാധരൻ മാസ്റ്റർ സജീവമായിരുന്നു. കേരള മദ്യനിരോധന സമിതിയുടെ ജില്ലാ സാരഥി ആയും മദ്യവിരുദ്ധ ജനകീയ മുന്നണിയുടെ ജില്ലാകൺവീനർ എന്ന നിലയിലും സംസ്ഥാന സമിതി അംഗം എന്ന നിലയിലും അദ്ദേഹം നിരവധി സത്യഗ്രഹങ്ങൾക്ക് നേതൃത്വം നൽകിയിട്ടുണ്ട്.

പ്രൊഫ. എം.പി. മന്മഥൻ, പ്രൊഫ. ജി. കുമാരപിള്ള, ഐ.എം. വേലായുധൻ മാസ്റ്റർ എന്നിവർ മദ്യനിരോധന പ്രസ്ഥാനത്തിന്റെ സാരഥികൾ ആയിരുന്നപ്പോൾ അവരോടൊപ്പം നിരവധി സത്യാഗ്രഹങ്ങളിലും പിക്കറ്റിംങ്ങുകളിലും മാസ്റ്റർ പങ്കെടുത്ത് അറസ്റ്റ് വരിക്കുകയുമുണ്ടായി. വിഖ്യാതമായ അഴിമാവ് മദ്യവിരുദ്ധ സത്യാഗ്രഹത്തിൽ മുഖ്യസംഘാടകൻ ആയിരുന്നു ഗംഗാധരൻ മാസ്റ്റർ. തൃശ്ശൂർ ജില്ലയിലെ നിരവധി മദ്യവിരുദ്ധ സത്യാഗ്രഹങ്ങൾക്ക് പ്രത്യക്ഷമായും പരോക്ഷമായും നേതൃത്വം നൽകാൻ അദ്ദേഹത്തിന് സാധിച്ചിരുന്നു. തൃശ്ശൂർ ജില്ലയിൽ കൈനൂർ ഗ്രാമത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന മലിനീകരണത്തിനെതിരെ അവിടത്തെ അമ്മമാർ സമരരംഗത്ത് ഇറങ്ങിയപ്പോൾ അവർക്ക് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിക്കൊണ്ട് മുഴുവൻ സമയവും പ്രസ്തുത സമര സത്യാഗ്രഹത്തെ പിന്തുണയ്ക്കാൻ അദ്ദേഹത്തിന് സാധിച്ചിരുന്നു.

സ്വാതന്ത്ര്യസമരസേനാനികൾ ആയിരുന്ന ഇ.ഇക്കണ്ട വാരിയർ, വി.ആർ. കൃഷ്ണനെഴുത്തച്ഛൻ, തുടങ്ങിയവരുടെ പ്രവർത്തനംകൊണ്ട് പവിത്രമായ ഇടക്കുന്നിയുടെ പൈതൃകമാണ് ഗംഗാധരൻ മാസ്റ്റർക്ക് സേവനപാതയിൽ ഉത്തേജകമായത്.

സാഹിത്യ-സാംസ്കാരിക പ്രവർത്തനങ്ങൾ

'കടലിലെ സുന്ദരികൾ' എന്ന ഒരു ബാലസാഹിത്യകൃതി തിരക്കുകൾക്കിടയിലും അദ്ദേഹം രചിച്ചിരുന്നു. അതിനേക്കാൾ ഉപരിയായി നിരവധി


കാലിക പ്രസക്തിയുള്ള ലേഖനങ്ങൾ അദ്ദേഹത്തിന്റേതായി ഉണ്ട്. പ്രൊഫ. ജോസഫ് മുണ്ടശ്ശേരി, വൈലോപ്പിള്ളി ശ്രീധരമേനോൻ തുടങ്ങിയവർ മുതൽ ജി.കെ .കുറുപ്പ് മാസ്റ്റർ വരെയുള്ള സാഹിത്യ-സാംസ്കാരിക നേതൃത്വവും പ്രവർത്തകരുമായും ഗംഗാധരൻ മാസ്റ്റർക്ക് ഉറ്റ ബന്ധമുണ്ടായിരുന്നു.

തൃശ്ശൂരിലെ സാംസ്കാരിക മേഖലയിലെ ശ്രദ്ധേയമായ സംഭാവന ചെയ്ത സഹൃദയവേദിയുടെ സ്ഥാപക അംഗവും സാരഥിയും ആയിരുന്നു. അക്ഷരജ്യോതിയുടെയും സ്ഥാപക അംഗമായി അദ്ദേഹം പ്രവർത്തിച്ചു. തൃശ്ശൂരിലെ സാംസ്കാരിക രംഗത്തിന് പുത്തനുണർവ്വ് പകരുന്ന നിരവധി സാഹിത്യ മേളകളും സാംസ്കാരിക ചർച്ചകളും സംഘടിപ്പിക്കുന്നതിന് ഗംഗാധരൻ മാസ്റ്ററുടെ നേതൃത്വം എക്കാലവും സജീവമായിരുന്നു.

പിന്തുണയോടെ കുടുംബം

മാഷിന്റെ വീടിന് ഇട്ടിരിക്കുന്ന പേര് 'ഉപാസന' എന്നാണ്.സാമൂഹ്യ സേവനം ആയിരുന്നു മാഷിന്റെ ഉപാസന. രാവിലെ മുതൽ രാത്രിയാകുന്നതുവരെയും നിരവധി സാമൂഹ്യ സാംസ്കാരിക സാഹിത്യ പ്രവർത്തനങ്ങളിൽ മുഴുകുക എന്നത് ഗംഗാധരൻ മാസ്റ്ററുടെ പതിവ് ശൈലി ആണ്. ഒരു സ്ഥലത്തു നിന്നും മറ്റൊരിടത്തേക്ക് സുസ്മേരവദനനായി നടന്നു നീങ്ങുമ്പോൾ എല്ലാവരെയും കൈ ഉയർത്തി അഭിവാദ്യം ചെയ്തു മുന്നോട്ടുനീങ്ങുന്ന ഗംഗാധരൻ മാസ്റ്റർ എല്ലാവരുടെയും മനസ്സിൽ നിറഞ്ഞുനിൽക്കുകതന്നെ ചെയ്യും.

വിശ്രമമില്ലാത്ത ഈ പ്രവർത്തനങ്ങൾക്ക് അദ്ദേഹത്തെ ഏറ്റവുമധികം സഹായിച്ചത് അദ്ദേഹത്തിന്റെ കുടുംബത്തിന്റെ പൂർണ്ണ പിന്തുണ തന്നെയാണ്. അദ്ദേഹത്തിന്റെ സഹധർമ്മിണി പരേതയായ വി.എൻ. തങ്കമണി നന്തിക്കര ഗവൺമെൻറ് ഹൈസ്കൂളിലെ പ്രിൻസിപ്പാൾ ആയിരുന്നു. ജീൻ രാജ് (ഒല്ലൂർ സഹകരണ ബാങ്ക്) ജിത (കൊച്ചിൻ യൂണിവേഴ്സിറ്റി) എന്നിവർ മക്കളാണ്. സുമി (അധ്യാപിക ജെ.ബി.എസ്. മതിക്കുന്ന്) സുധി (കൊച്ചിൻ യൂണിവേഴ്സിറ്റി) എന്നിവർ മരുമക്കളും ആണ്. ■




പി.എൻ. പണിക്കരും കെ.എസ്. രാമൻ മേനോനും: വായനയുടെ വാതായനം തുറന്നുനൽകിയവർ

പുതുവായിൽ നാരായണ പണിക്കർ എന്ന പി. എൻ. പണിക്കരുടെ അനുസ്മരണ ദിനമായ ജൂൺ 19 വായനാദിനമായി ആചരിക്കുകയാണ്. കേരളത്തിന്റെ നവോത്ഥാനത്തിന് ഊർജ്ജം പകർന്ന ഗ്രന്ഥശാലാ പ്രസ്ഥാനത്തിന്റെ സ്ഥാപകനും പ്രചാരകനും ആയിരുന്നു പി.എൻ. പണിക്കർ. 1909 മാർച്ച് ഒന്നിന് ആലപ്പുഴയിലെ നീലംപേരൂരിലാണ് ജനിച്ചത്. ഗോവിന്ദ പിള്ളയും ജാനകിയമ്മയും മാതാപിതാക്കൾ. ദേശീയ സ്വാതന്ത്ര്യ പ്രസ്ഥാനം വിവിധതലങ്ങളിൽ ശക്തിപ്പെട്ടുകൊണ്ടിരുന്ന ഒരു കാലഘട്ടം.

സ്വാതന്ത്ര്യം സമ്പാദിക്കുന്നതിനും നിലനിർത്തുന്നതിനും വായനയും വിദ്യാഭ്യാസവും സ്വാശ്രയത്വവും അനിവാര്യമാണ് എന്ന പ്രബോധനങ്ങൾ പല കോണുകളിൽ നിന്നും ഉയർന്നുവന്നിരുന്ന സമയം കൂടിയാണത്. ഈ കാലഘട്ടത്തിലാണ് പതിനാറാമത്തെ വയസ്സിൽ, 1926ൽ പി.എൻ. പണിക്കർ തന്റെ ജന്മനാട്ടിൽ വീടുവീടാന്തരം കയറിയിറങ്ങി പുസ്തകങ്ങൾ സംഘടിപ്പിച്ച് സനാതനധർമ്മം എന്ന പേരിൽ ഒരു വായനശാല സ്ഥാപിക്കുന്നത്. പിന്നീടദ്ദേഹം അദ്ധ്യാപകനായി ജോലി സ്വീകരിക്കുന്നു.

സ്വന്തം നാട്ടിലേതുപോലെ മറ്റ് ഗ്രാമങ്ങളിലും ഗ്രന്ഥശാലകൾ സ്ഥാപിക്കുന്നതിന് പണിക്കർ പ്രോത്സാഹനം നൽകിക്കൊണ്ടിരുന്നു. ഇതിന്റെ ഭാഗമായി 1945 സെപ്റ്റംബർ 14ന് അമ്പലപ്പുഴയിലെ പി.കെ. മെമ്മോറിയൽ ലൈബ്രറിയിൽ വച്ച് തിരുവിതാംകൂറിലെ ഗ്രന്ഥശാല പ്രതിനിധികളുടെ യോഗം അദ്ദേഹം വിളിച്ചുചേർത്തു. പ്രസ്തുത യോഗമാണ് കേന്ദ്രശാല പ്രസ്ഥാനത്തെത്തിന് തുടക്കം കുറിക്കുന്നത്. അന്നത്തെ തിരുവിതാംകൂർ ദിവാനായിരുന്ന സർ. സി.പി. രാമസ്വാമി

അയ്യർ ഗ്രന്ഥശാലകളുടെ പ്രവർത്തനങ്ങൾക്കായി ഒരു ചെറിയ തുക ഗ്രാൻഡ് ആയി അനുവദിക്കുകയും ചെയ്തു. 1947ൽ ഗ്രന്ഥശാലാ സംഘം രജിസ്റ്റർ ചെയ്തു.

പിന്നീട് കൊച്ചിയും തിരുവിതാംകൂറും കൂടി സംയോജിച്ചപ്പോൾ 1950ൽ അത് തിരു-കൊച്ചി ഗ്രന്ഥശാലാസംഘം ആയി വികസിച്ചു. ഇതേ കാല ഘട്ടത്തിൽ തന്നെ കേരള ഗാന്ധി കെ. കേളപ്പന്റെ നേതൃത്വത്തിൽ മലബാറിലും ഗ്രന്ഥശാല പ്രോത്സാഹന പ്രവർത്തനങ്ങൾ നടന്നിരുന്നു. 1937ൽ ഇതിനായി മലബാറിലെ ലൈബ്രറികളുടെ ഉപയോഗം അദ്ദേഹം വിളിച്ചു ചേർക്കുകയും ചെയ്തിരുന്നു. സ്വാതന്ത്ര്യത്തിനുശേഷം കേരളസംസ്ഥാനം രൂപംകൊണ്ടതോടുകൂടി 3 പ്രദേശങ്ങളുടേയും കൂടി ഗ്രന്ഥശാല പ്രസ്ഥാനങ്ങൾ സംയുക്തമായി കേരള ഗ്രന്ഥശാല എന്ന പേരിൽ അറിയപ്പെടാൻ തുടങ്ങി.

ഗ്രാമം തോറും ഗ്രന്ഥശാലകൾ സാധിക്കുക എന്നത് ഒരു തപസ്യയായി എടുത്ത പി.എൻ. പണിക്കർ കേരളം മുഴുവൻ സഞ്ചരിച്ച് ഗ്രന്ഥശാല പ്രവർത്തനങ്ങളെയും അതിന് അനുബന്ധമായി കലാസാംസ്കാരിക പ്രവർത്തനങ്ങളെയും പ്രോത്സാഹിപ്പിച്ചുകൊണ്ടിരുന്നു. കേരളത്തിന്റെ നവോത്ഥാനത്തിന് ഊർജ്ജം പകരുന്ന ഒരു പ്രസ്ഥാനമായി ക്രമേണ ഗ്രന്ഥശാലാപ്രസ്ഥാനം മാറുന്നു. 1970ൽ പി.എൻ. പണിക്കരുടെ നേതൃത്വത്തിൽ നടന്ന കേരള സാംസ്ക്കാരിക പദയാത്ര വായനശാലകളെയും കലാസാംസ്കാരിക പ്രവർത്തനങ്ങളെയും കൂടുതൽ സജീവമാക്കി.

'വായിച്ചു വളരുക; ചിന്തിച്ചു വിവേകം നേടുക.' എന്ന മന്ത്രാവാക്യം കേരളം മുഴുവൻ അലയടിച്ചു. വിദ്യാലയങ്ങളും തൊഴിൽ ശാലകളും എല്ലാം ഈ സന്ദേശം ഏറ്റെടുക്കുകയും ചെയ്തു. ഗ്രന്ഥശാല സംഘത്തിന്റെ സെക്രട്ടറി എന്ന നിലയിൽ ഏറെക്കാലം നേതൃത്വം നൽകാൻ പി.എൻ. പണിക്കർക്ക് സാധിച്ചു. 1990- 94 കാലഘട്ടത്തിലാണ് കേരള ലൈബ്രറി ആക്ട് കേരള നിയമസഭ അംഗീകരിക്കുകയും കേരളസംസ്ഥാന ലൈബ്രറി കൗൺസിൽ രൂപംകൊള്ളുകയും ചെയ്തു.

1995 ജൂൺ 19നാണ് പണിക്കർ അന്തരിച്ചത്. അടുത്ത വർഷം (1996) മുതൽ പണിക്കരുടെ അനുസ്മരണ ദിനം വായനാദിനമായി ആചരിക്കാൻ കേരള സർക്കാർ തീരുമാനിക്കുകയായിരുന്നു. പിന്നീട്, 2017ൽ പ്രസ്തുത ദിനത്തെ ദേശീയ വായനാദിനമായി ആചരിക്കാൻ കേന്ദ്ര ഗവൺമെൻറ് തീരുമാനിച്ചു. ദേശീയതലത്തിൽ ഏകദേശം അമ്പതിനായിരത്തോളം ലൈബ്രറികളും കേരളത്തിൽ ഒൻപതിനായിരത്തിൽ പരം ലൈബ്രറികളും ആണ് ഉള്ളത്.


വായനയ്ക്കായി പുസ്തകങ്ങൾ ഒരുക്കി കെ.എസ്. രാമൻ മേനോൻ

ഈ വർഷത്തെ (2025) വായനാദിനം വരുമ്പോൾ വായനയുടെയും പുസ്തകങ്ങളുടെയും ലോകത്തിന് മഹത്തായ സംഭാവന ചെയ്ത മറ്റൊരു വ്യക്തി യെകൂടി ഓർക്കുക തന്നെ വേണം. അദ്ദേഹമാണ് കെ.എസ്. രാമൻ മേനോൻ. കേരളത്തിലെ ഗ്രന്ഥാലയങ്ങൾക്ക് ഇത്രയേറെ പുസ്ത കങ്ങൾ ലഭ്യമാകുന്നതിന് കാരണമായത് ഇവിടത്തെ പുസ്തക പ്രസാധക പ്രവർ ത്തനങ്ങളാണ്.

തൃശ്ശൂർ ജില്ലയിലെ മായന്നൂരിൽ കുളക്കുന്നത്ത് പാർവ്വതി അമ്മയു ടെയും അണിയത്ത് ശങ്കുണ്ണി നായരുടെയും മകനായി 1877 ഏപ്രിൽ മാസത്തിൽ ജനിച്ച രാമൻമേനോൻ തിരുവനന്തപുരം ആസ്ഥാനമാക്കി കൊണ്ട് തന്റെ പുസ്തക പ്രസാധക സംരംഭങ്ങൾ ആരംഭിക്കുകയായി രുന്നു. ഭാഷാ വർദ്ധിനി (ബി.വി. ബുക്ക് ഡെപ്പോ) എന്ന പേരിലുള്ള പ്രസിദ്ധീകരണ സ്ഥാപനം കേരളത്തിലെ പുസ്തക പ്രസാധക ലോക ത്തിന് പുതിയൊരു ചരിത്രം കുറിക്കുകയായിരുന്നു.

കവികളെയും സാഹിത്യകാരന്മാരെയും നേരിട്ട് കണ്ട് അവരുടെ ശ്രേഷ്ഠമായ കൃതികൾ പ്രസാധനം ചെയ്യുന്നതിന് രാമൻ മേനോൻ അശ്രാന്തപരിശ്രമം നടത്തി. വിറ്റഴിക്കുന്ന പുസ്തകങ്ങൾക്ക് ബന്ധപ്പെട്ട ഗ്രന്ഥകാരൻ മാർക്ക് റോയൽറ്റി നൽകുന്നതിനും അദ്ദേഹം മുൻകൈയെ ടുത്തു. കേരളവർമ്മ വലിയകോയിത്തമ്പുരാൻ, എ. ആർ. രാജരാജവർമ്മ, ഉള്ളൂർ, വള്ളത്തോൾ, ചങ്ങമ്പുഴ, കുമാരനാശാൻ തുടങ്ങിയ പ്രമുഖ സാഹിത്യകാരന്മാരുടെയെല്ലാം ആദ്യകാല കൃതികൾ പ്രസിദ്ധീകരിച്ചത് രാമമേനോൻ നേതൃത്വം നൽകിയ ഭാഷാവർദ്ധിനിയിലൂടെയാണ്.

ഇതിനായി 'കമലാലയ' എന്ന പേരിൽ മുദ്രണാലയങ്ങൾ 1918ൽ തിരുവനന്തപുരത്തും ഒറ്റപ്പാലത്തും സ്ഥാപിച്ചു. മലയാളത്തിലെ പുസ്തക പ്രസാധനത്തിനും വായനക്കും പുതിയ ഉണർവ് പകരാൻ അദ്ദേഹ ത്തിന്റെ ത്യാഗപൂർണമായ പരിശ്രമങ്ങൾക്ക് സാധിച്ചു. 1925 മെയ് 19-ാം തീയതി നാല്പത്തിയെട്ടാം വയസ്സിൽ കെ.എസ്. രാമമേനോൻ അന്തരിച്ചു. അദ്ദേഹത്തിന്റെ വേർപാടിന് നൂറു വർഷം തികയുകയാണ് 1925ൽ. അതു കൊണ്ടുതന്നെ ഈ വർഷത്തെ വായനാദിനം പി.എൻ. പണിക്കരെയും കെ.എസ്. രാമൻ മേനോനേയും ഒരുപോലെ ഓർക്കാനും ആദരവുകൾ അർപ്പിക്കാനുമുള്ള വേളയായി മാറുന്നത് നല്ലതുതന്നെ. ■




ഗാന്ധിജിയുടെയും ഇക്കണ്ടവാരിയരുടെയും ഒസ്യത്തുകൾ

മഹാത്മാഗാന്ധി രക്തസാക്ഷിത്വത്തിന്റെ തലേദിവസം, 1948 ജനുവരി 29 ആം തീയതി ഇന്ത്യൻ നാഷണൽ കോൺഗ്രസിന് വേണ്ടി ഒരു പുതിയ ഭരണഘടനയുടെ കരട് രൂപം (നക്കൽ) തയ്യാറാക്കുകയുണ്ടായി. ഗാന്ധിജി സ്വന്തമായി എഴുതിയ അവസാന ലേഖനം എന്ന നിലയ്ക്ക് ഇത് ഗാന്ധിജിയുടെ ഒസ്യത്ത് ആയി കണക്കാക്കുന്നു.

പ്രസ്തുത കുറിപ്പ് ആരംഭിക്കുന്നത് ഇപ്രകാരമാണ്...

രണ്ടായി വിഭജിക്കപ്പെട്ടു എങ്കിലും ഭാരതം, കോൺഗ്രസ് തെളിച്ച മാർഗ്ഗത്തിലൂടെ സ്വാതന്ത്ര്യം നേടിയത് കൊണ്ട് ഇപ്പോഴത്തെ രൂപത്തിൽ അതായത് ഒരു പ്രചരണ ഉപാധി എന്ന നിലയ്ക്കും നിയമ നിർമ്മാണ സമിതി എന്ന നിലയ്ക്കും നൽകാവുന്ന പ്രയോജനം എല്ലാം കോൺഗ്രസ് നൽകിക്കഴിഞ്ഞു. നഗരങ്ങളിൽ നിന്നും വ്യത്യസ്തമായി 7,00,000 (ഏഴ് ലക്ഷം) ഗ്രാമങ്ങളുടെ പേരിൽ ഭാരതം സാമൂഹികവും, ധാർമികവും, സാമ്പത്തികവുമായ സ്വാതന്ത്ര്യം ഇനി നേടേണ്ടിയിരിക്കുന്നു.

ജനാധിപത്യ ലക്ഷ്യത്തിലേക്കുള്ള ഭാരതത്തിന്റെ പുരോഗതിക്ക് പട്ടാള ശക്തിയുടെ മേൽ (ആധിപത്യ ശക്തിയുടെ) മേൽ, സ്ഥാനം കരസ്ഥമാക്കാനുള്ള സിവിൽ ശക്തിയുടെ (ജനകീയ ശക്തിയുടെ) സമരം തീർച്ചയായും ഉണ്ടാകും. രാഷ്ട്രീയ കക്ഷികൾ, ദേശീയ സംഘടനകൾ, എന്നിവയുമായി അനാരോഗ്യകരമായ മത്സരത്തിൽ ഏർപ്പെടാൻ രാജ്യത്തെ നാം അനുവദിക്കരുത്. ഇക്കാരണം കൊണ്ടും ഇതുപോലെയുള്ള മറ്റു കാരണങ്ങൾ കൊണ്ടും നിലവിലുള്ള കോൺഗ്രസ് സംഘടന പിരിച്ചുവിടാനും താഴെപ്പറയുന്ന നിയമാവലികൾ അനുസരിച്ചും സന്ദർഭാനുസരണം അവ ഭേദഗതി ചെയ്യാനുള്ള അധികാരത്തോടുകൂടി

ഒരു ലോകസേവകസംഘം ആയി (ജനസേവ സംഘമായി) രൂപം ലഭിക്കുവാനും എ.ഐ.സി.സി. തീരുമാനിക്കുന്നു.

പ്രസ്തുത കുറിപ്പിന്റെ തുടർന്നുള്ള ഭാഗങ്ങളിൽ; എങ്ങനെയായിരിക്കണം സ്വതന്ത്രഭാരതത്തിലെ ജനാധിപത്യ ക്രമം എന്നും തെരഞ്ഞെടുപ്പ് സംവിധാനം എന്നും ഗാന്ധിജി സൂചിപ്പിക്കുന്നുണ്ട്...

ഓരോ പ്രദേശത്തെയും ആളുകൾ ഐകൃകണ്ഠേന തെരഞ്ഞെടുക്കുന്ന അവരുടെ ജനപ്രതിനിധികൾ കൂടിച്ചേർന്ന് അവരിൽ നിന്നും ഒരു പഞ്ചായത്ത് ഭരണസമിതി രൂപം കൊടുക്കുന്നു. ഇത്തരം രണ്ട് പഞ്ചായത്തുകൾക്ക് ഒരു പ്രതിനിധി എന്ന രീതിയിൽ തിരഞ്ഞെടുക്കപ്പെടും. അത്തരം പ്രതിനിധികൾ ചേർന്ന് അടുത്ത തലത്തിലുള്ള ഭരണസംവിധാനം ഉണ്ടാക്കാം. പഞ്ചായത്ത് വാർഡ് മുതൽ അഖിലേന്ത്യാ തലംവരെയുള്ള ഭരണസംവിധാനത്തെ തെരഞ്ഞെടുക്കാനുള്ള നിർദേശങ്ങളാണ് ഗാന്ധിജി നൽകുന്നത്. ഇത്തരമൊരു തെരഞ്ഞെടുപ്പ് സമ്പ്രദായത്തിൽ ബാലറ്റ് പേപ്പർ, വൻ തുക ചെലവഴിച്ചു വരെയുള്ള തെരഞ്ഞെടുപ്പ് പ്രചാരണങ്ങളും, വോട്ടുബാങ്കുകൾ സൃഷ്ടിക്കാനുള്ള വർഗീയ പ്രീണനങ്ങളും, രാഷ്ട്രീയകക്ഷികളുടെ അമിത അധികാര പ്രയോഗങ്ങളും, സ്ഥാനാർത്ഥികളെ മുകളിൽ നിന്നും നിശ്ചയിച്ച് താഴോട്ട് ഇറക്കി വിടൽ ഒന്നും തന്നെ ഇല്ല.

തികച്ചും ജനകീയമായ ഒരു ജനാധിപത്യ സമ്പ്രദായം ആണ് ഗാന്ധിജി നിർദേശിച്ചത്. എന്നാൽ സ്വതന്ത്ര ഭാരതത്തിൽ അധികാരമേറ്റവരും ഭരണഘടന നിർമ്മാണം നടത്തിയവരെല്ലാം ഇത്തരം ഒരു ജനകീയ ജനാധിപത്യ സംവിധാനത്തെ ബോധപൂർവം അവഗണിക്കുകയായിരുന്നു. അപ്രായോഗികമെന്ന് പറഞ്ഞുകൊണ്ടാണ് അന്ന് അവർ അവഗണിച്ചത്. പ്രായോഗികത പൂർണമായും പരിശോധിച്ചു കൊണ്ടാണ് അക്കാര്യം ഗാന്ധിജി നിർദ്ദേശിച്ചത്. 1939 ജനുവരി 21 ആം തീയതി മുതൽ മഹാരാഷ്ട്രയിലെ പൂനെയ്ക്ക് അടുത്തുള്ള ഔന്ദ് (Aundh) എന്ന നാട്ടുരാജ്യത്തിൽ ഗാന്ധിജി നിർദേശിച്ച പ്രകാരമുള്ള ഒരു ജനാധിപത്യ ജനകീയ ജനാധിപത്യ സംവിധാനം നിലവിലുണ്ടായിരുന്നു. ഗാന്ധി തന്നെ നിർദേശിച്ച പ്രകാരമുള്ള ഒരു സ്വരാജ് ഭരണഘടനയും ആ പ്രദേശത്ത് നിലവിൽ വന്നിരുന്നു.

മഹാരാഷ്ട്രയിലെ ഗഡ് ചരോളി ജില്ലയിലെ മെന്ദ – ലേഖ ഗ്രാമത്തിലും മധ്യപ്രദേശിലെ നരസിംഹപൂർ ജില്ലയിലെ ബഗു വാർ ഗ്രാമത്തിലും ഇപ്പോഴും, സ്വാശ്രയ – സ്വയം പര്യാപ്ത സംവിധാനം നിലനിൽക്കുന്നു. കക്ഷി രാഷ്ട്രീയ ഭരണകൂട ആധിപത്യങ്ങളെ ചെറുത്ത് നിന്നാണ് ജനശക്തിയുടെ ഈ വിജയം.

മഹാത്മാഗാന്ധിയുടെ ഉത്തമ അനുയായി ആയിരുന്ന ഇ. ഇക്കണ്ട വാര്യർ അദ്ദേഹത്തിന്റെ അവസാന നാളുകളിൽ (1977) കേരളത്തിനു വേണ്ടി ഒരു ഭരണസംവിധാനത്തെ നിർദ്ദേശിക്കുകയുണ്ടായി. ഇക്കണ്ട വാര്യർ എഴുതിത്തയ്യാറാക്കിയ അവസാന രേഖ എന്ന നിലയിൽ ഇത് അദ്ദേഹത്തിന്റെ മരണപത്രം ആയും വിശേഷിപ്പിക്കുന്നു.

കൊച്ചി രാജ്യത്തിന്റെ പ്രധാനമന്ത്രിയും, തിരു – കൊച്ചി ഭക്ഷ്യ കൃഷി–റവന്യൂ വകുപ്പ് മന്ത്രിയും ഭൂദാന പ്രസ്ഥാനത്തിന് പ്രചാരകനും, തൃശ്ശൂർ മുനിസിപ്പൽ ചെയർമാനും എല്ലാമായിരുന്ന അദ്ദേഹത്തിന് അനുഭവങ്ങളുടെ വലിയൊരു പിൻബലം ഉണ്ടായിരുന്നു. സ്വാതന്ത്ര്യത്തിനുശേഷം കേരളസംസ്ഥാനത്ത് ഉണ്ടായ പല മന്ത്രിസഭകളും അല്പം കുറഞ്ഞ ആയുസ് ഉള്ളവയായിരുന്നു. രാഷ്ട്രീയപാർട്ടികൾ തമ്മിലും ഓരോ പാർട്ടിക്കുള്ളിലും നടക്കുന്ന അധികാര വടംവലിയും സ്ഥാനമോഹങ്ങളും അതാത് കാലഘട്ടത്തിൽ ഗവൺമെന്റുകളെ നിലംപതിക്കാൻ ഇടയാക്കി.

കേരളത്തിന് ആവശ്യമായ പുരോഗതി ഉണ്ടാക്കാനായില്ല. ദാരിദ്ര്യവും തൊഴിലില്ലായ്മയും വർദ്ധിച്ചു. കാർഷികമേഖലയിലും വ്യവസായ മേഖലകളിലും ആവശ്യമായ പുരോഗതി ഉണ്ടാക്കാനും കേരളത്തിന് സാധിച്ചില്ല. രാഷ്ട്രീയ പാർട്ടികളുടെ നേതൃത്വത്തിൽ ഇവിടെ രൂപീകരിക്കപ്പെട്ട തൊഴിലാളി സംഘടനകളുടെ സമീപനങ്ങൾ പുതിയ സംരംഭങ്ങൾ വരുന്നതിന് തടസ്സമായി നിൽക്കുകയും ചെയ്തു. ഈയൊരു സാഹചര്യത്തിലാണ് ഇക്കണ്ട വാര്യർ 'കേരളത്തിന് ഒരു സർവ്വകക്ഷി ഗവൺമെന്റ്' എന്ന നിർദ്ദേശം മുന്നോട്ടുവെക്കുന്നത്. അതിന് അദ്ദേഹത്തിന് ആവേശം പകർന്നത് ഭൂദാനപ്രസ്ഥാനത്തിന്റെ നായകനായ വിനോബാജിയുടെ വാക്കുകളാണ്.

ആചാര്യ വിനോബ ഭാവേ കേരളത്തിന്റെ സാമൂഹ്യ രാഷ്ട്രീയ സാഹചര്യങ്ങളെ കൃത്യമായി വിലയിരുത്തിക്കൊണ്ട് ഇപ്രകാരം പറഞ്ഞു, "കേരളത്തെ രക്ഷിക്കാൻ രാഷ്ട്രീയക്കാർക്ക് സാധിക്കുകയില്ല; സർവോദയത്തിന് മാത്രമാണ് കേരളത്തെ രക്ഷിക്കുവാൻ സാധിക്കുക." വിനോബജിയുടെ ഈ ഉപദേശത്തിൽനിന്നും ഊർജം ഉൾക്കൊണ്ടാണ് കേരളത്തിന് ഒരു സർവ്വകക്ഷി ഗവൺമെൻറ് എന്ന നിർദ്ദേശം ഇക്കണ്ട വാരിയർ മുന്നോട്ടുവയ്ക്കുന്നത്. എല്ലാ രാഷ്ട്രീയ പാർട്ടികളും അടുത്ത ഒരു പത്ത് വർഷത്തേക്ക് കക്ഷിരാഷ്ട്രീയ പ്രവർത്തനം ഉപേക്ഷിച്ച് ഒറ്റക്കെട്ടായി കേരളത്തിൻറെ പുരോഗതിക്കുവേണ്ടി ഒരുമിച്ചു പ്രവർത്തിക്കുക എന്നതാണ് അദ്ദേഹം മുന്നോട്ടുവെച്ച ആശയം. എല്ലാവരും കൂടി ഒരു സർവ്വകക്ഷി ഗവൺമെന്റ് ഉണ്ടാക്കുക. ഇത് പഞ്ചായത്ത് തലത്തിൽ ആരംഭിക്കണം. പഞ്ചായത്ത് തലത്തിൽ കക്ഷിരാഷ്ട്രീയത്തിനതീതമായി ആളു

കൾ ഒരുമിച്ചിരുന്ന് അവരിൽനിന്നും പ്രതിനിധികളെ തെരഞ്ഞെടുക്കുക. ഇത്തരം പ്രതിനിധികളിൽനിന്നും മുകൾതലങ്ങളിലേക്ക് വരേണ്ട ആളുകളെ എല്ലാവരും ചർച്ചചെയ്ത് ഐക്യകണ്ഠേന തെരഞ്ഞെടുക്കുന്ന സാഹചര്യം സൃഷ്ടിക്കുക. ബാലറ്റുകൾ ഉപയോഗിച്ചുള്ള വോട്ടിംഗ് സമ്പ്രദായം ഇല്ലാതെതന്നെ സർവ്വസമ്മതമായി ജനപ്രതിനിധികളെ തിരഞ്ഞെടുക്കുന്നതിനും ഉള്ള അന്തരീക്ഷം സൃഷ്ടിക്കുക എന്നതാണ് സുപ്രധാന നിർദേശം.

ഗാന്ധിജി തന്റെ അവസാനകാലത്ത് ഭാരതത്തിനുവേണ്ടി നിർദ്ദേശിച്ച സംവിധാനത്തിന്റെ മറ്റൊരു പതിപ്പായിരുന്നു ഇക്കണ്ട വാരിയർ കേരളത്തിനുവേണ്ടി നിർദ്ദേശിച്ചത്. കക്ഷിരാഷ്ട്രീയത്തിനതീതമായി ജനങ്ങളുടെ കൂട്ടായ പ്രവർത്തനങ്ങൾ ഉണ്ടാക്കി കാർഷിക - വ്യാവസായിക - സേവനരംഗത്ത് എല്ലാം പുരോഗതികൈവരിക്കുക. ജനങ്ങളുടെ മുൻകൈയിൽ വികസന പ്രവർത്തനങ്ങൾ സജീവമായി മുന്നേറുന്ന ഒരു കേരളമാണ് അദ്ദേഹം സ്വപ്നം കണ്ടത് മഹാത്മാഗാന്ധിയെയും വിനോബാഭാവേയും പോലെ പിന്നീട് ജയപ്രകാശ് നാരായണനും ഇക്കണ്ടവാര്യർക്ക് പ്രോത്സാഹനമായി.

മേൽപ്പറഞ്ഞ രീതിയിലുള്ള ഒരു ജനകീയ ജനാധിപത്യവും ജനകീയ പുരോഗമന പ്രവർത്തനങ്ങളും ഉണ്ടാക്കുകയാണെങ്കിൽ അതുതന്നെയല്ലേ ജയപ്രകാശ് നാരായണൻ മുന്നോട്ടുവെച്ച സമ്പൂർണ്ണ വിപ്ലവം എന്ന് ചോദിച്ചുകൊണ്ടാണ് ഇക്കണ്ടവാര്യർ ഒസ്യത്ത് അവസാനിപ്പിക്കുന്നത്. കക്ഷിരാഷ്ട്രീയത്തിന്റെ അതിപ്രസരം കേരളത്തിലെ വികസനത്തെ പരിമിതപ്പെടുത്തുന്ന ഇക്കണ്ട വാരിയരുടെ നിർദ്ദേശത്തിന് വളരെയേറെ പ്രസക്തി ഉള്ളതായി കാണാം. ■



എം.പീതാംബരൻ മാസ്റ്റർ

സർവ്വോദയം
കാലവും കാഴ്ചപ്പാടും

സർവ്വോദയം ഭൂതകാലത്തിന്റെ ഓർമ്മ മാത്രമല്ല; വർത്തമാന കാലത്തിന്റേയും ഭാവിയുടെയും വഴികാട്ടിയാണ്. ഈ ഗ്രന്ഥം സർവ്വോദയത്തിന്റെ ഈ ശാശ്വത പ്രസക്തിയെ വിവിധ തലങ്ങളിൽ വിശകലനം ചെയ്യുകയും, കൂടുതൽ നീതിയുക്തവും സഹകരണാത്മകവും മാനവികവുമായ ഒരു സമൂഹനിർമാണത്തിന് അതിന്റെ സാധ്യതകളെ വായനക്കാർക്ക് മുന്നിൽ അവതരിപ്പിക്കുകയും ചെയ്യുന്നു.

സർവ്വോദയ ദർശൻ
തൃശ്ശൂർ : 680751
₹175